# പൂർണ്ണമനുഷ്യൻ

മൂർത്തസാ മുതഹ്ഹരി

വിവർത്തനം:
സി ഹംസ

അവതാരിക:
പ്രൊ. അഹ്മദ്കുട്ടി ശിവപുരം

ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്
അരീക്കാട് - 673 639.

# ഉള്ളടക്കം


| | |
|---|---|
| പ്രസാധകക്കുറിപ്പ് | 7 |
| അവതാരിക | 12 |
| പൂർണ്ണമനുഷ്യൻ | 32 |
| മനുഷ്യപ്രകൃതി | 52 |
| മനുഷ്യനും പ്രകൃതിയും | 110 |
| കുറിപ്പുകൾ | 143 |

# പ്രസാധകക്കുറിപ്പ്

പൂർണ്ണത മതപരമായ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യവും ഫലവുമാണ്. മൂല്യങ്ങളെ സ്വാംശീകരിച്ചും മൂല്യരാഹിത്യത്തെ നിരാകരിച്ചുംകൊണ്ട് സ്വത്വത്തെ പരിശുദ്ധവും പരിപുഷ്ടവുമാക്കി ദൈവത്തെ അനുഭവിക്കുകയും പ്രപഞ്ചയാഥാർത്ഥ്യം അറിയുകയും ചെയ്യുന്നതുവഴിയാണ് ഇത് സാധിക്കുന്നത്. മാനവികവളർച്ചയുടെ ഒടുവിലത്തെ ഫലമായിട്ടാണ് പ്രസിദ്ധ പേഴ്സ്യൻ കവിയും സൂഫി ആചാര്യനുമായ ജലാലുദ്ദീൻ റൂമി പൂർണ്ണമനുഷ്യനെ കണ്ടിരിക്കുന്നത്. 'ദിവ്യപുരുഷൻ' (മർദെ ഖുദാ), 'ഗുരു' (ശൈഖ്), 'യഥാർത്ഥ വിശ്വാസി' (മർദെ മുഅ്മിൻ), 'പരിപൂർണ്ണൻ' (കാമിൽ), 'സാധു' (ഫഖീർ) എന്നീ പേരുകളിലെല്ലാം റൂമി വിളിക്കുന്നത് ഇത്തരത്തിലുള്ള മനുഷ്യനെയാണ്. റൂമിയെ സ്വന്തം ഗുരുവായി (മുർശിദ്) പ്രഖ്യാപിച്ച അല്ലാമാ ഇഖ്ബാലും ഏതാണ്ടിതേവിധത്തിലും ഇതേ സംജ്ഞകളിലുമാണ് പൂർണ്ണമനുഷ്യനെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് രേഖപ്പെടുത്തിയിരിക്കുന്നത്. പരമസത്യത്തിന്റെ അഥവാ ദൈവത്തിന്റെ ദാസനായിട്ടും (ബന്ദെ ഹഖ്), സ്വതന്ത്രമനുഷ്യനായിട്ടും (ബന്ദെ ഹുർറ്, അഥവാ ഖലന്ദർ) അദ്ദേഹം പൂർണ്ണമനുഷ്യനെ അവതരിപ്പിക്കുന്നു. ഇത്തരം മനുഷ്യർ എന്നും ഉണ്ടായിക്കൊണ്ടിരിക്കുമത്രെ. ആധുനിക കാലഘട്ടത്തിൽ ഇത്തരമൊരാളുണ്ടായിവരേണ്ടത് അനിവാര്യമാണെന്നുകൂടി ഇഖ്ബാൽ പ്രസ്താവിച്ചിരിക്കുന്നു. ''ലോകത്തിന് ആ 'സത്യമഹ്ദി'യെ ആവശ്യമായിരിക്കുകയാണ്. അദ്ദേഹത്തിന്റെ ദർശനം ചിന്താലോകത്തെ പ്രകമ്പനം കൊള്ളിക്കണം''. എന്ന് അദ്ദേഹം ഒരിടത്തു പറഞ്ഞിട്ടുണ്ട്. പക്ഷേ, ഇത്തരം മനുഷ്യരെ കണ്ടെത്താൻ വിഷമിക്കും. ''നർഗിസ് ആയിരക്കണക്കിന് വർഷം അന്ധതയിലിരുന്ന് വിലപിച്ചിട്ടാണ് വളരെ പ്രയാസപ്പെട്ട തോട്ടത്തിൽ ഒരു കാഴ്ചയുള്ളവനെ കാണുന്നത്'' എന്ന 'ബാങ്കെ ദറാ'യിലെ വരികളിൽ അതാണ് ഇഖ്ബാൽ സൂചിപ്പിക്കുന്നത്. റൂമിയും ഈ വിഷമത്തെക്കുറിച്ച് അങ്ങേയറ്റം ബോധവാനായിരുന്നു. അദ്ദേഹം പറയുന്നത് കാണുക:

''ഇന്നലെ ഗുരു കൈയിൽ റാന്തലും പിടിച്ച് നഗരമാകെ കറങ്ങി. ചെകുത്താന്മാരെയും മൃഗങ്ങളെയും കണ്ട് മടുത്തു. എനിക്കൊരു മനുഷ്യനെ കാണണം. ആത്മശൂന്യമായ സുഹൃത്തുക്കളെക്കൊണ്ട് ഞാൻ ആകെ തളർന്നിരിക്കയാണ്. എനിക്കു കാണേണ്ടത് ദിവ്യകേസരിയേയും റുസ്തമിനേയുമാണ്'. അദ്ദേഹം പറയുന്നുണ്ടായിരുന്നു. ഞാൻ പറഞ്ഞു: 'നിങ്ങൾ അന്വേഷിക്കുന്നയാളെ അങ്ങനെയങ്ങ് കണ്ടെത്താനാവില്ല. ഞങ്ങളൊക്കെ അത്തരമൊരാളെ ഏറെ തിരഞ്ഞതാണ്'. അദ്ദേഹം പറഞ്ഞു: 'അതെ, കണ്ടെത്താനാവാത്ത ഒന്നിനെയാണ് ഞാൻ അന്വേഷിക്കുന്നത്.'

പേഴ്സ്യൻ കവി ഫിർദൗസിയുടെ 'ഷാനാമ'യിലെ ഉജ്വല കഥാ പാത്രമാണ് റുസ്തം. 'ദിവ്യകേസരി' എന്നതുകൊണ്ട് റൂമി ഉദ്ദേശിച്ചത് ഹസ്രത്ത് അലി(റ)യെയാണ്. 'അസദുല്ലാഹ്' (ദിവ്യകേസരി) എന്ന അപരാഭിധാനത്തിൽ ചരിത്രത്തിൽ അലി(റ) അറിയപ്പെടുന്നു. റൂമിയുടെ സങ്കല്പത്തിലുള്ള പൂർണ്ണമനുഷ്യന്റെ മാതൃകയാണ് അലി(റ) എന്നിതിൽ നിന്നു ഗ്രഹിക്കാം. മുർത്തസാ മുതഹ്ഹരി ഈ പുസ്തകത്തിൽ പൂർണ്ണമനുഷ്യന്റെ ഒന്നാം ഉദാഹരണമായി മുഹമ്മദ് നബി(സ)യെ സൂചിപ്പിച്ചതിനുശേഷം, തന്റെ ആശയങ്ങളുടെ സമൂർത്ത മാതൃകയായി അവതരിപ്പിക്കുന്നതും ഹസ്രത്ത് അലി(റ)യെയാണ്. മുർത്തസാ മുതഹ്ഹരിയെപ്പോലെ റൂമിക്കും 'പൂർണ്ണരിൽ പൂർണ്ണൻ' മുഹമ്മദ് നബി (സ) തന്നെ: ''അവിടുത്തെ അന്ത്യമുദ്ര (ഖാത്തിം) എന്നു വിളിക്കുന്നത് അവിടുത്തെപ്പോലെ ആരും ഉണ്ടാവാത്തതുകൊണ്ടും ഉണ്ടാവാനില്ലാത്തതുകൊണ്ടുമാണ്.''

ഇഖ്ബാലും പൂർണ്ണരിൽ പൂർണ്ണനായി കാണുന്നത് മുഹമ്മദ് നബി(സ)യെ ആണ്. പരമസത്യത്തിന്റെ അഥവാ ദൈവത്തിന്റെ സന്നിധിയിലേക്കുയർന്ന മഹാവ്യക്തിത്വങ്ങളുടെ രണ്ടനുഭവങ്ങൾ ഇഖബാൽ തുലനം ചെയ്യുന്നുണ്ട്. ഒന്ന്, ഹസ്രത്ത് മൂസ(അ)യുടെ സീനായ് അനുഭവം. രണ്ട്, മുഹമ്മദ് നബി(സ)യുടെ മിഅ്റാജ് അനുഭവം. അതിന്റെ അടിസ്ഥാനത്തിൽ ഇഖ്ബാൽ മുഹമ്മദ് നബി(അ)യെ ഇങ്ങനെ വാഴ്ത്തുന്നു: ''ദൈവിക ഗുണങ്ങളുടെ ഒരു മിന്നലൊളി കണ്ട് മൂസ ബോധരഹിതനായി. അങ്ങ് സത്തയിലേക്കുതന്നെ പുഞ്ചിരിച്ച് നോക്കിനിന്നു.''

മനുഷ്യന്റെ ഏറ്റവും ഉന്നതവും പൂർണ്ണവുമായ രൂപമാണ് മുഹമ്മദ് നബി(സ). ''അല്ലാഹുവിലും അന്ത്യനാളിലും ആശ പുലർത്തുകയും അല്ലാഹുവിനെ അധികമായി ഓർക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ദൂതരിൽ ഉത്തമമാതൃകയുണ്ടെ''ന്ന് അവിടുത്തെക്കുറിച്ചാണ് അല്ലാഹു ഖുർആനിൽ പറഞ്ഞത്. ഹസ്രത്ത് അലി(റ) ദൈവദൂതരുടെ മാതൃകയിൽ നിർമ്മിക്കപ്പെട്ട ഏറ്റവും പൂർണ്ണമായ മറ്റൊരു പതിപ്പാണ്. പ്രവാചകത്വമെന്ന അത്യുന്നതവും സവിശേഷവുമായ പദവിയില്ലാതെ മാനവികതയുടെ പടവുകൾ ഓരോന്നും കയറി പൂർണ്ണത നേടിയ ഇമാമാ' ണ് അലി(റ). അതോടൊപ്പം അല്ലാഹു പ്രത്യേകമായി പരിപാവനമേകിയ 'അഹ്‌ലുൽ ബൈത്തി'ലെ പ്രധാനിയുമാണ്. പ്രവാചകർ(സ)ക്കുശേഷം എല്ലാ മാനുഷിക ഗുണങ്ങളും ഒത്തിണങ്ങി പൂർണ്ണത ആർജ്ജിച്ച വ്യക്തികളെ ആരായുമ്പോൾ നിസ്തർക്കം ഹസ്രത്ത് അലി(റ)യാണ് പട്ടികയിൽ ഒന്നാമത് വരിക - ഇസ്ലാമിലെ ശിയാചിന്തസരണിയിൽപ്പെട്ട പണ്ഡിതശ്രേഷ്ഠനായ മുർത്തസാ മുതഹ്ഹരിക്ക് ഏതായാലും. ഇസ്ലാമിലെ സൂഫി ചിന്താസരണികളെല്ലാം അവയുടെ പരമ്പരയുടെ ആദ്യകണ്ണിയായി അലി(റ)യെ കണ്ടെത്തുന്നത് പ്രവാചക(സ)രുടെ ജ്ഞാനസാമ്രാജ്യത്തിലേയ്ക്കുള്ള കവാടം അലി(റ)യാണെന്നതുകൊണ്ടാണല്ലൊ. ജ്ഞാനത്തിലുള്ള അലി(റ)യുടെ പരിപൂർണ്ണതയാണിത് തെളിയിക്കുന്നത്. ബുദ്ധിയിലും ആദ്ധ്യാത്മികതയിലും കായികശേഷിയിൽപോലും മറ്റുള്ള സഹാബിപ്രമുഖർ വിജയിക്കാത്തിടത്ത് അലി(റ) വിജയിച്ചതിന് ഉദാഹരണങ്ങളുണ്ട്.

വിഷയത്തോടുള്ള മുതഹ്ഹരിയുടെ സമീപനത്തെ സംബന്ധിച്ച് അവതാരികയിൽ പ്രൊ: അഹമദ്കുട്ടി ശിവപുരം നന്നായി ഉപന്യസിച്ചിട്ടുള്ള സ്ഥിതിക്ക് ഈ കുറിപ്പിൽ അദ്ദേഹത്തിനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുക മാത്രമേ അതു സംബന്ധിച്ച് വേണ്ടൂ. ഈ മേഖലയിൽ പരന്ന വായനയുടെയും ആഴമുള്ള ചിന്തയുടെയും ഉടമയാണ് അവതാരികകാരൻ എന്നതിനാൽ വിശേഷിച്ചും. ഇബ്നു അറബിയുടെയും ജീലിയുടെയും വഴിക്കാണ് അവതാരികകാരൻ സഞ്ചരിക്കുന്നതെന്ന് വ്യക്തമാണ്. അതുകൊണ്ടുതന്നെ മുതഹ്ഹരിയുടെ രീതിയോട് അദ്ദേഹത്തിന്

വിയോജിപ്പുണ്ട്. അത് പ്രകടിപ്പിച്ചുകൊണ്ടുതന്നെയാണ് അദ്ദേഹം ഈ വിലപ്പെട്ട പുസ്തകം മലയാളവായനക്കാർക്ക് അവതരിപ്പിക്കുന്നത്. ഈ വിശാലത അത്യന്തം പ്രശംസനീയവും അനുകരണീയവുമാണ്.

ഇസ്ലാമികമായ ചിന്തയെയും വിശ്വാസത്തെയും കൂടുതൽ അഗാധമാക്കാൻ സഹായിക്കുന്ന ആദ്ധ്യാത്മിക കൃതികൾ മലയാളത്തിൽ വളരെ വളരെ വിരളമാണ്. അറബി മലയാളത്തിൽ എഴുതപ്പെട്ട മൗലവി അശ്ശൈഖ് പി. കെ.എം. ഫരീദ്ബാവാഖാൻ ആലിം സാഹിബ് അവർകളുടെ 'വഹ്ദത്ത്മാല' ഇബ്നു അറബികളുടെയും ജീലിയുടെയും വഴിക്കുള്ളതാണ്. എങ്കിലും വളരെ അമൂല്യമായ ഒരു സൃഷ്ടിയാണത്. നൂഹ് കണ്ണ് മുസ്ല്യാരുടെ 'ഫത്ഹുസ്സമദ്' എന്ന അറബി - മലയാള കൃതിയാണ് ശ്രദ്ധേയമായ മറ്റൊന്ന്. ഇബ്നു അറബിക്കും ജീലിക്കും 'പൂർണ്ണമനുഷ്യൻ' ആദ്ധ്യാത്മമണ്ഡലത്തിലൂടെ ലംബമായി മാത്രം ഉദ്ഗമിക്കുന്ന ഒരസ്തിത്വമായതിനാൽ സജീവമായ സാമൂഹികപ്രവർത്തനങ്ങൾ മനുഷ്യന്റെയും മതത്തിന്റെയും താല്പര്യമായി വരുന്ന ചുറ്റുപാടിൽ ഇസ്ലാമിക മനസ്സ് അതിനെ സ്വാഗതം ചെയ്യാതിരുന്നേക്കും. സമൂഹത്തിൽ സജീവസാന്നിധ്യമുള്ള 'വലി'യെ ആണ് അത് സ്വാഗതം ചെയ്യുക. മുതഹ്ഹരിയുടെ പൂർണ്ണമനുഷ്യൻ ഇപ്പറഞ്ഞവിധത്തിലാണ്. ഗ്രന്ഥകർത്താവിന്റെ ചരിത്രമറിയുന്നവർക്ക് അദ്ദേഹം തന്നെ അത്തരമൊരു പൂർണ്ണമനുഷ്യന്റെ മാതൃകയാണെന്നു കാണാൻ സാധിക്കും. മുതഹ്ഹരി പണ്ഡിതനും ദാർശനികനും ഗുരുനാഥനും 'പൊരുതുന്ന പണ്ഡിതസംഘം'ത്തിന്റെ (ജാമിഅയെ റൂഹാനിയൂനെ മുബാരിസ്) തലവനും എല്ലാമായി ജീവിച്ച് രക്തസാക്ഷിത്വം പുല്കിയ മഹാനാണ്. മുതഹ്ഹരിയുടെ നാല് കൃതികൾ ഇതിനകം 'ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്' മലയാളത്തിൽ മൊഴിമാറ്റി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചേർത്ത ജീവചരിത്രത്തിലൂടെ മലയാളികളായ വായനക്കാർ മുതഹ്ഹരിയെ പരിചയപ്പെട്ടുകഴിഞ്ഞിരിക്കും. അതിനാൽ ഇവിടെ ഒരു പരിചയപ്പെടുത്തൽ അധികപ്പറ്റായിരിക്കും.

ഈ കൃതിയുടെ മൂലം പാഴ്സിയിലാണുള്ളത് - 'ഇൻസാനെ കാമിൽ'. പക്ഷെ, ഖേദകരമെന്നു പറയട്ടെ, പാഴ്സി മൂലത്തിനുവേണ്ടി പരമാവധി ശ്രമിച്ചെങ്കിലും കിട്ടിയില്ല. ഇംഗ്ലീഷ് പരിഭാഷ ന്യൂനതയറ്റതായി തോന്നിയതുമില്ല. എങ്കിലും മലയാളപതിപ്പ്, കിട്ടിയ ഇംഗ്ലീഷ് പരിഭാഷ മുമ്പിൽ വെച്ച്, പരമാവധി കുറ്റമറ്റതാക്കാൻ വിവർത്തകൻ ശ്രമിച്ചിട്ടുണ്ട്. പേഴ്സ്യൻ മൂലം കിട്ടിയാൽ അടുത്ത പതിപ്പ് അതിന്റെയടിസ്ഥാനത്തിൽ നന്നാക്കിയെഴുതും. ഒടുവിൽ കൊടുത്തിരിക്കുന്ന കുറിപ്പുകൾ മലയാളവിവർത്തകന്റെതാണ്.

പ്രവാചകരുടെ പേരിന്റെ കൂടെ ചൊല്ലേണ്ട 'സ്വലാത്തി'ന്റെയും 'സലാമി'ന്റെയും ചുരുക്കമായ 'സ', 'അ' എന്നിവയും സഹാബികളുടെ പേരിന്റെ കൂടെ ചൊല്ലേണ്ട 'തർളിയത്തി'ന്റെ ചുരുക്കമായ 'റ'യും സാധാരണ ബ്രാക്കറ്റിൽ കൊടുക്കാറുള്ളതാണ്. ഇതിൽ അത് കൊടുത്തിട്ടില്ല. ഇംഗ്ലീഷ് പതിപ്പിലും കൊടുത്തുകാണുന്നില്ല. ഇത് പാരമ്പര്യത്തിൽ നിന്നുള്ള വ്യതിചലനമായി കാണരുത്. മുസ്ലിം വായനക്കാർ അതാത് സ്ഥലങ്ങളിൽ അവ ചൊല്ലണമെന്നഭ്യർത്ഥിക്കുന്നു.

ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്

ആരീക്കോട്

1996 ജൂൺ 10

# അവതാരിക

മനുഷ്യനെ ദൈവം സൃഷ്ടിച്ചത് തന്റെ പ്രതിനിധി -ഖലീഫ- എന്ന നിലക്കാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ദൈവം പൂർണ്ണനാണ്. പൂർണ്ണത എന്നത് ആത്യന്തികമായ അർത്ഥത്തിൽ ചേർത്തുപറയാൻ പറ്റുന്ന ഒരേ ഒരു ഉൺമ ഈശ്വരന്റേതു മാത്രമാണ്. പൂർണ്ണത എന്നാൽ തികവ്. തികവിൽ ഒന്നാമതായി വരുന്നത് ഉണ്ടായിരിക്കൽ അഥവാ അസ്തിത്വം ആണ്. പൂർണ്ണമായ അസ്തിത്വത്തെ സത്യം എന്നു പറയുന്നു. വർത്തമാനം, ഭൂതം, ഭവിഷ്യത് എന്നീ മൂന്ന് കാലങ്ങളിലും നിലനില്ക്കുന്നതാണ് സത്യം. അങ്ങനെ ഒന്ന് മാത്രമേയുള്ളു. അല്ലാഹു. അതിനാൽ അല്ലാഹുവെ പാരമാർത്ഥിക സത്യം എന്നു ജ്ഞാനികൾ പരിചയപ്പെടുത്തുന്നു. അതായത് 'അൽഹഖ്.'

പാരമാർത്ഥിക സത്യത്തിന്റെ ഉൺമ സൂചിപ്പിക്കാൻ വേണ്ടി വസ്തു പ്രപഞ്ചം നിലവിൽ വന്നു. ക്ഷണികമായെങ്കിലും നിലനില്ക്കുന്നു എന്നതിനാൽ അതും സത്യംതന്നെ. എന്നാൽ ആത്യന്തികമായ അർത്ഥത്തിലല്ല. വ്യാവഹാരിക സത്യം എന്ന് അതിനെ വിശേഷിപ്പിക്കാം. ആപേക്ഷികവും, താത്വികമായി ക്ഷണികവുമാണത്. അതുകൊണ്ടു തന്നെ നശ്വരവും.

പാരമാർത്ഥിക സത്യത്തിൽ നിന്ന് വ്യാവഹാരിക സത്യമായ പ്രപഞ്ചം ആവിർഭൂതമാകുമ്പോൾ സ്രഷ്ടാവ്, സൃഷ്ടി എന്നീ ദ്വൈത കല്പന അനിവാര്യമായിത്തീരുന്നു. സൃഷ്ടിയാണ് പ്രപഞ്ചം. സ്രഷ്ടാവ് ഈശ്വരനും. സൃഷ്ടിയിലെ എല്ലാറ്റിനെയും ഖുർആൻ പരിഗണിക്കുന്നത് 'ആയത്ത്' അഥവാ ദൃഷ്ടാന്തം എന്ന നിലക്കാണ്. മനുഷ്യൻ ഒരു 'ആയത്താ'ണ്. അഥവാ ഒരു ചിഹ്നം. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ അവൻ പൂർണ്ണത എന്ന ആശയത്തിന്റെ പ്രാതിഭാസിക തലത്തിലുള്ള പ്രതീകമാണെന്ന് ആ നിലക്ക് മനസ്സിലാക്കാം. ആവിഷ്കൃതമായ പ്രപഞ്ചത്തിന്റെയാകെയും സംഗൃഹീതമായ പൂർണ്ണത - അതിന്റെ ചിഹ്നം- അതാണ് അല്ലാഹുവിന്റെ ഖലീഫ എന്ന നിലക്ക് ആദം.

ശാസ്ത്രവും, കണ്ടെത്താനുള്ള അന്വേഷണത്തിലൂടെ, ഏറെ പുരോഗമിച്ചപ്പോൾ എത്തിപ്പെട്ടത് മനുഷ്യനിലാണ്. ജന്തുമാത്രമായ മനുഷ്യനിൽ. പദാർത്ഥം എന്ന മാധ്യമത്തിൽ ജീവൻ എന്ന അജ്ഞാത പ്രതിഭാസം വെളിപ്പെട്ടതു

മുതലുള്ള പരിണാമത്തിലെ ഏറ്റവും ഇപ്പുറത്തെ വസ്തുവാകുന്നു മനുഷ്യൻ എന്ന് കുരങ്ങനെക്കാൾ ബുദ്ധിയും വൃത്തിയുമുള്ള ഈ ജൈവരൂപത്തെ കണ്ടെത്തിയ ശാസ്ത്രജ്ഞനും സമ്മതിക്കുന്നു.

ധർമ്മത്തോടൊപ്പം ശാസ്ത്രവും ഇപ്പോൾ മനുഷ്യനിൽ എത്തിനില്ക്കുന്നു! അവയ്ക്കിടയിലുള്ള ആശയാന്തരം എത്രയായാലും രണ്ടും ഒരു ബിന്ദുവിൽ ഒത്തുചേരുന്നത് പ്രധാനമാണ്. മനുഷ്യൻ! മനുഷ്യനുണ്ടാവാൻവേണ്ടി പ്രപഞ്ചം വളരുകയായിരുന്നു എന്നു പറഞ്ഞാൽ തെറ്റാവുകയില്ല. മനുഷ്യൻ എന്ന പൂർണ്ണതയിലേക്ക് അസ്തിത്വപ രമായും ജൈവപരമായും പ്രപഞ്ചം എത്തിക്കഴിഞ്ഞാൽ ഉത്ഭവിക്കുന്ന ആശയമാണ് മനുഷ്യരിൽ മനുഷ്യൻ അഥവാ ‘‘പൂർണ്ണമനുഷ്യൻ’’ എന്നത്.

ഈശ്വരവിശേഷമായ ‘വചനം’ എന്നതിന്റെ മറ്റൊരു മാനമായ വെളിപാട് (വഹ്‌യ്) എന്നത് പ്രസക്തമാകുന്നതി വിടെയാണ്. ദൈവ വചനത്തിന്റെ പ്രകാശനമാണല്ലോ സൃഷ്ടി. ‘കുൻ’ -ഭവിക്കുക- എന്ന കല്പനയിൽനിന്നാണ് എല്ലാം ആവിർഭവിച്ചത്. ആദിയിലുണ്ടായത് വചനമായിരുന്നു; വചനം ദൈവത്തോടൊപ്പമായിരുന്നു; വചനം ദൈവമായിരുന്നു, എന്നു ബൈബിളിൽ വായിക്കാം. അതിന്നർത്ഥം ഈശ്വരന്റെ വിശേഷണമായ ഭാഷണ (കലാം) ത്തിൽ നിന്ന് നിസ്സരിക്കുന്ന കല്പന(അംറ്)യാൽ മുമ്പില്ലാതിരുന്നത് അസ്തിത്വത്തിലേക്കു വന്നു എന്നാണ്.

ഈ ‘വചനം’ എന്ന വിശേഷണത്തിന്റെ മറ്റൊരു മാനമാണ് മനുഷ്യൻ എന്ന പൂർണ്ണതയുടെ ചിഹ്നത്തെ പ്രത്യേ കമായി ബാധിക്കുന്ന വെളിപാട്. വാസ്തവം പറഞ്ഞാൽ മനുഷ്യന്റെ പിറവി തന്നെ അതിലൂടെയാണ്. ആദ്യത്തെ മനുഷ്യനായ ആദമിനെ ഇസ്‌ലാം പരിഗണിക്കുന്നത് പ്രവാചകനായിട്ടാണല്ലോ. വെറും ജൈവരൂപം എന്ന തിൽനിന്ന് മനുഷ്യൻ എന്നതിലേക്കുള്ള തുടക്കം ആരംഭിക്കുന്നതിവിടെനിന്നാണ്.

വെളിപാടിലൂടെയുള്ള പ്രവാചകത്വം മനുഷ്യനെ സംബന്ധിക്കുന്നു. അവന്റെ ധിഷണയേയും ഹൃദയവുമായി ബന്ധപ്പെട്ടുകിടക്കുന്ന ജ്ഞാനസരണിയേയും സമൂഹവുമായി ബന്ധപ്പെട്ട ജീവിതസരണിയേയും രൂപപ്പെടുത്തുന്ന താണ് വെളിപാട് എന്ന നിലക്കുള്ള ‘വചനം’. ജൈവപരിണാമത്തിന്റെ പൂർണ്ണതയിൽ എത്തിനില്ക്കുന്ന മനുഷ്യൻ എന്ന ജീവി ഇനിയങ്ങോട്ട് വളരുന്നത് ചരിത്രപരമായാണ്. ആ വളർച്ചയത്രയും പൂർണ്ണതയിലെത്തുന്നതാകട്ടെ, വെളിപാടിന്റെ നേരിട്ടോ അല്ലാതെയോ ഉള്ള വെളിച്ചത്തിലുമായിരിക്കും. വിശുദ്ധ ഖുർആനിലെ ഈ സൂക്തങ്ങൾ ശ്രദ്ധിക്കുക:

‘‘പരമ കാരുണികൻ,

അവൻ ഖുർആൻ പഠിപ്പിച്ചു!

മനുഷ്യനെയവൻ സൃഷ്ടിച്ചു;

ആശയപ്രകാശനവിദ്യ അവനെയഭ്യസിപ്പിച്ചു.’’ (55:1-4)

ഇതിന്റെ ആശയം ഇങ്ങനെ കണ്ടെത്താം. പദാർത്ഥത്തിൽ ‘ജീവൻ’ ഊതപ്പെടുമ്പോൾ ജന്തുവായ മനുഷ്യൻ പിറക്കുന്നു. ഖുർആന്റെ സ്വീകരണത്തിന് അർഹത നേടാൻ മാത്രം അവൻ വളരേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ഇതര ജൈവരൂപങ്ങൾക്കില്ലാത്ത ഒന്ന് അവന് നൽകപ്പെടുന്നു. അതാകുന്നു ആശയം പ്രകാശിപ്പിക്കാനുള്ള കഴിവ്. ഭാഷണം എന്ന സിദ്ധി മനുഷ്യന് പ്രത്യേകമായി അഭ്യസിക്കപ്പെടുന്ന ഒരു കാര്യമായാണ് ഇവിടെ എടുത്തുപറയു ന്നത്. ഈ അഭ്യസനത്തിലൂടെയാണ് ‘ഇൻസാൻ’ അഥവാ മനുഷ്യനുണ്ടാകുന്നത്. മനുഷ്യന്റെ സൃഷ്ടിയുടെ കാര്യം പറഞ്ഞ ഉടനെ പറയുന്നത് ധിഷണയുമായി ബന്ധപ്പെട്ട ഇക്കാര്യമാണ്. ഇതിലൂടെ അവൻ പരമ കാരുണിക നിൽ നിന്നുള്ള വിശിഷ്ടമായ ഒരു സമ്മാനത്തിന് അർഹത നേടുന്നു. ഖുർആന്റെ അഭ്യസനത്തിന്. ഖുർആൻ വച ന(കലാം)മാണ്. സൃഷ്ടി എന്നതിന്റെ തന്നെ സ്രോതസ്സായിരിക്കുന്ന അതേ കാര്യം. അതും ‘കുൻ’ എന്ന കല്പന യുടെതായ ‘വചനം’ തന്നെയായിരുന്നുവല്ലോ.

ഇവിടെ അസ്തിത്വത്തിലേക്കുള്ള വരവും മനുഷ്യൻ എന്നതിലേക്കുള്ള വരവും ഈശ്വരവിശേഷണമായ ‘വചന’ത്താൽ ഐക്യപ്പെടുത്തപ്പെടുകയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജൈവപരമായ വളർച്ചയുടെ പൂർണ്ണത എന്ന നിലയിൽ ‘മനുഷ്യൻ’ എന്ന ഹോമോസാപ്പിയനിൽ എത്തിപ്പെടുന്ന തികവും, പിന്നെയങ്ങോട്ട് ചര ത്രപരമായി വളർന്നു ‘പൂർണ്ണമനുഷ്യൻ’ എന്നതിലെത്തിച്ചേരാനുള്ള തികവും ‘വചന’ത്തിന്റെ രണ്ടു വിധത്തിലുള്ള നിസ്സരണത്താൽ സാധിക്കുന്നു. രണ്ടിന്റെയും സ്രോതസ്സ് പാരമാർത്ഥികമായ സത്യമാകുന്നു.

അപ്പോൾ ‘‘പൂർണ്ണമനുഷ്യൻ’’ വെളിപാട് ഏറ്റുവാങ്ങുന്നവനാകുന്നു. പ്രവാചകത്വ പരിസമാപ്തി സാധിക്കുന്ന വിശുദ്ധ വ്യക്തിത്വമായിരിക്കും മനുഷ്യന്റെ അസ്തിത്വപരമായ പൂർണ്ണതയേയും ചരിത്രപരമായ പൂർണ്ണതയെയും ഒന്നിച്ചു ഉൾക്കൊള്ളുന്ന വ്യക്തിത്വമുള്ള ഈ ‘പൂർണ്ണ മനുഷ്യൻ’ എന്നു മനസ്സിലാക്കാം. കാരണം ഖുർആൻ അവ തീർണ്ണമാകുന്നത് അവിടുത്തെ ഹൃദയത്തിലേക്കാണ്. ‘ഇൻസാൻ’ എന്നു എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ദൈവം വിളിച്ചതും ഈ ഒരു വ്യക്തിത്വത്തെതന്നെ. ഖുർആൻ പറയുന്നത് കാണു:

‘‘യാ സീൻ! ജ്ഞാനപൂർണ്ണമായ ഖുർആൻ കൊണ്ട് സത്യം.

തീർച്ചയായും നീ ദൂതരിൽ ഒരുവനത്രെ!’’ (36: 1-3)

‘യാസീൻ എന്ന രണ്ട് അക്ഷരങ്ങൾ ഒരു സംബോധനയായാണ് ഖുർആൻ വ്യാഖ്യാതാക്കൾ എടുക്കുന്നത്. അതിനെ ‘യാ ഇൻസൻ’ - അല്ലയോ ‘മനുഷ്യാ’ എന്നവർ വ്യാഖ്യാനിക്കയും ചെയ്യുന്നു. അത് കഴിഞ്ഞ് അല്ലാഹു സത്യം ചെയ്യുന്നത് ഖുർആനിന്റെ പേരിലാണ്. സത്യം ചെയ്തു പറയുന്ന കാര്യമാകട്ടെ മുഹമ്മദിന്റെ ചരിത്രത്തിലേ ക്കുള്ള നിയോഗത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചുമാണ്.

അന്ത്യപ്രവാചകൻ എന്ന നിലയിൽ മനുഷ്യന്റെ ചരിത്രപരമായ പരിണാമത്തിന്റെ പൂർണ്ണതയുടെ ചിഹ്നമായി അയ ക്കപ്പെടുന്ന മുഹമ്മദിന്, ചരിത്രതീതം മാത്രമല്ല ഭൗതികാതീതം കൂടിയായ ഒരു രൂപാതീത (Supra formal) വ്യക്തിത്വം കൂടിയുണ്ടെന്ന് സൂഫികൾ സിദ്ധാന്തിക്കുന്നു. ‘ആശയത്തിൽ ആദ്യത്തെത് പ്രയോഗത്തിൽ ഒടുവിലാ

യിരിക്കും' (The first in thought is last in act) എന്ന തത്വത്തെ അന്വർത്ഥമാക്കുന്ന ഈ കണ്ടെത്തലിന് ഉപോൽബല കമായി നബിവചനങ്ങളുമുണ്ട്. നൂർ മുഹമ്മദീ (മുഹമ്മദീയ പ്രകാശം) എന്നാണിതിനെ അവർ വിളിക്കുന്നത്. പൂർണ്ണ മനുഷ്യൻ (അൽ ഇൻസാനുൽ കാമിൽ) എന്ന ആശയം തന്നെ ആദ്യമായി സമർപ്പിക്കുന്നത് സൂഫീ തത്വ ചിന്തകരാണ്. മുഹമ്മദിന്റെ രൂപാതീതാത്മക പ്രകാശവ്യക്തിത്വത്തെക്കുറിക്കുന്ന നബിവചനങ്ങളിൽ നിന്ന് വികസി തമായ ഒരു ആദ്ധ്യാത്മിക തത്വമാണ് വാസ്തവത്തിൽ പൂർണ്ണമനുഷ്യൻ (അൽ ഇൻസാനുൽ കാമിൽ) എന്നത്.

ഈ തത്വപ്രകാരം, വചനത്തിന്റെ വെളിപാട് മാനത്തിലൂടെ മനുഷ്യന്റെ ചരിത്രപരമായ പൂർണ്ണതയ്ക്ക് വേണ്ടിയുള്ള ദൗത്യം ഏറ്റുവാങ്ങുന്ന മുഹമ്മദ്, വചനത്തിന്റെ പ്രഥമമായ നിസ്സരണം (First emanation)എന്ന നിലയിൽ ആദിവച നവുമായി ബന്ധിപ്പിക്കപ്പെടുന്നു. അതുകൊണ്ടാണ് വചന (Logos)ത്തെ സൂഫികൾ 'ഹഖീഖതുൽ മുഹമ്മദീ' (മുഹ മ്മദിന്റെ യഥാർത്ഥ്യം) എന്നു വിളിക്കുന്നത്. ഇതിന്നർത്ഥം മുഹമ്മദ് എന്ന പൂർണ്ണമനുഷ്യന്റെ യാഥാർത്ഥ്യം അഥവാ അസ്തിത്വത്തിന്റെ പൊരുൾ അല്ലാഹുവിന്റെ വിശേഷണമായ വചനം തന്നെയാകുന്നു എന്നാണ്. ആ നിലയ്ക്ക് മാത്രമേ അത് മനസ്സിലാക്കാൻ ഇസ്ലാമിന്റെ വിശ്വാസപരമായ അച്ചടക്കം അനുവദിക്കുന്നുമുള്ളൂ. അതു കൊണ്ട് ഈ തത്വം ഉൾക്കൊള്ളുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. അതിലൊന്ന് ''ഹഖീഖതുൽ മുഹ മ്മദീ'' എന്നാൽ മുഹമ്മദ് എന്ന ചരിത്രപരമായ വ്യക്തിത്വമോ സ്ഥലകാല പരിമിതികൾ ഉൾക്കൊള്ളുന്ന സൃഷ്ടി യോ, നൂർ മുഹമ്മദീ (മുഹമ്മദീയ പ്രകാശം) എന്ന നിലയിൽ രൂപാതീതാത്മകമായ നിലയിൽ ആവിഷ്കൃതമായ പ്രഥമ സൃഷ്ടിപോലുമോ അല്ല. മറിച്ച് 'പൂർണ്ണമനുഷ്യൻ' എന്ന ആശയം ഉൾക്കൊണ്ട കല്പന (അംറ്)ക്ക് കാരണ മായ 'വചന'ത്തെ കുറിക്കാൻ സൂഫികൾ ഉപയോഗിക്കുന്ന ഒരു പ്രയോഗം മാത്രമാണത്. ഈ ആശയം ഉൾക്കൊണ്ട കല്പനയിൽ നിന്ന് ആദ്യമായി ആവിഷ്കൃതമായത് ഒരു പ്രകാശമായിരുന്നുവെന്ന് സൂഫികൾ പറയു ന്നു- അതാണ് നൂർ മുഹമ്മദി. ഈ പ്രകാരം തന്നെയും സൃഷ്ടി എന്ന നിലയിലാണ് പരിഗണിക്കപ്പെടേണ്ടതെന്ന് അതു സംബന്ധമായി ഉദ്ധരിക്കാറുള്ള നബിവചനത്തിൽ നിന്ന് തന്നെ വ്യക്തമാകും. ജാബിർ ഇബ്നു അബ്ദില്ലാ യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ആ നബിവചനത്തിലെ ആദ്യഭാഗം ഇങ്ങനെയാണ്.

''എല്ലാ വസ്തുക്കൾക്കും മുമ്പായി അല്ലാഹു തന്റെ പ്രകാശത്തിൽ നിന്ന് നിങ്ങളുടെ പ്രവാചകന്റെ പ്രകാ ശത്തെ സൃഷ്ടിച്ചു. വിധിപ്രകാരം ആ പ്രകാശം ഉദ്ദേശിക്കുന്നിടത്തൊക്കെ ചുറ്റിക്കറങ്ങി. ആ സമയത്ത് ഫലകമോ (ലൗഹ്) പേനയോ(ഖലം) നരകമോ സ്വർഗ്ഗമോ ഒന്നും തന്നെയുണ്ടായിരുന്നില്ല. മലക്കുകളും ഭൂമിയും സൂര്യനും ചന്ദ്രനും ഭൂതങ്ങളും ജന്തുക്കളുമൊന്നുമുണ്ടായിരുന്നില്ല. സൃഷ്ടികളെ ആവിഷ്കരിക്കാൻ അല്ലാഹു ഉദ്ദേശിച്ച പ്പോൾ ആ പ്രകാശത്തെ അവൻ നാലായി ഭാഗിച്ചു. അതിൽ ആദ്യഭാഗത്തുനിന്ന് പേനയും, രണ്ടാമത്തേതിൽ നിന്ന് ഫലകവും മൂന്നാമത്തേതിൽ നിന്ന് അർശും സൃഷ്ടിച്ച ശേഷം നാലാം ഭാഗത്തെ വീണ്ടും നാലായി ഭാഗിച്ചു....'' (ഉ ദ്ധരണം – ഡോ. മീർവലിയുദ്ധീൻ, The Qur'anic Sufism- Page 189)

ഈ നബിവചനപ്രകാരം പ്രാഗ്രൂപം (Photo type)ആയി വെളിപ്പെട്ട പ്രകാശം തന്നെയും സൃഷ്ടി എന്ന നിലയി ലാണ് പരിഗണിക്കപ്പെടേണ്ടതെന്ന് വ്യക്തമാകുന്നു. അതുകൊണ്ടുതന്നെ ആ പ്രകാശം പോലും സ്രഷ്ടാവായ അല്ലാഹുവുമായോ അവന്റെ വിശേഷണമായ 'വചന'വുമായോ സത്തയിൽ ഐക്യപ്പെടുന്നില്ല. ഈശ്വരൻ അഥവാ 'റബ്ബ്' ആയ അല്ലാഹു സർവ്വാതിശായിയായിതന്നെ നിലനില്ക്കുന്നതിനാൽ ആരാധിക്കപ്പെടേണ്ട ദൈവം അഥവാ 'ഇലാഹ്' അവൻ മാത്രമാണെന്ന് ഇസ്ലാം ഖണ്ഡിതമായി പഠിപ്പിക്കുന്നു. ക്രൈസ്തവ ദൈവശാസ്ത്രത്തിന് വചനത്തിന്റെ പ്രതീകം മാത്രമായ ക്രിസ്തുവിന്റെ കാര്യത്തിൽ പറ്റിയ അബദ്ധം മുഹമ്മദിന്റെയോ ക്രിസ്തുവി ന്റെയോ മറ്റേത് വചനപ്രതീകത്തിന്റെയോ കാര്യത്തിൽ മുസ്ലിംകൾക്ക് പറ്റാൻ പാടില്ല. സ്ഥലകാലപരിമതി യുൾക്കൊള്ളുന്ന പ്രവാചക വ്യക്തിത്വമോ അതിന്റെ പ്രാഗ്രൂപമോ ഇസ്ലാമിൽ ഈശ്വരവിശേഷമായ വച ന(Logos)വുമായി സത്തയിൽ (ദാത്ത്) തന്നെ ഐക്യപ്പെടുന്ന രൂപത്തിൽ പരിചയപ്പെടുത്തപ്പെട്ടിട്ടില്ല. അങ്ങനെ കാണുന്നത് ഈശ്വര ബഹുത്വവാദമായാണ് കലാശിക്കുക. എന്നാൽ ഹഖീഖതുൽ മുഹമ്മദീ എന്ന് വചനത്തെ സൂഫികൾ പരിചയപ്പെടുത്തുന്നത് ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളുമ്പോൾ അതിൽ ബഹുദൈവാരാധന യുടെ അംശമല്ല കാണാൻ കഴിയുക. മുഹമ്മദ് എന്ന വ്യക്തിയിലൂടെ വെളിവാക്കപ്പെട്ട ദൗത്യം ഈശ്വരവിശേഷണ മായ വചനമല്ലാതെ മറ്റൊന്നുമല്ല എന്നാണതിന്നർത്ഥം. അതോടെ 'വചനം' എന്നതിന്റെ പ്രാധാന്യം മാത്രം അവശേ ഷിക്കുകയും ദൂതന്റെയും ദൗത്യത്തിന്റെയുമെല്ലാം സ്ഥാനം ആയത്ത് അഥവാ ചിഹ്നം എന്നതിലേക്ക് ചുരുങ്ങു കയും ചെയ്യുന്നു.

രണ്ടാമതായി ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം ഹഖീഖതുൽ മുഹമ്മദീ എന്നറിയപ്പെടുന്ന വചനപ്പൊരുൾ അന്ത്യപ്ര വാചകനായ മുഹമ്മദ് തിരുമേനിയുടെ മാത്രം യഥാർത്ഥ്യമല്ല, ഒന്നാമത്തെ പ്രവാചകനായ ആദം മുതൽ ഒടുവി ലത്തെ പ്രവാചകനായ മുഹമ്മദ് വരെയുള്ള എല്ലാ ദൂതന്മാരും ഉൾക്കൊണ്ട യാഥാർത്ഥ്യം ഈ പൊരുളായിരുന്നു വെന്നതാണ്. അതുകൊണ്ട് ക്രിസ്തുവിനെ പുതിയ നിയമത്തിലും ഖുർആനിൽ തന്നെയും (ഖുർആനിൽ ഈസ യെക്കുറിച്ച് 'ഖൗലൽ ഹഖ്', എന്നും 'കലിമതൻ മിന്നാ' എന്നും പരാമർശമുണ്ട്) അങ്ങനെ പരിചയപ്പെടുത്തിയതും മുഹമ്മദീയമായ പൊരുൾ ആണ് വചനം എന്നു പറയുന്നതും തമ്മിൽ വൈരുദ്ധ്യമില്ല. മുഹമ്മദിനുള്ള പ്രത്യേകത, മനുഷ്യന്റെ ചരിത്രപരമായ പൂർണ്ണതയിൽ ഏറ്റവും അവസാനമായി വരുന്ന അടയാളമെന്ന നിലയ്ക്ക് അതുവരേ

യുള്ള പ്രവാചകന്മാരുടെയാകെയും വ്യക്തിത്വങ്ങൾ അദ്ദേഹത്തിൽ സംഗ്രഹിക്കപ്പെട്ട് ''പൂർണ്ണമനുഷ്യൻ'' (അൽ ഇൻസാനുൽ കാമിൽ) ആയി അദ്ദേഹം രംഗത്തുവരുന്നു എന്നതാണ്. സൃഷ്ടി എന്ന വ്യാവഹാരിക സത്യത്തെ ആവിഷ്കരിക്കുമ്പോൾ വചനത്തിൽ അടങ്ങിയ ആശയം ഈ ''പൂർണ്ണമനുഷ്യൻ'' എന്നതായിരുന്നു. മുഹമ്മദിലൂടെയാണ് അത് ചരിത്രത്തിൽ പൂർണ്ണമായ അർത്ഥത്തിൽ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നത്.

ഈശ്വരന്റെ ഏറ്റഴും പൂർണ്ണവും സുന്ദരവുമായ ആവിഷ്കരണമാണ് മനുഷ്യൻ. ആ മനുഷ്യന്റെ പൂർണ്ണത ചരിത്രപരമായ പരിണാമത്തിന്റെ പൂർണ്ണതയിലെത്തുന്നതിന്റെ ദൃഷ്ടാന്തമാണ് ഒടുവിലത്തെ വെളിപാടായ ഖുർആനും അതിന്റെ വാഹകനായ പ്രവാചകനും. ആ നിലക്ക് ഈശ്വരന്റെ രഹസ്യം എന്ന് വിശേഷിപ്പിക്കാവുന്ന സ്ഥാനം ഈ മനുഷ്യവ്യക്തിക്ക് കിട്ടുന്നു. ''മനുഷ്യൻ എന്റെ രഹസ്യമാകുന്നു. ഞാൻ അവന്റെ രഹസ്യവും'' എന്ന ഒരു ഖുദ്സിയായ ഹദീസ് സൂഫികൾ ഉദ്ധരിക്കാറുണ്ട്.

പൂർണ്ണതയുടെ പ്രതീകം എന്ന നിലയിൽ മനുഷ്യന്റെ സ്ഥാനം എത്രത്തോളമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ആദ്യമായി മനുഷ്യൻ അല്ലാഹുവിന്റെ പ്രതിനിധി ആയാണ് പരിചയപ്പെടുത്തപ്പെടുന്നത്.(ഖു: 2:30). പിന്നെ അവന്റെ മാത്രം അടിമത്തത്തിൽ കഴിയേണ്ട ദാസൻ (അബ്ദ്) ആയിട്ടും അവനെ പരിചയപ്പെടുത്തുന്നു. സൃഷ്ടിയിൽ മറ്റുള്ളതിനെയെല്ലാം മനുഷ്യന്റെ അധീനതയിലാക്കിയ കാര്യം ഖുർആൻ എടുത്തുപറയുന്നു. എത്രത്തോളമെന്നാൽ അസ്തിത്വത്തിന്റെ ശ്രേണിയിൽ ഏറ്റവും മേൽതട്ടിലായിരുന്ന മലക്കുപോലും ആദം അവിഷ്കരിക്കപ്പെട്ടതോടെ അവന് പ്രണമിക്കാൻ കല്പിക്കപ്പെടുന്നു. (ഖു. 2:34)

'പൂർണ്ണമനുഷ്യൻ' എന്ന ആശയത്തിന് സൂഫി ആദ്ധ്യാത്മ ദർശന പ്രകാരം വിഭിന്ന മാനങ്ങളിലുള്ള പ്രധാന്യമുണ്ട്. അൽ ഇൻസാനുൽ കാമിൽ' എന്ന പ്രയോഗം ആദ്യമായി ഉപയോഗിച്ചത് ശൈഖുൽ അക്ബർ മുഹ്യിദ്ദീൻ ഇബ്നു അറബിയാണെന്നാണ് പൊതുവെ അംഗീകരിക്കപ്പെടുന്ന മതം. മുർതസാ മുത്വഹ്ഹരിയുടെ ''പൂർണ്ണമനുഷ്യൻ'' എന്ന നമ്മുടെ മുമ്പിലുള്ള കൃതിയിലും അക്കാര്യം പറഞ്ഞിട്ടുണ്ട്.

എന്നാൽ 'അൽ ഇൻസാനുൽ കാമിൽ' എന്ന സംജ്ഞ ആദ്യമായുപയോഗിച്ചത് ആരായാലും ഈ ആശയത്തിന് സൂഫി ആദ്ധ്യാത്മദർശനത്തോളം തന്നെ പഴക്കമുണ്ട് എന്നതാണ് വാസ്തവം. ഇബ്റാഹിം അബ്ദുൽ കരീം അൽ ജീലി എന്ന സൂഫി തത്വചിന്തകൻ 'അൽ ഇൻസാനുൽ കാമിൽ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. ഇബ്നു അറബിയുടെ ആശയങ്ങളെ തന്റേതായ ഒരു പ്രത്യേകരീതിയിൽ പുനരാവിഷ്കരിക്കുകയാണ് അദ്ദേഹം ചെയ്തതെന്ന് മനസ്സിലാകുന്നു. എന്നാലും രണ്ട്പേരും ഈ വിഷയം കൈകാര്യം ചെയ്ത രീതി ഭിന്നമാണ്.

സൂഫിസത്തിൽ 'പൂർണ്ണമനുഷ്യൻ' എന്നത് പ്രഥമമായും സംബന്ധിക്കുന്നത് മുഹമ്മദിനെയാണെങ്കിലും ആ വിതാനത്തിലേക്ക് എത്തിപ്പെടാൻ കഴിയുന്ന വ്യക്തികൾ വേറെയുമുണ്ടാകാം എന്നവർ പറയുന്നു. ഒരു 'വലിയ്യി' ന് പൂർണ്ണമനുഷ്യന്റെ പദവി തന്നെ സൂഫിസം വകവെച്ചുകൊടുക്കുന്നുണ്ട്. ആ നിലക്ക് അന്ത്യപ്രവാചകൻ പൂർണ്ണരിൽ പൂർണ്ണനായ മനുഷ്യനാണ് അവർക്ക്.

പൂർണ്ണമനുഷ്യൻ എന്ന നിലക്ക് മുഹമ്മദ്(സ.അ)നെ പരിഗണിക്കുമ്പോൾ അവിടുത്തെ വ്യക്തിത്വത്തിലെ നിഗൂഢവും പ്രത്യക്ഷവുമായ തലങ്ങളും അവയുടെ ആദ്ധ്യാത്മവും ലൗകികവുമായ മാനങ്ങളുമെല്ലാം പഠനവിഷയമായിത്തീരും. ചരിത്രത്തിനു മുമ്പിലുള്ള ഒരു മുഹമ്മദുണ്ട്. മതത്തിന്റെ പ്രബോധകനും അധ്യാപകനുമെന്ന നിലയിൽ എല്ലാതരം ജനങ്ങൾക്കും വേണ്ടി പ്രത്യക്ഷനാകുന്ന ഒരു മുഹമ്മദുണ്ട്. അതുപോലെ ആദ്ധ്യാത്മജ്ഞാനികൾക്കുമാത്രം കണ്ടെത്താൻ കഴിയുന്നവിധം വിശുദ്ധമായ ദുർജ്ഞേയതയിൽ ഒളിഞ്ഞിരിക്കുന്ന മുഹമ്മദുണ്ട്. ഉപരിതല സ്പർശിയായ പ്യൂരിറ്റൻ മൗലികതയിൽ ഊന്നിനിന്ന് നോക്കി അവിടുത്തെ വ്യക്തിത്വത്തെ വിലയിരുത്തുന്നവരുണ്ട്. ആ വശംതന്നെ തീർത്തും അവഗണിച്ച് പ്രപഞ്ച മനുഷ്യനും കാലപുരുഷനുമായ മുഹമ്മദിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവരുമുണ്ട്. ചരിത്രത്തിലെ അതിശക്തനായ ഒരു നായകൻ എന്ന നിലയിൽ ഇതിഹാസ പുരുഷന്റെ നിഗൂഢമായ പരിവേഷങ്ങളൊന്നുമില്ലാതെ, ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനെ നൂറ് ശതമാനവും സംബന്ധിക്കുന്ന ഒരു വ്യക്തിത്വമായാണ് ചരിത്ര ഗവേഷകന്മാരിൽ പലരും അദ്ദേഹത്തെ വിലയിരുത്തുന്നത്.

അലക്സികാറലും, ഗോയ്ഥേയും തിരഞ്ഞെടുത്ത ഒരു നൂറ് പേരിൽ ഒന്നാമനെന്ന നിലയിൽ അവിടുത്തെ അവതരിപ്പിക്കുന്ന മിക്കായേൽ എയ്ച്ഛ് ഹാർട്ടും, ചരിത്രത്തിന്റെ ഭൗതിക വ്യാഖ്യാനത്തിലൂടെ മാത്രം കാര്യങ്ങൾ കണ്ട് അവിടുത്തെ ജീവിതം പഠിക്കാൻ ശ്രമം നടത്തിയ മാക്സിം റോഡിൻസണും കാണുന്നത് അതിശക്തനും അദ്വിതീയനുമായ ചരിത്രപുരുഷനെയാണ്. സ്റ്റാൻലി ലെയിൻ പോൾ കണ്ടെത്തുന്നത് അദ്ദേഹത്തിലെ കുറ്റമറ്റ വ്യക്തി (Person)യെയാണ്. (The speeches and table talks of Muhammed, London 1882. Introduction PP 27-29)

''തത്വജ്ഞാനി, പ്രഭാഷകൻ, പ്രവാചകൻ, നിയമദാതാവ്, യോദ്ധാവ്, ആശയങ്ങളെ കീഴ്പെടുത്തുന്ന ശക്തനും യുക്തിഭദ്രമായ ആശയങ്ങളുടെ ആവിഷ്കർത്താവും, വിഗ്രഹങ്ങളില്ലാത്ത മതത്തിന്റെ സ്ഥാപകനും, ഇരുപതോളം ഭൗമിക സാമ്രാജ്യങ്ങളുടെയും ഒരു ആത്മീയ രാഷ്ട്രത്തിന്റെയും സ്ഥാപകനും...'' ഇതെല്ലാമാണ് മുഹമ്മദ് എന്ന് ലാമാർട്ടിൽ സമർത്ഥിക്കുന്നു. അവസാനം ഇങ്ങനെ ഒരു ചോദ്യവും അദ്ദേഹം ഇട്ടുതരുന്നു: '' മനുഷ്യന്റെ മഹത്വത്തെ അളക്കാവുന്ന എല്ലാ മാനദണ്ഡങ്ങളും വെച്ച് ചോദിച്ചുകൂടെ, അദ്ദേഹത്തെക്കാൾ മഹാനായി മറ്റാരാണുള്ളതെന്ന്.'' (Hertoriee de la Furque Paris 1854 Vol ll PP 276-277). എം. എൻ.റോയിയും ജവഹർലാൽ നെഹ്റുവും ചരിത്രപരമായ അനിവാര്യതയുടെ പേരിലുള്ള ഏറ്റവും വലിയ ദൗത്യം നിർവ്വഹിക്കാൻ വന്ന മുഹമ്മദിനെ ശ്രദ്ധിച്ചവരാണ്.

മനുഷ്യാനുഭവങ്ങളുടെ ഘോഷയാത്ര കാലമാകുന്ന പെരുവഴിയിലൂടെ സഞ്ചരിച്ച് ഒരു ദശാസന്ധിയിലെത്തി നില്ക്കുമ്പോഴാണ് വചന വാഹകരിൽ ഒടുവിലത്തെ വ്യക്തിത്വമായ മുഹമ്മദ് പ്രത്യക്ഷനാകുന്നത്. മേലെ നിന്നുള്ള ഒരു ഇറങ്ങിവരൽ പോലെയാണത്. 'വചന'ത്തിലൂടെയുള്ള ഒരു പ്രകടനം അവിടുത്തെ വരവിന് തൊട്ടു മുമ്പിനാലെ നടന്നിരുന്നു. അത് ചരിത്രത്തിന് മുമ്പിൽ വിട്ടേച്ചുപോയത് ഒരു ചോദ്യചിഹ്നമായിരുന്നു. കരയുന്ന ഒരു അമ്മയെപോലെ ചരിത്രത്തിന് വീണ്ടും മാറിൽ തല്ലിമുറവിളികൂട്ടി ഈശ്വരനോട് ചോദിക്കാനുള്ള ഒരു ചോദ്യം ആ ചിഹ്നത്തിൽ അന്തർലീനമായിരുന്നു. ''ഇതാണോ ദൈവമേ എന്റെ മക്കളുടെ ഇതുവരെയുള്ള പീഡാനുഭവങ്ങൾക്ക് അങ്ങയിൽ നിന്ന് കിട്ടിയ അവസാനവാക്ക്?'' എന്ന മട്ടിലുള്ള ഒരു ചോദ്യം. കാരണം ചരിത്രം കണ്ടത് 'വചന' മായി അയക്കപ്പെട്ട കാരുണ്യത്തിന്റെ ദൂതൻ കുരിശിലേറ്റാൻ വിധിക്കപ്പെടുന്നതാണ്. എന്നാൽ അത് മരണത്തിലെത്തിയ അവസാനത്തെ ഉത്തരമാണെന്ന് സാക്ഷികൾ പറഞ്ഞപ്പോൾ ചരിത്രത്തിന്റെ പ്രതീക്ഷയാകെയും അസ്തമിച്ചപോലെയായിരുന്നു. എന്നാൽ ചരിത്രം അക്കണ്ടത് വെറും ഒരു 'അടയാളവും' ഏറ്റവും വലിയ പ്രതീകാത്മകതയുൾക്കൊള്ളുന്ന ഒരു 'ഉപമ'യുമാണെന്ന് പറഞ്ഞുകൊണ്ട് മുഹമ്മദ് വന്നപ്പോൾ മർദ്ദിതന്റെ വിമോചനത്തിന് നാന്ദികുറിക്കുകയായിരുന്നു. അവാസ്തവികമായിരുന്ന കുരിശുപ്രകടനമെന്നത് സത്യത്തിൽ 'വചന'ത്തിന്റെ പൂർണ്ണതയെ കുറിക്കുന്ന 'യാമ' ത്തിന്റെ ഒരു അറിയിപ്പ് (ഇൽമുൻ ലിസ്സാഅത്) മാത്രമായിരുന്നു. അത് ഒരു നിമിത്തമാണ്. ചോദ്യചിഹ്നമാണ്. എന്നാൽ ഉത്തരമിതാ, പരിഹാരമിതാ എന്ന മട്ടിലാണ് 'വചന'ത്തിന്റെ പൂർണ്ണത മുഹമ്മദിലൂടെ ചരിത്രത്തിന് മുമ്പിൽ മർദ്ദിതന്റെ വിമോചനം എന്ന ദൗത്യവുമായി വന്നുനിന്നത്. അതുകൊണ്ട് തന്നെ ഇതിഹാസത്തിലും കവിതയിലുമെന്നതിലുപരി ചരിത്രത്തിൽ അദ്ദേഹത്തിന് നിറഞ്ഞുനില്ക്കാൻ കഴിഞ്ഞു. ആ നിലയ്ക്ക് ചരിത്രദർശനപരമായി 'പൂർണ്ണൻ' എന്ന് ആരെയെങ്കിലും വിളിക്കാമെങ്കിൽ അത് മുഹമ്മദിനെ മാത്രമായിരിക്കും. ജ്ഞാനവാദപ്രകാരം അവിടുത്തെ വിശുദ്ധ വ്യക്തിത്വത്തിൽ വായിക്കാൻ കഴിയുന്ന ദുർജ്ഞേയതയുൾക്കൊള്ളുന്ന ആദ്ധ്യാത്മമായ പ്രതീകാത്മകതയുടെ പൂർണ്ണത (കമാലിയ്യത്)യല്ലല്ലോ ചരിത്രത്തെ സംബന്ധിക്കുന്ന പൂർണ്ണത. മനുഷ്യനെ സാമൂഹികമായി (അതുകൊണ്ട്തന്നെ ലൗകികമായും) സ്പർശിക്കുന്ന വ്യക്തിത്വത്തിന്റെ പൂർണ്ണതയാണ് ചരിത്രത്തിന്നാവശ്യം. ശക്തൻ എന്ന് ചരിത്രം വിശേഷിപ്പിക്കുക അത്തരം ഒരു വ്യക്തിത്വത്തെ മാത്രമായിരിക്കും. തന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരം അത് പ്രതീക്ഷിക്കുന്നതും ആ ശക്തമായ വ്യക്തിത്വത്തിൽ നിന്നായിരിക്കും. കാരണം അത്തരം ഒരു വ്യക്തിയിലൂടെ മാത്രമേ മനുഷ്യന്റെ ചരിത്രപരമായ പരിണാമം പൂർണ്ണതയിലെത്തുകയുള്ളൂ.

മാനുഷിക സാഹചര്യത്തിന് മുമ്പിൽ ഒരു ദർപ്പണം പോലെ വന്നു നിന്ന്കൊടുക്കുന്ന വ്യക്തിത്വമായിരിക്കുമത്. മനുഷ്യന്റെ വാസ്തവികമായ ജീവിതത്തിലെ യാഥാർത്ഥ്യങ്ങളാകെയും പതിയുന്ന കണ്ണാടിയായിരിക്കുമത്. മനുഷ്യന്റെ ശ്രേഷ്ഠകളെന്നപോലെ പരിമിതികളും അപ്പോൾ അതിൽ പതിയേണ്ടതുണ്ട്. ഒരു സ്വീകരണിയിലെന്നപോലെ മനുഷ്യന്റെ പ്രശ്നങ്ങൾ ആ വ്യക്തിത്വം ഏറ്റുവാങ്ങും. അപ്പോഴാണ് പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ അതേ കണ്ണാടിയിൽ തന്നെ തെളിഞ്ഞുകാണാനാവുക. ഒരുദാഹരണമാണ് യുദ്ധം. അതൊരു അനിവാര്യമായ തിന്മയാണ്. എന്നാലും അതൊരു യാഥാർത്ഥ്യമാണല്ലോ. എങ്കിൽ അത് ആ ദർപ്പണത്തിൽ പതിഞ്ഞ് പരിഹാരം എന്നത് പ്രതിഫലനമായി ഏറ്റുവാങ്ങേണ്ടതുണ്ട്. 'യുദ്ധങ്ങൾ ഇല്ലാതാക്കാനുള്ള യുദ്ധം' എന്ന ആശയമാണ് അപ്പോൾ ചരിത്രത്തിന് ലഭിക്കുക.

ഈ നിലയ്ക്കാണ് അന്ത്യപ്രവാചകർ പൂർണ്ണമനുഷ്യനെന്ന നിലയിൽ ചരിത്രത്തിന് മുന്നിൽ വന്നു നില്ക്കുന്നത്. വിശുദ്ധ ഖുർആൻ പറഞ്ഞു: ''അല്ലാഹുവിന്റെ ദൂതനിൽ നിങ്ങൾക്ക് ഉത്തമമാതൃകയിരിക്കുന്നു.'' (33:21)

മാതൃക എന്നതിന്റെ സർവ്വമാനങ്ങളും പ്രകാശിപ്പിക്കുന്ന ഒരു ചരിത്ര വ്യക്തിത്വത്തെക്കുറിച്ച സൂചനയാണ് ഇവിടെ ഖുർആൻ നൽകിയത്. ഇനിയും പരിഹാരമില്ലാതെയിരിക്കുന്ന ഒരു പ്രശ്നം മനുഷ്യജീവിതത്തിൽ അവശേഷിക്കുന്നില്ല എന്ന് ചരിത്രത്തിന് രേഖപ്പെടുത്താൻ സാധിക്കണം. അതിന് വേണ്ടിയാണ് ഒന്നും എഴുതപ്പെടാതിരുന്ന സ്ലേറ്റ്പോലെകിടന്ന അവിദ്യയുടെ (ജാഹിലിയ്യത്)യും നിരക്ഷരത (ഉമ്മിയ്യത്) യുടെയുമായ ഒരു സാംസ്കാരിക പശ്ചാത്തലത്തിലേക്ക് അവരിൽപെട്ട ഒരുവൻ എന്ന നിലയിൽ കാലപുരുഷൻ പൂർണ്ണമനുഷ്യനായി ഇറങ്ങിവരുന്നത്. അവിടെ അദ്ദേഹം നില്ക്കുന്നു. ചരിത്രത്തിന്റെ മുമ്പിൽ! അതിന്റെ ദയാഹർജിക്ക് നിയന്താവിൽ നിന്നുള്ള പ്രത്യുത്തരമെന്ന നിലയിൽ ജനതക്ക് സ്വന്തം പ്രതിഛായതന്നെ ദർശിച്ച് പരിഹാരത്തിന്റേതായ പ്രതിഫലനം ഏറ്റുവാങ്ങാനാവുന്ന അസാധാരണമായ കണ്ണാടിയാണത്. അതിലെ പ്രതിഫലനം എന്നത് ന്യൂനതകളെ പൂർണ്ണതയായി തിരിച്ചുകൊടുക്കുന്ന അസാധാരണത്വമുള്ളതാണ്. ഈ പ്രതിഫലനമാണ് ജനതയ്ക്കുവേണ്ടിയുള്ള ഒടുവിലത്തെ 'ശിർഅത്ത്'- നിയമക്രമം- ആയിത്തീരുക

ഇപ്പറഞ്ഞതത്രയും ഒരു ബാഹ്യവശമാണ്. എന്നാൽ അപ്പുറത്തിരിക്കുന്നു, മറ്റാർക്കും കണ്ടെത്താൻ കഴിയാത്ത വിശുദ്ധമായ ദുർജ്ഞേയതയാൽ മറച്ചുവെക്കപ്പെട്ട പ്രപഞ്ച മനുഷ്യന്റെ പൂർണ്ണത. പ്രപഞ്ചമെന്ന വ്യാവഹാരിക സത്യത്തിന്റെ സംഗൃഹീതമായ പൊരുൾ അവിടെ പാരമാർത്ഥിക സത്യമായ ഈശ്വരനുമായി തൊട്ടുനില്ക്കുന്നു! ''രണ്ടുവില്ലുകൾക്കിടയിൽ ഒരു വാർ എന്നപോലെയുള്ള'' (ഖു: 53-9) അടുപ്പം! ഉമർഖാസി പാടിയ പോലെ.

''ആകാശങ്ങൾക്കുംമേലെയായി
ഉയർന്നുപോയവനെ,
നീ അടുത്തു! അല്ല,
അടുത്തതിലും അടുത്തു.
അങ്ങനെ പ്രാപഞ്ചികത
പുല്കിയല്ലോ നീ!''

ഇതാകുന്നു മുഹമ്മദ്. പൂർണ്ണമനുഷ്യൻ. ''സ്വല്ലല്ലാഹു അലൈഹി വആലിഹി വസല്ലം.''

മനുഷ്യന്റെ പൂർണ്ണത എന്നത്, ഇസ്ലാം ചരിത്രത്തിന്‌വേണ്ടിയും സമർപ്പിക്കുന്ന ഏറ്റവും വിശിഷ്ടമായ പാഠമാണ് എന്ന് സമർത്ഥിക്കുന്ന ഒരു കൃതിയുടെ അവതരണ പശ്ചാത്തലത്തിലാണ് ഇത്രയും ഉപന്യസിച്ചത്. മലയാളത്തിന് ആ വിശിഷ്ട പുസ്തകം ലഭ്യമാകുമ്പോഴുള്ള അവതാരിക എന്ന നിലക്ക്. പ്രസിദ്ധ ഇറാനിയൻ ദാർശനികനായ മുർതസാ മുത്വഹ്ഹരിയുടെതാണ് ഇപ്പോൾ ജ.സി. ഹംസ സാഹിബിലൂടെ മലയാളത്തിലെത്തുന്ന ''പൂർണ്ണമനുഷ്യൻ''. ലക്ഷ്യഭാഷയോടും ആശയത്തോടും പൂർണ്ണമായും നീതിപാലിച്ചിരിക്കുന്ന ഈ കൃതി ഒരു രണ്ടാം വിവർത്തനമാണ് എന്നത് മാത്രമാണ് ഒരു പോരായ്മയായി അനുഭവപ്പെടുന്നത്. മൂലകൃതി പേർഷ്യനിലാണ്. നമുക്ക് ലഭിക്കുന്നതാകട്ടെ ഇംഗ്ലീഷിലുള്ള അതിന്റെ ഭാഷാന്തരത്തിന്റെ മൊഴിമാറ്റവും. അതുകൊണ്ട് മൂലഗ്രന്ഥത്തോട് നീതിപുലർത്താൻ തനിക്ക് കഴിഞ്ഞിരിക്കുമോ എന്ന സന്ദേഹത്തിലാണ്, മുത്വഹ്ഹരിയുടെ പലകൃതികളും പേർഷ്യൻ ഭാഷയിൽ നിന്ന് നേരിട്ട് മൊഴിമാറ്റം നടത്തി മലയാളത്തിലെത്തിച്ച വിവർത്തകൻ.

മുത്വഹ്ഹരിയുടെ ''പൂർണ്ണമനുഷ്യൻ'' സൂഫി ആദ്ധ്യാത്മ ദർശനത്തിലെ ''പൂർണ്ണ മനുഷ്യന''ല്ല. 'ഇൻസാനുൽ കാമിൽ' എന്ന സങ്കല്പനത്തിന്റെ ആവിഷ്കർത്താവായി മുഹിയിദ്ദീൻ ഇബ്നു അറബിയെ അദ്ദേഹം പരിചയപ്പെടുത്തുന്നു എന്നതൊഴിച്ചാൽ, ആ വീക്ഷണപ്രകാരമുള്ള പൂർണ്ണമനുഷ്യനെ മുത്വഹ്ഹരി സ്പർശിക്കുന്നേയില്ല എന്നു പറയാം.

തീർച്ചയായും അന്ത്യപ്രവാചകരായ മുഹമ്മദ് തിരുമേനിയെ മുത്വഹ്ഹരി പൂർണ്ണമനുഷ്യന്റെ ഒന്നാമത്തെ ഉദാത്ത മാതൃകയായി പരിഗണിക്കുന്നുണ്ട്. എന്നാൽ പ്രവാചകനിലെ പൂർണ്ണമനുഷ്യന്റെ വിശദാംശങ്ങളിലേക്ക് അദ്ദേഹം പ്രവേശിക്കുന്നില്ല. പ്രവാചകന്റെ പൂർണ്ണതയുടെ കിരണങ്ങൾ ഏറ്റുവാങ്ങി ശോഭിച്ച ഏറ്റവും മിഴിവുറ്റ വ്യക്തിത്വത്തിലേക്ക് അദ്ദേഹം പെട്ടെന്നു കടന്നുവരുന്നു. പൂർണ്ണതയെ ഏറ്റുവാങ്ങിയ ആളുടെ പൂർണ്ണതയാണ് മുത്വഹ്ഹരിയുടെ പ്രമേയം എന്നു പറയാം.

അദ്ദേഹം അവതരിപ്പിക്കുന്നത് ഇമാം അലി ഇബ്നു അബീത്വാലിബിന്റെ വ്യക്തിത്വത്തിലൂടെ മനുഷ്യന് മുമ്പിൽ സമർപ്പിക്കപ്പെടുന്ന പൂർണ്ണതയെയാണ്. ഈ സമീപനത്തിന് അതിന്റേതായ ഒരു പ്രധാന്യവുമുണ്ട്. മുഹമ്മദ് എന്ന ചരിത്രപുരുഷൻ കൂടിയായ കാലപുരുഷൻ ആ രംഗത്തുവന്നത് കൊണ്ട് എന്തുകിട്ടി എന്നതിന്നുത്തരമാണ് അലി എന്ന പ്രവാചകശിഷ്യന്റെ അന്യൂനമായ വ്യക്തിത്വം എന്നത്. ഒരു ശീഈ ചിന്തകൻ എന്ന നിലയിൽ മുത്വഹ്ഹിരയെ സംബന്ധിച്ചിടത്തോളം പ്രവാചകൻ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ വ്യക്തിത്വം അലിയുടേതായിരിക്കുക സ്വഭാവികമാണ്. എന്നാൽ മുത്വഹ്ഹരിയെ പോലുള്ള കിടയറ്റ ഒരു ദാർശനികൻ അലിക്ക് നൽക്കുന്ന പ്രാധാന്യത്തിന് ശീഈ പക്ഷപാതിത്വം എന്നത് മാത്രം ഒരു കാരണമായി അവതരിപ്പിക്കാൻ ന്യായമില്ല. കാരണം ശീഇകളല്ലാത്തവർക്കും അലി കൂടുതൽ പ്രാധാന്യമുള്ള വ്യക്തിതന്നെയാണ്, പല കാരണങ്ങളാലും. വിശുദ്ധ പ്രവാചകന്റെ പൂർണ്ണതയെ സ്വന്തം വ്യക്തിത്വത്തിൽ ഏറ്റവും കൂടുതൽ പ്രതിഫലിപ്പിച്ച് വ്യക്തി അലി ആയിത്തീരാൻ പല കാരണങ്ങളുമുണ്ട്; സുന്നികളും ശീഇകളും ഒരുപോലെ അംഗീകരിക്കുന്ന ചില വസ്തുതകളും.

പൂർണ്ണമനുഷ്യനായ പ്രവാചകന്റെ ചരിത്രപരവും മാനവികവുമായ മാനങ്ങൾ മാത്രം പ്രകാശിപ്പിക്കുന്ന പ്രത്യക്ഷതല വ്യക്തിത്വത്തിന് അപ്പുറത്തേക്ക് എത്തിനോക്കുമ്പോഴാണ് ഒരാൾക്ക് അലിയ്യിന്റെ പ്രാധാന്യം കൂടുതലായി ബോധ്യപ്പെടുക.

''ഞാൻ ജ്ഞാനത്തിന്റെ നഗരമാണെങ്കിൽ അലി അതിന്റെ കവാടമാകുന്നു'' എന്ന നബിവചനം ശ്രദ്ധേയമാണ്. പരമാർത്ഥജ്ഞാന (ഇൽമുൻലദുന്നി)ത്തിൽ അലി എന്ന വാതിലിന്നുള്ള പ്രാധാന്യമാണ് ഇവിടെ മനസ്സിലാക്കാൻ സാധിക്കുക. ''രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് വിട്ടു പോകുന്നു. അതിലൊന്ന് ഖുർആനും മറ്റേത് എന്റെ കുടുംബവുമാകുന്നു'' എന്ന് മറ്റൊരു നബിവചനവുമുണ്ട്. (ഒന്ന് ഖുർആനും മറ്റൊന്ന് എന്റെ ചര്യയുമാണെന്ന് വേറൊരു ഹദീസിലും കാണാം. അതിനർത്ഥം ഖുർആന് പുറമെയായി വിട്ടുപോകുന്ന ചര്യ എന്നതും കുടുംബം എന്നതും പ്രവാചകനിൽനിന്ന് ലഭിക്കുന്ന രണ്ട് തരം ജ്ഞാനസരികളുടെ മൂലങ്ങളാണെന്നായിരിക്കും.) ഈ ഹദീസ് പ്രകാരം ഖുർആനെപോലെ പ്രാധാന്യം കല്പിക്കപ്പെടേണ്ടുന്ന ഒന്ന് എന്ന നിലയ്ക്കാണ് നബികുടുംബം (അഹ്‌ലുൽബയ്ത്) പരിഗണിക്കപ്പെടേണ്ടതെന്നാണല്ലോ. കുടുംബം എന്നത് വ്യക്തിയുടെ ഏത് തലത്തെയാണ് പ്രതീകവൽക്കരിക്കുന്നത് എന്ന ചിന്ത ഈ അവസരത്തിൽ പ്രസക്തമായിത്തീരുന്നു. വ്യക്തിയുടെ കുടുംബം എന്നത് അദ്ദേഹത്തിന്റെ സ്വകാര്യതയുടെ പ്രതീകമാണ്. അതൊരു പ്രവാചകന്റേതാകുമ്പോൾ അതിനെ വിശുദ്ധ സ്വകാര്യത എന്നു വിശേഷിപ്പിക്കാം. പ്രവാചക കുലപതിയായ ഇബ്റാഹീമിന് ഇങ്ങനെ ഒരു വിശുദ്ധ സ്വകാര്യതയുള്ളത് സുന്നികളും ശീഇകളും ഒരുപോലെ അംഗീകരിക്കുന്ന കാര്യമാണ്. ഇബ്റാഹീമിന്റെ കളത്രമായ 'സാറ'യെ മലക്കുകൾ 'അഹ്‌ലുൽ ബയ്ത്' എന്ന് സംബോധന ചെയ്യുന്ന പരാമർശം ഖുർആനിലുമുണ്ട് (11:73). മുഹമ്മദിന്റെ 'അഹ്‌ലുൽ ബയ്തിനെ' വിശിഷ്ടമായ ശുദ്ധീകരണത്തിന് അർഹരാക്കുന്നതിനെക്കുറിച്ചുള്ള പരാമർശവും ഖുർആനിൽ തന്നെയുള്ളതാണ് (33:33). ഇബ്രാഹീമിന്റെ കുടുംബത്തിനുള്ള വിശിഷ്ടത എടുത്തുപറഞ്ഞുകൊണ്ട് ആ നിലക്കുള്ളത് മുഹമ്മദിന്റെ കുടുംബത്തിനും നൽകേണമേ എന്ന നമസ്കാരത്തിലെ അനുഗ്രഹ പ്രാർത്ഥന എല്ലാ സുന്നികളും ചെല്ലാറുള്ളതാണ്.

ഇതെല്ലാം വെച്ച് നോക്കുമ്പോൾ സമഷ്ടി (ഉമ്മത്ത്) എന്ന് ഖുർആൻ വിശേഷിപ്പിച്ച ഇബ്റാഹീം നബിയുടെ ഒരു തനിയാവർത്തനമായ മുഹമ്മദിന്റെ കുടുംബത്തിനുള്ള പ്രാധാന്യം എത്രയെന്ന് ഊഹിക്കാവുന്നതെയുള്ളു. മുഹമ്മദിന്റെ വിശുദ്ധ സ്വകാര്യതയുടെ പ്രതീകമായ അഹ്‌ലുൽബയ്തിലെ ഒന്നാമത്തെ പുരുഷനാണ് അലി.

ജനതയുടെ മുമ്പിൽ പരസ്യമായി വന്നുനില്ക്കുന്ന പൂർണ്ണമനുഷ്യനെയാണ് മറ്റെല്ലാവർക്കും മാതൃകയായി ലഭിക്കുന്നതെങ്കിൽ, അലിയെ സംബന്ധിച്ചിടത്തോളം ജനതയിൽ നിന്ന് പിൻവാങ്ങി ഗൃഹസ്ഥാശ്രമത്തിന്റെ സ്വകാര്യതയിലെത്തുന്ന പൂർണ്ണമനുഷ്യന്റെ മാതൃകയും ലഭ്യമാകുന്നു. ഗൃഹസ്ഥാനശ്രമപരമായ സ്വകാര്യത മാത്രമല്ല

തികച്ചും കർതൃനിഷ്ഠമായ ആദ്ധ്യാത്മാനുഭൂതിയിലെ സ്വകാര്യതയ്ക്ക് പോലും അലി സാക്ഷിയാകുന്നതിന്നുദാഹരണം ഈ കൃതിയിൽ മുത്വഹ്ഹരി എടുത്തുകാട്ടുന്നുണ്ട്. ചുരുക്കത്തിൽ അകത്തും പുറത്തും പ്രവേശമനുവദിക്കപ്പെട്ട പ്രവാചകശിഷ്യനായിരുന്നു അലി എന്നു മനസ്സിലാക്കാം.

പ്രവാചകനും അലിയുമായുള്ള ബന്ധം ജനതയിലേക്കുള്ള ദൂതൻ എന്ന അവിടുത്തെ നിയോഗത്തോടെയോ, മകളുടെ ഭർത്താവ് എന്ന നിലയ്ക്കുള്ള കുടുംബബന്ധത്തിന്റെ പേരിലോ മാത്രമായിരുന്നില്ല. പ്രവാചകന് വേണ്ടി അല്ലാഹുതന്നെ ആദ്യമേ നിശ്ചയിച്ച സഖിത്വമായിരുന്നു അലിയുടെതെന്ന് കാണാം. മൂസാ നബിക്ക് ഹാറൂനുമായും ഈസാ നബിക്ക് യഹ്യാ നബിയുമായുമുള്ള ബന്ധം പോലെയുള്ള ഒരു ആത്മനിഷ്ഠത ഈ ബന്ധത്തിലും കാണാവുന്നതാണ്. ഹാറൂന് മൂസായെ എല്ലാവരേക്കാളും നന്നായറിയാമായിരുന്നു. അതുപോലെ സ്നാപകയോഹന്നാന് (യഹ്യാ) യേശുവെയും. എന്നാൽ പ്രവാചകത്വം മുഹമ്മദിൽ സംഗ്രഹിക്കപ്പെട്ടതിനാൽ അലിക്ക് പ്രവാചകത്വമില്ലെന്നു മാത്രം. പക്ഷെ പ്രവാചതകം എന്ന അനുഭവം എന്തെന്നതിനും പുറത്തുനിന്നുള്ള ഒരു സാക്ഷി വേണമെങ്കിൽ അത് അലിയാണ്. ഈ അനുഭവം പ്രവാചകനെ പോലെതന്നെ അദ്ദേഹവും അറിഞ്ഞിരുന്നു എന്നതാണ് കാരണം. ഈ പുസ്തകത്തിൽ തന്നെ അത്തരം ഒരു സംഭവം മുത്വഹ്ഹരി ഉദ്ധരിക്കുന്നുണ്ട്. പ്രവാചകർ ദർശിച്ചത് അലിയും ദർശിച്ചതിന് ഉദാഹരണം. അലിക്ക് കേവലം പത്തുവയസ്സ് മാത്രം പ്രായമുള്ളപ്പോൾ അദ്ദേഹം ഹിറാഗുഹയിലേക്കും ആരാധനാലയത്തിലേക്കും മറ്റും പ്രവാചകനെ അനുധാവനം ചെയ്യാറുണ്ടായിരുന്നു. പ്രവാചകന് വെളിപാട് ലഭിച്ചുകൊണ്ടിരുന്നപ്പോൾ അജ്ഞാതമായ ചില ശബ്ദങ്ങൾ  അലിയും കേട്ടുവത്രെ. വെളിപാടിറങ്ങുന്നതിന്റെ പേരിൽ അസ്വസ്ഥരാകുന്നു പിശാചുക്കളുടെ മുരളലാണ് താൻ കേൾക്കുന്നതെന്ന് അലി പറഞ്ഞു. അദ്ദേഹം വിവരം പ്രവാചകനെ അറിയിച്ചപ്പോൾ അവിടുന്നു പറഞ്ഞതിങ്ങനെയായിരുന്നു. ''അലി, ഞാൻ കാണുന്നത് കാണാനും കേൾക്കുന്നത് കേൾക്കാനും നിനക്കും സാധിക്കുന്നു. നീ ഒരു പ്രവാചകനല്ലാതിരുന്നിട്ടുകൂടി!''

ആത്മനിഷ്ഠമായ സ്വകാര്യതയിൽ പോലും പങ്കുചേരാൻ കഴിയുന്ന വിധത്തിലുള്ള ഒരു താദാത്മ്യപ്പെടലാണിത്. അലിയെ അപേക്ഷിച്ച് മറ്റുള്ളവർക്ക് അസാധ്യമായ വിതാനം. അതുകൊണ്ടാണ് സുന്നി ഇസ്ലാമിലെ തന്നെ സൂഫീത്വരീഖതുകളിൽ ഒന്നൊഴിച്ച് മറ്റെല്ലാം തങ്ങളുടെ ഗുരുപരമ്പരയെ അലിയുമായി ബന്ധിപ്പിക്കുന്നത്.

അലിയുടെ ജീവിതത്തെ ആറ് പ്രധാന ഘട്ടങ്ങളായി മുത്വഹ്ഹരി വിഭജിക്കുന്നു. അതിൽ ആദ്യത്തെ മൂന്നും പ്രവാചകനുമായുള്ളു ആത്മബന്ധം ഉൾക്കൊള്ളുന്നതാണ്. പിന്നത്തെ മൂന്ന് അവിടുത്തെ വിയോഗാന്തരമുള്ളതും.

ഇത്തരം ഒരു വ്യക്തിത്വത്തിന്റെ പൂർണ്ണതയെ മാനദണ്ഡമാക്കിയെടുത്ത്, 'പൂർണ്ണമനുഷ്യൻ' എന്ന വിഭാവനയെ അധികരിച്ചുള്ള വ്യത്യസ്തങ്ങളായ പരിപ്രേക്ഷ്യങ്ങളെ ഓരോന്നോരോന്നായി മുത്വഹ്ഹരി ''പൂർണ്ണമനുഷ്യനി''ൽ വിലയിരുത്തുന്നുണ്ട്.

പൂർണ്ണതയെക്കുറിച്ചുള്ള ധിഷണാവദാകി (Intellectualists)ളുടെ കണ്ടെത്തുലകളെ അവിസെന്നയ്ക്ക് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് നിരൂപദൃഷ്ട്യാ അദ്ദേഹം വിലയിരുത്തുന്നു. അതുപോലെ സൂഫിസത്തിന്റേതായ സ്നേഹ-ജ്ഞാന വാദങ്ങൾ പ്രകാരം പൂർണ്ണതയെക്കുറിച്ചുള്ള സങ്കല്പനങ്ങളെയും പഠനവിധേയമാക്കുന്നു. ആദ്ധ്യാത്മജ്ഞാനികളുടെ വൈകാരികമായ അത്യുക്തികളെ സഹൃദയത്വത്തോടെ ആസ്വദിച്ചുകൊണ്ടുതന്നെ നിരൂപണം ചെയ്യുന്നുണ്ട് മുത്വഹ്ഹരി. സൂഫിക്കവികളായ റൂമി, സഅദി, ഹാഫിസ് എന്നിവരുടെ ഹൃദ്യമായ വരികൾ പലയിടത്തും ഉദ്ധരിക്കുന്നു. ചിലപ്പോൾ തന്റെ വാദമുഖങ്ങൾക്ക് ചാരുതയും മിഴിവും നൽകാനെന്നവണ്ണവും ജലാലുദ്ദീൻ റൂമിയുടെ പുല്ലാങ്കുഴലിന്റെ പശ്ചാത്തലം അദ്ദേഹം ഉപയോഗപ്പെടുത്തുന്നുണ്ട് (ഹൃദ്യമായ ഈരടികളിൽ വിവർത്തകൻ നടത്തിയ മൊഴിമാറ്റം അദ്ദേഹത്തിന്റെ കാവ്യപ്രതിഭയുടെ നിദർശനമാണ്.)

സൂഫി അദ്ധ്യാത്മദർശനത്തോടുള്ള ഗ്രന്ഥകാരന്റെ മാനസികമായ ആഭിമുഖ്യവും ആസ്വാദനക്ഷമതയും വളരെ പ്രകടമാകുംവിധം തന്നെ പുറത്തുവന്നു പോകുന്നുണ്ടെങ്കിലും ഒരു തർക്കശാസ്ത്രവിശാരദൻ എന്ന നിലക്കുള്ള മുത്വഹ്ഹരിയുടെ നിലപാട് സൂഫി കാഴ്ചപ്പാടിനെ ചരിത്ര ദർശനപരമായി അംഗീകരിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ തടയുന്നുണ്ട്. അനുഭൂതിയിൽ നിന്ന് വിരിയുന്ന ദർശനങ്ങളെ (Visions) തർക്കസിദ്ധമായ നിലയിൽ അംഗീകരിക്കാൻ  പറ്റുന്ന വസ്തുകളായി തത്വചിന്തകനായ സാമൂഹിക ശാസ്ത്രജ്ഞനും ഗവേഷകനും സ്വീകരിക്കുകയില്ലല്ലോ. എല്ലാ കാര്യങ്ങളും ഇവിടെ കണിശമായ അപഗ്രന്ഥനത്തിന് വഴിമാറികൊടുക്കും.

ഇസ്ലാമിക പാരമ്പര്യത്തിൽ നിന്നും പ്രാദുർഭവിച്ച് വികസിച്ച ധിഷണാവാദം (അവിസെന്നയുടെത് പോലെ), ജ്ഞാനവാദം, സ്നേഹവാദം തുടങ്ങിയ പ്രസ്ഥാനങ്ങളെ വിലയിരുത്തുന്നതോടൊപ്പം ആധുനിക യൂറോപ്പിൽ ഉടലെടുത്ത ദർശനങ്ങളെയും പഠനവിധേയമാക്കുന്നുണ്ട് ഈ കൃതിയിൽ.

കാറാൽ മാർക്സ്, മാക്കിവെല്ലി, അലക്സി കാറൽ, ദെക്കാർതെ, നീഷേ തുടങ്ങിയവരുടെ ദർശനങ്ങളിൽ മനുഷ്യന്റെ പൂർണ്ണത എന്ന ആശയം ഏതു നിലയ്ക്കാണ് വിവക്ഷിക്കപ്പെടുന്നതെന്ന് മുത്വഹ്ഹരി നിരൂപബുദ്ധിയോടെ പരിശോധിക്കുന്നു. മനുഷ്യന്റെ പൂർണ്ണതയുടെ ഒരേ ഒരു മാനദണ്ഡം ശക്തിയാണെന്ന് സിദ്ധാന്തിക്കുന്ന നിഷേയുടെ ദർശനത്തെ ശക്തമായി ഖണ്ഡിക്കുന്നതോടൊപ്പം അതിന്റെ വിപരീതാശയങ്ങളായി വരുന്ന സങ്കല്പനങ്ങളുടെ അപര്യാപ്തതയും വിശകലനം ചെയ്യുന്നു. അലിയെ പോലുള്ള ഒരു പൂർണ്ണ മനുഷ്യനിൽ പ്രകടമാകുന്ന പൂർണ്ണതയുടെ മാതൃകാപരമായ സമന്വയത്വം അതിലൂടെ സ്ഥാപിക്കുകയാണ് ഗ്രന്ഥകാരൻ.

മനുഷ്യന്റെ ജൈവപരമായ വളർച്ചയെ ഉദാഹരിച്ചുകൊണ്ട് വ്യക്തിപരമായ പൂർണ്ണതയെ അദ്ദേഹം വിവരിക്കുന്നു. ശരീരവയവങ്ങളിൽ ചിലതിന് അസാമാന്യമായ വളർച്ചയും മറ്റു ചിലതിന് വൈകല്യവും ബാധിച്ച് വളർച്ചയിലേക്ക് കുതിക്കുന്ന വികൃതരൂപം പോലെയാകരുത് വ്യക്തി. സമഗ്രവും സന്തുലിതവുമായ വളർച്ച വ്യക്തിത്വത്തിന്റെ പൂർണ്ണതയുടെ അടിസ്ഥാനമാകുന്നു.

ഖുർആൻ അവതരിപ്പിക്കുന്ന ഇബ്റാഹീമിന്റെ സമഷ്ടിഭാവത്തെ അദ്ദേഹം പൂർണ്ണതയ്ക്ക് ഉദാഹരണമായി എടുത്തുകാട്ടുന്നു. മനുഷ്യന്റെ ചരിത്രപരവും അല്ലാത്തതുമായ പൂർണ്ണത എന്നത് അവന്റെ സമഷ്ടിഭാവമാണ്. എല്ലാറ്റിനെയും ഉൾക്കൊണ്ട് ഒരു മാതൃകയായിത്തീരുക എന്നതാണ് പൂർണ്ണമനുഷ്യനെക്കുറിച്ചുള്ള ഇസ്ലാമിക സങ്കല്പനം. സമൂഹം എന്നോ സമഷ്ടി എന്നോ അർത്ഥമുള്ള 'ഉമ്മത്ത്' എന്ന പദം 'ജനതകളുടെ നായകൻ' എന്ന നിലയ്ക്ക് ഖുർആൻ പരിചയപ്പെടുത്തിയ ഇബ്റാഹീമിന് ഖുർആൻ തന്നെ നൽകുന്ന വിശേഷണമായിത്തീരുന്നത് ആ നിലയ്ക്കാണ്. എല്ലാവരേയും ഉൾക്കൊള്ളുന്ന ഒറ്റ മനുഷ്യനെ അവതരിപ്പിക്കുകയാണ് ഇബ്റാഹീമിലൂടെ ഖുർ ആൻ. ആ വ്യക്തിത്വത്തിൽ സാകല്യത്തിന്റെയാകെയും ഒതുക്കപ്പെട്ട പൂർണ്ണതയുണ്ട്. അതുകൊണ്ടുതന്നെ അതൊരു ഉൽകൃഷ്ടമായ മാതൃക (Example)യുമായിത്തീരുന്നു.

പ്രവാചകത്വ പരിസമാപ്തി സാധിക്കുന്ന വ്യക്തിത്വത്തിലൂടെ ഇബ്രാഹിം എന്ന 'സമഷ്ടി'യുടെ പൂർണ്ണത ചരിത്ര പരമായ പരിണാമത്തിലെ പൂർണ്ണതയുടെ 'ആയത്ത്' അഥവാ ചിഹ്നം എന്ന നിലയിൽ പുനരവതരിപ്പിക്കപ്പെടുകയാ ണ്. ആ മാതൃകയിൽ നിന്ന് പൂർണ്ണതയുടെ മറ്റൊരു പകർപ്പ് അലി എന്ന പ്രവാചകശിഷ്യനിലൂടെ ചരിത്രത്തിന് ലഭി ക്കുന്നു. അലിയിലൂടെ ഓരോ വ്യക്തിക്കും പൂർണ്ണത എന്നതിനെ ലക്ഷ്യമാക്കി പുരോഗമിക്കാൻ സാധിക്കും. അങ്ങ നെയുള്ള ഒരു സമൂഹം മാനവതയിക്കുവേണ്ടി ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന ഉത്തമ സമൂഹമാകാതിരിക്കയില്ല ല്ലോ.

അലിയിലൂടെ അവതരിപ്പിക്കപ്പെടുന്ന ഈ പൂർണ്ണതയുൾക്കൊണ്ട വ്യക്തിത്വം, ജർമ്മൻ തത്വചിന്തകനായ നീഷേ യുടെ 'ദജ്ജാലിയൻ മാതൃക'യിലുള്ള 'സൂപർമാനി'ൽ നിന്നും അകലെ എതിർധ്രുവത്തിലാണ് നിലയുറപ്പിക്കുന്ന തെങ്കിലും, മാർക്സിന്റെ വീക്ഷണത്തിലെ മതമെന്ന കറുപ്പ് കഴിച്ച്, ആലസ്യത്തിൽ വേദന മറക്കാൻവിധിക്കപ്പെട്ട നിസ്സഹായന്റെതാവുകയില്ല. മഠത്തിൽ മാത്രമൊതുങ്ങുന്ന സന്യാസിയുമായിരിക്കില്ല അത്തരം ഒരു പൂർണ്ണൻ. എതിർപ്പുകളുടെ മുമ്പിൽ പാറപോലെ ഉറച്ചുനില്ക്കുന്ന, ആരാലും തോല്പിക്കപ്പെടാൻ കഴിയാത്ത മഹാശക്തനെ തന്നെയാണവിടെ കാണുക. ഒരു സിംഹത്തിന്റെ ശൗര്യമുണ്ടായിരിക്കുമവന് (അലിയെക്കുറിച്ച് 'അസദുല്ല' എന്നു പറയാറുണ്ട്). എന്നാൽ അതേയവസരത്തിൽ മനുഷ്യജാതിയോടാകെയും ഒരു പെറ്റമ്മയുടെ വാത്സല്യവുമുണ്ടായി രിക്കും. പാരമാർത്ഥിക സത്യത്തിന് മുമ്പിൽ സ്വത്വം സമർപ്പിച്ചുകൊണ്ട് പരമ കാരുണികനെ മുഖാമുഖം കാണാൻവേണ്ടി പറന്നുയരാനുള്ള ചിറകുകളും അവൻ സ്വായത്തമാക്കിയിരിക്കും. (മുർതസാ മുത്വഹ്ഹരി, ലൗകി കമായ കൂട്ടിൽ നിന്ന് മുക്തി നേടാൻ കൊതിക്കുന്ന പറവയെപോലെയാവുക എന്ന സൂഫീഭാവനയെ വിമർശിക്കു ന്നുണ്ടെങ്കിലും അലിയിൽ ഇത്തരം ഒരു പറവയായിരുന്നു വസിച്ചത് എന്ന് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തി നുള്ള അടങ്ങാത്ത മോഹത്തെ എടുത്തികാട്ടിക്കൊണ്ട് അദ്ദേഹം സമ്മതിച്ചുപോകുന്നുണ്ട്).

മനുഷ്യന്റെ ധിഷണയെ വളരെയധികം തട്ടിയുണർത്താൻ പ്രാപ്തിയുള്ള ഒരു പുസ്തകം ഇതോടെ മലയാള ത്തിന് കിട്ടുകയാണ്. എന്നാൽ മലയാളികളായ മുസ്ലിം വായനക്കാരെ സംബന്ധിച്ചിടത്തോളം ഈ പുസ്തകം ഉയർത്തുന്ന ഒരു പ്രശ്നം അവഗണിക്കുകൂട. ഒരു ശീഈ പണ്ഡിതനായ മുത്വഹ്ഹരി അലി അല്ലാത്ത പ്രമുഖരായ ചില പ്രവാചകശിഷ്യന്മാരുടെ സമീപനങ്ങളിൽ ചിലതിനെ നിരൂപണാത്മകമായി വിലയിരുത്തിയത് കേരളക്കര യിലെ സുന്നി സാമാന്യജനതയുടെ സഹൃദയത്വം എപ്രകാരമാണ് സ്വാഗതം ചെയ്യുക എന്നൊരു സംശയമുദിക്കു ന്നു. വിശുദ്ധ നബിയുടെ സഹാബികൾക്ക് ഒന്നടങ്കം സുന്നി മനസ്സിലുള്ള പ്രാധാന്യം ശീഈ ചിന്തകർ പലപ്പോഴും പരിഗണിച്ചുകാണാറില്ല. അതുകൊണ്ടുതന്നെ അവരുടെ വിലപ്പെട്ടതെന്ന് വിശേഷിപ്പിക്കാവുന്ന പല രചനകളും സാമാന്യ മുസ്ലിം ജനതക്ക് വിലക്കപ്പെട്ടതായിത്തീരുന്നു. ഇതൊരു നഷ്ടമാണ്. കാരണം ഇസ്ലാമിന്റെ ദർശനപര മായ മാനങ്ങളും ചരിത്രത്തിന്റെ പൂർത്തീകരണം സംബന്ധിച്ച് ഇസ്ലാമിന് നൽകാൻ കഴിയുന്ന സംഭാവനകളു മൊക്കെ നന്നായി വിവരിക്കുന്ന പല ഗ്രന്ഥങ്ങളുമാണ് അവർക്ക് നഷ്ടപ്പെടുന്നത്. ഈ ഒരു കാര്യം അവഗണിക്കാ മെങ്കിൽ, കേരളത്തിലെ ധിഷണാശാലികളും അഭ്യസ്ഥവിദ്യരുമായ ജനത ഈ പുസ്തകത്തിന്റെ പ്രാധാന്യം കുറച്ചു കാണുകയില്ല. കാലഘട്ടത്തിന്റെ ആവശ്യം എന്ന നിലയ്ക്ക് മലയാളത്തിന് കിട്ടുന്ന വിശിഷ്ടമായൊരു ഉപഹാര മാണ് ''പൂർണ്ണമനുഷ്യൻ''.

30-5-1995 — പ്രൊ. അഹ്മദ്കുട്ടി ശിവപുരം

# □□□□□□□□□□□□□□

ഇസ്‌ലാമിന്റെ വീക്ഷണത്തിലുള്ള പൂർണ്ണമനുഷ്യനാണ് ചർച്ചാവിഷയം. അത്യുന്നതനും അതിമൂല്യമുള്ളവനുമായ മാതൃകാമനുഷ്യനായിട്ട് പൂർണ്ണമനുഷ്യനെ വ്യാഖ്യാനിക്കാവുന്നതാണ്. മറ്റെന്തിനെയും പോലെ, മനുഷ്യനും പൂർണ്ണനോ അപൂർണ്ണനോ, അവികലനോ, വികലനോ ഒക്കെ ആവാം. അവികലനായ വ്യക്തി തന്നെ അപൂർണ്ണനാവാം. വികലൻ പൂർണ്ണനുമാവാം. ഒരേ സമയം അവികലരും പൂർണ്ണരുമായവരുണ്ട്. വികലരും അപൂർണ്ണരുമായവരുമുണ്ട്.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, ഇസ്‌ലാമിന്റെ വീക്ഷണത്തിലുള്ള പൂർണ്ണമനുഷ്യനെ, അഥവാ മാതൃകാമനുഷ്യനെ അറിയേണ്ടത് അത്യാവശ്യമാണ്. കാരണം, ഒരു ആദർശമോ, മാതൃകാരൂപമോ പോലെയാണത്. അതിനോടു താദാത്മ്യപ്പെടുന്നതിനുവേണ്ടിയുള്ള അദ്ധ്വാനക്ലേശങ്ങൾ, അവർക്ക്, ഇസ്‌ലാമികപാഠങ്ങളിലൂടെ മാനുഷികമായ പരിപൂർണ്ണത നേടുന്നതിന് അവസരമാകും. അപ്പോൾ, എന്താണ് പൂർണ്ണമനുഷ്യൻ? ആത്മീയമായും ബുദ്ധിപരമായും അയാൾ എങ്ങനിരിക്കും? എന്തൊക്കെയാണ് അയാളുടെ സവിശേഷതകൾ? ഇതറിഞ്ഞുകഴിഞ്ഞാൽ, മുസ്‌ലിംകൾക്ക് തങ്ങളെയും തങ്ങളുടെ സമൂഹത്തെയും ഇതരമനുഷ്യരെയും ആ മാതൃകയിൽ നിർമ്മിക്കാം. അറിഞ്ഞില്ലെങ്കിലോ, അവർക്ക് പൂർണ്ണ മുസ്‌ലിംകളോ പൂർണ്ണമനുഷ്യരോ ആയിത്തീരാൻ സാധിക്കില്ല.

ഇസ്‌ലാമിന്റെ വാക്ഷണത്തിലുള്ള പൂർണ്ണമനുഷ്യനെ അറിയുന്നതിന് രണ്ടു മാർഗ്ഗമുണ്ട്. ഖുർആനിന്റെയും തിരുചര്യ (സുന്നത്ത്)യുടെയും നിർവ്വചനത്തിൽ ഒരു പൂർണ്ണവിശ്വാസിയും നല്ല മുസ്‌ലിമും എങ്ങനെയുള്ളവനാണെന്ന് കാണുകയാണ് ഒന്നാമത്തെ മാർഗ്ഗം. ഇസ്‌ലാമിൽ പൂർണ്ണതനേടിയ വ്യക്തിയാണ് പൂർണ്ണ മുസ്‌ലിം; വിശ്വാസത്തിൽ പൂർണ്ണത നേടിയവനാണ് പൂർണ്ണവിശ്വാസി (മുഅ്മിൻ). ഇനി വേണ്ടത്, ഖുർആനും തിരുചര്യയും ഇത്തരമൊരു വ്യക്തിയെ എങ്ങനെയാണ്, എന്ത് സവിശേഷതകളോടുകൂടിയാണ് ചിത്രീകരിച്ചുകാണിക്കുന്നത് എന്ന് കണ്ടെത്തുകയാണ്. ഇതിന് മേൽ പ്രസ്താവിച്ച രണ്ടു സ്രോതസ്സുകളിൽ നിന്നു പലതും ഉദ്ധരിക്കേണ്ടതുണ്ട്.

രണ്ടാമത്തെ മാർഗ്ഗം ഖുർആനിന്റെയും ഇസ്‌ലാമിന്റെയും മാതൃകയിൽ നിർമ്മിക്കപ്പെട്ട യഥാർത്ഥ വ്യക്തികളെ പരിഗണിക്കുകയാണ്. സാങ്കല്പിക വ്യക്തകളെയോ ഭാവനാജീവികളെയോ അല്ല, വിവിധ മേഖലകളിൽ പൂർണ്ണത അതിന്റെ അത്യുന്നതമോ തൊട്ടു സമീപസ്ഥമോ ആയ നിലവാരത്തിൽ ആർജ്ജിച്ച യഥാർത്ഥ വസ്തുനിഷ്ഠവ്യക്തികളെ തന്നെ വേണം പരിഗണിക്കാൻ.

ഇസ്‌ലാമിൽ, പൂർണ്ണമനുഷ്യന്റെ ഒന്നാമത്തെ ഉദാഹരണം നബി തന്നെ.[1] മറ്റൊരു ഉദാഹരണമാണ് ഇമാം അലി.[2] അലിയെ അറിയുകയെന്നാൽ പൂർണ്ണമനുഷ്യനെ അറിയുകയെന്നാണ്. അതിന് അദ്ദേഹത്തെ മുഴുവനായി അറിയണം. നാമവും വംശപാരമ്പര്യവും പ്രത്യക്ഷലക്ഷണങ്ങളും മാത്രം അറിഞ്ഞാൽ പോരാ. അലിയുടെ ജനനമരണതയ്യതികളും, അദ്ദേഹം അബൂതാലിബിന്റെയും ഫാത്തിമാ ബിൻതു അസദിന്റെയും പുത്രനും അബ്ദുൽമുത്തലിബിന്റെ പൗത്രനും പ്രവാചകപുത്രി ഫാത്തിമാസഹ്റായുടെ ഭർത്താവും ഹസന്റെയും ഹുസൈന്റെയും പിതാവുമാണെന്നുള്ള സംഗതികളും അദ്ദേഹം പൊരുതിയ യുദ്ധങ്ങളുടെ എണ്ണവുമെല്ലാം നമുക്കറിയുമായിരിക്കാം. ഇതെല്ലാം അദ്ദേഹത്തെക്കുറിച്ചുള്ള പ്രത്യക്ഷമായ പരിചയമാണ്. ഒരു പൂർണ്ണമനുഷ്യൻ എന്ന നിലയിൽ അലി ആര് എന്ന അറിവല്ല. അലിയെ തിരിച്ചറിയാൻ അലി എന്ന വ്യക്തിയെ അറിയുന്നതിലുപരി അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് അറിയലാണ്.

അലിയുടെ വ്യക്തിത്വവുമായി മുഴുവനായ വിധത്തിൽ നാം എത്ര കണ്ട് പരിചയപ്പെടുന്നോ  അതിനനുസരണമായി ഇസ്‌ലാമിലെ പൂർണ്ണമനുഷ്യനായിട്ട് അദ്ദേഹത്തെ നാം അറിഞ്ഞുകൊണ്ടിരിക്കുകയാണ്; അദ്ദേഹത്തെ നാം മാതൃകയായിട്ടെടുക്കുന്നതും, ആലങ്കാരികമായിട്ടല്ലാതെ യഥാർത്ഥത്തിൽ തന്നെ നമ്മുടെ നേതാവും ഇമാമുമായി[3] സ്വീകരിക്കുന്നതും അദ്ദേഹത്തെ പിൻപറ്റി അദ്ദേഹവുമായി താദാത്മ്യപ്പെടുന്നതും എത്ര കണ്ടാണോ അത്ര കണ്ടാണ് നാം ആ പൂർണ്ണ മനുഷ്യന്റെ അനുയായി (ശീഈ) ആയിത്തീരുന്നത്.[4] അലിയെ പിന്തുടരുന്നവനാണ്

ശീഈ. ഇത് വാക്കിലും വിശകലനത്തിലും മാത്രമല്ല. പിന്തുടരുകയെന്നത് പ്രവൃത്തിയിലുള്ള സംഗതിയാണ്. ദാർശനികവും സാങ്കേതികവുമായ എല്ലാ അർത്ഥത്തിലുമുള്ള പിന്തുടർച്ച.

പൂർണ്ണമനുഷ്യനെ തിരിച്ചറിയുന്നതിനുള്ള മേൽപ്പറഞ്ഞ രണ്ടു മാർഗ്ഗങ്ങളും താത്ത്വികമായി മാത്രം പ്രയോജനപ്പെടുന്നവയല്ല. യഥാർത്ഥമുസ്‌ലിമാകുന്നതിനും സമൂഹത്തെ ഇസ്‌ലാമികവൽകരിക്കുന്നതിനും ഈ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അറിവ് പ്രയോജനപ്പെടുത്തണം. എന്നാൽ, പൂർണ്ണത എന്നതിന്റെ താൽപര്യമെന്ത് എന്ന ചോദ്യം ഉയർന്നുനില്ക്കുന്നു. പലകാര്യങ്ങളും നമുക്ക് ആരും വിശദീകരിച്ചുതരാതെ തന്നെ വ്യക്തമാണ്. എന്നാൽ, സങ്കീർണ്ണമായ വിഷയങ്ങൾ വിശദീകരിക്കുന്നതിനേയ്ക്കാൾ പ്രയാസമേറിയതാണ്, ചിലപ്പോൾ വളരെ വ്യക്തമായ കാര്യങ്ങൾ വിശദീകരിക്കുന്നത്.

അറബിയിൽ, 'പൂർണ്ണമായത്' എന്നും 'മുഴുവനായത്' എന്നുമുള്ള രണ്ടർത്ഥങ്ങളിൽ വ്യവഹരിക്കപ്പെടുന്ന രണ്ടു പദങ്ങളാണ് 'കാമിൽ' 'താമ്മ്' എന്നിവ. രണ്ടു പദങ്ങളും പരസ്പരം ഏറെക്കുറെ അടുത്തവയാണ്. പക്ഷേ രണ്ടിനും ഒരേ അർത്ഥമല്ല. 'നാഖിസ്' (ന്യൂനം) എന്നത് രണ്ടിന്റെയും വിപരീതപദമായി വരാം. ഈ രണ്ടുപദങ്ങളും തമ്മിലുള്ള വ്യത്യാസമിതാണ്: ഒന്ന് മുഴുവനാ(താമ്മ്)യി എന്ന് പറയുന്നതിനർത്ഥം മുൻ നിശ്ചിത രൂപരേഖപ്രകാരം അത് സുസജ്ജമായി എന്നാണ്. ഉദാഹരണം ഒരു വീട്, അല്ലെങ്കിൽ ഒരു പള്ളി. അതിന്റെ ഏതെങ്കിലുമൊരു ഭാഗം പണി തീരാതെ കിടക്കുമ്പോൾ അത് മുഴുവനായി(താമ്മ്)ട്ടില്ല എന്ന് പറയാം. പക്ഷെ, മുഴുവനായാലും പൂർണ്ണത കൈവരിച്ചുകൊള്ളണമെന്നില്ല. മുഴുവനായാലും നിലവാരത്തിൽ അത് താഴ്ന്നതാവാം. പരിപൂർണ്ണത കൈവരിക്കാൻ പിന്നെയും പല തട്ടുകൾ അതിന് ഉയരേണ്ടതുണ്ടാവാം. തികവും മികവും ഒക്കുമ്പോഴാണ് അത് പൂർണ്ണത കൈവരിച്ചതാണ് എന്നു പറയാൻ കഴിയുക. മുഴുത്വം തിരശ്ചീനമായ അങ്ങേയറ്റം പുരോഗതിപ്പെടലാണ്. പരിപൂർണ്ണതയാകട്ടെ, ലംബമായി സാധ്യതയുള്ളടത്തോളം ഉയരലാണ്.

ഒരു കാര്യത്തെപ്പറ്റിയുള്ള പരിപൂർണ്ണപരിജ്ഞാനമെന്നു പറയുമ്പോൾ നാമർത്ഥമാക്കുന്നത്, അക്കാര്യത്തെപ്പറ്റി നിലവിലുള്ള പരിജ്ഞാനത്തിന്റെ പാരമ്യതയെന്നു മാത്രമാണ്. ലംബമായി പൂർണ്ണത വരാതെ തന്നെ തിരശ്ചീനമായി ഒരാൾക്ക് തികഞ്ഞവനാവാം. പാതി തികഞ്ഞവരും തികവിൽ അതിലും കുറഞ്ഞവരും മനുഷ്യരിലുണ്ട്. എന്നാൽ പൂർണ്ണത നേടിയാലും അതിനു മീതെയും പൂർണ്ണതയുടെ വിതാനങ്ങളുണ്ട്. പൂർണ്ണതയിൽ പൂർണ്ണത എന്ന നിലവരെ അതെത്തും.

പൂർണ്ണമനുഷ്യൻ (അൽ ഇൻസാൻ അൽകാമിൽ) എന്ന സംജ്ഞഹി. ഏഴാം നൂറ്റാണ്ടുവരെയുള്ള ഇസ്‌ലാമിക സാഹിത്യത്തിൽ അപരിചിതമായ ഒന്നായിരുന്നു. യൂറോപ്പിൽ ഇന്നത് ഒരു പതിവുപ്രയോഗമാണ്. ഇസ്‌ലാമിക ലോകത്ത് സുപ്രസിദ്ധ ആന്തലോഷ്യൻ (ഇന്നത്തെ സ്പെയിൻ) ജ്ഞാനവാദി മുഹ്‌യിദ്ദീൻ ഇബ്നു അറബിയാണ്[5] ആദ്യമായി ആ സംജ്ഞ ഉപയോഗിച്ചത്. ഇസ്‌ലാമിലെ ജ്ഞാനവാദത്തിന്റെ പിതാവാണ് ഇബ്നു അറബി. ജലാലുദ്ദീൻ റൂമി[6] ഉൾപ്പെടെ പേഴ്സ്യക്കാരും അല്ലാത്തവരുമായ ഒട്ടനവധി മുസ്‌ലിം ജ്ഞാനവാദികൾ അദ്ദേഹത്തിന്റെ ശിഷ്യരായിട്ടുണ്ട്. റൂമി മഹാൻ തന്നെ. എന്നാൽ ജ്ഞാനവാദത്തിൽ ഇബ്നു അറബിയുടെ മുമ്പിൽ അദ്ദേഹം നന്നേ ചെറുപ്പമാണ്. അറബ്ജാതനായ ഇബ്നു അറബി ഹാത്തിം താഇയുടെ പരമ്പരയിൽപെട്ടയാളാണ്. അദ്ദേഹം മുസ്‌ലിം രാജ്യങ്ങളിൽ എമ്പാടും സഞ്ചരിച്ചു. മരിച്ചതും മറമാടപ്പെട്ടതും ഡമാസ്കസിൽ. ഇബ്നു അറബിക്ക് സദ്റുദ്ദീൻ ഗൗനവി എന്ന ഒരു ശിഷ്യനുണ്ടായിരുന്നു. ജ്ഞാനവാദത്തിൽ രണ്ടാം സ്ഥാനത്തു നില്ക്കുന്നത് ഗൗനവിയത്രെ. ഇസ്‌ലാമിന്റെ ജ്ഞാനവാദത്തിന് മുഹ്‌യിദ്ദീൻ അവതരിപ്പിച്ച രൂപവും സദ്റുദ്ദീൻ അതിനുകൊടുത്ത വ്യാഖ്യാനവും സങ്കീർണ്ണമാണ്. റൂമി സദ്റുദ്ദീന്റെ സമകാലികനും അനുയായിയുമായിരുന്നു. സദ്റുദ്ദീൻ വഴിയാണ് റൂമി മുഹ്‌യിദ്ദീന്റെ ആശയങ്ങൾ നുകർന്നത്.

ജ്ഞാനവാദത്തിന്റെ പ്രത്യേകമായ വീക്ഷണകോണിൽ നിന്നു കൊണ്ടാണ് ഇബ്നുഅറബി പൂർണ്ണമനുഷ്യൻ എന്ന സംജ്ഞ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ നാം ഖുർആനിന്റെ വീക്ഷണകോണിൽ നിന്നു കൊണ്ട് പ്രസ്തുത സംജ്ഞയെ വിലയിരുത്തുകയാണ്. മനുഷ്യർക്കിടയിൽ സകല അവയവങ്ങളോടും കൂടിയ ദൃഢഗാത്രരും ശാരീരികമായ വൈകല്യങ്ങളോടു കൂടിവരുമുള്ളത് നാം കാണുന്നു. എന്നാൽ, അന്ധത, ബധിരത, മുടന്ത്, അംഗവൈകല്യം, വൈരൂപ്യം മുതലായവയെ ഒരാളുടെ മാനുഷികമായ മഹത്വത്തെയോ വ്യക്തിത്വത്തെയോ ബാധിക്കുന്ന ന്യൂനതയായിട്ട് നാമാരും ഗണിക്കുന്നില്ല. സുപ്രസിദ്ധ ഗ്രീക്ക് ദാർശനികനായ സോക്രട്ടീസിനെ[7] പ്രവാചകനായിട്ടുപോലും എണ്ണിവരുന്നുണ്ട്. എന്നാൽ, അദ്ദേഹം വളരെ വിരൂപനായിരുന്നുവത്രെ. വിരൂപത അദ്ദേഹത്തിന് ഒരു ന്യൂനതയായിരുന്നിട്ടില്ല. അബുൽ അലാ അൽ മഅർറിയും[8] താഹാ ഹുസൈനും[9] അന്ധരായിരുന്നു. ഇരുവരുടെയും അന്ധത അവരുടെ വ്യക്തിത്വത്തിന് ഇടിവേല്പിച്ചോ? ഒരാൾക്ക് ഭൗതികവും ആത്മീയവുമായ വ്യക്തിത്വങ്ങളുണ്ടെന്നാണ് ഇത് കാണിക്കുന്നത്. രണ്ടിനും സവിശേഷ പരിഗണനകളാണുള്ളത്. ആത്മാവ് ശരീരത്തിന്റെ അനുബന്ധമാണെന്നു കരുതുന്നത് അബദ്ധമാണ്. ശരീരം ആരോഗ്യപൂർണ്ണമോ രോഗാതുരമോ ആയിരിക്കട്ടെ, ചിത്തം അസ്വാസ്ഥമാണ് എന്ന് വരുമോ? ഇതൊരു പ്രശ്നമാണ്. ആത്മാവിന്റെ യാഥാർത്ഥ്യത്തെ നിഷേധിക്കുകയും മാനസികമെന്നു പറയുന്ന ഗുണവൈചിത്ര്യങ്ങളത്രയും നാഡീവ്യവസ്ഥയുടെ നേരിട്ടുള്ള സ്വാധീനഫലമാണെന്നു വിശ്വസിക്കുകയും ചെയ്യുന്നവരുണ്ട്. അവർ ആത്മാവിൽ വിശ്വസിക്കുന്നില്ല. അവർക്ക് എന്തും ശരീരത്തെ ആശ്രയിച്ചിരിക്കുന്നു. ആത്മാവ് രോഗിയാണെങ്കിൽ അത് ശരീരം രോഗിയായതുകൊണ്ടാണെന്നും മാനസികരോഗവും ശാരീരികരോഗവും ഒന്നുതന്നെയാണെന്നുമാണ് അവർ പറയുന്നത്.

എന്നാൽ, രക്തനിബന്ധനവും നാഡീവ്യവസ്ഥയുടെ ശരിയായ പ്രവർത്തനവും മതിയായ പോഷകസംലഭ്യതയും മറ്റും കാരണം ശരീരം പൂർണ്ണമായും അരോഗദൃഢമായിരിക്കുമ്പോഴും, ഒരാൾ മാനസികരോഗിയാകാമെന്ന് ഇന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം മാനസികാസ്വാസ്ഥ്യങ്ങൾ ഒരുതരം 'ക്ലോംപ്ലക്സ്' ആയിട്ടാണ് വിശേഷിപ്പിക്കപ്പെടുന്നത്. ഇത്തരം രോഗങ്ങൾക്കുള്ള ചികിത്സ പലപ്പോഴും മരുന്നും ഗുളികയുമല്ല, മറ്റു മാർഗ്ഗങ്ങളാണ് ആകാറ്. അഹങ്കാരത്തിന് എന്താണ് മരുന്ന്? അതൊരു തരം മാനസിക തകരാറാണല്ലോ? ഒരു ഗുളികയോ ഇഞ്ചക്ഷനോ ഉപയോഗിച്ച് ഒരാളുടെ ഗർവ്വിനെ വിനയശീലമാക്കാനോ ക്രൂരതയെ ദയയാക്കാനോ കഴുയുമോ? പ്രതികൂലമായ അനു

ഭവങ്ങളാണ് ഈ വിധത്തിലുള്ള മാനസിക അനാരോഗ്യങ്ങൾ ഉണ്ടാകുന്നത്. അത് ഒരാൾക്ക് പലതും ചെയ്യാൻ ഹേതുവാകും. അതു ബാധിച്ചവൻ തന്റെ എതിരാളിയോട് പ്രതികാരം ചെയ്യാതെ അടങ്ങിയില്ലെന്നു വരാം.

എന്താണീ പ്രതികാരവാഞ്ഛ? മറ്റുള്ളവർ നേട്ടമനുഭവിക്കുന്നത് ഇഷ്ടപ്പെടാതിരിക്കുകയും അവർക്ക് നഷ്ടം വരാൻ ആഗ്രഹിക്കുകയും ചെയ്യുന്നതിന് ഒരാളെ പ്രേരിതനാക്കുന്ന അസൂയ എന്താണ്? ആ നേട്ടം തനിക്കുണ്ടാവണമെന്നല്ല പലപ്പോഴും അസൂയാലു ആഗ്രഹിക്കുന്നത്. മറ്റവന് അതുണ്ടാവരുതെന്ന് മാത്രമായിരിക്കും. തനിക്കായിരിക്കണം എപ്പോഴും മുൻഗണന എന്ന ഒരാളുടെ ആരോഗ്യകരമായ അസൂയയെ കുറ്റമായി കണേണ്ടതില്ല. മറ്റുള്ളവർക്ക് ദോഷവും പരാജയവും ആഗ്രഹിക്കുന്നതാണ് തകരാറ്.[10] ഇത്തരത്തിലുള്ള ഒരു അസൂയാലു തനിക്കസൂയയുള്ള ഒരാൾക്ക് നിസ്സാരമായ ദ്രോഹമേൽപ്പിക്കുന്നതിനുവേണ്ടി പോലും തന്നെ സമ്പൂർണ്ണ നാശത്തിലേയ്ക്കെടുത്തെറിയാൻ സന്നദ്ധനാകുന്നതുകാണാം. ഒരു ചരിത്രസംഭവം ഉദ്ധരിക്കട്ടെ. ഒരു മുസ്‌ലിം ഖലീഫയുടെ കാലത്ത് നടന്നതാണ്.

ഒരു മുതലാളി ഒരു അടിമയെ വാങ്ങി. തുടക്കം മുതൽ വളരെ ഉദാരമായിട്ടാണ് അയാൾ അടിമയോടു പെരുമാറിയത്. സ്വന്തം പുത്രനു വേണ്ടി ചെലവാക്കുന്നതു പോലെയോ ഒരു വേള അതിനേക്കാൾ കൂടുതലായോ അവനു വേണ്ടി അയാൾ പണം ചെലവാക്കി. ഏറ്റവും മുന്തിയ ഭക്ഷണവും വസ്ത്രവുമാണ് അയാൾ അവനു നല്കിയത്. എന്നാൽ തന്റെ യജമാനനെ അസ്വസ്ഥചിത്തനായ നിലയിലാണ് അടിമ എപ്പോഴും കണ്ടത്. ഒടുവിൽ, അയാൾ അവനെ സ്വതന്ത്രനാക്കുന്നതിനും അവനു കുറേ പണം കൊടുക്കുന്നതിനും തയ്യാറായി. ഒരു രാത്രിയിൽ രണ്ടുപേരും കൂടിയിരിക്കുന്നതിനിടയിൽ യജമാനൻ ചോദിച്ചു: ''ഞാൻ നിന്നോട് ഇത്ര നന്നായി പെരുമാറുന്നത് എന്തിനാണെന്നറിയാമോ?'' അടിമ യജമാനനോട് അതിന്റെ കാരണം തിരക്കി. യജമാനൻ പറഞ്ഞു: ''എനിക്കു നിന്നോട് ഒരഭ്യർത്ഥനയുണ്ട്. നീ അത് ചെയ്തുതന്നാൽ ഞാൻ നല്കിയതെല്ലാം നിനയ്ക്കനുഭവിക്കാം. ഇനിയും നല്കുകയും ചെയ്യാം.നീയത് നിരസിക്കുമെങ്കിലോ, ഞാൻ നിന്നോട് അതൃപ്തനായിരിക്കും.'' അടിമയുടെ മറുപടി: '' അങ്ങ് എന്തു പറഞ്ഞാലും ഞാൻ അനുസരിക്കും. എനിക്കൊരു ജീവിതം നല്കിയത് അങ്ങാണ്!'' യജമാനൻ: ''എന്നാലും ഞാൻ പറയാൻ പോകുന്ന കാര്യം ചെയ്യുമെന്ന് ഒരുറപ്പിനുവേണ്ടി നീ സത്യം ചെയ്യണം. എന്റെ അഭ്യർത്ഥന കേൾക്കുമ്പോൾ നീ നിരസിച്ചെങ്കിലോ എന്നെനിക്ക് ഭയമുണ്ട്.'' അടിമ: ''അങ്ങ് കല്പിക്കുന്നത് ചെയ്യുമെന്ന് ഞാന് വാക്കു തരുന്നു.'' യജമാനൻ തന്റെ ആവശ്യം ഇങ്ങനെ വെളിപ്പെടുത്തി: ''ഞാൻ പറയുന്ന സ്ഥലത്തു വെച്ച് , ഞാൻ നിശ്ചയിച്ചുതരുന്ന സമയത്ത് നീ എന്റെ തല വെട്ടണം!'' ''എന്ത്!'' അടിമ ഒരു ഞെട്ടലോടെ അത്ഭുത പരതന്ത്രനായി ചോദിച്ചു: '' അതിനെനിക്കെങ്ങനെ കഴിയും?'' യജമാനൻ: ''എന്റെ ഏക അഭിലാഷമാണത്!'' അടിമ: ''അസാധ്യം!'' യജമാനൻ: '' നീ എന്നെ അനുസരിക്കുമെന്നു വാക്കു തന്ന സ്ഥിതിക്ക് അത് പാലിച്ചേ പറ്റൂ!'' അങ്ങനെ, ഒരു ആർദ്ധരാത്രിയിൽ, യജമാനൻ അടിമയെ വിളിച്ചുണർത്തി ഒരു മൂർച്ചയുള്ള വാളും ഒരു പണസ്സഞ്ചിയും കൈയിൽ കൊടുത്ത് അവനെയും കൂട്ടി തന്റെ അയൽക്കാരന്റെ വീട്ടുമാളികയിൽ കയറിയിട്ട് പറഞ്ഞു: ''നീ ഇവിടെ വെച്ച് എന്റെ തല വെട്ടിയിട്ട് ഇഷ്ടമുള്ളിടത്തേയ്ക്ക് പോയ്ക്കൊള്ളുക!'' അടിമ ''ഞാൻ എന്തിനീ കൃത്യം ചെയ്യണം?'' എന്നു ചോദിച്ചതിന് യജമാനൻ പറഞ്ഞ മറുപടിയിതാണ്: ''ഞാൻ ഈ വീട്ടുകാരനെ വെറുക്കുന്നു; ഇയാളുടെ മുഖം കാണുന്നതിനേയ്ക്കാൾ എനിക്കിഷ്ടം മരിക്കുന്നതാണ്. കുറെക്കാലമായി ഞങ്ങൾ തമ്മിൽ വൈരികളാണ്. ഇപ്പോൾ ഇയാൾ എന്നെക്കാൾ മുന്നിലാണ്. എല്ലാ കാര്യത്തിലും ഇയാൾ എന്നെ തോല്പിച്ചിരിക്കുന്നു. ഇയാളോടുള്ള കോപം കൊണ്ട് ഞാൻ കത്തുകയാണ്. ഞാനിവിടെവെച്ച് കൊല്ലപ്പെടുന്ന പക്ഷം കൊലക്കുറ്റം ചുമത്തി ഇയാൾ ജയിലിടക്കപ്പെടുമല്ലോ എന്ന ചിന്ത എനിക്കാശ്വാസം തരുന്നു. ഇയാൾ എന്റെ പ്രതിയോഗിയാണെന്ന് എല്ലാവർക്കും അറിയും. അങ്ങനെ, ഇയാൾക്ക് മരണശിക്ഷ വിധിക്കപ്പെടും!'' '' നിങ്ങളെപ്പോലുള്ള ഒരു മരവിഡ്ഢി ജീവിക്കാൻ അർഹതയില്ലാത്തവൻ തന്നെ'' എന്നു പറഞ്ഞുകൊണ്ട് അടിമ അയാളെ ശിരച്ഛേദം ചെയ്ത് നാടുവിട്ടു. അയാൾ പ്രതീക്ഷിച്ചതുപോലെ, അയൽക്കാരൻ തടവിലാക്കപ്പെട്ടു. പക്ഷെ, തന്റെ പ്രതിയോഗിയായി പരക്കെ അറിയപ്പെട്ട അയൽക്കാരൻ സ്വന്തം വീട്ടിന്റെ മാളികയിൽ കൊണ്ടുപോയി അയാളെ അവിടെത്തന്നെ കൊന്നിട്ടിരിക്കാനുള്ള സാധ്യതയിൽ എല്ലാവരും സംശയിച്ചു. അങ്ങനെ, അതൊരു നിഗൂഢതയായവശേഷിച്ചു. ഒടുവിൽ അടിമയുടെ സൽബുദ്ധി അവനെ അധികൃതരുടെ മുമ്പിലെത്തി സത്യം സമ്മതിക്കാൻ നിർബന്ധിച്ചു. കാര്യം ബോധ്യപ്പെട്ടപ്പോൾ അധികൃതർ അയൽക്കാരനെയും അടിമയെയും നിരപരാധികളായിക്കണ്ട് വിട്ടയച്ചു.

അസൂയ ഒരു രോഗമാണ്.[11] ഖുർആൻ 'അശ്ശംസ്' സൂറ:9-10ൽ ഇങ്ങനെകാണാം: ''മനസ്സിനെ സംസ്കരിച്ചു വളർത്തിയവൻ തീർച്ചയായും വിജയിക്കുകയും അതിനെ മലിനപ്പെടുത്തിയവൻ തീർച്ചയായും പരാജയപ്പെടുകയും ചെയ്യുന്നതാണ്.''[12] ഓരോരുത്തരും അവനവനെ അജ്ഞതയിൽ നിന്നും ദുഃഖം, കോംപ്ലക്സ്, വ്യതിയാനങ്ങൾ, വൈകൃതങ്ങൾ എന്നിത്യാദികളിൽ നിന്നും വിമുക്തമാക്കി ശുദ്ധീകരിക്കണമെന്നാണ് ഖുർആൻ മുൻഗണന നല്കി നിർദ്ദേശിച്ചിട്ടുള്ളത്. പണ്ടുകാലത്ത്, ജനങ്ങൾ അധികപാപം കൊണ്ട് പ്രവാചകന്മാരാൽ ശപിക്കപ്പെട്ടതും കുരങ്ങന്റെയും ചെന്നായിന്റെയും കരടിയുടെയും മറ്റും രൂപങ്ങളിൽ മാറ്റിമറിക്കപ്പെട്ടതും നാം കേട്ടിട്ടുണ്ട്.[13] ഇന്ന് ശരീരരൂപേണ ഒരാൾ മൃഗമായിത്തീരുന്നുണ്ടാവില്ല. എന്നാൽ, മനസ്സിന്റെയും ആത്മാവിന്റെയും ഹീനതയിലും ദുഷ്ടതയിലും, ലോകത്തിൽ എവിടെയും കാണാത്ത ജന്തുക്കളുടെ രൂപത്തിൽ അയാൾ ആയിത്തീരുന്നുണ്ട്. അത്തരക്കാരെ സംബന്ധിച്ചാണ് ഖുർആൻ ''കന്നുകാലികളേയ്ക്കാളും തെറ്റി സഞ്ചിക്കുന്നവർ'' (അഅ്റാഫ് സൂറ 176) എന്നു പറഞ്ഞിരിക്കുന്നത്.[14] മനുഷ്യന്റെ വ്യക്തിത്വം അവന്റെ ആത്മീയവും സദാചാരപരവുമായ ഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടാണിത്. ഇവയുടെ അഭാവത്തിൽ അവനൊരു ജന്തുവായിരിക്കും. അങ്ങനെ, ഒരു കെട്ട മനുഷ്യൻ ഒരു വികൃതജന്തുവിന്റെ നിലവാരത്തിലേയ്ക്കു താഴ്ത്തപ്പെടാം. ഇതൊരു ഭാവനയായിക്കാണുന്നവരുണ്ട്. അല്ല, ഇത് യഥാർത്ഥം തന്നെയാണ്.

ഇമാം സജ്ജാദിന്റെ[15] കാലത്ത് ജീവിച്ച ഒരു മാന്യൻ തന്റെ അനുഭവം ഇപ്രകാരം വിവരിക്കുന്നുണ്ട്: ''ഞങ്ങൾ ഇമാം സജ്ജാദിന്റെ കൂടെ മക്കയിലേയ്ക്ക് ഹജ്ജിനു പോയി. അക്കൊല്ലം നല്ല ജനത്തിരക്കുണ്ടായിരുന്നു. അറഫാ

ത്തിൽ ഹാജിമാർ നിറഞ്ഞു നില്ക്കുന്നതു കണ്ടപ്പോൾ ഇമാം പറഞ്ഞു: 'നല്ല തിരക്ക്; പക്ഷെ, ഹാജിമാർ വളരെക്കുറവ്!' ആദ്യം എനിക്കതിന്റെ പൊരുൾ പിടികിട്ടിയില്ല. ഇമാം എന്നോട് ഒന്നുകൂടി നോക്കാൻ പറഞ്ഞു. അപ്പോഴുണ്ട്, ഒരു വലിയ കാഴ്ചബംഗ്ലാവിലെന്ന പോലെ മരുഭൂമി നിറയെ പലതരം മൃഗങ്ങൾ! കൂട്ടത്തിൽ വളരെക്കുറച്ച് മനുഷ്യരും!'' ശരിയായ വീക്ഷണവും ഉൾക്കാഴ്ചയുമുള്ളവർക്ക് കാര്യങ്ങൾ എങ്ങനെ കാണാൻ കഴിയുന്നുവെന്ന സംഗതി ഇമാം ആ മനുഷ്യന് വ്യക്തമാക്കിക്കൊടുത്തത്രെ.

ഇതിൽ അവ്യക്തമായി യാതൊന്നുമില്ല. നമ്മുടെ ''പരിഷ്കൃത മനസ്സ്'' ഇത് സമ്മതിക്കില്ലെങ്കിൽ കുറ്റം നമ്മുടെതാണ്. ജന്തുക്കളെപ്പോലെ തിന്നാനും കുടിക്കാനും ഉറങ്ങാനും ഭോഗിക്കാനുമല്ലാതെ യാതൊന്നുമറിയാത്ത ആളുകളുടെ തനിനിറം ദർശിച്ച വ്യക്തികൾ ഈയടുത്ത കാലത്തുപോലും ജീവിച്ചിട്ടുണ്ട്; ഇന്നുമുണ്ട്. മാനുഷിക ഗുണങ്ങൾ പോയി ജന്തുക്കാളയി മാറിയവരെ അവർക്കു തിരിച്ചറിയാൻ കഴിയും. ഖുർആൻ 'അന്നബഅ്' സൂറ 19ാം വാക്യത്തിൽ ഇങ്ങനെ വായിക്കാം: ''കാഹളമൂത്തുണ്ടാകുന്ന ദിനത്തിൽ നിങ്ങൾ കൂട്ടങ്ങളായിട്ട് വരും. ആകാശം തുറന്നിടുകയും അത് വാതിലുകളാകുകയും ചെയ്യും.''[16]

മരിച്ചവരിൽ ഒരു വിഭാഗം മാത്രമേ മനുഷ്യരൂപത്തിൽ ഉയിർപ്പിക്കപ്പെടുകയുള്ളൂവെന്നും മറ്റുള്ളവർ കന്നും, കുരങ്ങും, കരടിയും, പാമ്പും, തേളും, ഉറുമ്പും മറ്റുമായിട്ടാണ് പ്രത്യക്ഷപ്പെടുകയെന്നും ഇമാമുകൾ പലതവണ പറഞ്ഞിട്ടുണ്ട്. കാരണമില്ലാതെ ദൈവം അങ്ങനെ ചെയ്യില്ലല്ലോ. കാരണങ്ങളുണ്ട്. മറ്റുള്ളവരെ കുത്തുകയും ദ്രോഹിക്കുകയുമല്ലാതെ ഇവിടെ യാതൊന്നും ചെയ്യാതിരുന്നയാൾ വരും ലോകത്ത് അയാളുടെ ശരിയായ രൂപം സ്വീകരിച്ചിട്ടാണ് പ്രത്യക്ഷപ്പെടേണ്ടത്. അതൊരു തേളിന്റേതാണ്. ഇവിടെ ഒരു കുരങ്ങനെപ്പോലെ പ്രവർത്തിച്ചവൻ അവിടെ കുരങ്ങനായി വരണം. ഇവിടെ നായിയെപ്പോലെ നടന്നയാൾ അവിടെയും നായായിട്ടു വരണം. അങ്ങനെ ഓരോരുത്തരും താന്താങ്ങളുടെ പ്രകൃതത്തിനും സ്വഭാവത്തിനും ഉദ്ദേശ്യത്തിനും ചേരുന്ന രൂപത്തിലായിരിക്കും പാരത്രികജീവിതത്തിലേയ്ക്ക് എഴുന്നേല്പ്പിക്കപ്പെടുന്നത്. ഈ ലോകത്ത് നിങ്ങളുടെ ആഗ്രഹങ്ങൾ മനുഷ്യന്റെതോ, ജന്തുവിന്റേതോ, പക്ഷിയുടെതോ? അതിനനുസരണമായിരിക്കും പുനരുത്ഥാനവേളയിൽ നിങ്ങൾ ആർജ്ജിക്കുന്ന രൂപം. ദൈവത്തെയല്ലാതെ ആരാധിക്കുന്നത് വിലക്കപ്പെട്ടിരിക്കുന്നത് അതുകൊണ്ടാണ്. മറ്റെന്തിനെയെങ്കിലും ആരാധിച്ചാൽ പരലോകത്ത് അത് അതിന്റെ ആരാധകന്റെ കൂടെയുണ്ടാകും. നാം പണത്തെ ആരാധിച്ചാൽ പണം നമ്മുടെ പ്രകൃതത്തിന്റെ ഭാഗമായിമാറും. 'ബറാഅത്ത്' സൂറ 35-ാം വാക്യത്തിൽ, ഉരുക്കിയ ലോഹം പുനരുത്ഥാനഘട്ടത്തിൽ ചില മനുഷ്യരുടെ കൂടെയുണ്ടാകുമെന്ന് പറഞ്ഞിട്ടുണ്ട്: ''അല്ലാവിന്റെ വഴിയിൽ ചെലവുചെയ്യാതെ വെള്ളിയും സ്വർണ്ണവും നിക്ഷേപിക്കുന്നവർക്ക് വേദനയുറ്റ ശിക്ഷകിട്ടുമെന്ന് പ്രഖ്യാപിക്കുക. അത് നരകത്തീയിലിട്ട് ചൂടാക്കിയിട്ട് അവരുടെ നെറ്റിയിലും പാർശ്വങ്ങളിലും മുതുകുകളിലും പൊള്ളിക്കുന്ന ദിവസമാണത്. ഇതാണ് നിങ്ങൾക്ക് വേണ്ടി നിങ്ങൾ നിക്ഷേപിക്കുന്നത്.''[17] ഇന്നൊക്കെ നാണയങ്ങളുടെ സ്ഥാനത്ത് കറൻസി നോട്ടുകളാണെന്നു പറയണ്ട. ഈ ബാങ്കുനോട്ടുകളെല്ലാം സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നാണയങ്ങളെക്കാൾ പൊള്ളുന്ന തീയാക്കി മാറ്റപ്പെടും, വരും ലോകത്ത്.

അപ്പോൾ, മനസ്സിൽ കോംപ്ലക്സുള്ള മനുഷ്യൻ ന്യൂനതയുള്ളവനാണ്. പദാർത്ഥത്തെ പൂജിക്കുന്നയാൾ അപൂർണ്ണനും വൈകൃതമുള്ളവനുമാണ്. പൂർണ്ണത ഒരോ തരം സൃഷ്ടിയെ സംബന്ധിച്ചിടത്തോളവും വ്യത്യസ്തമാണ്. മലക്കിന്റെ പൂർണ്ണതയല്ല ഒരു മനുഷ്യന്റെ പൂർണ്ണത. ഓരോരുത്തർക്കും അവരവരുടെ പൂർണ്ണതയുടെ പദങ്ങളുമുണ്ട്. മലക്കുകളുണ്ടെന്നു നമുക്കു പറഞ്ഞതന്നവർ തന്നെ ശുദ്ധമായ ബുദ്ധിയും ചിന്തയുമാണ് അവരുടെ സൃഷ്ടിയുടെ മൂലകങ്ങളെന്നും, ദേഷ്യം, ലൈംഗികവികാരം മുതലായ ഭൗമികഘടകങ്ങൾക്ക് അവർ അതീതരാണെന്നും നമ്മെ അറീച്ചിട്ടുണ്ട്. അതേ സമയം, മൃഗങ്ങളിലുള്ളത് മുഴുവനായും ഭൗമികമായ അംശങ്ങളാണ്. ദൈവികമായ ആത്മാവോ ചെതനയോ അവയിലില്ല.

എന്നാൽ, മനുഷ്യൻ രണ്ടും ചേർന്ന സൃഷ്ടിയാണ്. അവന്റെ അസ്തിത്വം ഭൗമികമായതുപോലെ, മലക്കിന്റെ ഗുണങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ഉന്നത ഗുണങ്ങളെയും അധമ അഭിരുചികളെയും അവൻ ഉൾക്കൊള്ളുന്നു. 'ഉസൂലുൽ കാഫി'[18] യിൽ ഇത് വിവരിച്ചിട്ടുണ്ട്. റൂമി ആ വിവരണം കാവ്യ രൂപത്തിൽ ഇങ്ങനെ പരാവർത്തനം ചെയ്തിരിക്കുന്നു:

മൂന്നു തരത്തിലായ് സൃഷ്ടിച്ചു സർവ്വേശൻ
മുന്നേ പ്രപഞ്ചത്തിൽ സൃഷ്ടിജാലങ്ങളെ.
മാലാഖയൊന്നതിൽ സൃഷ്ടിക്കു മൂലമായ്
ബുദ്ധിയും ശുദ്ധിയും ജ്ഞാനവും വെച്ചവൻ.
ആർത്തിയും കാമവുമില്ലാത്തോരാണിവർ
ഈശന്നായെപ്പോഴും സാഷ്ടാംഗം പാർക്കുവോർ.
ഈശ്വരപ്രേമം നിറഞ്ഞു തുളുമ്പുന്ന
ജ്ഞാനപ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവർ.
പക്ഷി മൃഗാദികളാണു രണ്ടാം തരം
സൃഷ്ടികളവയിൽ തരിമ്പുമില്ലീ ഗുണം.
ഭക്ഷിക്കാൻ പുല്ലുണ്ടോ മേയാനിടമുണ്ടോ
ഭോഗത്തിനിണയുണ്ടോ, സന്തുഷ്ടമാണവ.
പാതി മാലാഖയും പാതിക്കഴുതയും
ചേർത്തു മൂന്നാമതായ് നരനെപ്പടച്ചവൻ.

അവനിലെ ഗർദഭം താഴോട്ടു വീഴുമ്പോൾ
അവനിലെ മാലാഖ മേലോട്ടുയർന്നിടും
താണുമുയർന്നുമുള്ളീ മത്സരങ്ങളിൽ
ഏതു ജയിക്കുമതായ് തീർന്നിടുമവൻ.ന

ഖുർആൻ 'അൽഇൻസാൻ' സൂറ 2ാം വാക്യത്തിൽ പറയുന്നു: ''മനുഷ്യനെ നാം മിശ്രിത ബീജത്തിൽ നിന്നു സൃഷ്ടിച്ചു. അവനെ പരിശോധന ചെയ്യുകയാകുന്നു നാം. അങ്ങനെ നാമവനെ കാഴ്ചയുള്ളവനും കേൾവിയുള്ള വനുമായ നിലയിലാക്കി. നാമവനെ വഴി കാട്ടിയിട്ടുണ്ട്. അവന് വേണമെങ്കിൽ നന്ദിയുള്ളവനാകാം; നന്ദികെട്ടവനും ആകാം.''[19]

മനുഷ്യനായി രൂപാന്തരം പ്രാപിക്കുന്ന ബീജത്തിൽ അന്തർലീനമായ പല തരത്തിലുള്ള കഴിവുകളിലേയ്ക്കും വാസനകളിലേയ്ക്കുമാണ് വാക്യത്തിന്റെ ആദ്യഭാഗം സൂചന തരുന്നത്. തന്റെ പ്രവർത്തനങ്ങൾ വഴി താൻ പാരി തോഷികങ്ങൾക്കോ, ശിക്ഷയ്ക്കോ അർഹനായിത്തീരുന്നത് എന്ന് അളക്കുന്നതിനുള്ള അവസരം ലഭിച്ചിരിക്കുക യാണ് സ്വതന്ത്രനായി സൃഷ്ടിക്കപ്പെടുക വഴി അവന്. ഈ അർഹത തെളിയിക്കുന്നതിനുള്ള അവസരം മറ്റു ജന്തു ക്കൾക്ക് നല്കപ്പെടുന്നില്ല. മനുഷ്യൻ തന്നിലുള്ള കഴിവുകളെയും വാസനകളെയും മുഴുവൻ സന്തുലിതമാക്കി ഉപ യോഗപ്പെടുത്തുകയും സ്വന്തം വഴി തിരഞ്ഞെടുത്ത് പൂർണ്ണത കൈവരിക്കുവാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതു ണ്ട്.

ഒരു കുഞ്ഞിന്റെ വളർച്ചയെന്നാൽ ആരോഗ്യത്തോടും എല്ലാ അവയവങ്ങളും ഒരുമിച്ചും കൊണ്ടുള്ള വളർച്ചയാ ണ്. അത്തരം വളർച്ചയിലേ അംഗപ്പൊരുത്തമുണ്ടാകൂ. ശരീരത്തിന്റെ ചില ഭാഗങ്ങൾ അമിതമായി വളരുകയും മറ്റു ചില ഭാഗങ്ങൾ തീരെ വളരാതിരിക്കുകയോ ഇതരഭാഗങ്ങൾക്കനുരൂപമായി വളർച്ചയെത്താതിരിക്കുകയോ ചെയ്താൽ, ആ കുഞ്ഞിന്റെത് പൂർണ്ണ വളർച്ചയാവില്ല. അതു വിചിത്രമായിരിക്കും. സമഗ്രവും പരസ്പര പൊരുത്ത ത്തോടുകൂടിയതുമായ വളർച്ചയ്ക്കാണ് പൂർണ്ണ വളർച്ച എന്ന് പറയുക.

ഖുർആൻ 'അൽബഖറ' സൂറ 124ൽ പറയുന്നു: ''ഇബ്രാഹിമിനെ അദ്ദേഹത്തിന്റെ നാഥൻ ചില വചനങ്ങളെ ക്കൊണ്ടു പരീക്ഷിച്ചപ്പോൾ അദ്ദേഹം അതെല്ലാം അക്ഷരം പ്രതി നിറവേറ്റി. അവൻ പറഞ്ഞു: 'ഞാൻ താങ്കളെ മാന വരാശിയുടെ നേതാവ് (ഇമാം) ആക്കുന്നു!' ഇബ്രാഹിം: 'എന്റെ സന്തതികളിൽ നിന്നും!' ദൈവം പറഞ്ഞു: 'എന്റെ ഉടമ്പടി പാപികളിലേയ്ക്കെത്തില്ല.''[20]

ഇബ്രാഹിം പല വിധത്തിൽ പരീക്ഷിക്കപ്പെട്ടു; സ്വന്തം പുത്രനെ ദൈവത്തിനുവേണ്ടി ബലികൊടുക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയുൾപ്പെടെ. തുടർന്ന് അദ്ദേഹത്തിന് ഇപ്രകാരം ഒരു വിളിയാളം കേൾക്കാൻ കഴിഞ്ഞ തായി ഖുർആൻ 'അസ്സ്വാഫാത്ത്' സൂറ 104-105ൽ പറയുന്നു: 'ഇബ്രാഹിം! താങ്കൾ ദർശനം സാക്ഷാൽകരിച്ചു കഴി ഞ്ഞു.''[21]

എല്ലാ പരീക്ഷണങ്ങളെയും നേരിട്ട് വിജയിച്ച ഇബ്രാഹിമിനെക്കുറിച്ച് ഖുർആൻ 'അന്നഹ്ൽ' സൂറയിൽ പറയു ന്നത് കാണുക: ''ഇബ്രാഹിം ഒരു സമഷ്ടി ആയിരുന്നു. ദൈവാനുസാരി. വക്രതയില്ലാത്തവൻ. അദ്ദേഹം ബഹു ദൈവവിശ്വാസികളിൽ പെട്ടവനായിരുന്നില്ല.''[22]

മുഴുവൻ സത്യനിഷേധികൾക്കും മുമ്പിൽ ഇബ്രാഹിം ഒറ്റയ്ക്കു പൊരുതി നിന്നു. അങ്ങനെ, ദൈവം അദ്ദേ ഹത്തെ 'ഇമാം' എന്നു വിളിച്ചു. ഇതരമനുഷ്യർക്ക് പിന്തുടരുവാനുള്ള മാതൃകയും അവർക്കു നേതൃത്വം നില്കേണ്ട നായകനുമാണ് ഇമാം. എല്ലാ മാനുഷിക മൂല്യങ്ങളും അവയ്ക്കു വളരാവുന്നിടത്തോളം വളർന്നും പൊരു ത്തപ്പെട്ടും തന്നിൽ നില കൊള്ളുന്നതു കാരണം ഇമാം അലി പൂർണ്ണമനുഷ്യനാണ്.

ചന്ദ്രൻ ആകർഷിക്കുക നിമിത്തം കടലിൽ വേലിയേറ്റവും വേലിയിറക്കവുമുണ്ടാകുന്നത് നമുക്കു കാണാം. മനുഷ്യന്റെ മനസ്സിലും ചില ആകർഷങ്ങൾ നിമിത്തം ഇതുപോലുള്ള വേലിയേറ്റവും വേലിയിറക്കവും നടക്കും. സമൂഹത്തിലും നടക്കും. അങ്ങനെ ഇതര മൂല്യങ്ങളെയൊന്നും ശ്രദ്ധിക്കാതിരിക്കുമാറ് തന്നെ പിടിച്ചുവെയ്ക്കുന്ന ഒരാകർഷണവലയത്തിലേയ്ക്കു മനുഷ്യൻ മുഴുവനായങ്ങ് ചാഞ്ഞേയ്ക്കാം. ഒരു വശം മാത്രം വളരുകയും മറ്റു വശങ്ങൾ വളരാതെ മുരടിച്ചുനില്ക്കുകയും ചെയ്യുന്ന വികലമായ അസ്തിത്വങ്ങളെപ്പോലെയായിരിക്കും അപ്പോഴ വൻ. സമൂഹത്തിനും അതിന്റെ വികാസത്തിൽ പൊരുത്തക്കേടുണ്ടാവാം. മുഴുവനായ വ്യതിയാനമായിരിക്കണമെ ന്നില്ല അത്. ഏതെങ്കിലും തരത്തിലുള്ള ദുഷ്യമായിരിക്കും.

ഇസ്‌ലാം അംഗീകരിച്ചിട്ടുള്ള ഒരു സുപ്രധാനമൂല്യമാണ് ഭക്തി. ഭക്തിയെന്നാൽ ദൈവസാമീപ്യം. ദൈവത്തെ വിചാരിച്ച് ചെയ്യുന്ന എല്ലാ പ്രവർത്തനവും ഇസ്‌ലാമിൽ ഭക്തിയുടെ ഭാഗം തന്നെ. ഒരാൾ തന്നെയും കുടുംബ ത്തെയും പോറ്റുന്നതിനും സമൂഹത്തെ സേവിക്കുന്നതിനും വേണ്ടി ഏർപ്പെടുന്ന തൊഴിലും വ്യവസായവുമെല്ലാം ഭക്തിയുടെ ഭാഗമാണ്. എന്നാൽ, ഭക്തി അതിന്റെ പ്രത്യേക അർത്ഥത്തിൽ, പ്രാർത്ഥനകളും പ്രകീർത്തനങ്ങളും വഴിയും, നിശാവേളയിൽ ഉണർന്നിരുന്ന് കർമ്മം ചെയ്യുന്നതുവഴിയും മറ്റുമായി ദൈവത്തോട് സ്വകാര്യമായി സംഗമിക്കുന്നതിനാണ് പറയുന്നത്. ഇതെല്ലാം മതത്തിന്റെ അഭേദ്യഭാഗങ്ങളാണ്. വ്യക്തികളും സമൂഹവും ചില പ്പോൾ ഭക്തിയുടെ ഒരേ ഒരു വശത്തേയ്ക്കു മാത്രം ആകർഷിക്കപ്പെടുന്നത് കാണാം. അങ്ങനെ പ്രാർത്ഥനയിലും സദാ അംഗശുദ്ധിയിലുമായി അവർ കഴിയും. കണക്കിലധികം അതിലേർപ്പെടുന്നതിനാൽ സമൂഹത്തിന് അത് ബുദ്ധിമുട്ടായിട്ടാണ് തീരുക.

പലപ്പോഴും ഭക്തിയുടെ ഈയൊരു മാർഗ്ഗം സ്വീകരിക്കുന്നത് ഇസ്‌ലാമിക സമൂഹത്തിലാകുമ്പോൾ ഒരു പരി ഷ്കാരമായും തീരാറുണ്ട്. ഒരിക്കൽ അത് ശീലമാക്കിയ വ്യക്തിക്ക് പിന്നെ മിതമാർഗ്ഗത്തിലേയ്ക്കു മടങ്ങുന്നത് പ്രയാസവും ആവാം. ദൈവം തന്നെ സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യനായിട്ടാണ് മലക്കായിട്ടല്ല എന്നയാൾക്ക് തന്നെ

ബോധ്യപ്പെടുത്താൻ കഴിയില്ല. ഒരു മനുഷ്യൻ എന്ന നിലക്കു തന്നിൽ അന്തർലീനമായിട്ടുള്ള മാനുഷികസവിശേഷകളെല്ലാം പരസ്പരപൊരുത്തത്തോടെ വികസിപ്പിക്കുകയാണ് അയാൾ ചെയ്യേണ്ടത്.

പ്രവാചകരുടെ കാലത്ത് ഒരിക്കൽ അവിടുത്തെ ഏതാനും അനുയായികൾ ഭക്തിയിൽ മുഴുകിയ വിവരം അവിടുത്തേയ്ക്കു കിട്ടിയത്രെ. അവിടുന്ന് അസ്വസ്ഥനായി പള്ളിയിലെത്തിയിട്ടു പറഞ്ഞു: ''എന്റെ അനുയായികളിൽ ചിലർ എന്തിലാണ് ഏർപ്പെട്ടിരിക്കുന്നത്? നിങ്ങളുടെ പ്രവാചകനായ ഞാൻ പോലും രാത്രി മുഴുവൻ നിദ്രവെടിഞ്ഞുകൊണ്ടുള്ള ഒരു ഭക്തി പ്രകടിപ്പിക്കുന്നില്ല. ഞാൻ ഉറങ്ങുകയും കുടുംബത്തിന്റെ കൂടെ കഴിയുകയും ചെയ്യുന്നുണ്ട്. ഞാൻ എല്ലാ ദിവസും നോമ്പ് നോല്ക്കുന്നില്ല. എന്റേതല്ലാത്ത ഒരു സമ്പ്രദായം സ്വീകരിക്കുന്നവർ എന്നെ വിട്ടു കൊണ്ടാണുള്ളത്.''[23] ഇസ്ലാമിന്റെ ഒരു തത്ത്വം മറ്റൊരു തത്ത്വത്തിന്റെ നിരാകരണത്തോളമെത്തുന്ന പ്രവണതയെ എതിർക്കുകയാണ് പ്രവാചകർ ചെയ്തത്.

ആസിന്റെ പുത്രൻ അമ്രിന്[24] രണ്ട് മക്കളുണ്ടായിരുന്നു. അബ്ദുല്ലയും മുഹമ്മദും. അബ്ദുല്ല ഉൽകൃഷ്ടചിത്തനായിരുന്നു. അലിയും മുആവിയയും തമ്മിലുണ്ടായ സംഘർഷത്തിൽ[25] തന്റെ പിതാവ് അലിയുടെ കൂടെ നില്ക്കുണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. മുഹമ്മദിന് പിതാവിനെപ്പോലെ സ്ഥാനവും ലൗകികമായ നേട്ടവും വേണ്ടിയിരുന്നു. അദ്ദേഹം മുആവിയയെ പിന്തുണക്കാനാണ് പിതാവിനെ പ്രേരിപ്പിച്ചത്. അബ്ദുല്ല പരമഭക്തനായിരുന്നു. ഒരിക്കൽ പ്രവാചകർ അബ്ദുല്ലയെക്കണ്ടപ്പോൾ പറഞ്ഞു: '' താങ്കൾ രാത്രി മുഴുവൻ പ്രാർത്ഥനയിലും പകൽ മുഴുവൻ വ്രതാനുഷ്ഠാനത്തിലും കഴിച്ചുകൂട്ടുകയാണെന്നു കേട്ടല്ലോ!'' അബ്ദുല്ല: ''ശരിയാണ്.'' പ്രവാചകർ: ''ഞാൻ അങ്ങനെയല്ല. എനിക്കതിനോടു യോജിപ്പുമില്ല.''

വിരക്തിയിലേയ്ക്കു അപ്പാടെ ചാഞ്ഞു പോകുന്നവരുണ്ട്. വിരക്തി ഒരനിഷേധ്യസത്യമാണ്. ക്ഷേമൈശ്വര്യങ്ങളുള്ള ഒരു സമൂഹത്തിൽ അത് നിലനില്ക്കുക തന്നെ വേണം. എന്നാൽ, വിരക്തിയെ മാത്രം ഒരു സമൂഹം ശീലമാക്കിയാലോ? അവിടെ തെറ്റുണ്ട്. ജനസേവനമെന്ന ഒരു മഹത്തായ മൂല്യമുണ്ടല്ലോ. ഇസ്ലാമും പ്രവാചകരും അതിന് പ്രാധാന്യം നല്കിയിട്ടുണ്ട്.

ഖുർആനിൽ, ''നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാട്ടോ മുഖം തിരിക്കുന്നതല്ല പുണ്യം, മറിച്ച്, അല്ലാഹുവിലും ഒടുവിലത്തെ നാളിലും വിശ്വസിച്ചവനാണ് പുണ്യവാൻ...'' എന്നാരംഭിക്കുന്ന 'അൽബഖറ' സൂറ 177-ാം വാക്യം അവസാനിക്കുന്നത് ജനസേവ എന്ന മഹത്തായ മൂല്യത്തിൽ ഊന്നിക്കൊണ്ടാണ്.[26] പക്ഷെ, ചിലർ അതിരു കടന്നു സംസാരിക്കാറുണ്ട്. കവി സഅദി ''ജനസേവയല്ലാതൊന്നും ഭക്തിയല്ല'' എന്നു പറഞ്ഞിരിക്കുന്നത് അത്തരത്തിൽ പെടും. ഭക്തി, ധ്യാനം, ജ്ഞാനം, ത്യാഗം എന്നിങ്ങനെ ഇസ്ലാം മനുഷ്യന് മഹത്താക്കി നിശ്ചയിച്ച മൂല്യങ്ങളുടെ നേരെയുള്ള നിഷേധാത്മകമായ ഒരു നിലപാടിന് ഈ പ്രവണത മറുവശത്ത് കാരണമാകും.

ഇന്ന് നമ്മുടെ ചില ബുദ്ധിജീവികൾ മാനവതയെന്നോ മാനവസ്നേഹവാദമെന്നോ ഉള്ള ഒരു ആശയം ആവിഷ്കരിച്ചെടുത്തതായി അഭിമാനം കൊള്ളുന്നു. ജനസേവ എന്നത് അതിമനോഹരമായ ഒരു ആശയം തന്നെ. നാം ജനങ്ങളെ സേവിക്കുക തന്നെ വേണം. പക്ഷെ, ഭക്ഷണവും ഉടുപ്പും കൊടുക്കുന്നതു കൊണ്ടെല്ലാമായോ? ഭക്ഷണം നാം കന്നുകാലികൾക്കും നായയ്ക്കും കൊടുക്കുന്നുണ്ടല്ലോ. കന്നുകാലികളോടും നായ്ക്കളോടും പെരുമാറുന്നുപോലെ പെരുമാറിയാൽ മതിയോ മനുഷ്യനോട്? ഉന്നതങ്ങളായ മൂല്യങ്ങളൊന്നും മനുഷ്യർക്കു നല്കാനില്ലെന്നു നാം സങ്കല്പിക്കുമ്പോൾ വിശേഷിച്ചും, കന്നുകാലികളിൽ നിന്നും വ്യത്യസ്തമായി നാമവരെ കാണുന്നില്ലെന്നായിരിക്കും അതിനർത്ഥം. സേവനം ഇതിൽ പരിമിതമാണെങ്കിൽ അബൂദർറും, മുആവിയയും തമ്മിൽ എന്താണ് വ്യത്യാസം? സ്വാതന്ത്ര്യത്തിന് അമിതമായ വില കല്പിക്കുന്നതുപോലെ തന്നെ അതിരുലംഘനത്തിന്റെ മറ്റൊരു ഉദാഹരണമാണിതും.

സ്വാതന്ത്ര്യം ഏറ്റവും ഉയർന്ന മാനുഷിക മൂല്യങ്ങളിൽ ഒന്നാണ്. മനുഷ്യനിലെ മൃഗീയവശങ്ങൾക്കും ഭൗതികമൂല്യങ്ങൾക്കും ഉപരിയായിട്ടാണ് അത് നിലകൊള്ളുന്നത്. മാനുഷികമായ മഹത്വത്തിന്റെ ഉടമകളായിട്ടുള്ള ആളുകൾ, മറ്റുള്ളവർക്ക് അടിമപ്പെടാതെ സ്വതന്ത്ര മനുഷ്യരായി ജീവിക്കാൻ കഴിയുന്നിടത്ത്, വിശപ്പും വിവസ്ത്രതയും മറ്റു ക്ലേശങ്ങളും സഹിക്കുന്നതിനു സന്നദ്ധരാകുന്നതു കാണാം. 'മആലിമുൽ ഉലമ'എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം ഒരു കഥ ഉദ്ധരിച്ചു കാണുന്നു: ''അവിസെന്ന ഹമദാനിൽ മന്ത്രിയായിരുന്ന കാലം. ഒരു ദിവസം മന്ത്രിയുടെ പകിട്ടിൽ അദ്ദേഹം തെരുവിലൂടെ കടന്നുപോകുമ്പോൾ ഒരു തോട്ടി ഒരു കുഴിയിൽ നിന്നു അഴുകിയ സാധനങ്ങൾ നീക്കം ചെയ്യുന്നതു കണ്ടു. ഒരു പാട്ട് പാടിക്കൊണ്ടാണ് അയാൾ പണിയെടുത്തിരുന്നത്. തന്റെ എളിയ ജീവിതത്തിൽ തനിക്കുള്ള അഭിമാനത്തെ സൂചിപ്പിക്കുന്ന ഒരു ഈരടിയായിരുന്നു അയാൾ പാടിയിരുന്നത് ഏറ്റവും താണ ഒരു ജോലിയാണ് അയാൾ ചെയ്തിരുന്നതെങ്കിലും അയാൾക്കു ജീവിതത്തിലുള്ള സംതൃപ്തി കണ്ടപ്പോൾ അവിസെന്നക്കു ചിരിവന്നു. അദ്ദേഹം കുതിരയെ നിറുത്തി തോട്ടിയെ അടുത്തേയ്ക്കു വിളിച്ചു. എന്നിട്ടു നിന്ദാസ്വരത്തിൽ ചോദിച്ചു: "ഈ പണിയിൽ എന്താണിത്ര അഭിമാനിക്കാനുള്ളത്?" മന്ത്രിയുടെ പകിട്ടിലായിരുന്നുതു കാരണം അയാൾ അവിസെന്നയെ തിരിച്ചറിഞ്ഞിരുന്നു. അയാൾ മറുപടി പറഞ്ഞു: "എനിക്ക് ഈ ജോലി ഇഷ്ടമാണ്. എന്തുകൊണ്ടെന്നാൽ, നിങ്ങളെപ്പോലെ മറ്റൊരാളുടെ അടിമയായി കഴിയേണ്ട ഗതികേട് ഈ ജോലിയിലില്ലല്ലോ. നിങ്ങൾക്കെന്നും രാജാവിനെ മുഖം കാണിക്കേണ്ടേ? അദ്ദേഹത്തിന്റെ മുമ്പിൽ ശിരസ്സ് കുനിക്കേണ്ടേ? എനിക്കോ, ആരുടെയും അടിമയാവാതെ സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാൻ സാധിക്കുന്നു!" അവിസെന്ന തോട്ടിയുടെ മറുപടി കേട്ട് ലജ്ജിച്ചു തലതാഴ്ത്തി ഒന്നും മിണ്ടാതെ സ്ഥലം വിട്ടുവത്രെ.

ലൗകികവും മൃഗീയവുമായ പ്രചോദനങ്ങളിൽ, മുന്തിയ തരം ആഹാരമുപേക്ഷിച്ചും, ഭൃത്യരും മറ്റും സഹിതമുള്ള ആർഭാടജീവിതം വെടിഞ്ഞും ഒരു തോട്ടിയായിത്തീർന്ന് സ്വാതന്ത്ര്യത്തിന് മുന്തൂക്കം കല്പിക്കുകയെന്നത് ഇല്ല. സ്വാതന്ത്ര്യം സ്പർശവേദ്യമായ ഒരു വസ്തുവല്ല. ഒരു ഉൽബുദ്ധ മനസ്സിന് അതിന്റെ വില അറിയും. ഒരു മനുഷ്യൻ അടിമത്തത്തേയ്ക്കാൾ തോട്ടിപ്പണി തിരഞ്ഞെടുക്കാൻ മാത്രം വില അതിനുണ്ട്. ചില സമൂഹങ്ങളിൽ ചില ഘട്ടങ്ങളിൽ ഈ മൂല്യം വിസ്മിരിക്കപ്പെട്ടുപോകാറുണ്ട്. പക്ഷെ അത്തരം സമൂഹങ്ങളെ ആ മുല്യത്തിനു നേരെ

ഒന്നുണർത്തുമ്പോൾ അവർ നീതി, ജ്ഞാനം മുതലായ മറ്റുള്ള എല്ലാ മൂല്യങ്ങളെയും വിസ്മരിച്ച് സ്വാതന്ത്ര്യത്തിനു വേണ്ടി മാത്രം വാദിക്കും. മറ്റു ചിലർ സ്നേഹത്തിനു മാത്രമേ മൂല്യം കാണൂ. ബുദ്ധിയെ അവർ മറക്കും. ജ്ഞാന വാദികളെ ഇങ്ങനെ കാണാം. മറ്റും ചിലർ മറ്റൊരു ആത്യന്തികതയിലേയ്ക്കാണ് നീങ്ങുക. സ്നേഹം ഒരു കടംകഥ യാണവർക്ക്. ബുദ്ധിക്കുമാത്രമാണ് മൂല്യമുള്ളത്.

സ്നേഹം, ബുദ്ധി, നീതി, സ്വാതന്ത്ര്യം, സേവനം, ഭക്തി എന്നിവയെല്ലാം ഓരോ മൂല്യമാണ്. ആരാണ് പൂർണ്ണമ നുഷ്യൻ? പരമഭക്തനോ? പരമവിരക്തനോ? സർവ്വതന്ത്ര സ്വതന്ത്രനോ? പ്രേമവിലോലനോ? ബുദ്ധിയെ പരമാവധി യിലെത്തിക്കുന്ന യുക്തിവാദിയോ? ഇവരൊന്നും പൂർണ്ണമനുഷ്യരല്ല. ഈ മൂല്യങ്ങളെല്ലാം താളപ്പൊരുത്തത്തോ ടുകൂടി ഏതൊരാളിൽ സമഞ്ജസമായി വികസിച്ചിരിക്കുന്നോ അയാളെ പൂർണ്ണമനുഷ്യനെന്നനിലയിൽ പരിഗണി ക്കാം.

അതാണ് ഇമാം അലി. 'നഹ്ജുൽ ബലാഗ'[27] എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ സാഹിതീയ വ്യക്തിത്വം ഏതൊരു വായനക്കാരനും കണ്ടെത്തും. അത് ഉറ്റുപഠിക്കുമ്പോൾ അദ്ദേഹത്തിന്റെ സമ്പൂർണ്ണമായ വ്യക്തിത്വ ത്തിന്റെ വിവിധ വശങ്ങൾ അയാൾക്കു അനാവൃതമാകും. അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങളിൽ നമുക്ക് അവിസെ ന്നയെ കാണാം. മറ്റു ചിലതിൽ ജലാലുദ്ദീൻ റൂമിയോ ഇബ്നു അറബിയോ ആയിരിക്കും പ്രത്യക്ഷപ്പെടുന്നത്. ഇനിയും ചില ഭാഗം വായിക്കുമ്പോൾ ഫിർദൗസിയുടെ വിരേതിഹാസകാവ്യങ്ങളിലൂടെ കടന്നപോകുന്ന അനുഭൂ തിയാണുണ്ടാവുക. ഒരു സ്വാതന്ത്ര്യവാദി, ഒരു വിരക്തനായ സന്യാസി, ഒരു ഭക്തിപരവശൻ ഇത്തരത്തിലെല്ലാമുള്ള വ്യക്തിത്വങ്ങൾ നഹ്ജുൽ ബലാഗ വായിക്കുന്നതിനിടയിൽ ഒരാളുടെ മുമ്പിലെത്തും. അലിയുടെ വാക്കുകളിൽ എല്ലാ മാനുഷിക വശങ്ങളും വെളിപ്പെടുന്നു. അദ്ദേഹത്തിന്റെ വലുപ്പവും നമ്മുടെ ചെറുപ്പവും നഹ്ജുൽ ബലാഗ നമുക്കു കാട്ടിത്തരും.

ഒരു അമ്പത് വർഷം മുമ്പു വരെ[28] ഇറാനിയൻ സമൂഹം മതത്തെ ലൗകികവിരക്തിയുടെ മാർഗ്ഗമായിക്കണ്ട് അതിലേയ്ക്ക് ചാഞ്ഞുകൊണ്ടാണുണ്ടായിരുന്നത്. ലൗകികവരക്തിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഭാഗങ്ങൾ നഹ്ജുൽ ബലാഗയിലുണ്ട്. അത്തരം ഭാഗങ്ങളാണ് മതപ്രസംഗകർ ജനങ്ങൾക്കു വിവരിച്ചുകൊടുത്തിരുന്നത്. ഇഹ ലോകത്തെ വിട്ടുപോകേണ്ട സ്ഥലമായിട്ടും പാരത്രികജീവിതത്തെ ശാശ്വതമായിട്ടും അവർ വിശേഷിപ്പിച്ചു. പരലോ കത്തിനുവേണ്ടിയാണ് അവർ ജനങ്ങളെ തയ്യാറാക്കിയിരുന്നത്.

നഹ്ജുൽ ബലാഗയുടെ മറ്റുവശങ്ങൾക്കിവിടെ സ്ഥാനമുണ്ടായിരുന്നില്ല; സമൂഹത്തിന് അവ ഉൾക്കൊള്ളാൻ സാധിച്ചിട്ടുണ്ടായിരുന്നില്ല. കാരണം, ചില മൂല്യങ്ങളുടെ നേരെയേ സമൂഹം ആഭിമുഖ്യം പുലർത്തിയുള്ളൂ. നൂറുക ണക്കിന് വർഷങ്ങളായിട്ട്, ഇമാം അലി, മാലിക് അശ്ത്തറിന്[29] നല്കിയ നിർദ്ദേശങ്ങൾ ആരും വായിച്ചില്ല. സമൂ ഹീകവും രാഷ്ട്രീയവുമായ നിർദ്ദേശങ്ങളും നിയമങ്ങളുമാണവയത്രയും. അതിലൊരിടത്ത് അലി പ്രവാചകരുടെ ഒരു വാക്ക് ഇങ്ങനെ പരാവർത്തനം ചെയ്തിട്ടുണ്ട്: ''ഒരു സമൂഹവും, അതിലെ ദുർബ്ബലൻ ശക്തന്റെ മുമ്പിൽ നിന്നുകൊണ്ട് വിക്കു കൂടാതെ തന്റെ അവകാശത്തിനുവേണ്ടി ശബ്ദിക്കുന്ന അവസ്ഥയിലെത്തുവോളം വിശുദ്ധി യുടെ തലത്തിലെത്തുകയോ കുറ്റവിമുക്തമാവുകയോ ചെയ്യുന്നുല്ല.'' അമ്പതു വർഷം മുമ്പ് സമൂഹത്തിന് ഇതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. കാരണം, ഒരേ ഒരു മൂല്യത്തിലേയ്ക്കു ഉന്മുഖമായിരുന്നു അന്നത്. അലിയുടെ വാക്കു കൾ എല്ലാ മാനുഷികമൂല്യങ്ങളും ഉൾക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലും വ്യക്തിത്വത്തിലും അത് കാണാം.

നമ്മുടെ ഇന്നത്തെ സമൂഹത്തെ ഞാൻ പുകഴ്ത്തുകയല്ല. എന്നാൽ പ്രയോജനപ്രദമായ മൂല്യങ്ങൾ പലതും ഇന്നതിൽ കണ്ടുവരുന്നത് ഒരു ഭാഗ്യമാണ്. ഇനിയും ഇത് ഒരു ഏകമാനസമൂഹമായി മാറുകയും മറ്റുള്ളതിനെ യെല്ലാം നഷ്ടപ്പെടുത്തുകയും ചെയ്തുവെന്നുവരാം. ഒരു മാതൃകയും പൂർണ്ണസന്തുലിത വ്യക്തിത്വവുമെന്ന നില യിൽ അലിയെ നമുക്കു വേണമെന്നുണ്ടെങ്കിൽ അങ്ങനെ സംഭവിച്ചുകൂടാത്തതാണ്. എല്ലാമാനുഷിക മൂല്യങ്ങളും പരസ്പരം പൊരുത്തപ്പെട്ട് വികസിച്ച മനുഷ്യനാണ് അലി. നിശാവേളകളിൽ ദൈവത്തോടു സന്ധിക്കുമ്പോൾ അദ്ദേഹത്തിനുണ്ടാകുന്ന സാമീപ്യസിദ്ധിയിലോ ആനന്ദമൂർച്ഛയിലോ ഒരു നിഗൂഢവാദിയും അദ്ദേഹത്തിനു സമന ല്ല. യാതൊന്നിനും ശ്രദ്ധതെറ്റിക്കാൻ കഴിയാത്തത്ര അഗാധവും ഏകാഗ്രവുമായിരുന്നു അദ്ദേഹത്തിന്റെ ഭക്തി. ദിവ്യാനുരാഗം തന്നെയും കൊണ്ട് മറ്റൊരുലോകത്തിലേയ്ക്ക് സഞ്ചരിച്ചെത്തിയതുപോലെയായിരുന്നു അദ്ദേഹ ത്തിന്റെ അപ്പോഴത്തെ അവസ്ഥ. രാത്രിയിൽ ആരാധനാവേദിയിൽ അങ്ങനെ ആയിരുന്നു അദ്ദേഹം.

പകൽ സമയത്ത് തികച്ചും വ്യത്യസ്തൻ! പല വൈരാഗികളിൽ നിന്നും വിഭിന്നമായിട്ടാണ് അദ്ദേഹം കാണപ്പെട്ടി രുന്നത്. കൂട്ടുകാരുടെ കൂടെയിരുന്ന് സന്തോഷം പങ്കിടുകയും തമാശ പറയുകയും ചെയ്തിരുന്നു. അലിയെ ഖലീ ഫയാകാൻ കൊള്ളില്ലെന്നു ആക്ഷേപിക്കാൻ അമ്രുബ്നുൽ ആസ് ഉന്നയിച്ച ഒരു കാരണം അദ്ദേഹം അമിതോല്ലാ സവാനാണെന്നതായിരുന്നു. ഖലീഫ എപ്പോഴും ജനങ്ങലെ പേടിപ്പെടുത്തുന്ന ഗൗരവക്കാരനായിരിക്കണംപോലും! .യുദ്ധക്കളത്തിലും അലി സോല്ലാസം പുഞ്ചിരിക്കുന്നത് പലരും കണ്ടിട്ടുണ്ട്. പക്ഷെ, ആരാധനാമുറിയിൽ അദ്ദേഹം കരയുകയാവും.

ഖുർആൻ 'അൽമുസ്സമ്മിൽ' സൂറ 6-7ൽ ഇങ്ങനെ കാണാം: ''രാത്രി എഴുന്നേല്ക്കുന്നത് അടിയുറപ്പിനും അവക്രമായ വാക്കിനും ഏറെ സഹായകമാണ്. പകൽ സമയത്ത് നിനക്ക് നീണ്ട ജോലിത്തിരക്കുണ്ട്.''[30]

രാത്രി ആരാധനയ്ക്കുള്ളതാണ്. പകൽ ജീവിക്കുന്നതിനും സമൂഹവുമായി ഇടപഴകുന്നതിനും, മഹാകവി ഹാഫിസ്[31] ഒരു വേള യുവാക്കൾക്കിടയിൽ സൗകര്യപൂർവ്വം തെറ്റായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം വീഞ്ഞിന് അടിമയായിട്ട് ചിത്രീകരിക്കപ്പെടുകയുണ്ടായി. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ കവിതകളത്രയും ആദ്ധ്യാത്മിക ങ്ങളും നിഗൂഢാത്മകങ്ങളുമാണ്. അദ്ധ്യാത്മിക ലഹരി നല്കുന്നതാണ് അദ്ദേഹത്തിന്റെ വീഞ്ഞ്. ഒരു ഖുർആൻ വ്യാഖ്യാതാവ് കൂടിയായിരുന്നു ഹാഫിസ്. അത്രയ്ക്കു മതപരമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വം. പക്ഷെ,

പ്രസിദ്ധിയാർജ്ജിച്ചത് കവി എന്ന നിലയ്ക്കാണ്. മേൽ പറഞ്ഞ ഖുർആൻ വാക്യം അദ്ദേഹത്തിന്റെ ഒരു കവിതയിൽ ഇങ്ങനെ പ്രതിഫലിച്ചിട്ടുണ്ട്:

''പകലത്രയും പണി ചെയ്‌വീൻ പിന്നെ-

യിരവായാൽ ഭക്തിതൻ വീഞ്ഞിലാറാടുവിൻ.''

അലി ഈ രൂപത്തിലുള്ള ആളായിരുന്നു. ആയിരത്തിലേറെ വർഷമായി അദ്ദേഹം ഇങ്ങനെത്തന്നെ മനസ്സിലാക്കപ്പെട്ടുപോന്നിട്ടുമുണ്ട്. നഹ്ജുൽ ബലാഗയുടെ സമാഹർത്താവ് സയ്യിദ് റളി പറയുന്നു: ''ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള വിസ്മയാവഹമായ ഒരു കാര്യമെന്തെന്നാൽ, ഇത് വായിക്കുന്നതിനിടയിൽ അലിയെ വ്യത്യസ്തങ്ങളായ മേഖലകളിലായിട്ടായിരിക്കും വായനക്കാർ കണ്ടെത്തുക. ഭക്തിയുടെ, തത്ത്വചിന്തയുടെ, നിഗൂഢത്മകതയുടെ, സൈനികതന്ത്രത്തിന്റെ, നീതിപീഠത്തിന്റെ, കർമ്മശാസ്ത്രത്തിന്റെ- ഇങ്ങനെ. മാനുഷികമായ ഏതെങ്കിലുമൊരു മേഖലയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എത്താതിരിക്കുന്നില്ല.''[32]

ഹിജ്റ 6-ാം നൂറ്റാണ്ടിൽ ജീവിച്ച കവിയാണ് സഫിയുദ്ദീൻ ഹില്ലി.[33] അദ്ദേഹം പറയുന്നു: ''അലി എല്ലാ വൈജാത്യങ്ങളുടെയും സമ്മേളനമാണ്. അദ്ദേഹം ഭരണാധികാരിയും ഋഷിയുമാണ്; ഉത്സാഹിയും ധീരനുമാണ്; ദാരിദ്രനായതിനോടൊപ്പം ഉദാരനാണ്; സൗമ്യവാനും നിശ്ചയദാർഢ്യമുള്ളവനുമാണ്; ഭക്തനും കർമ്മശാലിയുമാണ്. എല്ലാ മാനുഷികമണ്ഡലങ്ങളിലും അദ്ദേഹം നായകനാണ്.'' ഇതിൽ പലതും നമുക്ക് അകാൻ കഴിയില്ലായിരിക്കാം. എന്നാൽ, ചുരുങ്ങിയത് ജീവിതത്തിന്റെ വിവിധ സന്ദർഭങ്ങളിൽ ഒരു യഥാർത്ഥ മുസ്‌ലിമിനുണ്ടായിരിക്കേണ്ട മൂല്യങ്ങളെ ഒരു നിലവാരത്തോളം നമ്മിൽ സന്തുലിതമാക്കി നിലനിർത്താൻ നമുക്കു സാധിക്കും.

# മനുഷ്യപ്രകൃതി

മനുഷ്യ പ്രകൃതിയെക്കുറിച്ചുള്ള ആത്മീയവാദികളുടെയും ഭൗതികവാദികളുടെയും വീക്ഷണങ്ങൾ പരസ്പരം ഭിന്നവും വിരുദ്ധവുമാണ്. ശരീരവും ആത്മാവും ചേർന്നതാണ് ആത്മീയവാദികളുടെയടുക്കൽ മനുഷ്യന്റെ യഥാർത്ഥത്യം. ആത്മാവ് അനശ്വരമാണ്. അത് മരണത്തോടെ നശിക്കുന്നില്ല. ഇസ്‌ലാമികപ്രമാണങ്ങൾ ഈ വീക്ഷണത്തെയാണ് സ്ഥിരപ്പെടുത്തുന്നത്.

ഭൗതികവാദികളുടെ അഭിപ്രായത്തിൽ, മനുഷ്യൻ ശരീരത്തിന്റെ ഒരു യന്ത്രക്കൂട് മാത്രമാണ്. മരണത്തോടെ അതങ്ങു നശിക്കും. ഒരാളുടെ ശരീരാവയവങ്ങളുടെ വേർപ്പെടൽ അയാളുടെ വ്യക്തിത്വത്തിന്റെ നാശമാണ്.

ഗുരുതരമായ ഈ അഭിപ്രായവ്യത്യാസമുള്ളതിനോടൊപ്പം, മേല്പറഞ്ഞ ഇരുവിഭാഗത്തിനും യോജിപ്പിള്ള ഒരു സംഗതിയുണ്ട്. അതായത്, മനുഷ്യന് വിലയും വ്യക്തിത്വവും നല്കുന്നതും നാം ബൗദ്ധികമെന്നു വിശേഷിപ്പിക്കുന്നതുമായ ചില അഭൗതികഘടകങ്ങൾ നിലനില്ക്കുന്നു. ആ ഘടകങ്ങൾ നഷ്ടപ്പെടുന്നതോടുകൂടി മനുഷ്യൻ മൃഗങ്ങളുടെ നിലവാരത്തിലേയ്ക്ക് താണുപോകുന്നതാണ്. കവി സഅദി താഴെ കൊടുത്ത കവിതയിൽ ഈ ആശയം പ്രകടിപ്പിക്കുന്നുണ്ട്:

‘‘ദേഹയെ വഹിച്ചിടു-
ന്നുളളിലെന്നതിനാലി
ദ്ദേഹവും മഹത്തര
മായ് ഭവിച്ചതു നൂനം.
മുന്തിയൊരുടയാട
യാണേലും ദേഹമതു
മാനവമഹത്വത്തെ
നിർണ്ണയിച്ചീടുന്നില്ല.
കണ്ണിലും ചെവിയിലും
മൂക്കിലും വായയിലും
കാണില്ല മനുഷ്യന്റെ
മഹത്വമൊരു നാളും.
ചുമരിൽ വരച്ചിട്ട
മർത്ത്യന്റെ ചിത്രത്തിലും
കണ്ണുണ്ട് ചെവിയുണ്ട്
മൂക്കുണ്ട് വായുമുണ്ട്.’’

‘‘പണ്ഡിതനാവാൻ എളുപ്പമാണ്, മനുഷ്യനാവാനാണ് പ്രയാസം’’ എന്നു പറയാറുണ്ട്. മനുഷ്യനാവാൻ പല ഗുണങ്ങളും വേണം. ഒരാളുടെ വ്യക്തിത്വവും വിലയും ആ ഗുണങ്ങളെയാണാശ്രയിക്കുന്നത്.

ഒരു വ്യക്തിയിലോ സമൂഹത്തിലോ വന്നുഭവിക്കുന്ന വ്യതിയാനങ്ങൾ രണ്ടു തരമാണ്. മൂല്യങ്ങളെ മൂല്യരാഹിത്യം കടന്നാക്രമിക്കുകയാണ് ഒന്ന്. നീതിക്കെതിരിൽ അനീതി, സ്വാതന്ത്ര്യത്തിന്നെതിരിൽ അടിച്ചമർത്തൽ, ഭക്തിക്കും ദൈവാരാധനയ്ക്കുമെതിരിൽ നിരീശ്വരത്വവും, അച്ചടക്കരാഹിത്യവും, ബുദ്ധിക്കും വിജ്ഞാനത്തിനുമെതിരിൽ അവിവേകവും അജ്ഞതയും എന്നിങ്ങനെ. മൂല്യരാഹിത്യം എതിർത്തു തോല്പിക്കപ്പെടുമെന്നതിനാൽ ഇത്തരം വ്യതിയാനങ്ങൾ ചുരുങ്ങും. ചില മൂല്യങ്ങൾ മറ്റു മൂല്യങ്ങളെ അർബ്ബുദം പോലെ ഹനിക്കുന്ന നിലയിൽ വളർച്ച പ്രാപിക്കുന്നതാണ് രണ്ടാമത്തെ വ്യതിയാനം. ഉദാഹരണം വിരക്തി. ഇതൊരു മൂല്യവും മനുഷ്യത്വത്തിന്റെ മാനദണ്ഡവുമാണ്. പക്ഷെ, മറ്റു മൂല്യങ്ങളെ അവഗണിക്കുന്ന വിധത്തിൽ വ്യക്തി, അല്ലെങ്കിൽ സമൂഹം അതിലേയ്ക്കു പൂർണ്ണമായി തിരിഞ്ഞെന്നുവരാം. നമ്മുടെ ജ്ഞാനവാദികളും ആധുനികദൈവശാസ്ത്രകാരന്മാരും മൂല്യങ്ങളെ ഒന്നടങ്കം ഒരൊറ്റ തലക്കെട്ടിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതരജന്തുക്കൾക്കില്ലാത്തതും മനുഷ്യന് അനുഭവപ്പെടുന്നതുമായ ഒരു വേദനയത്രെ അത്.

വേദന അസ്വസ്ഥതക്കു കാരണമാവുന്നു. ഒപ്പം അതിന്റെ കാരണം കണ്ടുപിടിക്കുന്നതിനുള്ള ബോധവും ഉത്സാഹവും അത് പ്രദാനവും ചെയ്യുന്നു. ഈയർത്ഥത്തിൽ, വേദന വിഷമകരമാണെങ്കിലും ഒരു നേട്ടം കൂടിയാണ്. റൂമി പറയുന്നു:

‘‘രോഗിയുടെ കരച്ചിലും ഞരക്കവും
രോഗിയെത്തന്നെയാണ് ഉണർത്തുന്നത്.
അതയാളിലെ പാപവാസനയെ
നീക്കുകയും, അയാളിൽ
പശ്ചാത്താപബോധം
ജ്വലിപ്പിക്കുകയും ചെയ്യുന്നു.

അയാൾ ശരിയെ പിന്തുടരാൻ ദൃഢമായി നിശ്ചയിക്കുന്നു;

അനുസരണശീലം

പ്രതിജ്ഞ ചെയ്യുന്നു.''

രോഗം കൊണ്ട് ഇങ്ങനെയൊരു നേട്ടമുണ്ടെന്നുള്ളത് തീർച്ചയാണ്. അത് ശ്രദ്ധയും ജാഗരൂകതയും നല്കും. വേദന അനുഭവപ്പെടുന്നതിനാലാണ് അതിന്റെ കാരണങ്ങൾ കണ്ടെത്താൻ ആളുകൾ ശ്രമിക്കുന്നത്. വേദന കൂടുന്നതിനനുസരിച്ച് ജാഗ്രത കൂടും. ജാഗ്രത കൂടുന്നതിനനുസരിച്ച് മുഖം വിവർണ്ണമാകും.

വേദന ഇല്ലാതിരിക്കുന്നതിനർത്ഥം സംവേദനത്തിലുള്ള കഴിവും ബോധവും ഇല്ലെന്നാണ്. ഇത് അജ്ഞതയാണ്. തനി മൂഢനും അജ്ഞനും യാതൊരു വേദനയുമില്ലാത്തവനുമായിരിക്കുന്നതോ, ബോധവാനും ജാഗരൂകനും വേദനിക്കുന്നവനുമായിരിക്കുന്നതോ നല്ലത്?

''ഒരു മെലിഞ്ഞ സോക്രട്ടീസ് ആവലാണ് തടിച്ച പന്നിയാവുന്നതിനേക്കാൾ ഉത്തമം'' എന്നൊരു ചൊല്ലുണ്ട്. സുഖസൗകര്യങ്ങൾ യാതൊന്നുമില്ലെങ്കിലും പഠിപ്പും ബോധവും ഉണ്ടായിരിക്കുന്നതാണ് സുഖസൗകര്യമുണ്ടായിട്ടും ഒരു മഠയനായി ജീവിക്കുന്നതിലേറെ ഉൽകൃഷ്ടം. ബുദ്ധിയുണ്ടായിട്ട് അതിന്റെ ഉടമയ്ക്കു സുഖൈശ്വര്യങ്ങളില്ലാതിരിക്കുന്നതിനെക്കുറിച്ചുള്ള പരാതികൾ നമ്മുടെ സാഹിത്യത്തിൽ നിറയെയുണ്ട്. ഒരു കവി പറയുന്നു:

''ബുദ്ധിയും ജ്ഞാനവും ശത്രുക്കളാണെനിക്കെന്തിനി

ങ്ങെൻ കണ്ണും കാതും തുറന്നു ഞാൻ''.

മറ്റൊരു കവി:

''ബുദ്ധിമാനാകണ്ട,

ഭ്രാന്തനുവേണ്ടി ദുഃഖിക്കേണ്ടി വരും;

ഭ്രാന്തനാവുക,

ബുദ്ധിമാന്മാർ നിങ്ങൾക്കുവേണ്ടി ദുഃഖിച്ചുകൊള്ളും''

ഈ നിലപാടിൽ യാതൊരു ശരിയുമില്ല. മാനവികതയുടെ നില ആർജ്ജിക്കുകയും വേദനയുടെയും സംവേദനക്ഷമതയുടെയും വില മനസ്സിലാക്കുകയും ചെയ്ത യാതൊരാളും തന്റെ ബുദ്ധിയെയും ജ്ഞാനത്തെയും ശത്രുവായി ഗണിക്കില്ല. പ്രവാചകനെപ്പോലെ ഇപ്രകാരം പറയാനേ അയാൾക്കു കഴിയൂ: ''ബുദ്ധിയാണ് യഥാർത്ഥ സുഹൃത്ത്; ശത്രു അജ്ഞതയും.''

ബുദ്ധിയെ ശത്രുവായി ഗണിക്കുന്നവൻ അറിവില്ലായ്മയുടെ ഫലമായുണ്ടായിത്തീരുന്ന ദുരന്തങ്ങളോ ബുദ്ധിമുട്ടുകളോ അനുഭവിക്കാത്തതു കൊണ്ടായിരിക്കണം അങ്ങനെ ഗണിക്കുന്നത്. അനുഭവിച്ചാൽ അങ്ങനെ ഗണിക്കില്ല. വേദനയുണ്ടായില്ലെങ്കിൽ ശാരീരികമായ രോഗങ്ങൾ പോലും തിരിച്ചറിയാനോ നിർണ്ണയം ചെയ്ത് ചികിത്സിച്ച് ഭേദപ്പെടുത്താനോ കഴിയാതെ വരും. ആകസ്മികമായി പിടിപെടുന്നതും വേദനയറിയാത്തതുമായ അസുഖങ്ങൾ കൂടുതൽ അപകടകരങ്ങളാണ്.

എന്താണ് മനുഷ്യന്റെ വേദന? അത് വെറും ശാരീരികവേദനയല്ല. സൂഫികൾക്ക് അതൊരു തിരുവേദനയാണ്. അത് മനുഷ്യനു മാത്രമേയുള്ളൂ. അതുകൊണ്ടാണ് മനുഷ്യൻ മലക്കിനേക്കാൾ ശ്രേഷ്ഠനാകുന്നത്. മലക്കിന് വേദനയില്ല. ദൈവത്തെ കണ്ടെത്തുവാനുള്ള വേദനയാണത്. മനുഷ്യൻ മുഴുവനായും ഒരു ഐഹികജീവിയല്ല. ഐഹിക പദാർത്ഥങ്ങളുടെ മാത്രം കൂട്ടല്ല അവൻ. മറുലോകത്ത്, ദൈവികമായ ഒരു ഉച്ഛ്വാസത്തിന്റെ ഫലമാണ് അവന്റെ യഥാർത്ഥ്യം. ഇഹലോകത്തുള്ള ഇതര സൃഷ്ടികളോട് അവന് സജാതീയത അനുഭവപ്പെടുന്നില്ല. അന്യത്വത്തിന്റെയും അപരിചിതത്വത്തിന്റെയുമായ ഒരു മനോഭാവമാണ് അവന് അവയോടുള്ളത്. അവയെല്ലാം മാറുന്നതും നശിക്കുന്നതുമാണ്. അതിനാൽ ഹൃദയത്തെ അവയുമായി അവന് ബന്ധപ്പെടുത്തി നിർത്താനാവുകയില്ല. അങ്ങനെ, ഒരു ഉൽകണ്ഠ ഇടവിടാതെ അവനെ പിന്തുടരുന്നു. അതാണവനെ ഭക്തിയിലേയ്ക്കും ദൈവാരാധയിലേയ്ക്കും ആകർഷിക്കുന്നത്. തന്റെ പ്രഭവകേന്ദ്രമായ ദൈവത്തോട് അവന് അടുക്കുകയും ചേരുകയും വേണം.

പ്രഭവസ്ഥാനത്തെ പുനഃപ്രാപിക്കുക എന്ന ആശയത്തിന് സൂഫിസത്തിൽ എമ്പാടും ഉപമകൾ കാണാം. ഇന്ത്യയിൽ നിന്നു കൊണ്ടു വന്ന് കൂട്ടിലിട്ട ഒരു തത്ത കൂടുപൊളിച്ച് മാതൃഭവനത്തിലേയ്ക്ക് തിരിച്ചു പറക്കാൻ സദാ കൊതിക്കുന്നതിനെക്കുറിച്ച് കവികൾ പാടിയിട്ടുണ്ട്. ഓടയിൽ നിന്നും മുറിച്ചു വേർപെടുത്തപ്പെട്ട ഒരു ഓടക്കുഴൽ അതിന്റെ മൂലത്തിലേയ്ക്കു മടങ്ങാൻ മോഹിച്ചു കരയുന്നതിനെക്കുറിച്ച് റൂമി ഒരു കഥ പറയുന്നുണ്ട്. മാതൃ രാജ്യത്തെക്കുറിച്ച് ആലോചിക്കാൻ അവസരമുണ്ടാകാതിരിക്കേണ്ടതിനായി സദാ തലയ്ക്ക് മേട്ടം കൊടുക്കേണ്ടിവന്ന ഒരിന്ത്യൻ ആനയുടെ കഥയാണ് മറ്റൊന്ന്.

ദൈവത്തോടുള്ള വേർപാടിൽ വേദനിക്കുകയും അവനുമായിച്ചേരാൻ ഉൽക്കടമായി കൊതിക്കുകയും മറുലോകത്തേയ്ക്കു മടങ്ങാൻ ഉൽകണ്ഠപ്പെടുകയും ചെയ്യുന്ന മനുഷ്യനെ പ്രതീകവൽകരിക്കുന്നവയാണ് മേൽ സൂചിത കഥകളത്രയും.

ഇമാം അലി ഒരിക്കൽ കുമൈൽ ഇബ്നു സിയാദിനോട്[34] താൻ തന്റെ ഹൃദയരഹസ്യം ആർക്കും തുറന്നുകാണിക്കില്ലെനന് സംഭാഷണമദ്ധ്യേ പറയുകയുണ്ടായി. എന്നാൽ, ലോകത്ത് ദൃഢമായ ജ്ഞാനസിദ്ധിയുള്ള ചില വ്യക്തികളുണ്ടെന്നും അവർ തങ്ങളുടെ ദൃഢബോധമുള്ള ആത്മാവിൽ നിന്നു സ്വയം വേർപ്പെടുത്തിക്കാണാൻ ഇടം കാണുകയില്ലെന്നും അലി പറഞ്ഞിട്ടുണ്ട്. സുഖജീവിതം നയിക്കുന്നവർക്കും ഭൗതികതല്പരർക്കും ക്ലേശം ചെയ്തുമാത്രം നേടാൻ കഴിയുന്ന ഉപജീവിനം അത്തരക്കാർ നിഷ്പ്രയാസം നേടും. ആദ്യവിഭാഗത്തിന് ദൈവത്തോടുള്ള ഭയം രണ്ടാം വിഭാഗത്തിന് ദൈവത്തോടുള്ള സഹവാസമാണ്. അവർ ജനങ്ങളുടെ കൂടെ നടക്കുന്നു

ണ്ടാകും. എന്നാൽ, അവരുടെ ആത്മാക്കൾ ഉയർന്നു പറക്കുകയാകും. അവർ ഇവിടെയുണ്ടാകും. ഒപ്പം, നിഗൂഢത്മകവും ഭക്തിപൂർണ്ണവുമായ വേദനകളിലൂടെയും വിനിമയങ്ങളിലൂടെയുമായിക്കൊണ്ട് അവർ മറുലോകത്തുമായിരിക്കും. ഇതായിരുന്നു അലിയുടെ അവസ്ഥ.

ഈ ദിവ്യ പ്രേമം സാധകനെ ചുറ്റും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് പൂർണ്ണമായും അശ്രദ്ധനാക്കുന്നു. അയാൾ ലൗകികവേദന അറിയുകയില്ല; സ്വദേഹത്തിൽ തറച്ച ഒരു അമ്പ് പറിച്ചെടുത്താൽ പോലും. ദൈവത്തോടുള്ള അകൽച്ചയുടെ ഈ വേദനയും സാമീപ്യത്തിനുവേണ്ടിയുള്ള ഈ തിടുക്കവും ദൈവമായുള്ള പുനരേകീകരണമെന്ന ലക്ഷ്യം പ്രാപിക്കുന്നതുവരെ അവസാനിക്കുന്നില്ല. ദൈവസ്മരണയെന്ന ഓരേ ഒരു കാര്യം കൊണ്ടാണ് ഹൃദയം ശാന്തമാകുന്നതെന്ന് ഖുർആൻ പറയുന്നു.

ദൈവവുമായി നിരന്തരം ആത്മവിനിമയം നടത്തുകയും അവന്റെ നാമം ആവർത്തിച്ചു ജപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു മനുഷ്യന്റെ കഥ റൂമി ഉദ്ധരിക്കുന്നു. ചെകുത്താൻ അയാളെ വശീകരിച്ച് പ്രാർത്ഥന നിറുത്തിക്കുകയാണുണ്ടായത്. ഒരു ദിവസം ചെകുത്താൻ അയാളെ സമീപിച്ചു ചോദിച്ചു: ''നിങ്ങൾ ദൈവത്തിന്റെ നാമം എമ്പാടും ആവർത്തിച്ചുരുവിട്ടിട്ടും പ്രഭാതത്തിൽ എഴുന്നേറ്റ് പ്രാർത്ഥിച്ചിട്ടും ഭക്തിയോടെ പ്രസാദത്തിനു മോഹിച്ചിട്ടും ഒരിക്കലെങ്കിലും 'ഇതാ ഞാനിവിടയുണ്ട്' എന്ന ഒരു വാക്കെങ്കിലും അവനിൽ നിന്നു കേട്ടോ? മറ്റാരുടെയെങ്കിലും വാതിൽക്കൽ ചെന്ന് ഇങ്ങനെയൊക്കെ വിലപിച്ചിരുന്നെങ്കിൽ, ഒരിക്കലെങ്കിലും ഒരു പ്രതികരണം നിങ്ങൾക്കു കിട്ടാതിരിക്കില്ല.' ഈ അഭിപ്രായം വളരെ ന്യായമായിട്ടാണ് ആ മനുഷ്യനു തോന്നിയത്. അയാൾ ഒന്നും മിണ്ടിയില്ല. അങ്ങനെ, ഉറക്കത്തിനിടയിൽ അയാൾ ഇങ്ങനെയൊരു അശരീരി കേട്ടു: 'ദൈവത്തോടുള്ള നിങ്ങളുടെ ഹൃദയവിനിമയം നിങ്ങളെന്തിനാണു നിർത്തിയത്?' അയാളുടെ മറുപടി ഇപ്രകാരമായിരുന്നു: 'ഞാൻ പ്രേമത്തിനായി മോഹിച്ചും വേദനിച്ചും എത്രയായി അപേക്ഷിക്കുന്നു! ഒരു പ്രതികരണവും കിട്ടിയില്ല!' അശരീരി: 'ഞാൻ ദൈവത്തിങ്കൽ നിന്ന് നിങ്ങൾക്കുള്ള ഉത്തരമാണ്. നിങ്ങളുടെ ഹൃദയത്തിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള പ്രണയവേദനയുണ്ടല്ലോ, അതു തന്നെയാണ് അവന്റെ ഭാഗത്തു നിന്നുള്ള പ്രതികരണം!'

ഇമാം അലിയുടെ കുമൈൽ പ്രാർത്ഥനയിൽ ഇങ്ങനെ കാണാം: ''ദൈവമേ! പ്രാർത്ഥനയെ തടഞ്ഞുനിറുത്തുകയും അതിനുള്ള വേദനയെ ശമിപ്പിക്കുകയും ചെയ്യുന്ന പാപത്തെ നീ എനിക്കു പൊറുത്തുതരേണമേ!'' പ്രാർത്ഥന സ്വയം ഒരു ലക്ഷ്യമാണ്. എപ്പോഴും അനുകൂലമായ ഉത്തരം കിട്ടാനുള്ള മാർഗ്ഗമല്ല.[35]

മാനവികതയുടെ മാനദണ്ഡം മറ്റുള്ളവരുടെ വേദന അറിലാണെന്നുവാദിക്കുന്ന ഒരു കൂട്ടരുണ്ട്. കവി സഅദി പറയുന്നു: ''ദാരിദ്ര്യം കൊണ്ടല്ല ഞാനിങ്ങനെ വിളറി കോലം കെട്ടിരിക്കുന്നത്. ദരിദ്രർക്കുവേണ്ടി വേദനിച്ചതുകൊണ്ടാണ്!''

അവനന്റേതിനേക്കാൾ മറ്റുള്ളവരുടെ വിശപ്പും വേദനയും ഒരാൾക്ക് അസഹ്യമായിരിക്കുകയെന്നതാണ് വ്യക്തിത്വത്തിന്റെ അടിസ്ഥാനവും മറ്റു മൂല്യങ്ങൾക്കെല്ലാം സ്രോതസ്സായ മൂല്യവുമെങ്കിൽ, ഇതരമനുഷ്യരുടെയും അവരുടെ കഷ്ടതകളുടെയും ആവശ്യങ്ങളുടെയും നേരെയുള്ള ഉത്തരവാദിത്വബോധം കൂടി ആ മൂല്യം ഉൾക്കൊള്ളുന്നുണ്ട്.

ഇമാം അലിയിൽ ഇതിന്റെ തികഞ്ഞ മാതൃക കാണുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒടുവിലത്തെ റമസാൻ മാസത്തിൽ വിശേഷിച്ചും. അദ്ദേഹത്തിനു ആനന്ദകരവും, അദ്ദേഹത്തിന്റെ കുടുംബത്തിന് ഉൽക്കണ്ഠാജനകവും ആയിരുന്നു. ആ നാളുകൾ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായ ഭാവങ്ങളും പെരുമാറ്റങ്ങളും അലിയിൽ അദ്ദേഹത്തിന്റെ കുടുംബം അന്നാളുകളിൽ ദർശിച്ചു.

ഖുർആൻ 'അൽഅൻകബൂത്ത്' സൂറ 2-3ൽ പറയുന്നു: ''പരീക്ഷിക്കപ്പെടാതെ, വിശ്വസിച്ചു എന്നു പറയുന്നതു കൊണ്ടു മാത്രം തങ്ങളെ വിടുമെന്ന് ജനങ്ങൾ ധരിച്ചോ? അവരുടെ മുൻഗാമികളെ നാം തീർച്ചയായും പരീക്ഷിച്ചതാണ്. അങ്ങനെ, സത്യസന്ധരെയും വ്യാജവാദികളെയും അല്ലാഹു അറിയും.''[36]

മേലുദ്ധരിച്ച വാക്യങ്ങളെക്കുറിച്ച് അലി പറയുന്നു: ''ഈ സമുദായത്തിന് പല പരീക്ഷണങ്ങളും വ്യതിയാനങ്ങളും വരാനിരിക്കുന്നുവെന്ന കാര്യം ഈ വാക്യങ്ങൾ അവതരിച്ചുകേട്ടപാടെ എനിക്കു തോന്നി. എന്താണതിന്റെ ഉദ്ദേശ്യമെന്ന് ഞാൻ പ്രവാചകരോടു ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'എന്റെ സമുദായം എനിക്കുശേഷം പരീക്ഷിക്കപ്പെടും!' ഞാൻ : 'ഉഹ്ദിൽ ഹംസ രക്തസാക്ഷിത്വം വരിച്ചല്ലോ. എനിക്കെന്തേ അതിനു ഭാഗ്യമുണ്ടായില്ല?' പ്രവാചകർ: 'അലീ' നിനക്കതിനു ഭാഗ്യമുണ്ടാകും. നീ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെടും''

ഉഹ്ദ് യുദ്ധം നടക്കുമ്പോൾ അലിക്ക് ഇരുപത്തി അഞ്ചു വയസ്സായിരുന്നു. ഫാത്തിമയുമായുള്ള അദ്ദേഹത്തിന്റെ വിവാഹം നടന്നിട്ട് അധികം കഴിഞ്ഞിരുന്നില്ല. ആദ്യസന്തിതി ഹസൻ ജനിച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ. സാധാരണയായി ഏതൊരു യുവാവും യുവതിയും നല്ലൊരു ഭാവി ജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ നെയ്യുന്ന കാലം. എന്നാൽ, അലിയുടെ ഉൽക്കടമായ ആഗ്രഹം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷിത്വം വരിക്കുകയാണ്. പ്രവാചർ ചോദിച്ചു: "രക്തസാക്ഷിത്വം വരിക്കേണ്ട ഘട്ടത്തിൽ നീ എത്ര കണ്ടു ക്ഷമ കാണിക്കും?" അലിയുടെ പ്രതികരണം: ''അല്ലാഹുവിന്റെ ദൂതരേ, അത് ക്ഷമിക്കേണ്ട സന്ദർഭമല്ലല്ലോ, അല്ലാഹുവിനു നന്ദി പറയേണ്ട സന്ദർഭമല്ലേ!''

പ്രവാചകരുടെ ഈ പ്രവചനവും അലിയുടെ പ്രതികരണവും നന്നായറിയാവുന്ന കുടുംബവും അനുയായികളും അലിയുടെ പുതിയ ഭാവവും മട്ടും കണ്ട് ദുഃഖാകുലരായി. ആ മാസത്തിൽ അലി പല സ്ഥലങ്ങളിലും നോമ്പ് തുറക്കാൻ അതിഥിയായി പോയിരുന്നു. എന്നാൽ, അവിടങ്ങളിൽ നിന്നെല്ലാം വളരെക്കുറച്ചേ ഭക്ഷണം കഴിച്ചുള്ളൂ. എന്തിനാണിങ്ങനെ തിന്നാതിരിക്കുന്നതെന്ന് കുട്ടികൾ ചോദിച്ചതിന് അലിയുടെ മറുപടിയിതായിരുന്നു: ''എനിക്ക് ഒഴിഞ്ഞ വയറുമായി ദൈവത്തെ കണ്ടെത്തണം.'' അപ്പോൾ അവർക്കു മനസ്സിലായി, അലി എന്തിനോ ഒരുങ്ങുകയാണെന്ന്. ആയിടെ ചിലപ്പോൾ ആകാശത്തേയ്ക്കു നോക്കി അദ്ദേഹം ഇങ്ങനെ പറയുമായിരുന്നു: ''പ്രിയപ്പെട്ട പ്രവാചകർ എന്നോടും പറഞ്ഞ കാര്യമിതാ പുലരാൻ അടുത്തിരിക്കുന്നു.'' റമസാൻ 18ന്റെ രാത്രിയിൽ

മക്കൾ അദ്ദേഹത്തിന്റെ അടുത്തുകൂടി. പിന്നീട് ഇമാം ഹസൻ സ്വവസതിയിലേയ്ക്ക് പോയി. അലിക്കു പ്രാർത്ഥനക്കായി ഒരു സ്വകാര്യസ്ഥലമുണ്ടായിരുന്നു. വ്യക്തികാര്യങ്ങളിൽ നിന്നും പൊതുകാര്യങ്ങളിൽ നിന്നും വിരമിച്ചാൽ അദ്ദേഹം അവിടെയെത്തി ദൈവത്തോട് ആത്മവിനിമയത്തിലേർപ്പെടും. പുലർച്ചയ്ക്കു മുമ്പേ ഇമാം ഹസൻ പിതാവിനെകാണാൻ അവിടെയെത്തി. ഫാത്തിമയുടെ മക്കളോട് പ്രത്യേകമായ ഒരു വാത്സല്യമുണ്ടായിരുന്നു അലിക്ക്. അദ്ദേഹം ഹസനോടു പറഞ്ഞു: ''കഴിഞ്ഞ രാത്രിയിൽ ഞാൻ ഇവിടെയിരിക്കുമ്പോൾ ഉറങ്ങിപ്പോവുകയും ഉറക്കത്തിൽ പ്രവാചകരെ സ്വപ്നം കാണുകയും ചെയ്തു. 'അങ്ങയുടെ സമുദായത്തിൽപെട്ട ചിലർ എന്നവല്ലാതെ ബുദ്ധിമുട്ടിച്ചിരിക്കുന്നു' വെന്ന് ഞാൻ പ്രവാചകരോട് പരാതിപ്പെട്ടു. അവിടുന്ന് അവരെ ശപിക്കാൻ എന്നോട് പറഞ്ഞു. ഞാനവരെ ശപിച്ചു. എന്നെ എടുത്തുകൊള്ളുവാനും പകരം ഒരു കൊള്ളാത്തവനെ അവരെ ഏല്പിക്കുവാനും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തു.''

ജനങ്ങൾ അലിയോടു പൊരുത്തപ്പെട്ട് അദ്ദേഹത്തിന്റെ മാർഗ്ഗം പിന്തുടരാതെ അദ്ദേഹത്തെ വിഷമിപ്പിച്ചത് വിചിത്രമായ ഒരു സംഗതിയാണ്. ആയിശയുടെ അണിയിൽ നിന്ന് അലിയോടുള്ള പ്രതിജ്ഞ ലംഘിച്ചവരും, അലിയെ പരമാവധി ദ്രോഹിക്കേണ്ടത് എങ്ങനെയെല്ലാമെന്നറിയുന്ന കൗശക്കാരനായ മുആവിയയും, അലിയെ ബഹിഷ്ക്കരിച്ച[38] ധിക്കാരികളായ 'ഖവാരിജു'മായിരുന്നു മേൽപ്പറഞ്ഞ പ്രകാരം പ്രവർത്തിച്ചത്. ചരിത്രത്തിലെ ഈ ദുരന്തങ്ങളെക്കുറിച്ച് അറിയാൻ ശ്രമിക്കുന്ന ഏതൊരാളും അലിയുടെ സഹനശക്തിയെ സാത്ഭുതം വാഴ്ത്തുകയും അദ്ദേഹം തന്റെ വിഷമാവസ്ഥയെക്കുറിച്ച് സ്വപ്നത്തിൽ പ്രവാചകരോട് പരാതി പറഞ്ഞതെന്തിനെന്ന് മനസ്സിലാക്കുകയുമാണ് ചെയ്യുക.

പുറത്തുനിന്ന് താറാവുകളുടെ കൂജനം! ഏറെ താമസിയാതെ ആ കൂജനങ്ങളെ വിലാപരോദനങ്ങൾ അതിജയിക്കുമെന്ന് അലി പ്രവചിച്ചു. അന്ന് അലി പള്ളിയിൽ പോകരുതെന്നും നമസ്കാരത്തിനു നേതൃത്വം നല്കാൻ പകരമൊരാളെ അയക്കണമെന്നും നിർദ്ദേശിക്കാൻ അദ്ദേഹത്തിന്റെ കുടുംബക്കാർ രംഗത്തെത്തി. അലി ആദ്യം ആ നിർദ്ദേശം സ്വീകരിച്ചു കൊണ്ട് തന്റെ ഭാഗിനേയൻ ജഅ്ദാ ഇബ്നു ഹുബൈറയെ പകരമയക്കാൻ സമ്മതിച്ചു. പക്ഷെ, പിന്നീട് അദ്ദേഹം അത് മാറ്റി സ്വയം പോയി നമസ്കാരം നയിക്കാൻ തീരുമാനിക്കുകയാണുണ്ടായത്. കൂട്ടിന് ഒരാളുണ്ടാകട്ടെ എന്ന നിർദ്ദേശവും അദ്ദേഹം നിരസിച്ചു. വെട്ടേറ്റ് ഭയങ്കരമായ മുറിവുമായി കിടക്കുമ്പോൾ അദ്ദേഹം പറയുകയാണ്: ''ഒരു കാമുകൻ കാമുകിയെ പുൽകുന്നതുപോലെയോ, യാത്രയിൽ കൂടാരം നാട്ടാൻ വെള്ളമുള്ള സ്ഥലമന്വേഷിക്കുന്നവർ അത് കണ്ടെത്തുന്നതുപോലെയോ ആയിരുന്നു തലക്ക് വെട്ടേറ്റപ്പോൾ എനിക്കുണ്ടായ അനുഭവം, അല്ലാഹു സത്യം!!''

പള്ളിയിലേയ്ക്കു പുറപ്പെടുമ്പോൾ അലി വികാരഭരിതനായിരുന്നു. ഒരു വലിയ കാര്യം സംഭവിക്കാൻ പോകുന്നതായിട്ടായിരുന്നു അദ്ദേഹത്തിനനുഭവപ്പെട്ടിരുന്നത്. ബാങ്കിനുശേഷം അദ്ദേഹം പ്രഭാതത്തോടു വിടപറയുകയാണ്: ''അല്ലയോ പ്രഭാതമേ! അലിയുടെ ജീവിതത്തിൽ എന്നെങ്കിലും നീ പ്രത്യക്ഷപ്പെടുമ്പോൾ അദ്ദേഹം ഉറങ്ങുന്നതു കണ്ടിട്ടുണ്ടോ? ഇനിയങ്ങോട്ട് അദ്ദേഹം എന്നെന്നേയ്ക്കുമായി കണ്ണടയ്ക്കാൻ പോകയാണ്!'' പീഠത്തിൽ നിന്നിറങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു: '' ഒരു പോരാളിയായ വിശ്വാസിക്കു വഴി തുറക്കുക!''1 യുദ്ധക്കളങ്ങളിൽ വെച്ച് സദാ ദൈവത്തെ സ്തുതിക്കുകയും ദൈവമാർഗ്ഗത്തിൽ ആരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്ന പൂർണ്ണമനുഷ്യനായിട്ടാണ് അലി എന്ന ഇതിഹാസരചയിതാവിനെ നാം കാണുന്നത്. മനുഷ്യന് ആദ്ധ്യാത്മിക ലോകത്തേയ്ക്ക് പ്രവേശിക്കാനുള്ള കവാടം അവൻ തന്നെയാണെന്ന് പൂർവ്വികരായ ജ്ഞാനികൾ പറഞ്ഞിട്ടുണ്ട്. ഭൗതിക ലോകവുമായി പൊരുത്തപ്പെട്ടു ചേരാത്ത ചില ഘടകങ്ങൾ മനുഷ്യനിൽ അവന്റെ സത്തയിൽ തന്നെ അന്തർലീനമായിരിക്കുന്നു. പൗരാണികരായ മാനസികാപഗ്രഥകരുടെ മാത്രം വിശ്വാസമല്ല ഇത്. ആധുനിക മനശ്ശാസ്ത്രജ്ഞരും ഇതംഗീകരിക്കുന്നുണ്ട്.

''അവനവനെ അറിഞ്ഞവൻ ദൈവത്തെ അറിഞ്ഞു'' വെന്ന പ്രവാചകമൊഴി സുവിദിതമാണ്. ഖുർആനിൽ മനുഷ്യനെ വേറിട്ടു തന്നെ വിവരിക്കുന്നു. 'ഹാമിം'സൂറ 53ൽ ഇങ്ങനെ വന്നിട്ടുണ്ട്: ''നാം അവർക്ക് (മനുഷ്യർക്ക്) നമ്മുടെ സൂചനകൾ ദിക്കുകളിലും അവരുടെ തന്നെ ആത്മാക്കളിലും കാണിച്ചുകൊടുക്കുന്നു- ഇത് സത്യമാണെന്ന് അവർക്ക് വ്യക്തമാകുമാറ്. താങ്കളുടെ നാഥന്റെ വിഷയത്തിൽ, അവൻ എല്ലാറ്റിനും സാക്ഷിയാണെന്നതു തന്നെ മതിയായതല്ലേ!''[39]

ഭൗതികമായി വ്യാഖ്യാനിക്കാനാവാത്ത മനുഷ്യാംശങ്ങൾ ഏവ എന്നു ചോദിക്കാവുന്നതാണ്. ഇതിന് നീണ്ട ചർച്ച ആവശ്യമായി വരും. മാനവികതയുമായും മാനവികമൂല്യങ്ങളുമായും ബന്ധപ്പെട്ട വിഷയമാണിത്. മൃഗങ്ങൾക്ക് ഒരു അതീത യാഥാർത്ഥ്യമില്ല. കുതിര എപ്പോഴും കുതിരയും, നായ എപ്പോഴും നായയും, പുലി എപ്പോഴും പുലിയും തന്നെയാണ്. എന്നാൽ, മനുഷ്യന് ചിലപ്പോൾ മനുഷ്യത്വം ഇല്ലാതാവാം. ഒരാളുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന ഗുണങ്ങളാണത്. അവ ഇഹലോകത്തിലാണ് പ്രത്യക്ഷപ്പെടുന്നതെങ്കിലും സ്പർശവേദ്യങ്ങളല്ല. ഭൗതികം എന്നതിനേക്കാൾ ആത്മീയമാണവ.

മനുഷ്യന്റെ മനുഷ്യത്വത്തിനുള്ള മാനദണ്ഡവും അവന്റെ വ്യക്തിത്വത്തിന്റെ നിദാനവുമായ ഘടകമെന്താണോ അതിന് രൂപവൽക്കരിക്കുന്നത് മനുഷ്യൻ തന്നെയാണ്. പ്രകൃതിയോ മറ്റാരെങ്കിലുമോ അല്ല. എട്ടാമത്തെ ഇമാം അലി ഇബ്നുമൂസാ അർറിസാ പറയുന്നു: ''ഇവിടെയെന്താണോ അതിലൂടെ അവിടെ എന്താകുമെന്നറിയാം.'' എല്ലാ മാനുഷികമൂല്യങ്ങളെയും കൂടി ഒരൊറ്റ മൂല്യത്തിൽ സംഗ്രഹിക്കാമെന്നും മനുഷ്യന് ജന്തുസഹജമായ വേദനകൾക്കെല്ലാം ഉപരിയായിട്ടുള്ള ഒരു വേദന അനുഭവപ്പെടലാണതെന്നും മുമ്പു സൂചിപ്പിച്ചു. ഇഹലോകത്തിൽ ഒരുതരം അന്യത അനുഭവിക്കുന്നതിന്റെയും മറുലോകത്തിലെ മൂലസ്ഥാനത്തിൽ നിന്നും വേർപ്പെടുത്തപ്പെട്ടതിന്റെയും വേദനയാണത്. മാതൃഭവനത്തിലേയ്ക്കു അഥവാ ദൈവത്തിലേയ്ക്കുള്ള മടക്കത്തിനാണ് അവൻ മോഹിക്കുന്നത്. ഭൂലോകത്തിൽ നിന്നു സ്വർഗ്ഗത്തിലേയ്ക്ക് അവന് മടങ്ങണം. അവിടെ നിന്ന് ഇറക്കിവിട്ടതാണവനെ. എങ്കിലും ഇഹലോകത്തിലേയ്ക്കുള്ള അവന്റെ വരവ് അബദ്ധമോ വിഡ്ഢിത്തമോ അല്ല. അത് സോദ്ദേശ്യമാണ്.

ഒരാൾ എത്ര ഉയർന്നാലും പൂർണ്ണത നേടിയാലും ഇനിയും പുരോഗമിക്കാനുണ്ട് എന്ന ബോധം അയാൾക്കു പിന്നെയുമുണ്ടായിരിക്കും. ആഗ്രഹിച്ചത് കൈവരുന്നതോടെ അതിനോടുള്ള ബന്ധം അയാൾക്ക് കുറഞ്ഞുവരികയായി. ഒരാൾ അന്യദേശത്തെ ഒരു മ്യൂസിയം ചുറ്റിക്കാണുകയായിരുന്നു. അയാൾ അവിടെ അതീവ സുന്ദരിയായ ഒരു സ്ത്രീയുടെ പ്രതിമ കണ്ടു. അവൾ ഒരു കട്ടിലിൽ കിടക്കുകയാണ്. തൊട്ടടുത്ത് സുന്ദരനായ ഒരു യുവാവിന്റെ പ്രതിമയുമുണ്ട്. യുവാവ് ഒരു കാൽ നിലത്തും മറുകാൽ കട്ടിലിലും വച്ചുനിൽക്കുകയാണ്. സ്ത്രീപ്രതിമയുടെ നേരം പുറം തിരിഞ്ഞോടാനോങ്ങുന്നതായാണ് അയാളുടെ നിൽപ്പ്. മ്യൂസിയം കണ്ടുകൊണ്ടിരുന്ന കക്ഷിക്ക് ആ രംഗത്തിന്റെ പൊരുൾ മനസ്സിലായില്ല. എന്താണതുകൊണ്ടുദ്ദേശിക്കുന്നതെന്ന് അയാൾ അന്വേഷിച്ചു. മനുഷ്യൻ താൻ പ്രാപിച്ചിട്ടില്ലാത്ത എന്തിന്റെയെങ്കിലും നേരെ വലിയ താൽപര്യത്തിലും ഉത്സാഹത്തിലും തിരിയുമെങ്കിലും പ്രാപിച്ചുകഴിഞ്ഞാൽ അതിനോടുള്ള അവന്റെ താൽപര്യവും ഉത്സാഹവും അവിടെവെച്ച് കുഴിച്ചുമൂടപ്പെടുന്നുവെന്ന പ്ലേറ്റോയുടെ ആശയത്തെ മൂർത്തവൽക്കരിക്കുന്ന ഒന്നായിരുന്നുവത്രെ ആ ശിൽപം. വിരസതയുടെയും മടുപ്പിന്റെയും ഒളിച്ചോട്ടത്തിന്റെയും അടിസ്ഥാനമിതാണ്.

ഈ പ്രശ്നത്തെപ്പറ്റി അഗാധമായി ആലോചിച്ചവർ പറയുന്നതിതാണ്. പരിമിതവും നശ്വരവുമായ ഒന്നിനോടും സ്നേഹം നിലനിർത്താൻ മനുഷ്യനു കഴിയില്ല. കേവല പൂർണ്ണത എവിടെയാണോ അവിടേയ്ക്കാണ് അവന്റെ സ്നേഹം ചിറകടിച്ചുയരുന്നത്. കേവല പൂർണ്ണത ദൈവമാണ്. ദൈവത്തെ നിഷേധിക്കുന്നവരും തള്ളിപ്പറയുന്നവരും തങ്ങളുടെ പ്രകൃതിയുടെ അടിയിൽ അവൻ ദൈവത്തെ സ്നേഹിക്കുന്നത് അറിയുന്നില്ല. അവർക്ക് വഴിയടയുകയും തങ്ങളുടെ പ്രിയനെ നഷ്ടപ്പെട്ടിരിക്കുകയുമാണ്. ''ആരും സ്വന്തം ദൈവത്തെയല്ലാതെ സ്നേഹിക്കുന്നില്ലെ''ന്ന് മുഹ്‌യിദ്ദീൻ അറബി പറയുന്നു. ദൈവത്തെക്കുറിച്ചോ ദൈവപൂജയെക്കുറിച്ചോ മനുഷ്യരെ പഠിപ്പിക്കാനല്ല നബിമാർ വന്നത്. കാരണം, അത് മനുഷ്യപ്രകൃതിക്കു സഹജമാണ്. ശരിയായ പാതയും തെറ്റായ പാതയും വേർതിരിച്ചു കാണിക്കുകയും കേവല പൂർണ്ണതയോടുള്ള സ്നേഹബന്ധത്തിലാണ് യഥാർത്ഥത്തിൽ തങ്ങളുള്ളതെന്ന വസ്തുതയിലേക്ക് അവരെ ഉണർത്തുകയുമാണ് പ്രവാചകന്മാർ ആഗതരായതിന്റെ ഉദ്ദേശ്യം. പണത്തിലും പദവിയുമാണ് പൂർണ്ണത എന്ന് ചിന്തിക്കുന്നത് തെറ്റാണ്. മനുഷ്യർക്ക് അവരുടെ പ്രകൃതിയുടെ മേൽ വീണുകിടക്കുന്ന മറ നീക്കി തങ്ങളുടെ യഥാർത്ഥ സ്നേഹഭാജനത്തെ ആരാധിച്ച് കണ്ടെത്തുന്നതിന് സഹായിക്കാനാണ് പ്രവാചകന്മാർ വന്നത്. അലിയിൽ അത് നാം കണ്ടു. ഖുർആൻ 'അർറഅ്ദ്' സൂറ 27ൽ പറയുന്നു: ''വിശ്വസിക്കുകയും തങ്ങളുടെ ഹൃദയങ്ങൾക്ക് ദൈവസ്മരണയിൽ ശാന്തി ലഭിക്കുകയും ചെയ്യുന്നവർ. ദൈവസ്മരണ മൂലമാണ് ഹൃദയശാന്തി ലഭിക്കുകയെന്നറിയുക.''

സമ്പത്തോ സ്ഥാനമോ സുഖാസ്വാദനമോ വേണ്ടെന്ന് ഖുർആൻ പറയുന്നില്ല. അവ സമാധാനവും സ്വാസ്ഥ്യവും തരുന്നില്ലെന്നു പറയുന്നുണ്ട്. കാരണം, അവ ആത്യന്തികലക്ഷ്യമല്ല.

ഇതര ചിന്താഗതികളും മാനുഷികമായ ഒരുതരം വേദനയിൽ ഊന്നുന്നുണ്ട്. പക്ഷെ, അത് ദൈവത്തിനായുള്ള വേദനയല്ല, ദൈവത്തിന്റെ സൃഷ്ടികൾക്കായുള്ളതാണ്. പൂർണ്ണതയിലേക്കുള്ള മനുഷ്യന്റെ പുരോഗതിയെക്കുറിച്ചു പറയുന്നിടത്ത് ജ്ഞാനവാദികൾ മനുഷ്യൻ നാലു യാത്രകളിൽ ഏർപ്പെടുന്നതായി സൂചിപ്പിക്കുന്നു. 1. ദൈവത്തിലേയ്ക്കുള്ള മനുഷ്യന്റെ യാത്ര. 2. ദൈവത്തോടൊപ്പം ദൈവത്തിലൂടെയുള്ള യാത്ര; ദൈവത്തെ അറിയലാണിത്. 3. ദൈവത്തോടൊപ്പം സൃഷ്ടികളിലേയ്ക്കുള്ള തിരിച്ചെത്തൽ. 4. ദൈവത്തോടൊപ്പം സൃഷ്ടികളിലൂടെയുള്ള യാത്ര. [42].

സാധ്യമായതിൽവെച്ച് ഏറ്റവും നല്ല ഒരു വിവരണമാണിത്. മനുഷ്യൻ ദൈവത്തിൽ നിന്ന് എത്രത്തോളം അകറ്റപ്പെടുന്നുവോ അതിനനുസരിച്ച് സംഗതികൾ അവതാളത്തിലായിക്കൊണ്ടിരിക്കും. ദൈവത്തെ അറിയുകയും സമീപിക്കുകയും അവന്റെ സാന്നിധ്യം അനുഭവിക്കുകയും ചെയ്യുന്നതോടെ ദൈവത്തോടൊപ്പം അവൻ ഇതര സൃഷ്ടികളിലേയ്ക്കു മടങ്ങുന്നു. അവരെ സഹായിക്കുകയും രക്ഷിക്കുകയും ദൈവത്തോടടുപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ ഒരു മനുഷ്യൻ മനുഷ്യരെ വിട്ട് ദൈവത്തിലേയ്ക്കു യാത്ര ചെയ്യുന്നുവെന്ന് പറയുന്നതിനർത്ഥം അയാൾ യാതൊന്നും നേടുന്നില്ലെന്നാണ്. ദൈവത്തിലേയ്ക്കു ചെല്ലാതെ ജനങ്ങളിലേയ്ക്കാണു ചെല്ലുന്നതെങ്കിലോ, ഇന്നത്തെ ഒരു ഭൗതികവാദിയെപ്പോലെയാണയാൾ. അയാളുടെ പ്രവർത്തനങ്ങൾ ആത്യന്തികമായ അർത്ഥത്തിൽ വിഫലമാണ്. അഥവാ ഒന്നും ചെയ്യാത്തതിനു സമം. ആദ്യം സ്വയം വിമോചിപ്പിച്ച ഒരാൾക്കേ മറ്റുള്ളവരെ പ്രകൃതിയുടെയോ ഇതര മനുഷ്യരുടെയോ അടിമത്തത്തിൽ നിന്നു വിമോചിപ്പിക്കാനാകൂ. ഒന്നാമതായി, ദേഹേച്ഛകൾക്കും രണ്ടാമതായി ബാഹ്യപ്രകൃതിക്കും ഇതര മനുഷ്യർക്കും തന്റെ മേൽ മേധാവിത്വമുണ്ടാകുന്നതിൽ നിന്ന് രക്ഷപ്പെടലാണത്.

ഇസ്‌ലാമിന്റെ വീക്ഷണത്തിൽ മനുഷ്യനെ മറ്റുള്ളവരുടെ വേദന മനസ്സിലാക്കുന്നവനായിട്ടു കണ്ടാൽ മതിയാകുമോ, അതോ ദൈവത്തിനുവേണ്ടി വികാരം കൊള്ളുകയും തുടർന്ന് അവന്റെ സൃഷ്ടികൾക്കു വേണ്ടി വേദനിക്കുകയും ചെയ്യുന്നവനായിട്ടു കാണണോ? 'അൽകഹ്ഫ്' സൂറ 6-ൽ പറയുന്നു: ''അവർ ഈ വിളംബരത്തിൽ വിശ്വസിക്കാത്തതു കാരണം താങ്കൾ അവരുടെ പിന്നാലെ നടന്ന് സ്വയം ഹനിച്ചുകളഞ്ഞെന്നു വരും.''[43]

ജനങ്ങളുടെ മോചനത്തിലും മാർഗ്ഗദർശനത്തിലുമുള്ള പ്രവാചകരുടെ ആവേശം അവിടുത്തെ ജീവഹാനിക്കുപോലും ഇടയാക്കുമാറ് ഉദ്വേഗപൂർണ്ണമായിരുന്നുവെന്നാണ് മേൽകൊടുത്ത വാക്യം സൂചിപ്പിക്കുന്നത്. തുടർന്ന് 'ത്വാഹ' 2-ാം വാക്യത്തിൽ ഇങ്ങനെ വായിക്കാം: ''താങ്കൾ ക്ലേശിക്കാനല്ല നാം താങ്കൾക്ക് ഖുർആൻ അവതരിപ്പിച്ചത്.''[44] 'ബറാഅത്ത്' സൂറ 128-ൽ പ്രവാചകരുടെ നിലപാട് വിവരിക്കുന്നതിങ്ങനെയാണ്. നിങ്ങൾക്കു നിങ്ങളിൽ നിന്നുത നിങ്ങൾ ക്ലേശിക്കുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ കാര്യത്തിൽ വളരെ ഉത്സുകനാണദ്ദേഹം. സത്യവിശ്വാസികളോടു ദയാലുവും കരുണാപനുമാണ്.''[45] പ്രവാചകർ മറ്റുള്ളവർക്കുവേണ്ടി ദു:ഖിക്കുന്നതും അങ്ങേയറ്റം ക്ലേശിക്കുന്നതുമാണ് ഇത്തരം വാക്യങ്ങളിൽ പ്രതിഫലിച്ചുകാണുന്നത്.

ഒരു മുസ്‌ലിമിന് ദൈവബോധമുള്ളതിനോടൊപ്പം ദൈവത്തിന്റെ സൃഷ്ടികളെക്കുറിച്ചും ബോധമുണ്ടായിരിക്കണം. വാത്സല്യനിധിയായ ഒരു പിതാവ് മക്കളുടെ കാര്യത്തിൽ കാണിക്കുന്ന താൽപര്യവും ഉൽക്കണ്ഠയുമാണ് പ്രവാചകർ അവിടുത്തെ അനുയായികളോടു കാണിച്ചിരുന്നത്. പിതാവ് മക്കളുടെ വിദ്യാഭ്യാസ വിഷയത്തിൽ കണക്കിലേറെ ഉൽക്കണ്ഠപ്പെടുന്നതും എമ്പാടും പണം ചെലവാക്കുന്നതും കാണുമ്പോൾ അയാൾക്ക് മക്കളെ ഉദ്യോഗസ്ഥരാക്കാനുള്ള വ്യഗ്രതയായിട്ട് അതിനെ പുറത്തുള്ളവർ വീക്ഷിക്കാറുണ്ടല്ലോ. ഏതാണ്ട് ഇതുപോലുള്ള വ്യഗ്രത പ്രവാചകർക്ക് അനുയായികളുടെ കാര്യത്തിലുണ്ടായിരുന്നു.

നഹ്ജുൽ ബലാഗ വായിക്കുമ്പോൾ, ഇമാം അലിക്കും തന്റെ അനുയായികളുടെ വിഷയത്തിൽ ഇതുപോലുള്ള താൽപര്യവും ഉൽക്കണ്ഠയും ഉണ്ടായിരുന്നത് നമുക്ക് കാണാം.

ഒരിക്കൽ ഉസ്മാൻ ഇബ്നുഹുനൈഫ്[46] ബസറയിൽ ഒരു സദ്യയിൽ പങ്കെടുത്ത വിവരം ഇമാമിനു കിട്ടി. അതൊരു ഉപരിവർഗ്ഗസദ്യയായിരുന്നു. മദ്യപാനമോ ചൂതുകളിയോ അന്യസ്ത്രീകളുമായുള്ള ബന്ധമോ യാതൊന്നും ആ സദ്യയിലുണ്ടായിരുന്നില്ല. പാവപ്പെട്ടവരാരും അതിൽ സംബന്ധിച്ചിരുന്നില്ല എന്ന ഒരേ ഒരു ദോഷത്തിന്റെ പേരിൽ, തന്റെ ഗവർണർ അതിൽ പങ്കെടുത്തതിനെ അലി ആക്ഷേപിച്ചു. തുടർന്ന് തന്റെ വേദന അദ്ദേഹം തുറന്നുപറഞ്ഞു. തനിക്കു വേണമെങ്കിൽ എല്ലാതരം സുഖാഡംബരങ്ങളുടെയും മാർഗ്ഗങ്ങൾ സ്വായത്തമാക്കമായിരുന്നുവെന്നും, പക്ഷെ, താൻ തന്റെ ജീവിതത്തിന്റെ കടിഞ്ഞാൺ ദേഹേച്ഛകളുടെ കൈയിൽ കൊടുക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാ ഭൂപ്രദേശങ്ങളിലുമുള്ള കഷ്ടപ്പെടുന്ന ദരിദ്ര വിഭാഗങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹം ചിന്തിച്ചിരുന്നത്. അതാണല്ലോ മറ്റുള്ളവരുടെ വേദനയറിയുകയെന്നതിന്നർത്ഥം. ‘‘വിശ്വാസികളുടെ വിഷമങ്ങൾ പങ്കുവെയ്ക്കാതെ ‘ഖലീഫ’യെന്നും ‘അമീറുൽ മുഅ്മിനീൻ’ (വിശ്വാസികളുടെ അധിപതി) എന്നുമുള്ള മേൽപട്ടങ്ങൾകൊണ്ട് ഞാൻ സംതൃപ്തനാകണമോ?’’, അലി ഒരിക്കൽ ചോദിച്ചു.

ഒരാൾക്ക് ചൊറിയുണ്ടായലത്തെ അസ്വസ്ഥതയോടും, മാന്തുമ്പോഴത്തെ സുഖത്തോടുമാണ് അവിസെന്ന ഈ വേദനയെ താരതമ്യം ചെയ്തിരിക്കുന്നത്. അതൊരു കൈപ്പുറ്റ അനുഭവമല്ല. ഇമാം ഹുസൈനെയോർത്ത് വിലപിക്കുമ്പോൾ കണ്ണീർ വരുന്നത് വേദനിക്കുന്നതുകൊണ്ടാണ്. എന്നാൽ ആ വേദന കരയുന്നയാൾക്കിഷ്ടമാണ്. അതുകൊണ്ടാണയാൾ അത്തരം ചടങ്ങുകളിൽ സംബന്ധിക്കുന്നത്. തന്റെ ആത്മാവിനെ വേറിട്ടുകൊണ്ടല്ല അയാൾ അനുഭവിക്കുന്നത്. മറിച്ച്, എല്ലാ ജനങ്ങളിലും നിറഞ്ഞുനിൽക്കുന്ന ആത്മാവിനെ അതിന്റെ സാകല്യത്തിൽ അയാൾ അനുഭവിക്കുന്നു. എല്ലാ ഐശ്വര്യവിഭവങ്ങളും ഉള്ളതിനോടുകൂടി അലിയുടേതുപോലുള്ള ആത്മാവിനോടു ആനുരൂപ്യം നേടുവാൻ വേണ്ടി കണ്ടം വെച്ച ചെരിപ്പു ധരിച്ചു നടക്കാൻ ഒരാളെ പ്രേരിപ്പിക്കുന്നത് ഈയൊരു ചൈതന്യമാണ്. ഒരു കവിവാക്യം ശ്രദ്ധിക്കുക:

‘‘സകലരും പേറുന്ന വേദനാ സകലതും
സ്വന്തമായ് വാങ്ങി വഹിക്കമൂലം
ഉത്തരവാദിത്ത വണ്ണം പെരുത്തവ-
രുത്തമരാം മഹിതാപുരുഷർ!’’

അലി ഒരിക്കൽ വെള്ളം നിറച്ച തോൽസഞ്ചിയുമായി പോകുന്ന ഒരു സ്ത്രീയെ കണ്ടു. അവൾക്ക് മറ്റാരുമില്ലാഞ്ഞിട്ടായിരിക്കും അവളതും പേറിപോകുന്നതെന്നു ചിന്തിച്ച അലി അവളെ സഹായിക്കാൻ സന്നദ്ധനായി. അവളത് സമ്മതിച്ചു. അലി വെള്ളപ്പാത്രവുമായി അവളുടെ വീടിനു നേരെ നടന്നു. വീട്ടിലെത്തിയ ശേഷം അവളുടെ സ്ഥിതിഗതികളന്വേഷിച്ചു. തനിക്കാരുമില്ലെന്നും ഭർത്താവ് അലി ഇബ്നു അബീതാലിബിന്റെ സേവനത്തിൽ കഴിയവെ കൊല്ലപ്പെട്ടുവെന്നുമുള്ള വിവരം ആ സ്ത്രീ അദ്ദേഹത്തോടു പറഞ്ഞു. ഇതുകേട്ടതോടെ അലിയുടെ ദേഹമാകെ അവളോടുള്ള സഹതാപം കൊണ്ടുരുകാൻ തുടങ്ങി. അദ്ദേഹം തന്റെ ചില കൂട്ടുകാരെയും കൂട്ടി കുറെ ഭക്ഷണസാധനങ്ങളുമായി അവളുടെ വീട്ടിലെത്തി. മാംസം വേവിച്ച് അവളുടെ കുട്ടികൾക്ക് തിന്നാൻ കൊടുത്ത് അവരെ തലോടിക്കൊണ്ട് അദ്ദേഹം പറഞ്ഞു: ‘‘നിങ്ങളെ ശ്രദ്ധിക്കാൻ കഴിയാതെ പോയതിന് അലിയോടു പൊറുക്കണം.’’ അനന്തരം കത്തുന്ന അടുപ്പിനോടു ചേർന്നു നിന്നുകൊണ്ട് അദ്ദേഹം ആത്മഗതം ചെയ്തു. ‘‘അലീ, ഈ ചൂട് കുറച്ച് അനുഭവിക്കുക, എങ്കിലേ അനാഥകളെയും അഗതികളെയും മറ്റും ശ്രദ്ധിക്കാതെ പോകാതിരിക്കേണ്ടതിന് നരകത്തീയിന്റെ ചൂട് നിനക്കോർമ്മ വരികയുള്ളൂവെന്നാണ് തോന്നുന്നത്!’’ ഇതാണ് ഇസ്‌ലാമിലെ പൂർണ്ണമനുഷ്യന്റെ മാതൃക.

ചില അടിസ്ഥാനമൂല്യങ്ങൾ ഉയർന്നുവന്ന് മറ്റ് മൂല്യങ്ങളെ നിരാകരിക്കുന്നതിനെക്കുറിച്ച് നാം മുമ്പ് സൂചിപ്പിച്ചു. ആരാധനയിലേയ്ക്കുള്ള മുഴുവനായ ചായ്‌വ് മറ്റു വശങ്ങളെയെല്ലാം വിസ്മരിപ്പിക്കുന്നത് ഉദാഹരണം. ഇസ്‌ലാമിന്റെ സാമൂഹിക വശങ്ങളിലേയ്ക്കുള്ള ചായ്‌വ് ഭക്തിപരമായ കർത്തവ്യങ്ങളെ അവഗണിക്കുന്ന മൂലതരംഗങ്ങളായി മാറിയതായിട്ടും അനുഭവപ്പെടുന്നുണ്ട്. ഇസ്‌ലാമിന്റെ മിതശൈലിയിൽ നിന്നു വ്യതിചലിക്കുമ്പോൾ സമൂഹത്തെ മറന്നുകൊണ്ടുള്ള ഭക്തിമാർഗ്ഗവും ഭക്തി മറന്നുകൊണ്ടുള്ള സാമൂഹികമാർഗ്ഗവും തമ്മിലെന്തു വ്യത്യാസം?

ഖുർആൻ ‘അൽഫത്ഹ്’ സൂറ 29ൽ പറയുന്നു: ‘‘അല്ലാഹുവിന്റെ ദൂതർ മുഹമ്മദും അദ്ദേഹത്തിന്റെ കൂടെയുള്ളവരും സത്യനിഷേധികൾക്കെതിരിൽ ഉറച്ച മനസ്സുള്ളവരാണ്. തമ്മിൽ തമ്മിൽ കരുണയുള്ളവരുമാണ്. അല്ലാഹുവിന്റെ അനുഗ്രഹവും തൃപ്തിയും കാംക്ഷിച്ചുകൊണ്ട് അവർ കുമ്പിടുന്നതും സാഷ്ടാംഗം പ്രണമിക്കുന്നതും കാണാം. സാഷ്ടാംഗപ്രണാണത്തിന്റെ ഫലമായി അവരുടെ മുഖത്ത് അവർക്കൊരടയാളമുണ്ട്. തൗറാത്തിൽ ഇതാണ് അവരുടെ വിശേഷണം. ഇഞ്ചീലിൽ അവരുടെ വിശേഷണം ഒരു വിത്തുപോലെയാണ്. അത് അതിന്റെ

മുള പുറത്തേയ്ക്കു കൊണ്ടുവരുന്നു. എന്നിട്ട് അതിന് കരുത്തുനൽകുന്നു. അപ്പോൾ അത് തടിവെച്ച് വിത്തിട്ടവരെ വിസ്മയിപ്പിച്ചുകൊണ്ട് സ്വന്തം തണ്ടിൽ നിവർന്നുനിൽക്കുന്നു. അവർ കാരണം അവൻ (അല്ലാഹു) സത്യനിഷേധികളെ അരിശം കൊള്ളിക്കേണ്ടതിന്. അവരിൽ നിന്ന് വിശ്വസിക്കുകയും സുകൃതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിട്ടുണ്ട്.''[47].

'അസ്സ്വഫ്ഫ്' സൂറ 4-ൽ ഖുർആൻ പറയുന്നു:''അല്ലാഹു അവന്റെ മാർഗ്ഗത്തിൽ ഒരു ഭദ്രമായ കെട്ടുപോലെ അണിനിന്നു പൊരുതുന്നവരെ സ്നേഹിക്കുന്നു.''[48]

പ്രവാചകരുടെ ശിക്ഷണം സിദ്ധിച്ച അവിടുത്തെ അനുയായികളെയും, സത്യത്തിന്റെ മുഖം പൊത്തുന്ന വിരുദ്ധരെയും ഖുർആൻ മേൽ സൂക്തങ്ങളിൽ ചിത്രീകരിച്ചുകാട്ടുന്നു. വിശ്വാസികൾ സത്യവിരുദ്ധരുടെ എതിർഭാഗത്ത് ഉറച്ചുനിൽക്കുകയാണ്. വിശ്വാസികൾക്കിടയിലാകുമ്പോഴാകട്ടെ, അവർ പൂർണ്ണമായും അവരോടു കരുണാമസൃണമായി ഇടപെടുകയും താദാത്മ്യപ്പെടുകയും ചെയ്യുന്നു.

ഒരു സഹാസ്തിത്വമെന്ന നിലയ്ക്കുള്ള ഇസ്ലാമിക സമൂഹത്തിന്റെ സ്വഭാവമാണിത്. നൂറ്റാണ്ടുകളായി ഇത് ശ്രദ്ധിക്കപ്പെടാതിരിക്കുകയാണ്. മേലുദ്ധരിച്ച 'അൽഫത്ഹ്' 28 ൽ, ഉയർന്ന സാമൂഹിക നിലവാരമുള്ള ജനത സമൂഹത്തിനുവേണ്ടി ദൈവത്തോടു അധികമധികം തേടുന്നതും ദൈവത്തിന്റെ പ്രീതി കാംക്ഷിക്കുന്നതുമാണ് എടുത്തുപറഞ്ഞിരിക്കുന്നത്. പരസ്പരമുള്ള ആത്മദാനത്തിന്റെ ഏറ്റവും ഉയർന്ന നിലവാരമാണിത്. 'ബറാഅത്ത്' സൂറ 112 ൽ ഖുർആൻ പറയുന്നു: ''അവർ അല്ലാഹുവിലേക്കു മടങ്ങുന്നവരും, പ്രകീർത്തിച്ചും വ്രതമനുഷ്ഠിച്ചും കുമ്പിട്ടും പ്രണമിച്ചും അവനെ ആരാധിക്കുന്നവരും നന്മ കൽപ്പിക്കുകയും തിന്മ തടയുകയും ചെയ്യുന്നവരും, അല്ലാഹുവിന്റെ അതിർത്തികൾ കാക്കുന്നവരുമാകുന്നു. വിശ്വാസികൾക്കു സന്തോഷവാർത്ത നൽകുക.''[49] സമൂഹത്തെ സമുദ്ധരിക്കുന്ന ഒരു ജനതയുടെ ദൈവികമായ ഗുണങ്ങളാണിപ്പറഞ്ഞത്.

'ആലു ഇമ്രാൻ' സൂറ 17ൽ ഖുർആൻ പറയുന്നു: ''സഹനശീലരും സത്യസന്ധരും അനുസരണയുള്ളവരും ചെലവഴിക്കുന്നവരും പ്രഭാതങ്ങളിൽ മാപ്പിരക്കുന്നവരും.''[50]

ഖുർആൻ സഹനമെന്ന പദം (സ്വബ്ർ) ചെറുത്തുനിൽപ്പിന്റെ സ്ഥാനത്തുപയോഗിക്കുന്നു. യുദ്ധമുന്നണിയിൽ സത്യസന്ധതയോടും വിശ്വസ്തതയോടും കൂടിയുള്ള ഉറച്ചുനിൽപ്പിന് വിശേഷിച്ചും ഇപ്പദമുപയോഗിക്കാറുണ്ട്. മേൽപറഞ്ഞ വാക്യത്തിലെ ഗുണങ്ങൾ പരസ്പരം അഭേദ്യങ്ങളാണ്.

പന്ത്രണ്ടാമത്തെ ഇമാം ഹുജ്ജത്തിന്റെ[51] സഹകാരികളെക്കുറിച്ച് വ്യത്യസ്ത നിവേദനങ്ങൾ വഴി ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: ''രാത്രിയിൽ അവർ സന്യാസികളാണ്. പകൽ പുലികളും.'' പ്രവാചകരുടെ അനുയായികളെക്കുറിച്ച് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. ''പ്രവാചകർ അവിടുത്തെ പതിവനുസരിച്ച് ഒരു ദിവസം സുഫ്ഫാ സഹോദരന്മാരെ[52] സന്ദർശിക്കാൻ ചെന്നു. സൂര്യോദയത്തിന്റെ കുറച്ചു മുമ്പായിരുന്നു അത്. ഒരു യുവാവുണ്ട് പ്രാഞ്ചിപ്പോകുന്നു. അയാളുടെ കണ്ണുകൾ കുഴികളിലാണ്ടിരിക്കുന്നു. ആകെക്കൂടി വിളറിയ രൂപം! പ്രവാചകർ ചോദിച്ചു: ''താങ്കളുടെ പ്രഭാതം എങ്ങനെയാണാരംഭിച്ചത്?'' യുവാവിന്റെ മറുപടി: ''ദൃഢവിശ്വാസത്തോടുകൂടി തന്നെ! അതായത്, അങ്ങയുടെ നാവിൽ നിന്ന് എന്റെ ചെവി കേട്ടത് ഞാൻ എന്റെ ആന്തര ദൃഷ്ടികൊണ്ട് കണ്ടു." പ്രവാചകർ: ''ഏതൊരു കാര്യത്തിനും ഒരു അടയാളമുണ്ട്. താങ്കളുടെ ദൃഢവിശ്വാസത്തിനുള്ള അടയാളമെന്താണ്?" യുവാവ്: "അതെന്നെ പകലിൽ ദാഹിച്ചിരുത്തുകയും രാത്രിയിൽ ഉറക്കമൊഴിച്ചിരുത്തുകയും ചെയ്യുന്നു." വ്രതം മുറിക്കാനോ ഉറങ്ങാനോ അദ്ദേഹത്തിന്റെ വിശ്വാസം അദ്ദേഹത്തെ അനുവദിക്കുന്നില്ലെന്നു സാരം. പ്രവാചകർ: "ഇതുപോരാ. ഇതിലപ്പുറമെന്തെങ്കിലും അടയാളം?" യുവാവ്: "ഇപ്പോൾ ഞാൻ ഈ ലോകത്തിലാണ്. എന്നാൽ, ഞാൻ പരലോകത്തെ ദർശിക്കുന്നു. നരകവാസികളുടെയും സ്വർഗ്ഗവാസികളുടെയും ശബ്ദം ഞാൻ കേൾക്കുന്നുണ്ട്." പ്രവാചകർ: "എന്താണ് താങ്കളുടെ ആഗ്രഹം?" യുവാവ്: "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷിത്വം വരിക്കണം." (റൂമിയുടെ ഒരു കവിതയിൽ ഇതെല്ലാം പ്രതിഫലിച്ചിട്ടുണ്ട്). ഈ യുവാവ് ഒരു യഥാർത്ഥ മുസ്ലിമാണ്. തന്റെ രാപ്പകലുകൾ രക്തസാക്ഷിത്വത്തിന്റെ അൾത്താരയിൽ സമർപ്പിക്കുകയാണദ്ദേഹം. തന്റെ ദൈവബോധമാണ് സമൂഹത്തിന്റെ കാര്യത്തിലുള്ള വേദന അദ്ദേഹത്തിൽ ഉൽപാദിപ്പിച്ചത്. 'അൽബഖറ' 153ൽ ഖുർആൻ പറയുന്നു: ''വിശ്വാസികളേ, സഹനവും പ്രാർത്ഥനയും വഴി നിങ്ങൾ സഹായം തേടുവിൻ. അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണ്.''[53]

സമൂഹത്തിൽ ഒരു വിശ്വസ്തനായ മുസ്ലിം ആകാൻ നാം ആത്മാർത്ഥതയോടെ പ്രാർത്ഥിക്കണം. ചിലർ പ്രാർത്ഥനയെ പുച്ഛിക്കുന്നു. പ്രായമായവർക്കുള്ളതായിട്ടാണ് അവരതിനെ ഗണിക്കുന്നത്. സാമൂഹ്യ പ്രതിബദ്ധതയെ മാത്രമേ അവർ ഉൽബുദ്ധതയായി ഗണിക്കുന്നുള്ളൂ. ഹസ്രത്ത് ഉമർ ബാങ്കിൽ നിന്ന് ''ഹയ്യഅലാ ഖൈറിൽ അമൽ'' (ഏറ്റവും ഉത്തമമായ കർമ്മത്തിലേയ്ക്ക് വരിക) എന്ന ഭാഗം ഒഴിവാക്കിയത്രെ. അതൊരു പ്രബുദ്ധമായ നടപടിയായിരുന്നു അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ. പക്ഷെ, അത് ഉചിതമായി എന്നു പറയാൻ വയ്യ.[54] ഇസ്ലാമിക വിജയങ്ങൾ മൂർദ്ധന്യത്തിലെത്തിയ ഉത്സാഹപ്രകർഷത്തിന്റെ കാലഘട്ടമായിരുന്നു ഹസ്രത്ത് ഉമറിന്റേത്. പട്ടാളക്കാർ സംഘങ്ങളായി ശത്രുവിനെ ആക്രമിച്ചു. എണ്ണത്തിൽ കുറവായിട്ടും അവർ ശത്രുസൈന്യത്തെ നാമാവശേഷമാക്കി. അമ്പതിനായിരമോ അറുപതിനായിരമോ വരുന്ന മുസ്ലിം സൈന്യം അനേകലക്ഷം പട്ടാളക്കാരുള്ള രണ്ടു സാമ്രാജ്യങ്ങൾക്കെതിരിൽ പടവെട്ടി.[55] ഇസ്ലാമിക സൈന്യം രണ്ടു മുന്നണികളിലും നിന്നുപൊരുതി. രണ്ടിലും അവർ വിജയിച്ചു. അത്തരമൊരു ഘട്ടത്തിൽ മേൽപറഞ്ഞ 'ഹയ്യഅലാ ഖൈറിൽ അമൽ' എന്ന വാക്ക് ബാങ്കിൽ നിന്ന് എടുത്തൊഴിവാക്കിയതിന്റെ കാരണമിതായിരുന്നുവത്രെ. ഏറ്റവും ഉത്തമമായ ആരാധനാകർമ്മമാണ് നമസ്കാരമെങ്കിൽ അതിലേക്കു ജനങ്ങളെ വിളിക്കുമ്പോൾ യുദ്ധം പോലുള്ള മറ്റു ഉത്തമ ആരാധനാകർമ്മങ്ങളിലേക്കു പിന്നെയെന്തിനു അവരെ ക്ഷണിക്കുന്നുവെന്ന് അവർ ചിന്തിക്കാനിടയുണ്ട്. അതവരെ വ്യതിചലിപ്പിക്കു

കയും മറ്റു കർമ്മങ്ങൾക്കു നമസ്കാരത്തെ പകരമാക്കാൻ അത് അവർക്കൊരു പ്രേരണയായിത്തീരുകയും ചെയ്തേയ്ക്കും. അങ്ങനെ ''ഏറ്റവും ഉത്തമമായ കർമ്മത്തിലേയ്ക്കു വരുവിൻ'' എന്നതിന്റെ സ്ഥാനത്ത് നമസ്കാരം ഉറക്കത്തേയ്ക്കാൾ ഉത്തമാണെ''ന്ന വാക്ക് അദ്ദേഹം മാറ്റി നിർദ്ദേശിച്ചു.[56]

ഇസ്ലാമിന്റെ കൊച്ചുസൈന്യം എന്തുകൊണ്ട് വിജയം നേടിയെന്ന് ചിന്തിക്കേണ്ടതായിരുന്നു. പേഴ്സ്യയേയ്ക്കാളും റോമിനേയ്ക്കാളും വലിയ ആയുധശക്തി അറബികൾക്കുണ്ടായിരുന്നതിനാലാണോ അവർ വിജയിച്ചത്? ഒരിക്കലുമല്ല. എല്ലാവിധ സജ്ജീകരണങ്ങളുമുള്ള അന്നത്തെ രണ്ട് നാഗരിക രാഷ്ട്രങ്ങളായിരുന്നു പേഴ്സ്യയും റോമും. അറബികളുടെ ആയുധങ്ങൾ അവയുടെ മുമ്പിൽ തികച്ചും അപ്രധാനങ്ങളായിരുന്നു. അറബികൾ പരമ്പരാഗതമായി ശക്തരായിരുന്നതുകൊണ്ടാണോ ആ വിജയം? അതുമല്ല. ഇറാൻ ചക്രവർത്തി ഷാപ്പൂർ അറബികളെ കീഴ്പ്പെടുത്തിയതും ഇരുമ്പുചങ്ങലക്കിട്ടതുമെല്ലാം ഇറാനികളുടെ ശക്തിയും അറബികളുടെ ബലഹീനതയുമാണ് കാണിക്കുന്നത്. വിശ്വാസത്തിന്റെ ശക്തിയാണ് പേഴ്സ്യയുടെയും റോമിന്റെയും സൈന്യങ്ങളെ തോൽപ്പിക്കാൻ അവരെ കരുത്തരാക്കിയത്. ''ഉത്തമ കർമ്മങ്ങളിലേയ്ക്കു ധൃതിപ്പെട്ടു വരിക'' എന്ന ബാങ്കിലെ ആ വചനമുണ്ടല്ലോ, അതിൽനിന്ന് ഉയിർക്കൊണ്ട ശക്തിയാണത്. ഒരു മനുഷ്യൻ രാത്രിയിൽ ദൈവത്തോടുള്ള ആത്മവിനിമയത്തിന് എഴുന്നേൽക്കുമ്പോൾ അയാളിൽ മനോദാർഢ്യവും കർമ്മവീര്യവും ഉണരുന്നു. പ്രാർത്ഥന വിശ്വാസം പുതുക്കലാണ്. നമസ്കാരത്തിൽ 'അല്ലാഹു അക്ബർ' (അല്ലാഹുവാണ് ഏറ്റവും വലുത്) എന്ന ധ്വനി ആവർത്തിച്ചുരുവിടുക വഴി വിശ്വാസിയുടെ കണ്ണിൽ മറ്റെന്തും ചെറുതും പ്രാധാന്യം കുറഞ്ഞതുമായിമാറുകയാണ്. അയാളുടെ മുമ്പിൽ ലക്ഷക്കണക്കിന് പട്ടാളക്കാർ വന്നുനിന്നാലും ''ഇതിനേയ്ക്കാളെല്ലാം വലുത് അല്ലാഹുവാണെന്നും അവനാണ് എല്ലാ ശക്തിയുടെയും ഉടമയെന്നും അവനെയാണ് നാം ആശ്രയിക്കുന്നതെ''ന്നുമുള്ള വിശ്വാസവും വിചാരവുമായിരിക്കും അയാളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുക. ഈ പ്രാർത്ഥനയാണ് അയാൾക്ക് ശക്തി പകരുന്നത്. യുദ്ധം ബാധ്യതയാകുമ്പോൾ യുദ്ധത്തിനു പോകാതെ പള്ളിയിൽ നമസ്കരിച്ചു കഴിഞ്ഞുകൂടാ. നമസ്കാരം ദൈവത്തിങ്കൽ സ്വീകാര്യമാകാനുള്ള ഉപാധിയാണ് അന്നേരം യുദ്ധത്തിനു പോകേണ്ടത്. യുദ്ധം സ്വീകാര്യമാകാനുള്ള ഉപാധി നമസ്കാരമായതുപോലെ തന്നെ യുദ്ധത്തിനു പോകേണ്ടി വരുമ്പോൾ അതിനു പോകാതെ നമസ്കരിച്ചു നിൽക്കുന്നതുകൊണ്ട് പ്രയോജനമില്ല.

ഇസ്ലാമിന്റെ മൂല്യവ്യവസ്ഥയിൽ ഭക്തി ഒന്നാം സ്ഥാനത്താണ്. എന്നാൽ ഖുർആനികമായ മാനദണ്ഡങ്ങൾക്കനുസരൂപമായ ഉപാധികളോടെയാണത്. ദുർവൃത്തികൾക്കു തടസ്സമാവുകയെന്ന ഫലം കാണിക്കുമ്പോഴാണ് നമസ്കാരം യഥാർത്ഥമാകുന്നത്. മറ്റു മൂല്യങ്ങളുടെ സ്വീകരണത്തിലേയ്ക്കു അങ്ങനെയാണ് നമസ്കാരം വഴികാട്ടിയാകുന്നത്.

അലി എല്ലാ ഇസ്ലാമിക മൂല്യങ്ങളും ജ്വലിക്കുന്ന സൂര്യനാകുന്നു. അദ്ദേഹം ഒരു സമഗ്ര വ്യക്തിത്വമാണ്. ഇതിഹാസം രചിച്ച ഒരു യോദ്ധാവിനെ അദ്ദേഹത്തിൽ നാം കാണുന്നു. ജീവിതകാലമത്രയും ഒരു പടയാളിയായിട്ടാണ് അദ്ദേഹം കഴിഞ്ഞത്. ദൈവത്തോടുള്ള സ്നേഹപൂർണ്ണമായ സഹവാസത്തിനപ്പുറം യാതൊന്നുമറിയാത്ത ഒരു സൂഫിയായി ഒപ്പം തന്നെ അദ്ദേഹം നമ്മുടെ മുമ്പിൽ നിൽക്കുന്നു. അലിയുടെ രണ്ടു നിലപാടുകൾ നഹ്ജുൽ ബലാഗയിൽ കാണുക:

യൂഫ്രട്ടീസിന്റെ കരയിലെ സിഫ്ഫീനിൽ മുആവിയുമായുള്ള അലിയുടെ ആദ്യത്തെ സൈനിക ഏറ്റുമുട്ടൽ നടക്കുകയാണ്. അലിയുടെ സൈന്യത്തിന് വെള്ളം കിട്ടാതെ അവർ പിന്തിരിയേണ്ടതിനു വേണ്ടി നദിയുടെ ഭാഗത്തേയ്ക്കുള്ള അവരുടെ വഴി തടയുവാൻ മുആവിയ തന്റെ സൈന്യത്തിന് കൽപ്പന കൊടുത്തു. അലി സംഭാഷണം വഴി പ്രശ്നം പരിഹരിക്കാനാണ് ആദ്യം നിർദ്ദേശിച്ചത്. ഇരുവിഭാഗവും മുസ്ലിംകളാണല്ലോ, മുസ്ലിം രക്തം അനാവശ്യമായി ചിന്തരുത് എന്ന് കരുതി. മുആവിയ അദ്ദേഹത്തിന്റെ യുദ്ധകാര്യാലോചനാസമിതിയിൽ പ്രശ്നം ചർച്ച ചെയ്തു. അലിയുടെ ആൾക്കാരെ നദിയുടെ ഭാഗത്തേയ്ക്കു കടക്കാനനുവദിക്കരുതെന്നായിരുന്നു അവരുടെ തീരുമാനം. അലി തന്റെ അണികളോട് ഒരു പ്രസംഗം ചെയ്തു. ആയിരം പെരുമ്പറ കൊട്ടിനേയും കുഴൽവിളിയേയും സമരഗാനങ്ങളേയും തോൽപ്പിക്കുന്ന പ്രസംഗം!. മുആവിയ കുറെ തലതിരിഞ്ഞ ആൾക്കാരെയും കൂട്ടിവന്ന് തന്റെ ആൾക്കാർക്ക് വെള്ളത്തിലങ്കലേയ്ക്കുള്ള വഴി തടഞ്ഞ വിവരം അറിയിച്ചുകൊണ്ട് അലി പറഞ്ഞു: ''ആദ്യം അവരുടെ ദുഷിച്ച രക്തം കൊണ്ട് നിങ്ങൾ നിങ്ങളുടെ ഖഡ്ഗങ്ങളുടെ ദാഹം മാറ്റുക. പിന്നീട് നിങ്ങൾ ശുദ്ധജലം കൊണ്ട് സ്വന്തം ദാഹമകറ്റുക'' തുടർന്ന് തന്റെ ആൾക്കാരിൽ കൂടുതൽ ആവേശവും ആത്മാഭിമാനവും കുത്തിവെച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ''ജീവിതം തീറ്റയും ഉറക്കവും നടത്തവുമാണോ? മരണം മണ്ണിൽ മറമാടപ്പെടുന്നത് മാത്രമാണോ? അല്ല. വിജയപൂർവ്വം മരിക്കുന്നതാണ് ജീവിതം. നിന്ദിക്കപ്പെട്ട് ജീവിക്കുന്നതാണ് മരണം.''

അലിയുടെ സൈന്യം ഝടുതിയിൽ മുന്നോട്ടാഞ്ഞു മുആവിയയുടെ സൈന്യത്തെ തുരത്തി. ഇപ്പോൾ വെള്ളം കിട്ടാത്തിടത്ത് അവരാണുള്ളത്. മുആവിയ വെള്ളത്തിനു കൊഞ്ചിക്കൊണ്ട് അലിക്കെഴുതി. അലിയുടെ കൂട്ടുകാർ എതിർത്തു. എന്നാൽ ശത്രുവിന് വിഷമങ്ങൾ സൃഷ്ടിച്ചുകൊണ്ട് യുദ്ധം ചെയ്യുന്നത് ഭീരുത്തമായിട്ടാണ് അലി കണ്ടത്. ഒരു മുസ്ലിം എന്ന നിലയ്ക്ക് അങ്ങനെ പൊരുതി ജയിക്കുന്നത് മനുഷ്യത്വത്തിനും മൂല്യത്തിനും നിരക്കാത്ത താണ നിലപാടാണ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ. മനുഷ്യത്വവും മഹാമനസ്കതയുമാണ് പരാക്രമണത്തേക്കാൾ ഉയർന്ന ഗുണമെന്ന് അദ്ദേഹം തെളിയിച്ചുകാട്ടി. ധീരതയിൽ അലിയെ സിംഹത്തോടുപമിച്ച റൂമി, മഹാമനസ്കതയിൽ അദ്ദേഹത്തിനൊരു ഉപമ കാണാൻ തനിക്കോ മറ്റാർക്കെങ്കിലുമോ കഴിയില്ലെന്നാണ് തന്റെ ഒരു കവിതയിൽ പറഞ്ഞിട്ടുള്ളത്.

പൊതുകർത്തവ്യങ്ങളിൽ നിന്ന് വിരമിച്ച് ഭക്തിയിലും ആരാധനയിലും മുഴുകുമ്പോൾ അലിയെ തികച്ചും വ്യത്യസ്തനായിട്ടാണ് നാം കാണുന്നത്. ദൈവത്തോട് അദ്ദേഹം ഇങ്ങനെ ആശയവിനിമയം നടത്തുന്നു. ''അല്ലാഹുവേ! നിന്റെ മിത്രങ്ങൾക്ക് നീയാണ് മറ്റാരേക്കാളും അടുത്ത സുഹൃത്ത്. നിന്നിൽ വിശ്വസിച്ചവർക്ക് നിന്നെപ്പോലെ ഒരു സഹായി വേറെയില്ല. നിന്നെ സ്നേഹിക്കുന്നവരുടെയും നിന്റെ സുഹൃത്തുക്കളുടെയും രഹസ്യ

ങ്ങളും അന്തർമണ്ഡലങ്ങളിലെ വിചാരങ്ങളും നീ നിരീക്ഷിക്കുന്നു. അവരുടെ ജ്ഞാനത്തെക്കുറിച്ചും ഉൾക്കാഴ്ചയെക്കുറിച്ചുമെല്ലാം നീയാണ് നന്നായറിയുന്നവൻ. അവരുടെ ഹൃദയങ്ങൾ നിനയ്ക്കായി മിടിക്കുന്നതും അഭിലഷിക്കുന്നതും നീ അറിയുന്നല്ലോ.''

കുമൈൽ പ്രാർത്ഥന ശ്രദ്ധിക്കേണ്ടതാണ്. അലി കുമൈലിനു ചൊല്ലിക്കൊടുത്ത ആ പ്രാർത്ഥനയുടെ ഉള്ളടക്കം നിഗൂഢാത്മകതയുടെ കൊടുമുടിയാണ്. ഇരുലോകത്തിനും അപ്പുറമുള്ള ഒന്ന് അതിലുണ്ട്. ദൈവത്തിന്റെ വിശുദ്ധ സത്തയുമായുള്ള ഒരു ദാസന്റെ വിനയപുരസ്സരവും പ്രണയലോലവും ആത്മാർത്ഥവുമായ സമ്പർക്കത്തെയാണത് വെളിപ്പെടുത്തുന്നത്. ഇമാം അലിയും ഇമാം സൈനുൽ ആബിദീനും റമസാൻ മാസത്തിന്റെ നിശാന്ത്യങ്ങളിൽ ദൈവത്തോടു ബന്ധപ്പെടുന്ന ശൈലി, നാം ഒന്നാമതായി ദൈവത്തോട് എങ്ങനെ സാമീപ്യം പുലർത്തണമെന്നും പിന്നീട് നമ്മോടും സമൂഹത്തോടുമുള്ള നമ്മുടെ ബാധ്യത എങ്ങനെ നിറവേറ്റണമെന്നും നമ്മെ പഠിപ്പിക്കുന്നുണ്ട്. ഏകപക്ഷീയമായ ആഭിമുഖ്യങ്ങളിൽ നിന്നു നാം ഒഴിവാകണം.

ഇമാം സാദിഖ് അന്ത്യശ്വാസം വലിക്കുന്നതിന്റെ തൊട്ടുമുമ്പായി തന്റെ ബന്ധുജനങ്ങളെ അടുത്തുവിളിച്ചു പറഞ്ഞതിതാണ്: ''നമസ്കാരത്തെ നിസ്സാരമാക്കുന്നവർ നമ്മുടെ ശുപാർശയ്ക്ക് അർഹരാവില്ല.''

അലിയുടെ ജീവിതം ആറു ഘട്ടമാണ്. അതിൽ അവസാനത്തെതാണ് കൂടുതൽ വിസ്മയകരം. ജനനം തൊട്ട് പ്രവാചകരുടെ നിയോഗം വരെയുള്ളതാണ് ഒന്നാമത്തെ ഘട്ടം. പ്രവാചകരുടെ നിയോഗം തൊട്ട് അവിടുത്തെ മദീനാ പലായനം വരെയുള്ളത് രണ്ടാംഘട്ടം. പ്രവാചകരുടെ മദീനാ പലായനം തൊട്ട് അവിടുത്തെ ദേഹവിയോഗം വരെയുള്ളത് മൂന്നാം ഘട്ടം ഈ രണ്ടിൽ നിന്നും വിഭിന്നത പുലർത്തുന്നതാണ്. പ്രവാചകരുടെ ദേഹവിയോഗം തൊട്ട് താൻ ഖിലാഫത്ത് ഏറ്റെടുക്കുന്നതുവരെയുള്ള 25 വർഷക്കാലമാണ് നാലാം ഘട്ടം. ഖിലാഫത്ത് ഏറ്റെടുത്ത ശേഷമുള്ള നാലരവർഷം അഞ്ചാമത്തെ ഘട്ടം. ആറാമത്തെതും അവസാനത്തെതുമായ ഘട്ടം വെറും രണ്ടുദിവസമാണ്. തലക്കു വെട്ടേറ്റതു മുതൽ അന്ത്യശ്വാസം വലിക്കുന്നതുവരെയുള്ള രണ്ടുദിവസം.

അവസാനത്തെ ഘട്ടം കൂടുതൽ വിസ്മയകരമാവാൻ കാരണം, അലി മരണത്തെ നേരിട്ട രീതി ഒരു മനുഷ്യൻ എന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ പൂർണ്ണത പ്രദർശിപ്പിക്കുന്നതുകൊണ്ടാണ്. വെട്ടേറ്റ ഉടനെ അദ്ദേഹം രണ്ടു വാചകങ്ങളാണുച്ചരിച്ചത്. ഒന്ന്: ''അയാളെ പിടിക്കുക'' എന്ന്. രണ്ട്: ''കഅബയുടെ നാഥനായ അല്ലാഹുവാണെ, രക്തസാക്ഷിത്വം വഴി എനിക്ക് വിജയം കിട്ടി'' എന്നും.

ആസിദ് ഇബ്നു അംറ് എന്ന ഒരു ഭിഷഗ്വരനെ വരുത്തി പരിശോധിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, വിഷം ഇമാമിന്റെ രക്തത്തിൽ കലർന്നുകഴിഞ്ഞ സ്ഥിതിക്ക് തനിക്കിനി ഒന്നും ചെയ്യാൻ കഴിയില്ലെന്നും ഇമാം മരണപത്രം എഴുതിക്കൊള്ളട്ടെ എന്നുമാണ്. ഇമാമിന്റെ പുത്രി ഉമ്മുകുത്സും ഇബ്നുമുൽജമിനെ കണ്ട് കടുത്ത വാക്കുകൾ പറഞ്ഞു. എന്തിനാണ് അയാൾ തന്റെ പിതാവിനോട് ഇവ്വിധം ചെയ്തതെന്ന് ചോദിച്ച് തന്റെ പിതാവ് സുഖം പ്രാപിക്കുമെന്ന് അവർ പ്രതീക്ഷ പ്രകടിപ്പിച്ചപ്പോൾ ആ ദുഷ്ടന്റെ മറുപടി ഇതായിരുന്നു: ''ഇല്ല. ഒരു പ്രതീക്ഷയും വേണ്ട. ആയിരം ദീനാറിനാണ് ഞാൻ ഈ വാൾ വാങ്ങിയത്. മറ്റൊരു ആയിരം അത് വിഷം പുരട്ടാനും ചിലവാക്കിയിട്ടുണ്ട്. നിന്റെ പിതാവിനെ മാത്രമല്ല, കൂഫയിലെ മുഴുവൻ മനുഷ്യരെയും വേണമെങ്കിൽ കൊല്ലാൻ ശക്തിയുള്ളതാണത്.''

അവർ അൽപം പാൽ അലിക്ക് കൊടുത്തു. അദ്ദേഹം അന്നേരം ചുറ്റും കൂടിയവരോട് തന്റെ ഘാതകനോട് മാന്യമായി പെരുമാറാനാണാവശ്യപ്പെട്ടത്. ബന്ധുക്കളോടായി അദ്ദേഹം പറഞ്ഞു: ''അബ്ദുൽ മുത്തലിബിന്റെ പിന്മുറക്കാരെ! എന്റെ മരണശേഷം നിങ്ങൾ എനിക്കു സംഭവിച്ചതിനെക്കുറിച്ചു ജനങ്ങൾക്കിടയിൽ പറഞ്ഞുനടക്കരുത്. ആരെക്കുറിച്ചും അതുമിതും പറയരുത്. എന്റെ ഘാതകൻ ഒരാൾ മാത്രമാണ്.!

അനന്തരം അദ്ദേഹം പുത്രൻ ഹസനോടു പറഞ്ഞു: ''മോനേ, ഈ മനുഷ്യൻ നിന്റെ പിതാവിനെ ഒന്നേ വെട്ടിയിട്ടുള്ളൂ. എനിക്കുശേഷം നിനയ്ക്കയാളെ വിട്ടയയ്ക്കുകയോ ശിക്ഷിക്കുകയോ ചെയ്യാം. ശിക്ഷിക്കുകയാണെങ്കിൽ ഒരൊറ്റ വെട്ടേ വെട്ടാവൂ. അതിനയാൽ മരിക്കട്ടെ, മരിക്കാതിരിക്കട്ടെ'' അനന്തരം അദ്ദേഹം അയാൾക്കു ഭക്ഷണം കൊടുത്തോ, മറ്റു സൗകര്യങ്ങൾ ചെയ്തുകൊടുത്തോ എന്നെല്ലാം അന്വേഷിച്ചു. പിന്നെയെങ്ങനെ, അലിയെ ധീരതയിൽ ദൈവത്തിന്റെ സിംഹം എന്നു വിളിച്ച റൂമി മഹാമനസ്കതയിൽ അദ്ദേഹത്തിന് ഉപമയില്ലെന്ന് പറഞ്ഞൊഴിയാതിരിക്കും?.

അലിയുടെ പൗരുഷവും മനുഷ്യത്വവുമാണിപ്പറഞ്ഞതത്രയും. രക്തത്തിൽ കലർന്ന വിഷം അദ്ദേഹത്തിന്റെ ജീവനെ ക്രമേണ അപഹരിച്ചുകൊണ്ടിരുന്നപ്പോൾ അനുയായികൾ വിലപിക്കുകയായിരുന്നു. അതേസമയം അലിയോ? അദ്ദേഹത്തിന്റെ ചുണ്ടിൽ പുഞ്ചിരി! പ്രസന്നവദനനായി അദ്ദേഹം പറയുന്നു: ''അല്ലാഹുവാണേ, എനിക്കു സംഭവിക്കരുതാത്തതൊന്നും സംഭവിച്ചിട്ടില്ല. എന്റെ ജീവിതാഭിലാഷമായിരുന്നു രക്തസാക്ഷിത്വം. അതാണീ നേടിയിരിക്കുന്നത്. നമസ്കാരത്തിനിടയിലായത് അതിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു.'' അറബികൾക്കിടയിൽ സുപരിചിതമായ ഒരു ഉപമയാണ് പിന്നീടദ്ദേഹം പ്രയോഗിച്ചത്. അറബികൾ ഒട്ടകത്തിന് പുല്ല് കാണുന്നിടത്ത് അത് തീരുവോളം താമസിക്കും. പുല്ല് തീർന്നാൽ അവിടം വിട്ടു മറ്റെങ്ങോട്ടെങ്കിലും നീങ്ങുകയും ചെയ്യും. ഉഷ്ണക്കാലത്ത് രാത്രിയിൽ അവർ വെള്ളമുള്ള സ്ഥലം തിരഞ്ഞു പോകും. അലിയുടെ ഉപമ ഇതായിരുന്നു. ''കാമുകിയെ കണ്ട കാമുകനെപ്പോലെയാകുന്നു എന്റെ സ്ഥിതി. അല്ലെങ്കിൽ രാത്രിയിൽ വെള്ളമന്വേഷിച്ചു നടന്നവന് അത് കണ്ടുകിട്ടിയതുപോലെ!''

അന്ത്യനിമിഷങ്ങളിൽ എല്ലാവരും അലിയുടെ ശയ്യയ്ക്കു ചുറ്റും കൂടി. വിഷം അതിന്റെ ജോലി പൂർത്തിയാക്കുകയാണ്. അലി അബോധാവസ്ഥയിലേക്കു നീങ്ങുന്നു. കണ്ണു തുറക്കുമ്പോഴെല്ലാം അദ്ദേഹം ചുറ്റും കൂടിനിൽക്കുന്നവർക്ക് ഉപദേശങ്ങൾ നൽകുന്നു. ഇരുപത് ഇനങ്ങൾ ഉൾക്കൊള്ളുന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും ഒടുവിലത്തെ ഉജ്ജ്വലമായ ഉപദേശസമാഹാരം. ആദ്യം പുത്രന്മാരായ ഹസനെയും ഹുസൈനെയും, തുടർന്ന് ഇതര

സന്തതികളെയും, ഒടുവിൽ ലോകാന്ത്യം വരെ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുന്ന മുഴുവൻ മനുഷ്യരെയുമാണ് അതിൽ അതിസംബോധന ചെയ്തത്.

ഏതൊരു ചിന്താസരണിയുടെ ആചാര്യനും മനുഷ്യന്റെ പൂർണ്ണതയെക്കുറിച്ച് അല്ലെങ്കിൽ പൂർണ്ണ മനുഷ്യനെക്കുറിച്ച് ഒരു സിദ്ധാന്തം സമർപ്പിച്ചിരിക്കണം. സദാചാരം, എന്താവണമെന്നതിനെ സംബന്ധിക്കുന്ന ശാസ്ത്രമാണ്. എന്താകുന്നു എന്നതിനെ സംബന്ധിക്കുന്നതല്ല. മനുഷ്യൻ സദാചാരഗുണങ്ങൾ ആർജ്ജിക്കുന്നപക്ഷം മാനവികതയുടെ ഉന്നതിയെ അവനു പ്രാപിക്കാനാകും. പൂർണ്ണമനുഷ്യനെക്കുറിച്ചുള്ള വിവിധ ചിന്താസരണികളുടെ വീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്.

1. ധിഷണാവാദികളുടെ വീക്ഷണം. മനുഷ്യനെ അവന്റെ മാനസിക ഗുണങ്ങളുടെ തോതനുസരിച്ച് വിലമതിക്കുകയും മനസ്സും ചിന്താശക്തിയുമാണ് മനുഷ്യന്റെ സത്തയെന്നു വിശ്വസിക്കുകയും ചെയ്യുന്നവരാണിവർ. അവിസെന്നയുൾപ്പെടെ പൗരാണികരായ തത്വചിന്തകരുടെ വീക്ഷണം ഇതാണ്. അവർക്ക്, പൂർണ്ണമനുഷ്യൻ വിജ്ഞാനിയാണ്. അയാളുടെ ദർശനത്തിലാണ് അയാളുടെ പൂർണ്ണത കിടക്കുന്നത്. സൈദ്ധാന്തിക തത്വശാസ്ത്രം കൊണ്ട് അവരുദ്ദേശിക്കുന്നത് അസ്തിത്വത്തെ അതിന്റെ സാകല്യത്തിൽ ശരിയായും മൊത്തമായും മനസ്സിലാക്കുകയാണ്. ഇത് ശാസ്ത്രത്തിന്റേതിൽ നിന്നു വിഭിന്നമാണ്. ശാസ്ത്രം അസ്തിത്വത്തെക്കുറിച്ചുള്ള ഭാഗികമായ മനസ്സിലാക്കലാണ്.

ശാസ്ത്രത്തിനും തത്വശാസ്ത്രത്തിനുമിടയിലുള്ള വ്യത്യാസം ഇങ്ങനെ ചിത്രീകരിക്കാം. നിങ്ങൾക്കു ടെഹ്റാൻ നഗരത്തെക്കുറിച്ചു ചിലത് അറിയണമെന്നുവെയ്ക്കുക. ഈ അറിവ് രണ്ടു തരത്തിലാവാനിടയുണ്ട്. ഒന്ന്, മൊത്തത്തിലുള്ള അറിവ്. മറ്റൊന്ന്, ഏതെങ്കിലും ഭാഗത്തെക്കുറിച്ച് പ്രത്യേകമായുള്ള അറിവ്. ഒരു മുനിസിപ്പൽ എഞ്ചിനീയർക്ക് നഗരത്തിന്റെ പടം വരച്ച് അതിന്റെ അതിർത്തികൾ, ഡിവിഷനുകൾ, അതിലെ വാർഡുകൾ, പാർക്കുകൾ, തെരുവുകൾ, സ്ക്വയറുകൾ എന്നിവ നിങ്ങൾക്ക് കാണിച്ചു മനസ്സിലാക്കിത്തരാവുന്നതാണ്. എന്നാൽ നിങ്ങളുദ്ദേശിക്കുന്ന ഒരു വീട് അതിൽ എവിടെയാണെന്നു കണ്ടുപിടിക്കാൻ അതുവഴി നിങ്ങൾക്കു കഴിയില്ല. അതേസമയം ഒരു സാധാരണയാൾക്ക് നഗരത്തിലെ ഒരു വാർഡിനെക്കുറിച്ചുള്ള പ്രാദേശികമായ വിവരങ്ങൾ മുഴുവനായി നിങ്ങൾക്കു തരാൻ കഴിയും. ഇതുപോലെയാണ് തത്വദർശിയും ശാസ്ത്രജ്ഞനും തത്വദർശി ഉണ്മയെ അതിന്റെ സാകല്യത്തിൽ നിങ്ങൾക്കു ചിത്രീകരിച്ചു കാണിക്കുകയും, അതിന്റെ ഉത്ഭവം, കാരണം, തുടക്കം, അവസാനം, ഭാവങ്ങൾ, പൊതുതത്വങ്ങൾ എന്നിവ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. അദ്ദേഹത്തോട് ഒരു ചെടിയെയോ, ജന്തുവിനെയോ കല്ലിനെയോ നക്ഷത്രത്തെയോ സൂര്യനെയോ സംബന്ധിച്ച് നിങ്ങൾ ചോദിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഉത്തരം കിട്ടണമെന്നില്ല. ഒരു തത്വദർശിക്ക് പ്രപഞ്ചത്തിന്റെ സാകല്യത്തിലുള്ള ചിത്രമാണ് പ്രധാനം. വിശദങ്ങൾ അദ്ദേഹത്തിന് അവ്യക്തമായിരിക്കാം. ഒരുപക്ഷെ, അറിഞ്ഞില്ലെന്നും വരാം.

ധിഷണാവാദികൾക്ക്, മൊത്തത്തിലുള്ള ഒരു ചിത്രം കണ്ടെത്തുകയെന്നതു മാത്രമായിരുന്നു ലക്ഷ്യം. അതിനെ പ്രാപിക്കൽ പൂർണ്ണതയുടെ അടയാളമാണ്. അവിടെവെച്ച് ബൗദ്ധികപ്രപഞ്ചം വസ്തുനിഷ്ഠ പ്രപഞ്ചവുമായി യോജിക്കും. യുക്തിയിലൂടെയും വിചിന്തനത്തിലൂടെയും ന്യായവാദത്തിലൂടെയും ഇത് സാധ്യമാകുമെന്നാണ് അവർ കണ്ടത്. രണ്ടുതരം തത്വശാസ്ത്രങ്ങളിൽ അവർ വിശ്വസിച്ചു. ഒന്ന്, സൈദ്ധാന്തിക തത്വശാസ്ത്രം, അഥവാ, പ്രപഞ്ചത്തെ അതെങ്ങനെയാണോ ഉള്ളത് അങ്ങനെ മനസ്സിലാക്കൽ. രണ്ട്, പ്രായോഗിക തത്വശാസ്ത്രം. മനുഷ്യന്റെ ബുദ്ധി അവന്റെ സഹജമായ വാസനകളുടെയും കഴിവുകളുടെയും മേൽ പൂർണ്ണ അധീശത്വം നേടുകയെന്നാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം. ഈ യടിസ്ഥാനത്തിലാണ് നമ്മുടെ സദാചാരഗ്രന്ഥങ്ങൾ സംഗതികൾ നിശ്ചയിക്കുന്നത്. നമ്മുടേത് ബുദ്ധിയെ ആധാരമാക്കിയുള്ള ഒരു സോക്രാട്ടിക് സദാചാരമാണ്[61]. നിങ്ങളുടെ ബുദ്ധി വികാരത്തെ കീഴ്പ്പെടുത്തുകയാണോ, അതോ, വികാരം ബുദ്ധിയെ കീഴ്പ്പെടുത്തുകയാണോ ചെയ്യുന്നത്? ഭയത്തെയും ദേഷ്യത്തെയും ബുദ്ധി സ്വാധീനിക്കുകയോ അതോ ബുദ്ധിയെ ഭയവും ദേഷ്യവും സ്വാധീനിക്കുകയോ? ഇങ്ങനെ, യുക്തിയിലൂടെ പ്രപഞ്ചത്തെ മനസ്സിലാക്കാൻ കഴിയുകയും സ്വത്വത്തെ ബുദ്ധിക്കു വിധേയപ്പെടുത്തുകയും ചെയ്യുന്ന നിലവാരത്തിലാണോ നിങ്ങളുള്ളതെങ്കിൽ നിങ്ങൾ ഒരു പൂർണ്ണമനുഷ്യനാണ്.

2. രണ്ടാമത്തേത് സ്നേഹവാദമെന്നോ ജ്ഞാനവാദമെന്നോ പറയാവുന്ന സരണിയാണ്. ദൈവത്തിനുള്ള സ്നേഹപൂർണ്ണമായ സമർപ്പണമാണിവിടെ ഉദ്ദേശ്യം. ധിഷണാവാദം ഒരു കേവല വിചിന്തനത്തിന്റെ രീതിയാണ്. അതൊരു കർമ്മമാർഗ്ഗമല്ല. അതിൽ എല്ലാ വ്യാപാരങ്ങളും ബൗദ്ധികമാണ്. എന്നാൽ സ്നേഹവാദം മുഴുവനായും കർമ്മമാണ്. അത് തിരശ്ചീനമെന്നതിനേയ്ക്കാൾ ലംബമാണ് – ക്രമത്തിൽ അത് തിരശ്ചീനമായ ഒരു മുഖം സ്വീകരിക്കുമെങ്കിലും. പ്രാഥമികമായി അത് ദൈവത്തിലേയ്ക്കുള്ള ഉദ്ഗതിയാണ്. യൗക്തികമോ വിചിന്തനപരമോ അല്ല അവിടെ പുരോഗതിയിലേയ്ക്കുള്ള മാർഗ്ഗം. മറിച്ച്, മനുഷ്യാത്മാവ് ദൈവത്തെ പ്രാപിക്കന്നതുവരെ പുരോഗമിക്കുകയാണ്. ധിഷണാവാദത്തെ നിരാകരിക്കുക മാത്രമല്ല, ശകാരിക്കുക കൂടി ചെയ്യുന്നുണ്ട് ഈ വാദം. നമ്മുടെ സാഹിത്യത്തിൽ സ്നേഹവും ബുദ്ധിയും തമ്മിൽ നടക്കുന്ന സംവാദങ്ങൾക്കെല്ലാം നിദാനമായി നിൽക്കുന്നത് ഈ മനോഭാവമാണ്. ബുദ്ധിയെ സ്നേഹം കൊണ്ട് തോൽപ്പിച്ച ജ്ഞാനവാദികളാണ് മിക്കവാറും ഇത്തരം ചർച്ചകളിൽ ഏർപ്പെട്ടിട്ടുള്ളത്. ബുദ്ധിയെ മനുഷ്യാസ്തിത്വത്തിന്റെ ചെറിയൊരു ഭാഗമായും കേവല ഉപാധിയായും മാത്രമേ ഈ വിഭാഗം ഗണിക്കുന്നുള്ളൂ. മനുഷ്യന്റെ സത്ത ആത്മാവാണ്. അത് സ്നേഹ പ്രപഞ്ചത്തിലാണുള്ളത്. അവിടെയാകട്ടെ, ദൈവത്തിലേക്കുള്ള ഉദ്ഗതി മാത്രമാണുള്ളത്. ഹാഫിസിനെപ്പോലുള്ള കവികൾ ഈ സരണിയുടെ വക്താക്കളാണ്. അവർ ബുദ്ധിയെക്കാൾ മുൻഗണന സ്നേഹത്തിനും അതിന്റെ ലഹരിക്കുമാണ് നൽകുന്നത്.

ഇവരുടെ പക്കൽ തൗഹീദ് കേവല സത്യമായി രൂപാന്തരപ്പെടുന്ന അസ്തിത്വത്തിന്റെ ഏകത്വമാണ്. ഒരിക്കൽ മനുഷ്യൻ ആ നിലയെ പ്രാപിക്കുമത്രെ. എന്നുപറഞ്ഞാൽ, ഒരു പൂർണ്ണ മനുഷ്യൻ ആത്യന്തികമായി ദൈവമോ ദൈവത്തിന്റെ ഭാഗമോ ആകും.

3. മൂന്നാമത്തെ ചിന്താധാര പൂർണ്ണമനുഷ്യനെ കാണുന്നത് ബുദ്ധിയെയോ സ്നേഹത്തെയോ ആശ്രയിച്ചല്ല. ശക്തിയാണ് അതിൽ മാനദണ്ഡം[62]. അധികാരപരമോ കായികമോ സൈനികമോ ഒക്കെയാവും ഈ ശക്തി. പുരാതന ഗ്രീസിൽ 'സോഫിസ്റ്റുകൾ'[63] എന്നു വിളിക്കുന്ന ഒരു വിഭാഗമുണ്ടായിരുന്നു. ശക്തിയാണ് സത്യം എന്ന് അവർ വ്യക്തമായിത്തന്നെ വാദിച്ചിരുന്നു. ദൗർബ്ബല്യത്തിന്നർത്ഥം സത്യത്തിന്റെ അഭാവമെന്നാണ്. നാം നീതിയെന്നും അനീതിയെന്നും പറയുന്നതിനൊന്നും അവരുടെ പക്കൽ അർത്ഥമില്ല. കാരണം, ശക്തിയാണ് ശരി. യാതൊരാളുടെ മുമ്പിലും അതിർത്തികളോ വ്യവസ്ഥകളോ ഇല്ല. ഏതൊരാളും ശക്തി കൈവരിക്കാൻ നിരുപാധികം പരിശ്രമിക്കുന്നു.

ജർമൻ തത്വചിന്തകനായിരുന്ന നീഷെ[64], കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിലായി ഈ ആശയത്തെ ഉയർത്തെഴുന്നേൽപ്പിച്ചു നിറുത്തിയ വ്യക്തിയാണ്. സത്യം, സത്യസന്ധത, നന്മ എന്നൊക്കെ പറയുന്നത് അസംബന്ധങ്ങളാണെന്നായിരുന്നു അദ്ദേഹത്തിന്റെയും അനുയായികളുടെയും അഭിമതം. ഒരാൾ ദുർബ്ബലനാകുന്നതിന് അയാൾതന്നെയാണ് ഉത്തരവാദി. അതിനാൽ അയാൾ പരാജയം അർഹിക്കുന്നു. നീഷെ മതവിരോധിയായിരുന്നു. മതം ദുർബ്ബലരുണ്ടാക്കിയതാണത്രെ. ദുർബ്ബലരെ അടിമകളാക്കാൻ പ്രബലവർഗ്ഗം കണ്ടുപിടിച്ചതാണ് മതമെന്ന കാൾമാർക്സിന്റെ അഭിപ്രായത്തിനു നേരെ എതിരാണിത്. ശക്തന്റെ അധികാരത്തിനു പരിധി വെയ്ക്കാനാണ് ദുർബലർ മതം കണ്ടുപിടിച്ചത്. ആർദ്രത, ഔദാര്യം, മനുഷ്യത്വം, നീതി മുതലായ ആശയങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചത് മനുഷ്യരാശിയോട് മതം കാട്ടിയ കബളമായിരുന്നുവത്രെ. ഇതിൽ കബളിതരായ പ്രബലർ തങ്ങളുടെ അധികാരം മനുഷ്യത്വത്തിന്റെ പേരിൽ ചുരുക്കി.

സ്വത്വത്തോട് സമരം ചെയ്യുകയെന്ന ആശയം തെറ്റാണെന്നാണ് നീഷെ പറയുന്നത്. സ്വത്വത്തെ പരിപുഷ്ടിപ്പെടുത്തുകയാണ് വേണ്ടത്. സമതയെക്കുറിച്ച് സംസാരിക്കുന്നതേ തെറ്റാണ്. ഉയർന്നവർക്കുവേണ്ടി പണിചെയ്യാൻ താഴ്ന്നവർ എപ്പോഴും ഉണ്ടായിരിക്കണം. അങ്ങനെയാണ് ഉയർന്നവർക്ക് കൂടുതൽ വളരാൻ കഴിയുന്നതും അതിമാനുഷൻ ജനിക്കുന്നതും. സ്ത്രീപുരുഷ സമത്വത്തിനും നീഷെ എതിരാണ്. കാരണം, പുരുഷൻ ജന്മനാ കൂടുതൽ ശക്തിനും സ്ത്രീ പുരുഷനെ സേവിക്കാനുമാണ്. ചുരുക്കത്തിൽ, ഈ ചിന്താധാര പൂർണ്ണമനുഷ്യനെ, അഥവാ അതിമാനുഷനെ കാണുന്നത് കൂടുതൽ ശക്തനും കരുത്തനും ആരെന്നു നോക്കിയിട്ടാണ്. പൂർണ്ണതയെന്നാൽ ശക്തി.

ഇത്തരം ആശയങ്ങൾ ഉദ്ദേശപൂർവ്വമോ അല്ലാതെയോ മുസ്ലിംകൾക്കിടയിലും പ്രചാരം നേടിയിട്ടുണ്ട്. ജീവിതത്തിൽ ''അർഹതയുള്ളതിന്റെ അതിജീവനത്തെ''ക്കുറിച്ച് നാം ചിലപ്പോൾ ശ്രദ്ധിക്കാതെ പറഞ്ഞുപോകുന്നു. സത്യത്തെയും ശരിയെയും പൊരുതി നിലനിർത്താൻ നമുക്കനുവാദമില്ലെന്നാണോ ഇതിനർത്ഥം? അത്തരം പോരാട്ടങ്ങൾ കൂടാതെ ഒരു പാതിരിക്കും സന്യാസിക്കും മതപണ്ഡിതനും ചർച്ചുകളിലോ മഠങ്ങളിലോ പള്ളികളിലോ സ്വൈരമായി ആരാധനയിലേർപ്പെടാൻ കഴിയില്ല. തങ്ങളുടെ ആരാധന സാധ്യമാക്കിത്തരുന്ന പടയാളികളോട് മേൽ പറഞ്ഞവരെല്ലാം നന്ദിപൂർവ്വം കടപ്പെട്ടിരിക്കുന്നു.

അനുവദിക്കപ്പെട്ട യുദ്ധം പോലും ആവശ്യമില്ലാത്തവിധം അക്രമരഹിതമായ അവസ്ഥ നിലനിൽക്കുമാറ് സംസ്കൃതിയുടെയും പൂർണ്ണതയുടെയും തലത്തിലേയ്ക്കു എത്തുന്നതുതന്നെയാണ് മനുഷ്യരാശിക്ക് നല്ലത്. അത്തരമൊരു സമൂഹത്തെ, വരാനിരിക്കുന്ന ഇമാം മഹ്ദിയുടെ ഭരണരൂപത്തിൽ ഇസ്ലാം സമർപ്പിക്കുന്നുണ്ട് [65]. അന്ന് കാട്ടുജന്തുക്കൾ പോലും പരസ്പര യോജിപ്പിലെത്തുമെന്നും വഴക്കോ അക്രമമോ ഉണ്ടായിരിക്കില്ലെന്നുമാണ് പറയുന്നത്.

ഇമാം ഹുസൈന്റേതായി ഒരു വാചകം കഴിഞ്ഞ അമ്പതു വർഷമായി പ്രചരിച്ചിവരുന്നുണ്ട്. അത് ശരിയോ അദ്ദേഹം പറഞ്ഞതാണെന്ന് പരിശോധിച്ചു തെളിയിക്കപ്പെട്ടതോ അല്ല. ''ഒരാൾ അയാളുടെ അഭിപ്രായത്തിനു വേണ്ടി പടവെട്ടണം'' എന്നതാണ് വാചകം. പടിഞ്ഞാറൻ ആശയങ്ങളുമായാണ് ഈ വാചകത്തിനു യോജിപ്പ്. സത്യത്തിന്റെയും ശരിയുടെയും മാർഗ്ഗത്തിലായിരിക്കണം യുദ്ധമെന്നാണ് ഖുർആൻ പറയുന്നത് [66].

ഒരു വിശ്വാസം ശരിയോ തെറ്റോ ആവാം. എന്നാൽ, ഒരാൾക്ക് ഒരു വിശ്വാസവും ലക്ഷ്യംവെച്ച് പ്രവർത്തിക്കാനുള്ള ഒരു ആദർശവുമുണ്ടായിരിക്കുകയാണ് വേണ്ടതെന്നും അതെന്തു വിശ്വാസമാണെന്നത് പ്രശ്നമല്ലെന്നും സിദ്ധാന്തിക്കുന്ന ഒരു ചിന്താധാരയുണ്ട്. ഖുർആൻ പറയുന്നത് ശരിയുടെ മാർഗ്ഗത്തിലേ പ്രവർത്തിക്കാവൂ എന്നത്രെ. വിശ്വാസം തെറ്റെന്നു തെളിഞ്ഞാൽ, അതിനെ മാറ്റിത്തീർക്കണം. ഒരാൾക്കു ശരി കണ്ടെത്താൻ ചിലപ്പോൾ സ്വന്തം വിശ്വാസത്തോടുതന്നെ സമരത്തിലേർപ്പെടേണ്ടിവരും. ശരി കണ്ടെത്തിയശേഷം ആ ശരിയുടെ മാർഗ്ഗത്തിലായിരിക്കണം സമരം. ''അർഹതയുള്ളതിന്റെ അതിജീവനം'' എന്ന ആശയം ''ശക്തിയാണ് സത്യം''മെന്ന സങ്കൽപ്പത്തിന്റെ അടിസ്ഥാനമാണ്. ജന്തുക്കളുടെ ജീവോൽപ്പത്തിയെക്കുറിച്ചുള്ളതും പിന്നീട് മനുഷ്യജീവനും ബാധകമാക്കപ്പെട്ടതുമായ ഡാർവിന്റെ സിദ്ധാന്തത്തിൽ നിന്നുത്ഭവിച്ചതാണത്.

നിലനിൽപ്പിന്റെ ഏകമാർഗ്ഗം സമരമാണെന്നു ഗണിച്ച് മനുഷ്യനെയും മറ്റു ജീവിവർഗ്ഗങ്ങളെയും ഒരേ നിലവാരത്തിൽ കാണുവാൻ നമുക്ക് സാധിക്കില്ല. അങ്ങനെയാണെങ്കിൽ മനുഷ്യർക്കിടയിൽ കാണുന്ന സഹകരണം, ഐക്യം, പരാർത്ഥത, സ്നേഹം എന്നിവയെക്കുറിച്ചെന്തു പറയും? ഇത്തരം വികാരങ്ങളും ബന്ധങ്ങളുമൊക്കെ നിലനിൽപ്പിനു വേണ്ടിത്തന്നെയുള്ളതാണെന്നും കൂടുതൽ ശക്തിയുള്ള ശത്രു മനുഷ്യരെ ഇതിനെല്ലാം നിർബന്ധിതരാക്കുകയാണെന്നും പറഞ്ഞേക്കാം. കൂടുതൽ ശക്തിയുള്ള ശത്രുവിനെ നേരിടണമെങ്കിൽ ഇത്തരം ഘടകങ്ങൾ മനുഷ്യർക്കിടയിൽ ഉണ്ടായിരിക്കേണ്ടത് ഒരത്യാവശ്യമാണ്. അപ്പോൾ ശത്രുവിനെ തുരത്തിക്കഴിഞ്ഞാൽ താമസിയാതെ ഐക്യം ശിഥിലമാവുകയും പരസ്പരം അഭിപ്രായവ്യത്യാസങ്ങളും വഴക്കുകളും ഉയർന്നുവരികയും ചെയ്യും. രണ്ടേ രണ്ടു വ്യക്തികളുണ്ടാകുന്നിടത്തോളം ഇതായിരിക്കും സ്ഥിതി.

ധിഷണാവാദവും സ്നേഹവാദവും പരസ്പരം എതിർത്തതുപോലെതന്നെ, ശക്തിവാദത്തിനും എതിർവാദമുണ്ടായി. മനുഷ്യന്റെ പൂർണ്ണത അവന്റെ ശക്തിയിലല്ല, ബലഹീനതയിലാണ് കുടിക്കൊള്ളുന്നതെന്ന് ഒരു കൂട്ടർ വാദിച്ചു. കാരണം, ശക്തിയുണ്ടായാൽ അവൻ അക്രമം കാട്ടും. സഅദി ഈ തെറ്റായ അഭിപ്രായക്കാർക്ക് ഉദ്ധരിക്കാൻ വരികൾ നൽകിയത് കാണുക:

''അന്യരെ കുത്തിനോവിക്കും മധുപമ-
ല്ലന്യർ തൻ കാലിലരയുമുറുമ്പു ഞാൻ
അന്യരെ ദ്രോഹിക്കാനാവതേകാത്തതി-
നെന്നും കൃതജ്ഞനനാകും ഞാൻ ദൈവമേ!''

ഒരു ഉറുമ്പോ വണ്ടോ ആകുന്നതിൽ യഥാർത്ഥത്തിൽ ഒരു യുക്തിയുമില്ല. പരദ്രോഹം കൂടാതെ ശക്തിയുണ്ടായിരിക്കുന്നതിനാണ് ഒരാൾ ദൈവത്തോട് കൃതജ്ഞനനാവേണ്ടത്. ഒരു പർവ്വതവാസിയായ സൂഫിയെക്കുറിച്ചും സഅദി പറയുന്നുണ്ട്. എന്തുകൊണ്ടാണ് പട്ടണത്തിലേക്ക് വരാത്തതെന്ന് ചോദിച്ചതിന് സൂഫിയുടെ മറുപടിയതായിരുന്നു: ''അവിടെ നിറയെ സുന്ദരികളായ നാരികളാണ്. വല്ലാതെ വഴുതുന്നിടത്തുകൂടി നടന്നാൽ ആനയും വീഴുമല്ലോ.''[67]

ഇതൊരു വശത്ത്. എന്നാൽ സഅദി തന്നെ മറ്റൊരു കവിതയിൽ ഇതിനു വിപരീതമായി ഒരു വീക്ഷണവും അവതരിപ്പിക്കുന്നുണ്ട്. ഒരു സൂഫിയും പണ്ഡിതനും തമ്മിലുള്ള വ്യത്യാസം വിവരിക്കുകയാണ് അതിലദ്ദേഹം. സ്വന്തം കാര്യമാണ് സൂഫി നോക്കുന്നത്. എന്നാൽ പണ്ഡിതൻ ഒരു മുങ്ങുന്നവനെ രക്ഷിക്കുകയാണ്.

ഖുർആനിൽ 'യൂസുഫ്' സൂറ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് ''ഉത്തമ കഥ'' എന്നാണ് [68]. ഹസ്രത്ത് യൂസുഫിന്റെ കഥയുടെ പാഠമെന്നോണം അതിലെ 90-ാം വാക്യത്തിൽ ഇങ്ങനെ കാണാം: ''ദോഷബാധയെ സൂക്ഷിക്കുകയും സഹനമവലംബിക്കുകയും ചെയ്യുന്നവർക്ക് പുണ്യവാന്മാർക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടുത്തുകയില്ല'' സുഖമന്വേഷിക്കുന്ന ഒരാൾക്കുവേണ്ട എല്ലാം അടുത്തുണ്ടായിട്ടും യൂസുഫ് സ്വയം നിയന്ത്രിക്കുകയും തന്റെ പരിശുദ്ധി കാത്തുരക്ഷിക്കുകയും ചെയ്തു. ചക്രവർത്തിനിയുടെ കാമാസക്തി പൂർത്തിയാക്കിക്കൊടുക്കാൻ കൂട്ടാക്കിയില്ലെങ്കിൽ തടങ്കലിലാക്കുമെന്ന് ഭീഷണിപ്പെടുത്തിയതിനോട് അദ്ദേഹം പ്രതികരിച്ചതെങ്ങനെയാണ് അതേ സൂറ 33ൽ അദ്ദേഹത്തിന്റെ ഒരു പ്രാർത്ഥനയിൽ ഇങ്ങനെ വായിക്കാം: ''എന്റെ നാഥാ! അവർ എന്തിലേയ്ക്കാണോ എന്നെ ക്ഷണിക്കുന്നത്, അതിലേറെ എനിക്ക് ജയിലാണ് അഭികാമ്യം. അവരുടെ സൂത്രം നീ എന്നിൽ നിന്നു തിരിച്ചുവിടാത്ത പക്ഷം ഞാൻ അവരുടെ ഭാഗത്തേയ്ക്കു ആകൃഷ്ടനായി അവിവേകികളിൽ ഉൾപ്പെട്ടേയ്ക്കാം.''

അപ്പോൾ മനുഷ്യന്റെ പൂർണ്ണത അവന്റെ ബലഹീനതയിലല്ല കുടിക്കൊള്ളുന്നത്. മറിച്ചുള്ള വീക്ഷണം നമ്മുടെ സാഹിത്യങ്ങളിൽ എത്രയോ കാണാം. എങ്കിൽകൂടി. ബാബാ താഹിർ ഹമദാനിയുടെ വരികൾ ശ്രദ്ധിക്കുക.

''എൻ കണ്ണിനെക്കുറി-
ച്ചെന്നുടെ മാനസം
എന്നും പരാതി
പറഞ്ഞിടുന്നു.
കണ്ണുകണ്ടീടുന്ന
കാഴ്ചയ്ക്കു പിന്നാലെ
കൊതിപൂണ്ടിട്ടതു-
മങ്ങുപായുമത്രെ!
നല്ലോരുരുക്കിന്റെ
കത്തിയുണ്ടാക്കി ഞാൻ
കണ്ണങ്ങുചൂഴ്ന്നു
കളഞ്ഞെങ്കിലോ!
എങ്കിലേ മാനസം
ശുദ്ധമായ് തീർന്നിടൂ
എങ്കിലേ ഹൃദയം
രക്ഷനേടൂ''

ഈ കവി, കാണുന്നതു കൊതിക്കാതിരിക്കാൻ കണ്ണു ചൂഴുന്നതു പോലെ, കേൾക്കുന്നതു കൊതിക്കാതിരിക്കാൻ ചെവി കൂടിപൊട്ടിക്കണം. സ്വന്തം ശരീരാവയവങ്ങൾ ഛേദിച്ചുകളഞ്ഞെങ്കിലല്ലാതെ സ്വയം നിയന്ത്രിക്കാൻ കഴിയാത്തയാൾ പൂർണ്ണമനുഷ്യൻരെ എന്തു മാതൃകയാണ്?

ഇതുപോലെ ദുർബ്ബലവും അധമവുമായ ധാർമികതയുടെ എമ്പാടും മാതൃകകൾ നമുക്ക് ഉദ്ധരിക്കാനുണ്ട്. എന്നാൽ മനുഷ്യർ തെറ്റിനോട് ആഴിമുഖ്യമുള്ളവരും അതിരു കടന്നുപോകുന്നവരുമാണ് എന്ന കാര്യം ഓർക്കണം. മറ്റു ചിന്താധാരകളെ ഇസ്ലാമിന്റെ യഥാർത്ഥ്യവുമായി താരതമ്യപ്പെടുത്തി പരിശോധിക്കുകയാണെങ്കിൽ ഇസ്ലാം ദൈവത്തിങ്കൽ നിന്നുള്ളതാണെന്നതിന് അതൊരു തെളിവുകൂടിയാകും. സോക്രട്ടീസ് മനുഷ്യന്റെ ഒരു വശത്തിലാണ് ശ്രദ്ധയൂന്നിയത്. പ്ലേറ്റോ, അവിസെന്ന, മുഹ്യിദ്ദീൻ അറബി മുതലായ ചിന്തകർ മറ്റോരോ സവി

ശേഷ വശങ്ങളിലും. എങ്കിൽ, സ്വന്തം മസ്തിഷ്ക്കത്തെ മാത്രം അവലംബിച്ച് ഒരു പ്രവാചകന് ഇത്ര മനോഹരവും പുരോഗമനപരവും സമഗ്രവുമായ ഒരു ചിന്താധാര വളർത്തിയെടുക്കാൻ എങ്ങനെ കഴിയും? അദ്ദേഹത്തിന്റെ മുമ്പിൽ മേൽപ്പറഞ്ഞ ചിന്തകരെല്ലാം വെറും കുഞ്ഞുങ്ങളാണ്. അദ്ദേഹം അവസാനവാക്ക് പറയുന്ന അവരുടെ ഉത്തമ ആചാര്യനും.

സ്നേഹവും ആത്മസാക്ഷാൽകാരവും അടിസ്ഥാനമായിക്കൊണ്ടുള്ള മറ്റൊരു ചിന്താധാരയുണ്ട്. പൂർണ്ണമനുഷ്യനെക്കുറിച്ച് അനേകായിരം വർഷം പഴക്കമുള്ള ഈ ചിന്താധാര പുരാതന ഭാരതീയ ഗ്രന്ഥങ്ങളിൽ കാണുന്ന ഉന്നതങ്ങളായ പല ആശയങ്ങൾക്കും ജന്മം നൽകിയിട്ടുള്ളതാണ്. അവയിൽ ഉപനിഷത്തുകൾ പോലെ ചില തെല്ലാം പാഴ്സിയിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുണ്ട്. അവയത്രയും പാരായണം ചെയ്ത മഹാപണ്ഡിതനായ അല്ലാമാ താബാത്തബായി[69] അവയിടെ ഉന്നത ചിന്തകളിൽ വളരെയേറെ ആകൃഷ്ടനാവുകയുണ്ടായി. ആത്മസാക്ഷാൽകാരമാണ് ഈ ചിന്താധാരയിൽ എല്ലാ മാനുഷിക പ്രയത്നങ്ങളുടെയും അടിസ്ഥാനം. ഈ ആശയം സോക്രട്ടീസും പല പ്രവാചകന്മാരും ഒടുവിലത്തെ ഇസ്‌ലാം മത പ്രവാചകരും വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ, ഈയൊരൊറ്റ സംഗതിയിലാണ് മേൽപറഞ്ഞ ചിന്താധാര മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുന്നത്. ഗാന്ധിയുടെ പ്രബന്ധങ്ങളുടെയും കത്തുകളുടെയും സമാഹാരമായ 'എന്റെ മതം'[70] ഒരുത്തമ ഗ്രന്ഥമാണ്. അതിലദ്ദേഹം പറയുന്നു: ''ഉപനിഷത്തുകൾ വായിച്ചതിൽ നിന്ന് എന്റെ ജീവിതവഴി കാട്ടികളായ മൂന്ന് സുപ്രധാന തത്വങ്ങൾ ഞാൻ ഗ്രഹിച്ചു: 'സത്യം ഒന്നേയുള്ളൂ. അത് സ്വത്വത്തെ അറിയലാണ്.' ഗാന്ധി ഈ വസ്തുതയുടെ അടിസ്ഥാനത്തിലാണ് പാശ്ചാത്യരെ വിമർശിക്കുന്നത്. 'പാശ്ചാത്യർ ലോകത്തെ മനസ്സിലാക്കിയിട്ടുണ്ട്. പക്ഷെ, അവരവരെ മനസ്സിലാക്കിയിട്ടില്ല. അതിനാൽ അവർ അവരവർക്കും ലോകത്തിനും നാശമുണ്ടാക്കുകയാണ്' ഗാന്ധിജി പറയുന്നു.

''അവനവനെ അറിഞ്ഞവനാണ് ദൈവത്തെയും മറ്റുള്ളവരെയും അറിയുന്നത്'', ഇതാണ് രണ്ടാമത്തെ തത്വം. മൂന്നാമത്തെ തത്വമിതാണ്: ''ശക്തി ഒന്നേയുള്ളൂ. അത് അവനവനെ കീഴ്പ്പെടുത്തുന്ന ശക്തിയാണ്. ഒരാൾ സ്വന്തത്തെ കീഴ്പ്പെടുത്തുന്നതുമൂലം മറ്റെന്തിനെയും കീഴ്പ്പെടുത്തുവാൻ അയാൾക്ക് കഴിയും.'' ഗാന്ധിയുടെ വീക്ഷണത്തിൽ നന്മയും ഒന്നേയുള്ളൂ. ഒരാൾ തനിക്ക് ആഗ്രഹിക്കുന്നത് മറ്റുള്ളവർക്കും ആഗ്രഹിക്കലാണത്. ആത്മസാക്ഷാൽകാരം, ധ്യാനം, സന്യാസം, തന്നെ അറിഞ്ഞു ഇതരരെ സ്നേഹിക്കൽ ഇവയാണ് ഭാരതീയ ദർശനത്തിന്റെ അടിസ്ഥാനങ്ങൾ.

ആധുനിക കാലഘട്ടത്തിൽ, അഥവാ കഴിഞ്ഞ മൂന്നു നൂറ്റാണ്ടിനുള്ളിൽ, സാമൂഹികമായ ആഭിമുഖ്യമുള്ള ഒട്ടേറെ ചിന്താധാരകൾ ലോകത്തുണ്ടായിട്ടുണ്ട്. വർഗ്ഗരഹിത സമൂഹത്തിലെ വ്യക്തിയാണ് അവയിലൊന്നിന് പൂർണ്ണമനുഷ്യൻ. ഒരു വർഗ്ഗത്തിൽ, വിശേഷിച്ച് ഉപരിവർഗ്ഗത്തിൽ ആവുകയെന്നത് ആ പൂർണ്ണതയുടെ അടയാളമായിട്ടാണ് അത് ഗണിക്കുന്നത്. പൂർണ്ണത എല്ലാവരോടും തുല്യനാവുകയാണ്. സ്വാതന്ത്ര്യം, സാമൂഹികബോധം, ഉത്തരവാദിത്തം എന്നിവയിലാണ് അസ്തിത്വവാദം പൂർണ്ണത ദർശിക്കുന്നത്. ഇതിനോട് അൽപം വ്യത്യാസത്തോടു കൂടി യോജിക്കുന്ന വേറൊരു ചിന്താധാരയുണ്ട്. അത് അൽപം ധിക്കാരം കൂടി ഇതിലേക്ക് കൂട്ടിച്ചേർക്കുന്നു.

ഇനിയുമൊരു ചിന്താധാര സുഖൈശ്വര്യങ്ങളിൽ വിശ്വസിക്കുന്നതാണ്. ശക്തിവാദവുമായി ഇതിന് നല്ല അടുപ്പമുണ്ട്. പ്രകൃതി നൽകിയ അനുഗ്രഹങ്ങളിൽ നിന്ന് പരമാവധി നേട്ടമുണ്ടാക്കിക്കൊണ്ടു വേണം ഒരാൾ പൂർണ്ണത നേടുന്നതെന്നാണ് ഈ ചിന്താധാര പ്രബോധനം ചെയ്യുന്നത്. ശാസ്ത്രത്തെ പൂർണ്ണതയുടെ പാരമ്യതയായി ഗണിക്കുന്ന ഇവർ ശാസ്ത്രം മുഖേന പ്രകൃതിയെ പഠിച്ച് അധീനപ്പെടുത്തുവാനും മനുഷ്യരാശിക്കു സേവനം ചെയ്യുവാനും ആഗ്രഹിക്കുന്നു. ഇവർക്ക് അറിവ് മാർഗ്ഗമാണ്. ലക്ഷ്യമല്ല. ഈ ചിന്താഗതിക്കാർ പരമാവധി സുഖാനന്ദങ്ങളിൽ വിശ്വസിക്കുന്നവരാണ്.

പൂർണ്ണമനുഷ്യനെക്കുറിച്ചുള്ള വിവിധ വീക്ഷണഗതികളാണിപ്പറഞ്ഞത്. ഇതു സംബന്ധിച്ച ഇസ്‌ലാമിന്റെ വീക്ഷണം നമുക്കു സവിശദം പ്രതിപാദിക്കേണ്ടതുണ്ട്. ബുദ്ധിയെയും ശക്തിയെയും സാമൂഹികോത്തരവാദിത്തങ്ങളെയും മറ്റും സംബന്ധിച്ച ഇസ്‌ലാമിക മൂല്യം എടുത്തുകാണിക്കുകയും വേണം.

മനുഷ്യന്റെ പൂർണ്ണത വ്യക്തമാക്കുന്ന ഒന്നാണ് അവൻ മരണത്തെ നേരിടുന്ന രീതി. മരണത്തെക്കുറിച്ചുള്ള വിചാരവും ഭയവും മനുഷ്യനിലുള്ള ഒരു ബലഹീതയാണ്. പല ക്രൂരതകളും പ്രവർത്തിക്കുവാനും അപമാനങ്ങൾ സഹിക്കുവാനും ഇത് അവന് ഹേതുവാകുന്നു.

മരണഭയമെന്ന ഒന്നില്ലായിരുന്നുവെങ്കിൽ ജീവിതത്തിനു തന്നെ ആകെയങ്ങ് രൂപാന്തരം സംഭവിക്കും. ധീരമായി മരണത്തെ നേരിടുകയോ, സന്തോഷത്തോടും പുഞ്ചിരിയോടും കൂടി അതിനെ വരിക്കുകയോ ചെയ്യുന്നവരാണ് മഹാന്മാർ. ആത്മഹത്യയല്ല, ഒരു ലക്ഷ്യസാധ്യത്തിനുവേണ്ടി അത് തങ്ങളുടെ ദൗത്യമോ ഉത്തരവാദിത്തമോ ആയി വരുമ്പോഴത്തെ ജീവസമർപ്പണമാണിവിടെയുദ്ദേശ്യം. ആത്മഹത്യ ഉത്തരവാദിത്തം ഒഴിയലാണ്. മരണം ഒരു കർത്തവ്യമായി വരുമ്പോൾ അത് വരിക്കൽ സന്തോഷമാണ്. ഇത്തരം മരണത്തെ പുണ്യവാന്മാരാണ് സ്വാഗതം ചെയ്യുക. അവർക്ക് മരണം ഒരു വീടുമാറ്റമാണ്. അല്ലെങ്കിൽ 'സങ്കൽപസാധ്യമല്ലാത്ത ഒരു സ്ഥലത്തേയ്ക്കെത്താൻ പാലം കടക്കുന്നതുപോലെ' ഹുസൈന്റെ ശിരസ്സു ഛേദിക്കപ്പെട്ടപ്പോൾ അദ്ദേഹം പുഞ്ചിരിക്കുകയായിരുന്നുവത്രെ.

ഇത്തരം ആളുകൾക്ക് ആകർഷണത്തിന്റെയും വികർഷണത്തിന്റെയും മഹത്തായ രണ്ടു കഴിവുകളുണ്ടായിരിക്കും. അവർക്ക് അങ്ങേയറ്റം കൂറുള്ള ആത്മമിത്രങ്ങളും, ദുഷ്ടശത്രുക്കളുമുണ്ടായിരിക്കും. ശരിയെ മന:പൂർവ്വം എതിർക്കുന്നവരായിരിക്കും അവരുടെ ശത്രുക്കൾ. മഹാന്മാരായ ഇമാമുകൾ ഇത്തരത്തിലുള്ള പൂർണ്ണമനുഷ്യരും തങ്ങളുടെ സമൂഹത്തിന് മാതൃകകളുമായിരുന്നു.

മനുഷ്യൻ മാത്രമാണ് സ്വത്വത്തെ അസ്തിത്വത്തിൽ നിന്ന് വേറിട്ടുനിർത്താൻ കഴിയുന്ന ഏക സൃഷ്ടി. കല്ലിനോ ചെടിക്കോ ജന്തുക്കൾക്കോ പ്രകൃത്യാ അവയ്ക്ക് നൽകപ്പെട്ട ഗുണങ്ങളെ വേർപ്പെടുത്തി നിർത്താൻ കഴിയില്ല. പക്ഷെ, മനുഷ്യൻ മനുഷ്യത്വം ആർജ്ജിക്കുക തന്നെ വേണം. ജൈവപരമായ സ്വാഭാവിക പ്രവർത്തനങ്ങൾ കൊണ്ട് അത് നടക്കില്ല. സഅദി പറയുന്നു:

''ദേഹിയെ വഹിച്ചിടു-
ന്നുള്ളിലെന്നതിനാലി-
ദ്ദേഹവും മരത്തഹ-
മായ് ഭവിച്ചിതു നൂനം.
മുന്തിയോരുടയാട-
യാണേലും ദേഹമതു
മാനവ മഹത്വത്തെ
നിർണ്ണയിച്ചീടുന്നില്ല.''

മനുഷ്യനായി ജനിക്കുന്നതുകൊണ്ട് ഒരാൾ മനുഷ്യനാകുന്നില്ല. അറിവുള്ളവനായിത്തീരാനുള്ള കഴിവ് തന്നിൽ വഹിക്കുന്നതുവഴി മനുഷ്യനാകുവാനുള്ള യോഗ്യത അവൻ വഹിക്കുന്നു. ഇത് ഒരു ജീവശാസ്ത്രകാരനോ, ഡോക്ടർക്കോ നമുക്കു കാണിച്ചുതരാനാവില്ല. അതേസമയം, ഏതൊരു ഭൗതികവാദിക്കും ഇത് നിഷേധിക്കാനൊട്ടാവുകയുമില്ല. അതിനെ അളന്നറിയാൻ ഭൗതികമായ മാപകമില്ല.

ധിഷണാവാദം കൊണ്ടു ചർച്ച തുടങ്ങാം. പുരാതന തത്വദർശികൾക്ക് മനുഷ്യന്റെ സത്ത അവന്റെ ബുദ്ധിയാണ്. ശരീരം മനുഷ്യനെ സംബന്ധിച്ചിടത്തോളം വ്യക്തിത്വത്തിന്റെ നിർണ്ണായക ഘടകമല്ലാത്തതു പോലെ, ആത്മീയവും മാനസികവുമായ സവിശേഷതകളും അവനെ സംബന്ധിച്ചിടത്തോളം യഥാർത്ഥ വ്യക്തിത്വത്തിന്റെ നിർണ്ണായക ഘടകമല്ല. മറിച്ച്, ചിന്താശക്തിയാണ് വ്യക്തിത്വത്തിന്റെ അളവുകോൽ. അവൻ കാണുന്നതെന്തും അവന് ചിന്തിക്കാനുള്ള വസ്തുക്കളും മാർഗ്ഗങ്ങളുമാണ്. അവന്റെ അഭിരുചികളും അതിനനുസൃതം തന്നെ. ചിന്തയിൽ പൂർണ്ണത നേടുകയും പ്രപഞ്ചത്തെ അതുള്ളതുപോലെ ഗ്രഹിക്കുകയും ചെയ്തവനത്രെ പൂർണ്ണ മനുഷ്യൻ. ഈ ചിന്താധാരപ്രകാരം, പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുവാൻ ബുദ്ധിക്കു കഴിയും. ഒരു കണ്ണാടിയിലെന്ന പോലെ തെളിഞ്ഞ് പ്രപഞ്ച യാഥാർത്ഥ്യം ബുദ്ധിയിൽ പ്രതിബിംബിക്കുമത്രെ. ഇസ്ലാമിക തത്വചിന്തകരിൽ നിന്ന് ഈ വീക്ഷണം സ്വീകരിച്ച വിഭാഗം ഇതാണ് ഖുർആൻ അനുസരിച്ച് ഇസ്ലാമിന്റെ വിശ്വാസം എന്നു വിശ്വസിക്കുന്നു. പ്രപഞ്ചത്തേയും അതിന്റെ ഉത്ഭവം, ഗതി, വ്യവസ്ഥ, ദിശ, പരിണാമം എന്നിവയേയും മനസ്സിലാക്കൽ, ദൈവത്തിന്റെയും മലക്കുകളുടെയും അസ്തിത്വത്തിൽ വിശ്വസിക്കൽ, പ്രപഞ്ചത്തെ സൃഷ്ടിയായി വിശ്വസിക്കൽ, ദൈവം ലോകത്തെ സൃഷ്ടിച്ച പാടെ വിടാതെ പ്രവാചകരിലൂടെ മാർഗ്ഗദർശനം ചെയ്തിട്ടു കൂടിയുണ്ടെന്നു വിശ്വസിക്കൽ, എല്ലാത്തിന്റെയും പ്രഭവസ്ഥാനമെന്ന പോലെ പ്രാപ്യസ്ഥാനവും ദൈവമാണെന്നു വിശ്വസിക്കൽ - ഉയിർപ്പിലുള്ള വിശ്വാസം - എന്നെല്ലാണ് ഇതുകൊണ്ട് അവർ അർത്ഥമാക്കുന്നത്. ഇവയെക്കുറിച്ചെല്ലാമുള്ള കാഴ്ചപ്പാടിനെ തത്വചിന്താപരവും സാർവ്വത്രികവുമായിട്ടാണ്, ശാസ്ത്രീയമായ ഭാഗിക കാഴ്ചപ്പാടായിട്ടല്ല മേൽപറഞ്ഞ ചിന്തകൾ ഗണിക്കുന്നത്.

ധിഷണാവാദത്തിന് എതിരായത് പ്ലേറ്റോണിക് ചിന്തയോ[71] ഇല്ല്യൂമിനേഷൻ ചിന്തയോ[72] ആയിരുന്നു. അപ്രകാരം തന്നെ, ജ്ഞാനവാദവും സ്നേഹവാദവും പാരമ്പര്യവാദവും, ചരിത്രവാദവും. കഴിഞ്ഞ നാലു ശതകങ്ങളിലായി വികാരാത്മക ചിന്താധാര ധിഷണാവാദത്തിനെതിരായിട്ടാണ് നിലനിന്നിട്ടുള്ളത്; ഇന്നും. ബുദ്ധി വികാരങ്ങളുടെ ദാസിയാണെന്നും വികാരങ്ങൾ ഉൽപാദിപ്പിച്ചുകൊടുക്കുന്നതെന്തോ അതുപയോഗിക്കാനേ അതിനു കഴിയൂ എന്നുമാണ് പ്രസ്തുത ചിന്താധാര അവകാശപ്പെടുന്നത്. അസംസ്കൃത പദാർത്ഥങ്ങൾ എന്തെങ്കിലും സാധനമാക്കി മാറ്റുന്ന ഫാക്ടറി പോലെയാണത്രെ ബുദ്ധി. എന്നിരുന്നാലും, പല കടന്നാക്രമണങ്ങൾക്കെതിരിലും ധിഷണാവാദം നിലകൊണ്ടു.

ഇസ്ലാമിനോട് ധിഷണാവാദം എങ്ങനെ പൊരുത്തപ്പെടുന്നുവെന്നു നോക്കാം. ധൈഷണികഗ്രാഹ്യത്തിന്റെ യാഥാർത്ഥ്യവും മൂല്യവുമാണ് ഒന്നാമത്തെ സംഗതി. പല ചിന്താധാരകളും ബുദ്ധിയുടെ ഈ മൂല്യത്തെ നിഷേധിക്കുന്നു. എന്നാൽ മറ്റൊരു മതത്തിലും കാണാത്ത വിധത്തിലുള്ളതാണ് ഇസ്ലാമിക പ്രമാണങ്ങൾ ബുദ്ധിയെ പിന്തുണയ്ക്കുന്ന രീതി[73]. ക്രൈസ്തവതയെ നോക്കൂ. വിശ്വാസകാര്യങ്ങളിൽ ബുദ്ധിക്ക് ഇടപെടാൻ അതവകാശം നൽകുന്നില്ല. അത് സംബന്ധിച്ച ഏതൊരു ചിന്തയും യുക്തിയും പരിശോധിക്കേണ്ടത് പുരോഹിതന്മാരാണത്രെ.

നേരെമറിച്ച്, ഇസ്ലാം മത വിഷയങ്ങളിൽ അവകാശപൂർവ്വം ഇടപെടീക്കുന്നത് ബുദ്ധിയെ മാത്രമാണ്. ഇസ്ലാമിന്റെ ഒന്നാമത്തെ തത്വം 'തൗഹീദാ'ണ്. അഥവാ ഏകദൈവ വിശ്വാസം. നിങ്ങൾ എന്തുകൊണ്ടാണ് തൗഹീദിൽ വിശ്വസിക്കുന്നതെന്നു ചോദിച്ചാൽ, അതാണ് ബുദ്ധിപർവ്വകം എന്നായിരിക്കണം മുസ്ലിംകളുടെ ഉത്തരം. മറ്റുള്ളവരുടെ മാതൃകയോ പൂർവ്വികരോടുള്ള അനുകരണമോ ആണ് ഒരാളുടെ വിശ്വാസത്തിന്റെ അടിസ്ഥാന ന്യായമെങ്കിൽ അത്തരം വിശ്വാസം സ്വീകാര്യമല്ല. യുക്തിയിലൂടെ തന്നെ വരണമത്.

ഖുർആൻ പരിചിന്തനത്തെക്കുറിച്ച് അടിക്കടി പറയുന്നുണ്ട്. ചരിത്രവും വിശുദ്ധപാരമ്പര്യങ്ങളും യുക്തിയെ വലിയ പ്രാധാന്യം നൽകിയിട്ടാണ് പരിഗണിച്ചിരിക്കുന്നത്. നമ്മുടെ പാരമ്പര്യ ഗ്രന്ഥങ്ങളുടെ ഒന്നാമത്തെ അധ്യായം തന്നെ ബുദ്ധിയെയും യുക്തിയെയും സംബന്ധിച്ചുള്ള ചർച്ചയ്ക്കാണ് നീക്കിവെച്ചിട്ടുള്ളത് [74]. ദൈവം മനുഷ്യന് രണ്ട് തെളിവുകൾ നൽകിയിട്ടുണ്ടെന്ന് ഇമാം മൂസാ ഇബ്നു ജഅ്ഫർ പറയുന്നു. ഒന്ന് അന്തരംഗത്തുള്ള ദൈവദൂതനാണ്. അത് ബുദ്ധിയാണ്. രണ്ടാമത്തെത് അവന് ബാഹ്യമാണ്. അതായത്, അവന് മാർഗ്ഗദർശനം നൽകാൻ നിയുക്തനായിട്ടുള്ള പ്രവാചകൻ. രണ്ടും പരസ്പരം പരിപൂരകങ്ങളാണ്. മനുഷ്യന്റെ സംതൃപ്തിക്ക് രണ്ടും ഒഴിച്ചുകൂടാത്തതാണ്. ബുദ്ധിമാന്റെ ഉറക്കം വിഢ്ഢിയുടെ ഭക്തിയെക്കാൾ വിലയുള്ളതാണെന്ന് പറയാറുണ്ട്. ഒന്നാമന്റെ സാധാരണ അവസ്ഥ രണ്ടാമന്റെ വ്രതത്തേയ്ക്കാൾ ഉത്തമാണെന്നും ബുദ്ധിമാന്റെ നിഷ്ക്രിയത്വമാ

ണത്രെ വിഡ്ഢിയുടെ പ്രവർത്തനനിരതയെക്കാൾ ഗുണപ്രദം. അതീവബുദ്ധിസാമർത്ഥ്യം നൽകിയിട്ടാണ് ദൈവം പ്രവാചകരെ പ്രവാചകപട്ടത്തിന് യോഗ്യനാക്കിയത്. മുസ്‌ലിംകൾ പ്രവാചകരെ ദൈവികമായ പ്രതിഭയായിട്ടാണ് ഗണിക്കുന്നത്. ക്രിസ്ത്യൻ വിശ്വാസത്തിൽ നിന്നു ഇത് വ്യത്യസ്തമാണ്. ക്രൈസ്തവതയിൽ ബുദ്ധിയും മതവും തികഞ്ഞ വിഭിന്നത പുലർത്തുന്നു.

തത്വചിന്തകരുടെ വീക്ഷണത്തിൽ മനുഷ്യന്റെ സത്ത ബുദ്ധിയാണ്. ഇന്ദ്രിയങ്ങൾ, ഓർമ്മശക്തി, ഭാവനാശക്തി, അഭിരുചികൾ, വാസനകൾ എന്നിവയെല്ലാം ബുദ്ധിയുടെ ഉപകരണങ്ങളും ഉപാധികളുമാണ്. എന്നാൽ മനുഷ്യാസ്തിത്വമെന്നാൽ ബുദ്ധിയാണെന്നുള്ള വാദത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. ബുദ്ധി അതിന്റെ ഒരു ഭാഗമാണെന്നേ അത് പറയുന്നുള്ളൂ. വിശ്വാസത്തെ കേവലമൊരു ധാരണയിൽ പരിമിതപ്പെടുത്തുന്ന തത്വചിന്തകരുടെ അഭിപ്രായത്തോട് ഇസ്‌ലാം യോജിക്കുന്നില്ല. ധാരണയേയ്ക്കാൾ ഉയർന്ന ഒരു യാഥാർത്ഥ്യമാണ് വിശ്വാസം. ഇസ്‌ലാമിൽ അത് ആഭിമുഖ്യവും സമർപ്പണവും കൂടിയാണ്. വണക്കവും സ്നേഹവുമാണ്. ഒരു ജ്യോതിശാസ്ത്രജ്ഞന് നക്ഷത്രങ്ങളെക്കുറിച്ച് അറിവുണ്ട്. പക്ഷെ, അയാൾക്ക് അവയുടെ നേരെ ആഭിമുഖ്യവും സ്നേഹവും ഉണ്ടാവണമെന്നില്ല. ഒരു ധാതുശാസ്ത്രജ്ഞന് ധാതുലവണങ്ങളോടോ ഖനിജങ്ങളോടോ സ്നേഹ വികാരങ്ങളുണ്ടാവേണ്ടതില്ല. ഒരു വസ്തുവിനെ അറിയുന്നതിനോടൊപ്പം ഒരാൾ അതിനെ വെറുത്തേക്കാം. രാഷ്ട്രീയത്തിൽ ഒരാൾക്ക് തന്റെ ശത്രുവിനെക്കുറിച്ച് സ്വയം അറിയുന്നതിനേയ്ക്കാൾ അറിയും. മുസ്‌ലിംകൾക്കും അറബികൾക്കും അവരവരെ അറിയുന്നതിലേറെ ഇസ്റായീലിൽ അവരെക്കുറിച്ചറിയുന്നവരുണ്ട്. അറബുനാടുകളിൽ ഇസ്രായീലിനെക്കുറിച്ച് നന്നായറിയുന്ന വിദഗ്ധരുമുണ്ടാവാം. പക്ഷെ, തങ്ങളുടെ പഠനത്തിനു വിധേയമായ രാഷ്ട്രങ്ങളോട് ആ വിദഗ്ധർക്ക് ആഭിമുഖ്യമുണ്ടാവണമോ? പലപ്പോഴും അവരുടെ ഈ പഠിപ്പും അറിവും വെറുപ്പോടുകൂടിയുള്ളതാണ്.

ദൈവത്തെയും പ്രവാചകരെയും മതമൂല്യങ്ങളെയും സംബന്ധിച്ച് ഉയർന്ന് പരിജ്ഞാനമുള്ളതിനോടൊപ്പം നിഷേധികളോ അവിശ്വാസികളോ ആയി കഴിയുന്നവരുടെ ഉദാഹരണങ്ങൾ ഖുർആൻ അവതരിപ്പിക്കുന്നുണ്ട്[75]. ചെകുത്താന് ദൈവത്തെ അറിയാമായിരുന്നല്ലോ. എന്നിട്ടും ദൈവധിക്കാരിയായി പ്രവർത്തിച്ചു. സൃഷ്ടികളിൽ മറ്റാരെക്കാളും അധികമായി അവന് ദൈവത്തെ അറിയാം. ആയിരക്കണക്കിന് വർഷം അവൻ ദൈവത്തെ ആരാധിച്ചുപോന്നിട്ടുണ്ട്. മലക്കുകളുടെ കൂട്ടത്തിൽ ഒരുത്തനായിരുന്നല്ലോ അവൻ ആയിരക്കണക്കിന് വർഷങ്ങളായി. അവന് പ്രവാചകന്മാരെക്കുറിച്ചും ഉയിർപ്പുനാൾ, പരലോകം എന്നിവയെക്കുറിച്ചുമെല്ലാം അറിവുണ്ട്. എന്നിട്ടും ഖുർആൻ 'സ്വാദ്' സൂറ 74ൽ അവനെ സത്യനിഷേധികളുടെ (കാഫിറുകൾ) ഗണത്തിലാണ് എണ്ണിയിരിക്കുന്നത്[76]. വിശ്വാസം അറിവും ധാരണയുമാണെങ്കിൽ, ചെകുത്താനെ ഉയർന്ന വിശ്വാസിയായി എണ്ണേണ്ടിവരും. എന്നാൽ തനിക്കു നന്നായറിയാവുന്ന സത്യത്തെ നിരാകരിച്ചവനാണവൻ.

ഖുർആൻ 'അത്തീൻ' സൂറ 1 മുതൽ 6 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക: ''അത്തിയെക്കൊണ്ടും ഒലീവു മരത്തെക്കൊണ്ടും സീനായ് മലയെക്കൊണ്ടും ഈ സുരക്ഷിത പട്ടണത്തെക്കൊയണ്ടും ആണയിട്ടു പറയട്ടെ, ഏറ്റവും നല്ല ഘടനയിലാമ് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. പിന്നെ, നാമവനെ താണവരിൽ താണവനാക്കി മാറ്റി. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഒഴിക.''[77]

1 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ സൈദ്ധാന്തിക വിജ്ഞാനത്തിന്റെ മേഖലയിൽപ്പെട്ട കാര്യങ്ങളാണ്. 6-ാം വാക്യത്തിൽ പ്രായോഗിക വിജ്ഞാനത്തിന്റെ മേഖലയിൽപ്പെട്ടതും.

ധിഷണാവാദവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന സംഗതികളാണിവിടെ സൂചിപ്പിച്ചുപോന്നത്. 1. ബുദ്ധിയാണ് അടിസ്ഥാനം. അതിന്റെ നിഗമനത്തെ അവലംബിക്കാവുന്നതാണ്. അത് യഥാർത്ഥജ്ഞാനം ഉറപ്പുനൽകുന്നു. 2. ബുദ്ധി മനുഷ്യസത്തയുടെ സാകല്യമല്ല. ഇസ്‌ലാം അങ്ങനെ അതിനെ പരിഗണിക്കുന്നില്ല. 3. ബുദ്ധിയുടെ അവധാരണത്തെ, അല്ലെങ്കിൽ ബോധ്യത്തെ ആണ് ഇസ്‌ലാം വിശ്വാസം എന്നു വിളിക്കുന്നത്.

എന്നാൽ, വിശ്വാസം പ്രവർത്തനത്തിലേയ്ക്കുള്ള പ്രവേശികയാവുകയെന്നതാണ് പ്രധാനം. വിശ്വാസത്തിന് സ്വയം നിലനിൽപ്പില്ല. ഇത് രണ്ടു ചിന്താധാരകളെ മുഖാമുഖം നിർത്തുന്നു. എന്താണ് വിശ്വാസത്തിന്റെ യാഥാർത്ഥ്യം? മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം വിശ്വാസമായതു കൊണ്ടും, ഒരാൾ എപ്പോഴും ഒരു പദ്ധതിയനുസരിച്ചും ഒരു ലക്ഷ്യത്തിനുവേണ്ടിയും, വിശ്വാസത്തെ അവയ്ക്കെല്ലാം അടിസ്ഥാനമാക്കിക്കൊണ്ടും പ്രവർത്തിക്കണമെന്നതുകൊണ്ടുമാണോ ഇത്? പ്രവർത്തനം മനുഷ്യന് പ്രകൃതിസഹജമാണ്. ഇത് അവന് ചിന്തിക്കാനും വിശ്വസിക്കാനുമുള്ള ഒരടിസ്ഥാനം ആവശ്യമാക്കിത്തീർക്കുന്നു. ഒരു വീടിനോട് ഇതിനെ തുലനം ചെയ്യാം. വീടിന്റെ നിർമ്മാണം ലക്ഷ്യവും അതിനുവേണ്ടിയുള്ള വസ്തുക്കളും കെട്ടിടഭാഗങ്ങളും അദ്ധ്വാന ക്ലേശങ്ങളുമെല്ലാം ആ ലക്ഷ്യത്തിനുവേണ്ടിയുള്ള മൗലിക ഘടകങ്ങളുമാണ്.

കമ്യൂണിസം പോലെ, ഭൗതികവാദത്തിലധിഷ്ഠിതമായ വീക്ഷണങ്ങളും വിശ്വാസങ്ങളുമുൾക്കൊള്ളുന്ന സാമൂഹിക ചിന്താധാരകളുണ്ട്. അവയിലും സാമൂഹിക രാഷ്ട്രീയ, സാമ്പത്തിക ധാർമ്മിക തത്വങ്ങളുണ്ട്. അവ അടിത്തറയായിട്ടാണ് ഗണിക്കപ്പെടുന്നത്. ലക്ഷ്യമായിട്ടല്ല. കമ്യൂണിസ്റ്റിന് ഭൗതികവാദത്തെ ലക്ഷ്യമായി കാണാനൊക്കില്ല. സാമൂഹിക, രാഷ്ട്രീയ ചിന്തകളോട്, വിശിഷ്യാ സ്വാതന്ത്ര്യ ചിന്തകളോടുണ്ടായ ചർച്ചിന്റെ വങ്കത്തപൂർണ്ണമായ സംഘർഷമാണ് യൂറോപ്പിൽ കമ്യൂണിസത്തിനു നേരെ ആഭിമുഖ്യം വളർത്തിയത്. അങ്ങനെ മനുഷ്യൻ ഒന്നുകിൽ, ദൈവത്തെ മറന്ന് സ്വാതന്ത്ര്യം നേടുകയും സമൂഹത്തിൽ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയും വേണം; അല്ലെങ്കിൽ, ദൈവത്തിൽ വിശ്വസിച്ച് സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും അവഗണിക്കണം എന്ന ഒരു ചിന്താഗതി അവിടെ നിലനിന്നു. തുടർന്ന് ഒരടിസ്ഥാനമെന്ന നിലയ്ക്ക് മതത്തെ നിരാകരിച്ചുകൊണ്ടാണ് അവർ പ്രശ്നം പരിഹരിച്ചത്. ഭൗതികവാദത്തെ കൂടാതെ സാമൂഹികമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ യാതൊരു പ്രശ്നത്തെയും വ്യാഖ്യാനിച്ചുകൂടാ എന്ന തെറ്റായ ചിന്തയാണ് കമ്യൂണിസ്റ്റുകൾക്കുള്ളത്.[78]

എന്നാൽ ഭൗതികവാദം ഒരാവശ്യമല്ലെന്നു പറയുന്ന കുറെ കമ്യൂണിസ്റ്റുകാർ ഈയിടെയായി ലോകത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഭൗതികവാദം കൂടാതെ തന്നെ കമ്യൂണിസം സാധ്യമാണത്രെ. മാനസികമായ തത്വങ്ങളിലുള്ള വിശ്വാസം അവരെ സംബന്ധിച്ചിടത്തോളം സ്വയം ഒരു യാഥാർത്ഥ്യമല്ല. തങ്ങളുടെ ചിന്താധാര കെട്ടിപ്പടുക്കാനുള്ള ലോകവീക്ഷണത്തിന്റെ അടിസ്ഥാനമായിട്ടാണവർ അതിനെ ഉപയോഗിക്കുന്നത്.

ഇസ്‌ലാമിൽ, അല്ലാഹുവിലും മലക്കുകളിലും പ്രവാചകന്മാരിലും ഇമാമുകളിലും[79] ഉയിർപ്പിലുള്ള വിശ്വാസമുണ്ട്. എന്നാൽ ചിന്തയുടെയും വിശ്വാസത്തിന്റെയും ഒരു അടിസ്ഥാന സങ്കൽപമെന്നതിലു-പരി സ്വയം തന്നെ യാഥാർത്ഥ്യങ്ങൾ എന്ന അവസ്ഥ ഈ വിശ്വാസങ്ങൾക്കില്ലേ? ഇസ്‌ലാമിൽ, വിശ്വാസം ചിന്തയുടെ മൂലശിലയാണ്. വിശ്വാസത്തിലാണ് ഇസ്‌ലാമിക പ്രത്യയശാസ്ത്രം കെട്ടിപ്പൊക്കിയിരിക്കുന്നത്. അതിനോടൊപ്പം, വിശ്വാസകാര്യങ്ങൾ സ്വയം യാഥാർത്ഥ്യങ്ങളുമാണ്. വിശ്വാസത്തിന് സ്വയം സത്യതയുണ്ടെന്ന് തത്വചിന്തകന്മാർ പറയുന്നത് ശരിയാണ്. അതിന് പ്രവർത്തന മൂല്യമാണുള്ളതെങ്കിൽ, വിശ്വാസം കൂടാതെയുള്ള പ്രവർത്തനം വെറുതെയാണ്. വിശ്വാസം സന്തോഷത്തിന്റെ ഒരു സ്തംഭമാണ്. പ്രവർത്തനം മറ്റൊരു സ്തംഭവും. മനുഷ്യന്റെ ഇഹലോകത്തിലെ പൂർണ്ണത, പരലോകത്തിലേത് വിശേഷിച്ചും, അവന്റെ വിശ്വാസത്തെ ആശ്രയിച്ചാണ്. കാരണം, ഇസ്‌ലാമിൽ ആത്മാവ് സ്വതന്ത്രമാണ്.

ആത്മാവിന് അതിന്റേതായ പൂർണ്ണതയുണ്ട്. അത് ശാശ്വതമാണ്. പരിപൂർണ്ണത നേടിയില്ലെങ്കിൽ അതിന് ന്യൂനത അനുഭവപ്പെടുകയും അത് അസംതൃപ്തമായിരിക്കുകയും ചെയ്യും. 'അൽ ഇസ്രാഅ്' 72ൽ ഖുർആൻ പറയുന്നു: ''ഇതിൽ അന്ധരായിരിക്കുന്നവർ പരലോകത്തിലും അന്ധരായിരിക്കും. കൂടുതൽ വഴിപിഴച്ചവരും.''[80]

ഇവിടെ പറഞ്ഞിട്ടുള്ള അന്ധത ഭൗതികമായ അർത്ഥത്തിലുള്ളതല്ല. സത്യം ഗ്രഹിച്ച് അതിൽ വിശ്വസിക്കുന്നതിന് തടസ്സമാകുന്ന മാനസികവും ആത്മീയവുമായ അന്ധതയാണ്. ഒരാൾ ഇഹലോകത്തിൽ സാധ്യമാകുന്ന എല്ലാ നല്ല കാര്യങ്ങളും പ്രവർത്തിക്കുകയും നന്മയുടെ നേരെ ആളുകൾക്ക് പ്രചോദനം നൽകുകയും തിന്മയിൽ നിന്ന് ആളുകളെ പിന്തിരിപ്പിക്കാൻ പരിശ്രമിക്കുകയും മനുഷ്യരാശിയുടെ സേവനത്തിനായി ജീവിതം ഉഴിഞ്ഞിട്ട് ഋഷി തുല്യം ജീവിക്കുകയും ചെയ്തു. പക്ഷെ, ദൈവത്തെയും പാരത്രിക ജീവിതത്തെയും പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെയും അയാൾ മനസ്സിലാക്കിയില്ല, എങ്കിൽ അയാൾ ഇഹത്തിലും തുടർന്ന് പരത്തിലും അന്ധൻ തന്നെ. 'ത്വാഹാ' സൂറ 125-26ൽ ഖുർആൻ പറയുന്നു: ''അവൻ പറയും: 'നാഥാ! കാഴ്ചയുള്ളവനായിരുന്ന എന്നെ എന്തിനാണ് അന്ധനായി എഴുന്നേൽപ്പിച്ചിരിക്കുന്നത്? അല്ലാഹു പറയും: ''അതെ, എന്റെ രേഖകൾ നിനയ്ക്ക് വന്നപ്പോൾ നീയത് അവഗണിച്ചു. അതുപോലെ നിന്നെ ഇന്നു അവഗണിക്കുകയാണ്.''[81]

നഹ്ജുൽബലാഗ വിശ്വാസത്തിന്റെ മൗലികതയിൽ വിശ്വസിക്കുന്നു. ദൈവത്തിന്റെ ആൾക്കാർ അവനെ വിളിച്ച് മാപ്പിരക്കുമ്പോൾ അവർ തങ്ങളുടെ അന്തരംഗത്ത് മോക്ഷത്തിന്റെ തെന്നൽക്കുളിര് അനുഭവിക്കുന്നതിനെക്കുറിച്ച് നഹ്ജുൽ ബലാഗയിൽ കാണാം. ദൈവവുമായി സാത്മ്യബന്ധം പുലർത്തുന്ന വ്യക്തികൾ എക്കാലത്തും ഉണ്ടായിരിക്കുമത്രെ. ഫഖ്ർ റാസി ഇങ്ങനെ ഒരു പദ്യം ചൊല്ലിയിട്ടുണ്ട്.

''ഇപ്രപഞ്ചത്തിന്റെ
വാസ്തവമറിയാതെ
മൃത്യുവെപ്പുല്കേണ്ട-
തായ് വരുമോ?
ബാഹ്യശരീരത്തി-
നപ്പുറമാത്മാവി-
നസ്തിത്വം കാണാതെ
വേർപ്പെടുമോ?''[82]

ദൈവത്തെ അറിയൽ, പ്രപഞ്ചത്തിന്റെ കാര്യസ്ഥന്മാരായ മാലാഖമാരെ അറിയൽ, ദൈവാനുഗ്രഹം നമ്മിലേയ്ക്കെത്തിക്കാനുള്ള മാധ്യമങ്ങളായ വിശുദ്ധ പ്രവാചകന്മാർ, പുണ്യവാളന്മാർ എന്നിവരെ അറിയൽ, ഇഹലോകത്തിൽ നാം വന്നതിന്റെ കാരണവും ഇവിടം വിട്ടാൽ നമുക്കെത്താനുള്ള സ്ഥാനവും മറ്റേതൊരു വസ്തുവിനെയും പോലെ ദൈവത്തിലേയ്ക്കുള്ള നമ്മുടെ അവസാനത്തെ തിരിച്ചുപോക്കും സംബന്ധിച്ച് അറിയൽ – ഈ അറിവുകളെല്ലാം മൗലികങ്ങളാണ്. ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളുമാണ്.

അപ്പോൾ കർമ്മങ്ങൾ പറഞ്ഞ് വിശ്വാസമോ, വിശ്വാസം പറഞ്ഞ് കർമ്മമോ ഒഴിവാക്കിക്കൂടാ. ഈയടിസ്ഥാനത്തിൽ നോക്കുമ്പോൾ തത്വചിന്തകന്റെ പൂർണ്ണമനുഷ്യൻ പൂർണ്ണനാകുന്നില്ല. ബുദ്ധിപരമായ പൂർണ്ണത മാത്രമാണ് അയാൾ അന്വേഷിക്കുന്നത് എന്നതിനാൽ അയാൾ നേടുന്ന പൂർണ്ണത ഭാഗികമാണ്. അയാൾക്ക് നിറയെ അറിവുണ്ടായിരിക്കും. പക്ഷേ, കർമ്മകുശലതയോ ചലനാവേഗമോ, പ്രതീക്ഷയോ ഇല്ല.

ജ്ഞാനവാദത്തിൽ ബുദ്ധിയും വിജ്ഞാനവുമൊക്കെ നല്ലവണ്ണം പുച്ഛിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഇസ്‌ലാമിന് സ്നേഹത്തെയും ഹൃദയത്തെയും അംഗീകരിച്ചുകൊണ്ടുതന്നെ ബുദ്ധിയെയും യുക്തിയെയും ന്യായത്തെയും ബഹുമാനിക്കാൻ കഴിയുന്നു. സ്നേഹത്തിന്റെയും യുക്തിയുടെയും മാർഗ്ഗങ്ങളെ ബഹുമാനിക്കുന്ന ഒരു വിഭാഗം തന്നെ പിൽക്കാലത്ത് ഇസ്‌ലാമിക ചരിത്രത്തിൽ ഉയർന്നുവരികയുണ്ടായത് അതുകൊണ്ടാണ്. ജ്ഞാനോദയവാദ (illumination)ത്തിന്റെ വക്താവായ ശിഹാബുദ്ദീൻ സുഹ്റവർദി[83] അതിൽ ഒരു വിഭാഗത്തിൽപ്പെടുന്നു. സ്നേഹത്തിന്റെയും യുക്തിയെടുയം മാർഗ്ഗം ഖുർആനെ പിന്തുടരണമെന്നു ചിന്തിച്ചു മുല്ലാ സദ്റശീറാസിയും[84] ഒരളവോളം

അവിസെന്നയെപ്പോലെ ഹൃദയത്തെ നിന്ദിക്കാനോ സൂഫികളെപ്പോലെ ബുദ്ധിയെ താഴ്ത്തിപ്പറയാനോ ഇവർ ശ്രമിച്ചിട്ടില്ല.

ജ്ഞാനവാദത്തിൽ കാണുന്നതും ഇസ്‌ലാമിന് അസ്വീകാര്യവുമായ ഒരു സംഗതി ബഹിർമുഖതയെ കീഴ്പ്പെടുത്തുന്ന അതിന്റെ അന്തർമുഖതയാണ്. അതുപോലെ സാമൂഹിക വശത്തെ അപ്പാടെ നിരാകരിക്കുന്ന അതിന്റെ വ്യക്ത്യുന്മുഖതയും. ജ്ഞാനവാദത്തിൽ ഒരു പൂർണ്ണ മനുഷ്യൻ തന്റെ സ്വത്വത്തിലാണ് ആകെക്കൂടി വ്യാപൃതനാകുന്നത്. എന്നാൽ ഇസ്‌ലാമിൽ, സ്നേഹത്തിനും നന്മയ്ക്കും സ്വത്വസംസ്കരണത്തിനും ആത്മീയതയ്ക്കുമെല്ലാം ഉപരിയായി, ഒരു പൂർണ്ണമനുഷ്യൻ ബഹിർദൃക്കും സാമൂഹിക സ്വഭാവമുള്ളവനുമാണ്.

ഇമാം മഹ്ദിയുടെ അനുയായികൾ രാത്രിയിൽ സന്യാസികളും പകൽ സിംഹങ്ങളുമാണ്. ഈ രണ്ടു വശങ്ങളെയുമാണ് ‘ബറാഅത്ത്’ സൂറ 112ൽ എടുത്തുപറഞ്ഞിരിക്കുന്നത്. ‘‘അവർ അല്ലാഹുവിലേയ്ക്കു മടങ്ങുന്നവരും, പ്രകീർത്തിച്ചും വ്രതമനുഷ്ഠിച്ചും കുമ്പിട്ടും പ്രണമിച്ചും അവനെ ആരാധിക്കുന്നവരും, നന്മ കൽപ്പിക്കുകയും തിന്മ തടയുകയും ചെയ്യുന്നവരും, അല്ലാഹുവിന്റെ അതിർത്തികൾ കാക്കുന്നവരുമാകുന്നു. വിശ്വാസികൾക്കു സന്തോഷവാർത്ത നൽകുക.’’ വ്യക്തിപരമായ ഭക്തിയെ സംബന്ധിക്കുന്നതാണ് ഈ വാക്യത്തിന്റെ ആദ്യഭാഗം. ദൈവത്തിലേയ്ക്കുള്ള മടക്കവും ആരാധനയുമെല്ലാം അതിനെ സൂചിപ്പിക്കുന്നു. എന്നാൽ, അവസാനഭാഗം സാമൂഹികമായ കർത്തവ്യങ്ങളെയാണ് പ്രതിപാദിക്കുന്നത്. ‘അൽഫത്ഹ്’ സൂറ 28ൽ ഇതിനു സമാനമായ ആശയം തന്നെയാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

‘‘അല്ലാഹുവിന്റെ ദൂതർ മുഹമ്മദും അദ്ദേഹത്തിന്റെ കൂടെയുള്ളവരും സത്യനിഷേധികൾക്കെതിരിൽ ഉറച്ച മസ്സുള്ളവരാണ്. തമ്മിൽ തമ്മിൽ കരുണയുള്ളവരുമാണ്. അല്ലാഹുവിന്റെ അനുഗ്രഹവും തൃപ്തിയും കാംക്ഷിച്ചുകൊണ്ട് അവർ കുമ്പിടുന്നതും സാഷ്ടാംഗം പ്രണമിക്കുന്നതും കാണാം. സാഷ്ടാംഗപ്രണാമത്തിന്റെ ഫലമായി അവരുടെ മുഖത്ത് അവർക്കൊരടയാളമുണ്ട്. തൗറാത്തിൽ ഇതാണവരുടെ വിശേഷണം ഇഞ്ചീലിൽ അവരുടെ വിശേഷണം ഒരു വിത്തുപോലെയാണ്. അത് അതിന്റെ മുള പുറത്തേയ്ക്കു കൊണ്ടുവരുന്നു. എന്നിട്ട് അതിന് കരുത്തുനൽകുന്നു. അപ്പോൾ അത് തടിവെച്ച് വിത്തിട്ടവരെ വിസ്മയിപ്പിച്ചുകൊണ്ട് സ്വന്തം തണ്ടിൽ നിവർന്നുനിൽക്കുന്നു. അവർ കാരണം അവൻ (അല്ലാഹു) സത്യനിഷേധികളെ അരിശം കൊള്ളിക്കേണ്ടതിന് അവരിൽ നിന്ന് വിശ്വസിക്കുകയും സുകൃതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിട്ടുണ്ട്.’’

ഈ വാക്യത്തിന്റെ ആദ്യഭാഗം പ്രവാചകരുടെയും അനുയായികളുടെയും സാമൂഹിക സ്വഭാവത്തെക്കുറിച്ചാണ് പറയുന്നത്. അടുത്ത ഭാഗത്തിൽ ആരാധനയും ഭക്തിയുമാണ്. ഭക്തി മുഖേന ദൈവത്തിന്റെ പ്രീതിയാണവർ മോഹിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം അതിനുപരിയായി യാതൊന്നുമില്ല. ദൈവപ്രീതിക്കുവേണ്ടിയുള്ള ഈ ഭക്തി സമർപ്പണങ്ങൾ തന്നെയാണ് സൂഫികളുടെ പൂർണ്ണ മനുഷ്യനിൽ അതിരു കടന്നു കാണപ്പെടുന്നത്. ഇസ്‌ലാമിക പാഠങ്ങൾ അഗാധമായി സ്വാധീനിച്ച ചില ജ്ഞാനവാദികൾ ഈ ദൗർബല്യം ശ്രദ്ധിക്കുകയും ചൂണ്ടിക്കാട്ടുകയുമുണ്ടായി. എന്നിട്ടും അന്തർമുഖത ബഹിർമുഖതയെ ബാധിക്കുന്ന വിധത്തിൽ തന്നെ ഈ അതിരുകവിയൽ നിലനിന്നു.

ഇന്ദ്രിയനിഗ്രഹം എന്നു പറയുന്ന മറ്റൊരു സംഗതിയുണ്ട്. സ്വാർത്ഥം, അഹന്ത, ആത്മസ്തുതി എന്നിവയെ ഉന്മൂലനം ചെയ്ത് വിശുദ്ധി നേടുകയാണ് അതുകൊണ്ട് ഉദ്ദേശ്യം. എന്നാൽ ഇതിന് ഊന്നൽ നൽകുന്നതിടിനിയിൽ ജ്ഞാനവാദികൾ സംസ്കരണത്തിന്റെ ക്രിയാത്മകവശത്തെ വിസ്മരിച്ചു. ഭൗതികവാദത്തിനും ജീവശാസ്ത്രത്തിനും അപ്പുറമുള്ള മഹാമനസ്കത പോലുള്ള ഗുണങ്ങളാണത്. അഥവാ അഭൗതിക മാനുഷികമൂല്യങ്ങൾ.

ഇതര ചിന്താധാരകളെ അപഗ്രഥിക്കാതെ ഇതു സംബന്ധിച്ച് ഇസ്‌ലാമിക വീക്ഷണങ്ങളുടെ ആഴം അളക്കാനാവില്ല. ജ്ഞാനവാദികൾ ബുദ്ധിയെ നിന്ദിക്കുകയും സ്നേഹത്തെ വളരെയേറെ അതീതമായ ഒരു സ്ഥാനത്തേയ്ക്കുയർത്തുകയും ചെയ്തതിനെക്കുറിച്ച് നാം നേരത്തെ സൂചിപ്പിച്ചു. ചിന്തയെയും യുക്തിയെയും ന്യായത്തെയും മൂല്യമില്ലാത്തതായി ഗണിക്കുന്നത് അതിരുകടന്ന നിലപാടാണ്.

ഹിജ്റ നാലാം നൂറ്റാണ്ടൊടുവിലും അഞ്ചാം നൂറ്റാണ്ടാദ്യത്തിലുമായിട്ടാണ് ധിഷണാവാദത്തിന്റെ വക്താവായ അവിസെന്ന ജീവിച്ചിരുന്നത്. സുപ്രസിദ്ധ ജ്ഞാനവാദി അബൂസഈദ് അബുൽ ഖൈർ ഇദ്ദേഹത്തിന്റെ സമകാലികനായിരുന്നുവത്രെ. ബൽഖിലും ബുഖാറയിലുമായി കിടക്കുന്ന ട്രാൻസോക്സാനിയ എന്ന പ്രദേശത്തായിരുന്നു അവിസെന്ന ആദ്യം. പിന്നീട്, സുൽത്താൻ മഹ്മൂദിന്റെ[85] കൊട്ടാരത്തിലേയ്ക്കുള്ള ക്ഷണം നിരസിച്ചതിനെത്തുടർന്ന് അതിന്റെ പ്രത്യാഘാതം ഭയന്ന് അദ്ദേഹം നിശാപൂരിലേയ്ക്കു പോയി. അബൂസഈദുമായി അവിടെ വെച്ചാണദ്ദേഹം കാണുന്നത്. മൂന്നു ദിവസം ഒരു സ്വകാര്യസ്ഥലത്തിരുന്ന് രണ്ടു പേരും അവരവരുടെ വീക്ഷണങ്ങളെക്കുറിച്ച് ചർച്ച നടത്തിയത്രെ. നമസ്കാരത്തിനുവേണ്ടി മാത്രമേ ഇതിനിടയിൽ അവർ പുറത്തിറങ്ങിയിരുന്നുള്ളൂ. പിന്നീട് അവിസെന്നയോട് അബൂസഈദിനെക്കുറിച്ച് ആരോ അഭിപ്രായം ചോദിച്ചപ്പോൾ ഇപ്രകാരമായിരുന്നു മറുപടി: ‘‘നമുക്ക് അറിവു മാത്രമുള്ള സംഗതികൾ അദ്ദേഹം നേരിട്ടുകാണുന്നു.’’ അവിസെന്നയെക്കുറിച്ച് അബൂസഈദിനോട് ചോദിച്ചതിന് അദ്ദേഹത്തിന്റെ പ്രതികരണം: ‘‘നാം നേരിൽ നോക്കി നടന്നുപോകുന്ന പാതയിലൂടെ വടിയും കുത്തി നടന്നുപോകുന്ന ഒരു അന്ധനാണദ്ദേഹം.’’ ബുദ്ധിയോടുള്ള അവജ്ഞ മുറ്റിനിൽക്കുന്നു അബൂസഈദിന്റെ ഈ പ്രതികരണത്തിൽ.

ബുദ്ധിയെക്കുറിച്ച് ഖുർആനും ജ്ഞാനവാദവും മുന്നോട്ടുവെക്കുന്ന വീക്ഷണങ്ങൾ പരിശോധിച്ചാൽ അവ പരസ്പര പൊരുത്തമില്ലാത്തവയാണെന്നു മനസ്സിലാകും. ജ്ഞാനവാദം നൽകുന്നതിനേക്കാൾ വലിയ വിലയാണ് ഖുർആൻ ബുദ്ധിക്കും ചിന്തയ്ക്കും ശുദ്ധയുക്തിക്കും കൽപ്പിച്ചിരിക്കുന്നത്.

ഇമാം അലിയെ ജ്ഞാനവാദത്തിന്റെ കേന്ദ്രമായിട്ടാണ് ശിയാ-സുന്നി വിഭാഗങ്ങളെല്ലാം (ഏതാണ്ട് 70 വിഭാഗങ്ങൾ) കാണുന്നത്. ഒരേ ഒരു വിഭാഗം മാത്രമേ അബൂബക്കറിനെ അനുധാവനം ചെയ്യുന്നുള്ളൂ[86]. ഇബ്നു അബിൽ

ഹദീദിന്റെ അഭിപ്രായത്തിൽ, നഹ്ജുൽ ബലാഗയിൽ വെറും നാലു വരികളിലാണ് ജ്ഞാനവാദത്തിന്റെ മൂലബിന്ദു അലി വിവരിച്ചിരിക്കുന്നത്. മറ്റു ജ്ഞാനവാദികളെല്ലാം അത് വിവരിക്കാൻ അനേകം ഗ്രന്ഥങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. അതേ അലി തത്വചിന്തകനായിട്ടാണ് മറ്റു പലേടങ്ങളിലും വരുന്നത്. അദ്ദേഹത്തിന്റെ യുക്തിവാദത്തോട് ഒരു തത്വചിന്തകനും കിടപിടിക്കാനാവുന്നില്ല. അപ്പോൾ, ഇസ്ലാമിലെ പൂർണ്ണമനുഷ്യൻ, ബുദ്ധിപരമായ പരിപൂർണ്ണതയിൽ, ജ്ഞാനവാദത്തിലെ പൂർണ്ണ മനുഷ്യനിൽ നിന്നും വ്യത്യസ്തനാണ്. ജ്ഞാനവാദത്തിന്റെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാട്, ഒരാൾ മറ്റുള്ളവർക്ക് എന്ത് നൽകാനുദ്ദേശിക്കുകയാണെങ്കിലും അത് സ്വത്വത്തിന്റെ ഉള്ളിൽ നിന്നുള്ളതായിരിക്കണമെന്നതാണ്. അവർക്ക്, ഒരാൾ തനിക്കു പൂർണ്ണനാകാൻ തന്നെ ശുദ്ധീകരിക്കുകയും ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും മറ്റൊന്നിലും ശ്രദ്ധിക്കാതിരിക്കുകയും ബാഹ്യ വസ്തുക്കളുമായുള്ള ബന്ധം ഒഴിവാക്കി തന്നിൽ തന്നെ ഒതുങ്ങുകയും വേണം. അവിടെ ചർച്ചയ്ക്കോ യുക്തിവാദത്തിനോ വിലയില്ല. കവി റൂമി പറയുന്നു:

''യുക്തിവാദിയുടെ അടിസ്ഥാനം
ഈടു കുറഞ്ഞ മരക്കാലാണ്.''

മറ്റൊരിടത്ത് റൂമി പറയുന്നു: ''ബുദ്ധിപരമായ സംസാരത്തിന് മുത്തിനെയും പവിഴത്തെയും പോലെ മൂല്യമുണ്ടാവാം. എന്നാൽ, ജീവിതത്തിന്റെ സത്ത മറ്റൊന്നാണ്. തികച്ചും വ്യത്യസ്തമായ ഒരു നിലവാരത്തിൽ വെച്ച് വേണം അതിനെക്കുറിച്ചു സംസാരിക്കാൻ. മറ്റൊരു നിയമമാണ് ജീവിതത്തിന്റെ വീഞ്ഞിനുള്ളത്.''

തത്വചിന്തകന്റെ പാത എവിടെച്ചെന്നവസാനിക്കുന്നു? ഒരു ചിന്താപ്രപഞ്ചത്തിൽ അദ്ദേഹത്തിന് ഒരു കണ്ണാടിയുണ്ട്. അതിലൂടെ അദ്ദേഹം പ്രപഞ്ചത്തെ ദർശിക്കുന്നു.

സൂഫിയുടെ പാത എവിടെ അവസാനിക്കുന്നു? ദൈവത്തിൽ സ്വയം സംസ്കരണവും സ്നേഹവും വഴിയാണ് അദ്ദേഹം അവിടെ എത്തുന്നത്. ആത്യന്തികമായ അസ്തിത്വത്തിൽ അയാൾ തന്നെ മറക്കുകയാണ്. 'അൽ ഇൻശിഖാഖ്' സൂറ 6ൽ ഖുർആൻ പറയുന്നു: ''മനുഷ്യാ!, നീ നിന്റെ നാഥനിലേയ്ക്കെത്താൻ ക്ലേശിച്ച് പരിശ്രമിക്കുന്നവനാണ്. അങ്ങനെ നീ അവനെ കണ്ടെത്തും.[87]''

അവനെ പ്രാപിക്കുന്നതോടെ നിങ്ങൾക്ക് എല്ലാമായി. ആ പദവിയിലെത്തിയവൻ ദൈവത്തിന്റെ കാരുണ്യത്തെയല്ലാതെ ഒന്നിനെയും ആഗ്രഹിക്കുന്നില്ല. അബൂസഈദിന്റെ വരികൾ ശ്രദ്ധിക്കുക:

''അവനെ അറിഞ്ഞാൽ പിന്നൊരാൾക്ക്
ജീവിതം കൊണ്ട് എന്തുകാര്യം?
ഭാര്യയെക്കൊണ്ടെന്തു കാര്യം?
മക്കളെക്കൊണ്ടെന്തുകാര്യം?
കുടുംബത്തെക്കൊണ്ടെന്തു കാര്യം?
നിങ്ങൾ അവനിൽ ഉന്മത്തനാകുന്നു.
രണ്ടു ലോകവും അവന് നൽകുന്നു.
ഒരാൾ നിങ്ങൾക്കുവേണ്ടി ഭ്രാന്തനായാൽ
അതിൽപരം അയാൾ എന്തുവേണം?.

ജ്ഞാനവാദികളുടെ വീക്ഷണത്തിൽ ആരാണ് പൂർണ്ണമനുഷ്യൻ എന്ന സംഗതിയാണ് മേൽപറഞ്ഞത്. ദൈവത്തെ പ്രാപിക്കുമ്പോൾ അയാൾ അവന്റെ പൂർണ്ണമായ പ്രതിഭാസവും അവന്റെ സത്ത പ്രതിബിംബിക്കുന്ന ദർപ്പണവുമായിത്തീരുന്നു. എന്നാൽ, സ്വയം സംസ്കരണത്തെക്കുറിച്ച് ഇസ്ലാം എങ്ങനെ ചിന്തിക്കുന്നു? 'അശ്ശംസ്' സൂറ 9ൽ ഖുർആൻ പറയുന്നു: ''അതിനെ (ആത്മാവിനെ) സംസ്ക്കരിച്ചവൻ വിജയിച്ചു. അതിനെ ദുഷിപ്പിച്ചവൻ പരാജയമടഞ്ഞു.[88]

ഇസ്ലാമിൽ ആത്മസംസ്കരണം ദൈവത്തെ അറിയുന്നതിനുള്ള വഴിയാണോ? അതോ, യുക്തിയും ചിന്തയും വഴി ദൈവത്തെ കണ്ടെത്താൻ സാധിക്കുമോ? ആത്മ സംസ്കരണ വിഷയത്തിൽ സുന്നികളുടെയും ശിയാക്കളുടെയും ആധാരഗ്രന്ഥങ്ങളിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു നബി വാക്യമുണ്ട്: ''ദൈവത്തിനുവേണ്ടി നാൽപത് ദിവസം ഒരാൾ പരിശുദ്ധിയിൽ നിന്നാൽ, അതായത് ദൈവത്തിന്റെ സംതൃപ്തിമാത്രം വിലപ്പെട്ടതായി കാണുകയും മറ്റെല്ലാ മോഹങ്ങളെയും കൈവെടിയുകയും ചെയ്താൽ, അയാൾ ഇബ്രാഹീമിനെപ്പോലെയാകും.' എന്റെ നമസ്കാരവും ഭക്തിയും ജീവിതവും മരണവും പ്രപഞ്ചനാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നുവെന്ന് പറയാൻ (ഖുർആൻ 'അൻഅൻആം സൂറ 162) അല്ലാഹുവിന്റെ കൽപ്പന കിട്ടിയ ഇബ്രാഹീം നബിയെപ്പോലെ.''[89]

അന്തർമണ്ഡലത്തിൽ നിന്നു നിർഗ്ഗമിക്കുന്ന ജ്ഞാനം ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം സ്വീകാര്യമാണെന്നാണിതിനർത്ഥം. അല്ലാഹു മൂസാനബിയെ സംബന്ധിച്ച് ഇപ്രകാരം അരുളിയതായി 'അൽകഹ്ഫ്' സൂറ 65ൽ ഖുർആൻ പറയുന്നു: ''അങ്ങനെ അവർ അവിടെ നാം നമ്മുടെ ഭാഗത്തുനിന്നു കരുണ നൽകുകയും നമ്മുടേതായ പ്രത്യേക ജ്ഞാനം പഠിപ്പിക്കുകയും ചെയ്ത നമ്മുടെ ദാസരിൽ ഒരു ദാസനെ കണ്ടു.''[90]

പ്രവാചകർ ഇങ്ങനെ പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ''മനുഷ്യരുടെ ഹൃദയങ്ങളിൽ കൂടി പിശാചുക്കൾ സഞ്ചരിക്കുന്നില്ലെങ്കിൽ അവർക്ക് ഉപരിലോക രഹസ്യങ്ങളിലേയ്ക്ക് എത്തിനോക്കാം.''[91] ഹൃദയനേത്രം കൊണ്ട്

നോക്കിക്കാണാമെന്ന് സാരം. വീണ്ടും പ്രവാചകർ പറയുന്നു: ‘‘നിങ്ങളുടെ ഈ വായാടിത്തം ഇല്ലാതിരിക്കുകയും ഏതു മൃഗത്തിനും മേഞ്ഞുനടക്കാനുള്ള മേച്ചിൽപ്പുറം എന്ന അവസ്ഥ നിങ്ങളുടെ ഹൃദയങ്ങൾക്കില്ലാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ, ഞാൻ കാണുന്നത് നിങ്ങളും കാണുമായിരുന്നു; ഞാൻ കേൾക്കുന്നത് നിങ്ങളും കേൾക്കുമായിരുന്നു.’’[92]

പ്രവാചകർ കാണുന്നത് കാണാനും കേൾക്കുന്നത് കേൾക്കാനും പ്രവാചകൻ തന്നെ ആവണമെന്നില്ലാ എന്നാണിതിനർത്ഥം. മറ്റു ചിലർക്കും അത് സാധിക്കും. അലിക്ക് അത് സാധിച്ചിട്ടുണ്ട്. പത്താം വയസ്സിൽ പ്രവാചകരോടൊന്നിച്ച് അദ്ദേഹം കഅബാലയത്തിലേയ്ക്കും ഹിറാ ഗുഹയിലേയ്ക്കും പോയിരുന്നു. മുഹമ്മദിന് ആദ്യമായി വെളിപാട് വരികയും അദ്ദേഹം ആനന്ദതുന്ദിലനാവുകയും ചെയ്ത സമയത്ത് അലിക്കും അവിടുത്തേയ്ക്കിറങ്ങിയ വെളിപാടിന്റെ സ്വരം മറയ്ക്കപ്പുറത്തു നിന്ന് കേൾക്കാൻ കഴിഞ്ഞു. അദ്ദേഹം പറയുന്നു: ‘‘വെളിപ്പാടിറങ്ങിയപ്പോൾ ചെകുത്താന്റെ ആർത്തനാദം എനിക്ക് കേൾക്കാൻ കഴിഞ്ഞുവെന്ന് ഞാൻ പ്രവാചകരോട് പറഞ്ഞു. അന്നേരം അവിടുന്ന് ഇങ്ങനെ എന്നോട് പറയുകയുണ്ടായി: ‘‘അലീ, ഞാൻ കാണുന്നത് നീയും കാണുന്നു. ഞാൻ കേൾക്കുന്നത് നീയും കേൾക്കുന്നു. നീയൊരു പ്രവാചകനല്ലാതിരുന്നിട്ടും.’’[93] ഈ നിലയ്ക്ക്, സ്വയം സംസ്കരണത്തിന്റെ ഫലം ഹൃദയവിശുദ്ധിയും ആത്മാർത്ഥതയും ആത്മ നിയന്ത്രണവുമെന്നതിനേക്കാളും വലുതാണെന്ന് വരുന്നു. ആത്മാവുൽപാദിപ്പിക്കുന്ന ജ്ഞാനവും ബോധവും കൂടി അതിന്റെ അതിമഹത്തായ ഫലങ്ങളാണ്. ഒരിക്കൽ പ്രവാചകരുടെ ചില സഖാക്കൾ അവിടുത്തോടു പറഞ്ഞു. ‘‘ഞങ്ങൾ കപടന്മാരാകുന്നതിനെക്കുറിച്ച് ഭയപ്പെടുന്നു’’. യഥാർത്ഥ വിശ്വാസികളായിട്ടും ഇങ്ങനെയൊരു ആശങ്ക അവർക്കുണ്ടായി. പ്രവാചകർ എന്തുകൊണ്ടാണതെന്ന് ചോദിച്ചു. അവർ പറഞ്ഞു: ‘‘ഞങ്ങൾ അങ്ങയുടെ സാന്നിധ്യത്തിലായിരിക്കുകയും അല്ലാഹുവിനെയും പരലോകത്തെയും പാപത്തെയും സംബന്ധിച്ച് അങ്ങ് ഞങ്ങളോട് പ്രസംഗിക്കുകയും ചെയ്യുമ്പോൾ ഞങ്ങൾക്ക് അഗാധമായ പശ്ചാത്താപമുണ്ടാകും. അത് ഏറെ സന്തോഷദായകം തന്നെ. എന്നാൽ, അങ്ങയെ പിരിഞ്ഞുപോകയും കുടുംബത്തിലായിരിക്കുകയും ചെയ്യുമ്പോൾ ഞങ്ങൾ പൂർവ്വാവസ്ഥയിലേക്ക് തിരിച്ചുപോകുന്നു. ഇത് കാപട്യം തന്നെയല്ലേ?’’ പ്രവാചകർ പറഞ്ഞു: ‘‘അല്ല, അത് മനസ്സിന്റെ അവസ്ഥാന്തരം മാത്രമാണ്. മനസ്സ് ക്ഷീണിക്കുമ്പോൾ അങ്ങനെ സംഭവിക്കാം. കാപട്യം ഒരാൾക്ക് തികച്ചും വ്യത്യസ്തമായ രണ്ടു മുഖമുണ്ടായിരിക്കയാണ്’’ തുടർന്ന് അവിടന്നരുളി: ‘‘എന്റെ അഭാവത്തിലും എന്റെ സാന്നിധ്യത്തിലുള്ള അതേ നില നിങ്ങൾക്ക് നിലനിർത്തുവാൻ കഴിഞ്ഞാൽ മലക്കുകൾ നിങ്ങളുടെ കൈപിടിച്ച് അഭിവാദ്യം ചെയ്യും. നിങ്ങൾ പതിവായി അതേ അവസ്ഥയിൽ തുടരുമെങ്കിൽ, നിങ്ങൾക്കു വെള്ളത്തിൽ കൂടി മുങ്ങാതെ നടക്കാം.’’[94]

ലോകസാഹിത്യത്തിൽ അത്യുത്തമങ്ങളായി ഗണിക്കപ്പെടുന്ന നമ്മുടെ സൂഫി സാഹിത്യകൃതികളെല്ലാം ഇസ്‌ലാമിനോട് കടപ്പെട്ടവയാണ്. റൂമി, ഹാഫിസ്, സഅദി, നാസർ ഖുസ്റവി[95] എന്നിവരുടെയെല്ലാം കൃതികളിൽ കാണുന്ന സുഭഗത ഇസ്‌ലാമിൽ നിന്ന് കിട്ടിയതാണ്. തന്റേതായ എന്തും ഖുർആനോട് കടപ്പെട്ടിരിക്കുന്നുവെന്ന് ഹാഫിസ് തുറന്നുപറഞ്ഞിട്ടുണ്ട്. യാഖൂബ് - യൂസുഫ് കഥയിൽ സഅദിയും ഇതുപോലെ പറഞ്ഞിട്ടുണ്ട് [96]. ഈജിപ്തിൽ വെച്ച് യൂസുഫ് തന്നെ സഹോദരന്മാർക്കു പരിചയപ്പെടുത്തിയതിനുശേഷം, പുത്രവിരഹത്തിന്റെ ദു:ഖം കാരണം കരഞ്ഞു കണ്ണുകാണാതായ പിതാവിന് തന്റെ കുപ്പായം നൽകാൻ അവരെ കൊടുത്തേൽപ്പിക്കുകയുണ്ടായി. സഹോദരന്മാർ കുപ്പായവുമായി പുറപ്പെടുമ്പോൾ തന്നെ യാഖൂബിന് വിവരം മണത്തറിയാൻ കഴിഞ്ഞു. ഖുർആൻ യൂസുഫ് സൂറ 94ൽ യാഖൂബിന്റെ താഴെ കൊടുത്ത വാക്ക് ഉദ്ധരിക്കുന്നു: ‘‘എനിക്ക് തീർച്ചയായും യൂസുഫിന്റെ മണം കിട്ടുന്നു. നിങ്ങളെന്നിൽ ബുദ്ധിമാന്ദ്യം ആരോപിക്കാതിരുന്നെങ്കിൽ.’’[97]

സഅദി ഒരിടത്ത് പറയുന്നു: ‘‘മകൻ നഷ്ടപ്പെട്ടുപോയ ആ പിതാവിനോട് ഞാൻ ചോദിച്ചു: ‘പ്രതാപശാലിയും ബുദ്ധിമാനുമായ വയോധികരേ! അങ്ങ് ഈജിപ്തിൽ നിന്നു വീശിയ അതവന്റെ വസ്ത്രങ്ങളുടെ ഗന്ധം മണത്തറിഞ്ഞു, എന്നിട്ടെന്താണ് കൻആനിലെ കിണറ്റിൽ താങ്കൾക്ക് അവനെ കാണാൻ കഴിയാഞ്ഞത്?’ അദ്ദേഹം പ്രതിവചിച്ചു: ‘ഞങ്ങളുടേത് മിന്നൽപിണറിന്റെ അവസ്ഥയാണ്. ഒരു നിമിഷം അത് പ്രത്യക്ഷപ്പെടും. അടുത്ത നിമിഷം മറയുകയും ചെയ്യും. ചിലപ്പോൾ ഞങ്ങൾ ഉന്നതമായ ആകാശത്തായിരിക്കും. മറ്റു ചിലപ്പോൾ കാലിന്റെ പിൻഭാഗം പോലും കാണാൻ കഴിയില്ല. ഒരു ഫഖീർ എല്ലായ്പ്പോഴും ആ ഉന്മത്താവസ്ഥയിലായിരുന്നുവെങ്കിൽ അയാൾ ഇഹപരലോകങ്ങളെക്കുറിച്ച് ഉൽക്കണ്ഠ കാട്ടുമായിരുന്നില്ല.’’[98]

നഹ്ജുൽബലാഗയിൽ നിന്നുള്ള ഒരു ഉദ്ധരണി മുകളിൽ പറഞ്ഞ ആശയത്തെ സ്ഥിരീകരിക്കുന്നതാണ്. ഒരു സൂഫി സഞ്ചാരിയെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഇമാം അലി പറയുന്നു: ‘‘അയാൾ ബുദ്ധിയെ പുനരുദ്ധരിച്ചു. വികാരത്തെ നശിപ്പിച്ചു. അങ്ങനെ, ദിവ്യജ്ഞാനം അയാളെ ലോലപ്രകൃതനാക്കി. അയാളുടെ പരുക്കൻ ആത്മാവ് മൃദുലമായി. ഈയവസ്ഥയിൽ അയാളുടെ അന്തരംഗത്ത് ഒരു വെട്ടം ഉയരുന്നു. അതയാളുടെ വഴി പ്രകാശപൂർണ്ണമാക്കുന്നു. അങ്ങനെ ലക്ഷ്യസ്ഥാനത്തെത്തുന്നതുവരെ അയാൾ ആ വെട്ടത്തെ പിന്തുടരുന്നു. തന്റെ സുരക്ഷിതവും ശാശ്വതവുമായ സങ്കേതവും പരമമായ ലക്ഷ്യവുമാണാ സ്ഥാനം.’’[99] അപ്പോൾ ഒരു പൂർണ്ണ മനുഷ്യൻ തന്റെ സ്വത്വത്തെ ശുദ്ധീകരിക്കുകയാണ് ആദ്യം വേണ്ടത്.

മനുഷ്യകുലത്തിൽപ്പെട്ട ഏതൊരു സഞ്ചാരിയും തന്റെ ആത്മീയ യാത്രയുടെ വിവിധ ഘട്ടങ്ങൾ മുറിച്ചുകടന്നും, തനിക്കും ദൈവത്തിനുമിടയിൽ ഒരു മറ അവശേഷിക്കാത്തവിധം ഹൃദയനേത്രം കൊണ്ട് അവനെ ദർശിച്ചും, ദൈവത്തെ കണ്ടെത്താൻ ആകാശം, ഭൂമി, പ്രകൃതി, വൃക്ഷങ്ങൾ, ചെടികൾ എന്നിങ്ങനെയുള്ള പ്രത്യക്ഷദൃഷ്ടാന്തങ്ങൾ ആവശ്യമില്ലാത്ത ഒരവസ്ഥയിലെത്തിയും കൊണ്ടുള്ള നിലയെ പ്രാപിക്കാൻ യോഗ്യനാണെന്നാണ് ഇസ്‌ലാം പറയുന്നത്. അലിയോട് ഒരാൾ, അങ്ങ് ദൈവത്തെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: ‘‘ഞാൻ കാണാത്തെ ദൈവത്തെ ഒരിക്കലും ആരാധിച്ചിട്ടില്ല. പക്ഷേ, ഈ കാഴ്ച കണ്ണുകൊണ്ടുള്ളതോ ഏതെങ്കിലും ദിക്കിൽ വെച്ചോ അല്ല. മറിച്ച് ഹൃദയം കൊണ്ടും എല്ലാ ദിക്കിൽ വെച്ചുമാണ്.’’

എന്നാൽ, ജ്ഞാനവാദത്തിൽ ഇസ്‌ലാമിന്റെ വീക്ഷണത്തോടു യോജിക്കാത്തതും വിമർശിക്കപ്പെടേണ്ടതുമായ ചില വശങ്ങളുണ്ട്. അതിനാൽ, ജ്ഞാനവാദത്തിലെ പൂർണ്ണമനുഷ്യൻ അർദ്ധപൂർണ്ണനേ ആവുന്നുള്ളൂ. ഇത് സംബന്ധിച്ച ജ്ഞാനവാദികളുടെ വീക്ഷണങ്ങൾക്കാണ് അരിസ്റ്റോട്ടലിനെയും അവിസെന്നയേയും പോലുള്ള തത്വചിന്തകരുടേതിനേക്കാൾ നാം പ്രാധാന്യം കാണുന്നത്. കാരണം, രണ്ടാം വിഭാഗത്തിന്റെ വീക്ഷണങ്ങൾ മിക്കവാറും അവരുടെ ഗ്രന്ഥങ്ങളിൽ മാത്രം പരിമിതപ്പെട്ടു കിടക്കുന്നേയുള്ളൂ. ജനങ്ങൾക്കിടയിൽ പ്രചരിച്ചിട്ടില്ല. സൂഫികളുടെ വീക്ഷണത്തിൽ ഗദ്യത്തിലും പദ്യത്തിലും കഥാസാഹിത്യങ്ങളിലുമായി ജനങ്ങളുടെ ചിന്തയെ വലിയ തോതിൽ സ്വാധീനിച്ചിരിക്കുന്നു.

ഈ ചിന്താധാര ഇസ്‌ലാമിനു സ്വീകാര്യമായ ഏതാനും ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അതേസമയം അതിന്റെ പല ആശയങ്ങളും വിമർശന വിധേയമാണ്. ഇസ്‌ലാമിനിന്റെ പൂർണ്ണ മനുഷ്യനെ സംബന്ധിച്ചുള്ള അതിന്റെ കാഴ്ചപ്പാടുൾപ്പെടെ തത്വചിന്തകളിൽ നിന്നു വ്യത്യസ്തമായി, ജ്ഞാനവാദികൾ ബുദ്ധിയെ മനുഷ്യന്റെ മാനദണ്ഡമായി ഗണിക്കുന്നില്ല. അവർക്കതൊരു ഉപാധി മാത്രമാണ്. അവരെ സംബന്ധിച്ചിടത്തോളം യഥാർത്ഥ 'അഹം'[100] ഹൃദയവുമായി ബന്ധപ്പെട്ടാണുള്ളത്. ഭൗതികമായ അർത്ഥത്തിലുള്ള ഹൃദയമല്ല. വികാരങ്ങളുടെ കേന്ദ്രവും ബുദ്ധിയുടെ ആകർഷണ വലയവുമായ ഹൃദയം. ഒരു സൂഫി സ്നേഹത്തിനും വികാരത്തിനും വമ്പിച്ച പ്രാധാന്യമാണ് നൽകുന്നത്. മനുഷ്യനിലെ ഏറ്റവും ശക്തമായ വശങ്ങൾ ഇവയാണയാൾക്ക്. അയാളുടെ സ്നേഹം ലൈംഗികമല്ല. ഉന്നതിയിലേക്കുയർന്ന് ദൈവത്തെ പ്രാപിക്കുന്ന സ്നേഹമാണത്. ദൈവമാണ് അയാൾക്ക് സ്നേഹവസ്തു. ഈ സ്നേഹം മനുഷ്യനിൽ മാത്രം നിക്ഷിപ്തമായ ഒന്നല്ലെന്നും എല്ലാ സൃഷ്ടികളിലും പ്രപഞ്ചത്തിന്റെ ഓരോ കണികയിലും ഇതുണ്ടെന്നുമാണ് അയാൾ വിശ്വസിക്കുന്നത്. ഈ സ്നേഹത്തെ, ആകാശഭൂമികളും പ്രകൃതിയാകെയും മുകളിൽ നുരയും പതയുമായി നിൽക്കുന്ന മഹാസാഗരത്തോടാണ് റൂമി ഉപമിച്ചിട്ടുള്ളത്. ഹാഫിസിന്റെ ഒരു കവിതയിൽ ഇങ്ങനെ കാണാം:

''സ്ഥാനവും മാനവും
തേടിക്കൊണ്ടല്ല നാം
ഇക്കവാടത്തിങ്ക-
ലെത്തിനിൽക്കുന്നതു
കഷ്ടപ്പാടിൽ നിന്നു
കഷ്ടിച്ചൊരു രക്ഷ
കിട്ടുമെന്നോർത്തിട്ടു
വന്നതാണിങ്ങുനാം
നാസ്തിയിൽ നിന്നു
പുറപ്പെട്ടിട്ടസ്തിത്വ
സത്യത്തെ തേടുന്ന
സ്നേഹയാത്രികർ നാം.''

ഇതിലെ ഒടുവിലത്തെ വരികൾ, നാലാമത്തെ ഇമാമായ ഇമാം സജ്ജാദിന്റെ ഒരു വാക്യത്തിന്റെ ഏതാണ്ടൊരു പരാവർത്തനമാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ച് അതിലാകെ സ്നേഹത്തെ നിറച്ച ദൈവത്തെ പുകഴ്ത്തുന്നതാണ് ഇമാമിന്റെ വാക്യം. അപ്പരോൾ ജ്ഞാനവാദികൾക്ക് 'അഹം' എന്നാൽ സ്നേഹത്തിന്റെ പ്രകടനമാണ്. ചിന്തയുടേതല്ല.

തത്വദർശിയുടെ ദൃഷ്ടിയിൽ, മനുഷ്യന് വിദ്യാഭ്യാസവും യുക്തിയും ന്യായവും പരിചിന്തനവും വഴി പൂർണ്ണത നേടാം. ജ്ഞാനവാദി, അതേസമയം വിജ്ഞാനത്തിനും വാക്കിനും മൂല്യം കാണുന്നില്ല. പരിശുദ്ധമായ ഹൃദയമാണ് അയാൾക്കുവേണ്ടത്. പിശാചിനെ കുടിയിറക്കുകയും ദൈവത്തിന്റെ പ്രകാശമായ മലക്കുകളുടെ വിഹാരസ്ഥലമാവുകയും എല്ലാത്തരം ദുഷ്ടുകളിൽ നിന്നും ദുർവ്വിചാരങ്ങളിൽ നിന്നും മുക്തമാവുകയും ദൈവത്തിലേയ്ക്കു മാത്രം അഭിമുഖമായിരിക്കുകയും ചെയ്യുന്ന ഒരു ഹൃദയം. ഹാഫിസിന്റെ വരികൾ കാണുക.

സാധിക്കുമെങ്കിൽ,
എന്റെ ദു:ഖത്തിനറുതി വരുത്താൻ
എന്തു ചെയ്യാൻ കഴിയുമോ
അതു ചെയ്യലാണ് എന്റെ ഉദ്ദേശ്യം
ഹൃദയത്തിന്റെ സ്വകാര്യമുറി
അന്യർക്കുള്ളതല്ല.
പിശാച് പുറത്തുപോകുമ്പോൾ
മാലാഖ അകത്ത് കടക്കുന്നു.
ആദർശവാഗ്വാദങ്ങൾ
നമ്മുടെ അന്ധകാരപൂർണ്ണമായ
രാത്രിക്ക് നീളം കൂട്ടും

സൂര്യനിൽ നിന്നു വെളിച്ചം സ്വീകരിച്ച്
ആ രാത്രിയെ പുറത്താക്കുക.
ലോകത്തിലെ
ഔദാര്യശൂന്യരായ
യജമാന്മാരുടെ വാതിൽക്കൽ
എന്തിനീ കാത്തിരിപ്പ്?
യജമാനൻ വരാൻ
എത്ര കാലമിങ്ങനെ കാത്തിരിക്കണം?
നിധി കണ്ടെത്തണമെങ്കിൽ
ഭിക്ഷാടനം നിറുത്താതിരിക്കുക,
മുന്നേറുന്ന വഴിപോക്കനെ
പിന്തുടരുക.''[101]

ജ്ഞാനവാദം ഒരു അന്തർമുഖ ചിന്താധാരയാണ്. അതിൽ ഹൃദയമാണ് മുഴുവൻ ലോകത്തേയ്ക്കാൾ വലുത്. ഒരു വശത്ത് മുഴുവൻ പ്രപഞ്ചവും മറുവശത്ത് മനുഷ്യഹൃദയവും വെച്ചാലും, ഖുർആനനുസരിച്ച് (അൽഹിജ്ർ 29) മനുഷ്യനിലേയ്ക്കാണ് ദൈവികമായ ഉച്ഛ്വാസം നടന്നിട്ടുള്ളത് എന്നതിനാൽ ഹൃദയമാണ് വലുത്. പ്രപഞ്ചത്തെ കൊച്ചു മനുഷ്യനായും ഹൃദയത്തെ മഹാമനുഷ്യനായും, അല്ലെങ്കിൽ പ്രപഞ്ചത്തെ ചെറുലോകമായും മനുഷ്യനെ വലിയ പ്രപഞ്ചമായും വിശേഷിപ്പിക്കാറുണ്ട്. റൂമി പറയുന്നു:

''നീ ആദമിന്റെ സന്തതിയെങ്കിൽ
ആദമിനെപ്പോലെയാവുക,
പ്രപഞ്ചത്തിലെ എല്ലാ കണങ്ങളെയും
നിന്നിൽ തന്നെ കാണുക.
നീർത്തൊട്ടിയിലുള്ളതുതന്നെയല്ലെ
നദിയിലുള്ളത്?
വീട്ടിലുള്ളതു തന്നെയല്ലെ
പട്ടണത്തിലുള്ളത്?
ഈ ലോകം ഒരു നീർത്തൊട്ടി
ഹൃദയം ഒരു നദി
ഈ ലോകം ഒരു മുറി
ഹൃദയം ഒരത്ഭുത നഗരം![102]

ജ്ഞാനവാദം ബഹിർമുഖതയെ നിഷേധിക്കുന്നു. ദൈവപ്രാപ്തിയിലേക്കുള്ള വഴി ഉള്ളിൽ നിന്നായിരിക്കണമെന്നാണ് അത് വിശ്വസിക്കുന്നത്. ഹാഫിസിനെ ഉദ്ധരിക്കട്ടെ:

''ഏറെ നാളായി ഹൃദയം
ജംശീദിന്റെ കോപ്പക്കുവേണ്ടി ദാഹിച്ചു.
അതന്യരോട് എന്തിനുവേണ്ടി യാചിച്ചോ
അതതിന്റെ കൈയിൽ തന്നെയുണ്ടായിരുന്നു.
അസ്തിത്വത്തിന്റെ തോടിനുപുറത്തുള്ള
ഒരു മുത്തിനുവേണ്ടി
കടൽ തീരത്തുവെച്ച്
നിസ്വരമായ പിച്ചക്കാരോട് അത് കെഞ്ചി.
ഒരു പ്രണയാതുരന്റെ കൂടെ
ദൈവം സദാ ഉണ്ട്.
എന്നിട്ടും അയാൾ
അവനെ കാണാതെ
വിളിച്ചുകൂവുകയാണ്;
ദൈവമേ! എന്ന്!
കഴിഞ്ഞ രാത്രിയിൽ

ഒരു മാഗിപാതിരിയുടെ മുമ്പിൽ
ഈ വിഷയം ഞാൻ ഉന്നയിച്ചു.
അദ്ദേഹം ഞാൻ പറഞ്ഞത് ശരിവെച്ചുകൊണ്ട്
പ്രശ്നം പരിഹരിച്ചു.
''ഈ വിശ്വചഷകം എന്നാണ്
നിങ്ങൾക്കു ലഭിച്ചത്? ഞാൻ ചോദിച്ചു
'ദൈവം നീലകുംഭം സൃഷ്ടിക്കുകയും
കഴുമരം ഉയർത്തിയവൻ
രഹസ്യം പുറത്താക്കിയതിനാൽ അപരാധിയായിത്തീരുകയും
ചെയ്ത അന്ന്, അദ്ദേഹം പറഞ്ഞു.

ഒരാൾ ഭൂമിക്കുള്ളിൽ ആർക്കും അറിയാതെ മറഞ്ഞുകിടക്കുന്ന ഒരു നിധി തനിക്കു കാട്ടിത്തരാൻ ദൈവത്തോട് നിരന്തരം പ്രാർത്ഥിച്ച കഥ റൂമി പറയുന്നുണ്ട്. ഒരു രാത്രി അയാൾ ഒരു സ്വപ്നം കണ്ടു. നിധി കാട്ടിക്കൊടുക്കാൻ ദൈവദൂതൻ അയാളെ സമീപിച്ചുവത്രെ. ദൂതൻ അയാൾക്കൊരു കുന്ന് കാട്ടിക്കൊടുത്തു. അതിന്റെ മുകളിൽ കയറിനിന്നുകൊണ്ട് അയാൾ അമ്പെയ്യണം, അമ്പു പതിക്കുന്നിടത്താണ് നിധി. പിറ്റേന്ന് അയാൾ കുന്നിൽ കയറി. ഏതു ദിശയേലിക്കാണ് അമ്പയ്യേണ്ടതെന്ന് ദൂതൻ പറഞ്ഞുകൊടുത്തിരുന്നില്ല. അയാൾ എങ്ങോട്ടെന്നില്ലാതെ അമ്പെയ്തു. പക്ഷെ, അമ്പു പതിച്ചിടത്ത് നിധി കണ്ടില്ല. ഓരോ ദിവസവും അയാൾ ദിശ മാറിമാറി അമ്പെയ്യുകയും അമ്പു പതിക്കുന്നിടത്തു ചെന്ന് നിലം കിളച്ചുനോക്കുകയും ചെയ്തുവെങ്കിലും അദ്ധ്വാനം വെറുതെയായതേയുള്ളൂ.

പിന്നീടൊരു ദിവസം ഉറക്കത്തിൽ ദൈവദൂതൻ അയാളുടെ മുമ്പിലെത്തി. തനിക്കു തെറ്റായ വിവരം നൽകിയതിലുള്ള പരാതി അയാൾ ദൈവദൂതനെ അറിയിച്ചു. ''നിങ്ങൾ കുന്ന് കണ്ടോ?'' ദൈവദൂതൻ ചോദിച്ചു: ''അതെ, ഞാനതിൽകയറി അമ്പ് അതിദൂരം പറക്കുംവിധം ഞാൻ വലിച്ചുപിടിച്ച് എയ്തു'' അയാൾ പറഞ്ഞു: ''ഞാൻ വലിച്ചുപിടിക്കാൻ പറഞ്ഞില്ലല്ലോ. അമ്പ് സ്വയം പതിക്കുന്നടിത്ത് എന്നല്ലേ പറഞ്ഞുള്ളൂ'' ഇതും പറഞ്ഞ് ദൈവദൂതൻ അപ്രത്യക്ഷനായി.

പിറ്റേന്ന് അയാൾ കുന്നിൽ കയറി അമ്പ് വില്ലിൽ ഘടിപ്പിച്ചു കൈയെടുത്തു. അമ്പ് അയാളുടെ കാൽക്കൽ തന്നെ വീണു. അയാൾ അവിടെ കിളച്ചപ്പോൾ നിധി കണ്ടു. റൂമി കഥ അവസാനിക്കുന്നത് ഇതു പറഞ്ഞുകൊണ്ടാണ്.

''ദൈവം നിങ്ങളുടെ
കഴുത്തിലെ രക്തസിരയെക്കാൾ
നിങ്ങളോടടുത്താണ്.[103]
നിങ്ങളോ, അകലത്തേയ്ക്കാണ്
നോക്കുന്നത്!
നിങ്ങൾ അമ്പും വില്ലുമെടുത്ത്
ഒരുങ്ങി അകലേയ്ക്ക്
എയ്തുവിടുന്നു
എന്നിട്ടോ ഉന്നം പിഴക്കുന്നു.
കാരണം,
നിധി അടുത്തുതന്നെയാണ്.''

ഈയടുത്തകാലത്ത് ഒരു പാതിരി, മസ്നവി നന്നായി പഠിച്ച ഒരു പ്രസംഗകനിൽ നിന്ന് പ്രസ്തുത കഥ കേട്ടിട്ടു അതിന്റെ പൊരുൾ മനസ്സിലാക്കാൻ കഴിയാതെ പ്രസംഗകനോട് നേരിൽതന്നെ പൊരുളന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി ഇതായിരുന്നുവത്രെ: ''അത് നിങ്ങളുടെ ഉള്ളിൽ തന്നെയാകുന്നു'' ജ്ഞാനവാദത്തിൽ ബാഹ്യപ്രപഞ്ചം ഹൃദയത്തിന്റെ മുമ്പിൽ നിസ്സാരമാണ്. പക്ഷെ, ഇമാം അലിയുടെ വാക്ക് പ്രപഞ്ചത്തെ വലുതായും മനുഷ്യനെ അതിലുള്ള ഒരു സൃഷ്ടിയായുമാണ് സൂചിപ്പിക്കുന്നത്.

ഖുർആന്റെ വീക്ഷണവുമായി ജ്ഞാനവാദത്തെ താരതമ്യപ്പെടുത്തിയാൽ ചില വശങ്ങളെ അത് അനുകൂലിക്കുന്നതായിട്ടും മറ്റു ചില വശങ്ങളെ അത് ന്യൂനതയായി ഗണിക്കുന്നതായിട്ടുമാണ് കണ്ടെത്താൻ കഴിയുക. ഖുർആൻ പ്രകൃതിയെ അവഗണിക്കുന്നില്ല. 'ഹാമീം' സൂറ 53ൽ പറയുന്നു: ''ഇത് സത്യമാണെന്ന് അവർക്ക് ബോധ്യപ്പെടുന്നതിനുവേണ്ടി ദിക്കുകളിലും സ്വന്തം ആത്മാക്കളിലും നമ്മുടെ രേഖകൾ നാം അവരെ കാണിക്കും.''

മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉന്നതനും മഹത്തരവുമായ ഉൽബോധനം അവന്റെ ഉള്ളിൽ നിന്നുള്ളതു തന്നെയാണ് എന്നതിനോട് നാം യോജിക്കുന്നു. എങ്കിലും ബാഹ്യപ്രകൃതിയെ ദൈവത്തിന്റെ പ്രതിഭാസം എന്ന നിലയ്ക്ക്, നമുക്കവഗണിക്കാനാവില്ല.[104]

ജ്ഞാനവാദത്തിന് തത്വചിന്തയ്ക്കുള്ളതിനേക്കാൾ ജനസ്വാധീനമുണ്ടായതിന് അതിന്റെ കാവ്യസുഭഗതയും ഊഷ്മളതയും സൗന്ദര്യവുമാണ് കാരണമെന്ന സംഗതി സുപ്രധാനമാണ്. റൂമിയുടെയും ഹാഫിസിന്റെയും സഅ ദിയുടെയും സ്വാധീനം ഏതൊരു ഗൃഹത്തിലും കാണാം. നാം നമ്മുടെ ചർച്ചയിൽ തത്വചിന്തയേക്കാൾ ജ്ഞാനവാ ദത്തിനു സ്ഥാനം നൽകിയതു അതുകൊണ്ടുതന്നെ.

# മനുഷ്യനും പ്രകൃതിയും

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം എത്തരത്തിലുള്ളതാണ് എന്നത് തന്നെ ഒരു പ്രശ്നമാണ്. രണ്ട് അപരിചിതർക്കിടയിലുള്ള ബന്ധമാണോ അത്? ജയിലും തടവുകാരനുമിടയിലുള്ള ബന്ധമാണോ? കിളിയും കൂടും തമ്മിലുള്ള ബന്ധമാണോ? യൂസുഫും കിണറും തമ്മിലുള്ള ബന്ധമാണോ?[105]

ജനിക്കുകയെന്നാൽ ജയിലിലോ കൂട്ടിലോ കിണറ്റിലോ ഇടുന്നതു പോലെയാണ് എന്ന നിലയിൽ സംസാരി ക്കുന്നവരുണ്ട്. അപ്പോൾ പിന്നെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ളത് രണ്ട് വിപരീതങ്ങൾക്കിടയിലുള്ള ബന്ധമാ ണ്. ഈ തടവറയിൽ നിന്ന്, അല്ലെങ്കിൽ കൂട്ടിൽ മോചിതനാവാനായിരിക്കണം മനുഷ്യന്റെ എല്ലാ പരിശ്രമവും.

എന്നാൽ ഇസ്‌ലാമിൽ, പ്രകൃതിയും മനുഷ്യനും തമ്മിലുള്ളത്, കർഷകനും, വയലും, വ്യാപാരിയും, ചന്തയും, ഭക്തനും ആരാധനാലയവും തമ്മിലുള്ള ബന്ധമാണ്. കർഷകന് നിലം ലക്ഷ്യമല്ല, മാധ്യമമാണ്. വീട് വിട്ടെവിടെ യെങ്കിലുമായിരിക്കും, പക്ഷെ, കൃഷിനിലം അയാൾ ഉപജീവനം ഉറപ്പുവരുത്താനും സംതൃപ്തിയും സ്വസ്ഥതയും അനുഭവിക്കാനുമുള്ള മാർഗ്ഗമായിട്ടുപയോഗിക്കുന്നു. അയാൾ അവിടെ ഉഴുന്നു; വിത്തിടുന്നു; കള പറിക്കുന്നു; കൊയ്യുന്നു. ഇപ്രകാരം ഇഹലോകം വരും ലോകത്തിലേയ്ക്കുള്ള കൃഷി ഭൂമിയാണ്. അതിനാൽ, ഇവിടെ കൃഷി ചെയ്യുന്ന ഒരാൾ ഇവിടം ശാശ്വതവസതിയായി ഗണിച്ചുകൂടാത്തതാണ്. ചന്ത കച്ചവടസ്ഥലമാണ്. അവിടെ ഒരുകച്ച വടക്കാരൻ മൂലധനവും അദ്ധ്വാനവും ഉപയോഗിച്ച് ലാഭമുണ്ടാക്കുന്നു. ഇങ്ങനെയാണ് ലോകത്തെ സംബന്ധിച്ച് ഒരാൾ തന്റെ കാഴ്ചപ്പാട് രൂപവൽക്കരിക്കേണ്ടത്.

ഒരാൾ ഇമാം അലിയുടെ അടുക്കൽ വന്ന് ലോകത്തെ കുറ്റം പറയാൻ തുടങ്ങി. ഇമാം ഒരിക്കൽ ലോകത്തെ തള്ളിപ്പറഞ്ഞത് അയാൾ കേട്ടിരുന്നു. മാനുഷികമൂല്യങ്ങളെ നിഷേധിച്ചും ദൈവത്തിനോടും സത്യത്തിനോടുമുണ്ടാ

വേണ്ട ആരാധനയ്ക്ക് വിപരീതമായും കൊണ്ടുള്ള ലൗകിക പൂജയെയാണ് അലി അധിക്ഷേപിച്ചരുതെന്ന കാര്യം അയാൾ മനസ്സിലാക്കിയിരുന്നില്ല. അയാളുടെ ഈ സമീപനത്തോട്, അലിക്ക് അരിശം തോന്നി. അദ്ദേഹം പറഞ്ഞു: ''ലോകത്തെ ആക്ഷേപിക്കുന്ന സുഹൃത്തെ, നിങ്ങളിന്ന് വഞ്ചിതനായിരിക്കുന്നു. ലോകമല്ല നിങ്ങളെ വഞ്ചിച്ചത്, നിങ്ങൾ തന്നെയാണ്.''

ഒരു പ്രായം ചെന്ന സ്ത്രീ അവളുടെ ചമയം കൊണ്ടും കൃത്രിമ പല്ലും മുടിയും ഘടിപ്പിച്ചുകൊണ്ടും ഒരു യുവാവിനെ കബളിപ്പിക്കുന്നുവെന്നു വെയ്ക്കുക. ഒരുപക്ഷെ, ആ യുവാവിന് താൻ കബളിപ്പിക്കപ്പെട്ടത് പെട്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞേയ്ക്കാം. അല്ലെങ്കിൽ ആ സ്ത്രീ തന്റെ അപര്യാപ്തതകൾ സമ്മതിച്ച് അയാളോട് വിവാഹ ഭ്യർത്ഥനയുമായി മുന്നോട്ടുവരികയും അയാൾ ആ സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തേക്കാം. ഈയവ സ്ഥയിൽ ആ സ്ത്രീ യുവാവിനെ വഞ്ചിക്കയല്ല, അയാൾ സ്വയം വഞ്ചിതനാവുകയാണ് ചെയ്യുന്നത്.

അലി പറയുന്നു: ''ലോകം നിങ്ങളിൽനിന്ന് ഒന്നും മറച്ചുവെച്ചുകൊണ്ട് നിങ്ങളെ വഞ്ചിക്കുന്നില്ല. നിങ്ങളുടെ പിതാവ് മരിച്ച് മറമാടപ്പെടുന്നത് അത് നിങ്ങൾക്കു വ്യക്തമായി കാട്ടിത്തരുന്നില്ലെ?' ഞാൻ എന്താണോ അങ്ങനെ തന്നെ നിങ്ങൾ എന്നെ മനസ്സിലാക്കുക' എന്നാണ് ലോകം നിങ്ങളോട് പറയുന്നത്. 'നിങ്ങൾക്ക് എന്നെ കാണാം. എനിക്ക് സ്ഥിരതയില്ല. ഞാൻ എങ്ങനെയാണോ അങ്ങനെ എന്നെ മനസ്സിലാക്കാതെ, ഞാൻ എങ്ങനെയാകണമെ ന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത് അങ്ങനെ നിങ്ങളെന്നെ സങ്കൽപ്പിച്ചാലോ!' ഇതാണ് ലോകം പറയുന്നത്. അതി നാൽ ലോകം ആരെയും വഞ്ചിക്കുന്നില്ല. ലോകം നിങ്ങളെ വഞ്ചിക്കുകയാണോ അതോ നിങ്ങൾ നിങ്ങളുടെ ശരീ രസുഖങ്ങൾക്കനുസൃതം നീങ്ങുകയാണോ ചെയ്യുന്നതെന്ന് നോക്കുക.'' തുടർന്ന് അലി പറയുന്നു: ''ലോകം സജ്ജനങ്ങളുടെ കച്ചവടച്ചന്തയും അല്ലാഹുവിന്റെ 'വലി'കളുടെ പള്ളിയുമാകുന്നു.''[106]

ലോകം തുറുങ്കോ കൂടോ ആണ് എന്ന ചിന്താഗതി ഇന്ത്യയിലും പുരാതന ഗ്രീസിലും പ്രചരിച്ച മാനസികാപഗ്ര ഥനപരമായ ഒരു വീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിയുണ്ടായതാണ്.[107] ഇസ്ലാമിന് അത് സ്വീകാര്യമല്ല. മനുഷ്യാ ത്മാവ് മറുലോകത്തിൽ പൂർണ്ണരൂപത്തിൽ സൃഷ്ടിക്കപ്പെടുകയും ഒരു പഞ്ജരത്തിലാക്കി അതിനെ ഇഹലോകത്തി ലേയ്ക്ക് വിട്ടിരിക്കുകയുമാണെന്നും ആ പഞ്ജരം തകർക്കുകയേ അതിനു വഴിയുള്ളൂവെന്നുമാണ് മേൽപറഞ്ഞ ചിന്തഗതിയുടെ ചുരുക്കം. എന്നാൽ ഖുർആൻ 'അൽ മുഅ്മിനൂൻ' സൂറ 12-14ൽ പറയുന്നു: ''കളിമണ്ണിന്റെ സത്തിൽ നിന്നു നാം മനുഷ്യനെ സൃഷ്ടിച്ചു. പിന്നീട് അവനെ ഒരു രേതസ്ക്കണമാക്കി ഭദ്രമായ ഒരു വിശ്രമസ്ഥാ നത്താക്കി. തുടർന്ന് രേതസ്ക്കണത്തെ രക്തക്കട്ടയും രക്തക്കട്ടയെ മാംസപിണ്ഡവുമായി നാം സൃഷ്ടിച്ചു. മാംസ പിണ്ഡത്തെ പിന്നീട് നാം അസ്ഥികളാക്കി. അസ്ഥികളിൽ മാംസം പൊതിഞ്ഞു. അങ്ങനെ അവനെ നാം മറ്റൊരു സൃഷ്ടിയായി ആവിർഭവിപ്പിച്ചു. ഏറ്റവും നന്നായി സൃഷ്ടിക്കുന്ന അല്ലാഹു അനുഗ്രഹപൂർണ്ണൻ!''[108]

ഈ വാക്യത്തിൽ മനുഷ്യനെ മറ്റൊരു സൃഷ്ടിയായി ആവിർഭവിപ്പിച്ചു എന്നു പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹ മാണ്. ആത്മാവാണത്. ആത്മാവ് പദാർത്ഥത്തിന്റെ ഉൽപന്നമാണ്. അതിനെ മറ്റെവിടെവെച്ചും പൂർണ്ണമാക്കി ഇങ്ങോട്ടു പഞ്ജരത്തിലാക്കിയിറക്കിയതല്ല. മാതാവിന്റെ മടിത്തട്ട് പോലുള്ള പ്രകൃതിയിലാണ് അവൻ ഇവിടെ ജീവിക്കുന്നത്. ഇവിടെവെച്ചാണ് അവൻ പരിണാമത്തിനു വിധേയമാകുന്നതും പൂർണ്ണത നേടുന്നതും. പ്രാകൃതിക മായ അവസ്ഥയിൽ നിന്ന് പുരോഗമിച്ച് ഉയരുന്നില്ലെങ്കിൽ ഇഹലോകത്തിൽ താഴ്ന്നവരിൽ താഴ്ന്നവനായി ജീവി ക്കേണ്ടിയും മരണാനന്തരം പാരത്രികജീവിതത്തിൽ നരകത്തിൽ കഴിയേണ്ടിയും വരുമെന്നാണ് ഇസ്ലാം മനുഷ്യ നോട് പറയുന്നത്. 'അൽ ഖാരിഅ' സൂറ 1-11ൽ ഖുർആൻ പറയുന്നു: ''ഭീകര വിപത്ത്? എന്താണ് ഭീകര വിപത്ത്? എന്തൊരു ഭീകര വിപത്താണ് അതെന്ന് നിങ്ങൾക്കെങ്ങനെ അറിയും? മനുഷ്യർ ചിതറിയ പാറ്റകളെപ്പോലെയാ കുന്ന ദിവസം! പർവ്വതങ്ങൾ കടഞ്ഞ രോമം പോലെയും ആകും. അങ്ങനെ, തുലാസുകൾ കനം തൂങ്ങിയവൻ സംതൃപ്തമായ ജീവിതത്തിലായിരിക്കും. തുലാസുകൾ കനം കുറഞ്ഞവൻ പാതാളത്തിലായിരിക്കും. അതെന്താ ണെന്നറിയുമോ? പൊള്ളുന്ന അഗ്നി.''[109]

ഇസ്ലാമിന്റെ നരവംശശാസ്ത്രത്തിലും ലോകവിജ്ഞാനീയത്തിലും മനുഷ്യൻ നേരത്തെ തയ്യാറാക്കപ്പെട്ട് നിർമ്മലമായ ഒരു അന്തരീക്ഷത്തിൽ പറത്തപ്പെടുകയും പിന്നീട് ഒരു പഞ്ജരത്തിലാക്കപ്പെടുകയും അങ്ങനെ ആ പഞ്ജരം പൊട്ടിച്ച് വിമോചിതനാകാൻ നിർബ്ബന്ധിതനാവുകയും ചെയ്ത ഒരു സൃഷ്ടിയല്ല. ആത്മലോകത്തിന് പദാർത്ഥ ലോകത്തിനുപരിയായ സ്ഥാനമുണ്ടെന്നും മറ്റൊരു ലോകത്തിൽ നിന്ന് ഇഹലോകത്തെ പ്രകാശിപ്പി ക്കുന്ന ദീപസ്തംഭമാണ് അതെന്നും അംഗീകരിച്ചാലും, ആത്മാവ് പൂർണ്ണ അവസ്ഥയിൽ മറ്റൊരു ലോകത്തായി രുന്നുവെന്നും അതിനെ തടങ്കലിൽ കഴിയാൻ ഇങ്ങോട്ടു ഇറക്കിയതാണെന്നും വിശ്വസിക്കാൻ കഴിയില്ല. ഭാരതീയ മാണ് ഈ ആശയം. അല്ലെങ്കിൽ പ്ലേറ്റോണിക്.

മറ്റൊരു ലോകത്തിൽ വെച്ച് രൂപം കൊണ്ട് ആത്മാവിനെ ഏതോ കാരണത്താൽ പിന്നീട് സ്വതന്ത്രമാക്കപ്പെടേ ണ്ടതിനും തിരിച്ചുപോകേണ്ടതിനുമായി ഇവിടെ വരുത്തി തടങ്കലിൽ പാർപ്പിച്ചിരിക്കയാണെന്നാണ് ഗ്രീക്കുകാരൻ പ്ലേറ്റോ വിശ്വസിച്ചത്. ഇസ്ലാമിന് ആ വിശ്വാസമില്ല.

എല്ലാ ജ്ഞാനവാദികളും ഈ വിഷയത്തിൽ തെറ്റുപറ്റിയവരാണെന്നു നാം അർത്ഥമാക്കുന്നില്ല. പ്രകൃതിയു ടെയും സമൂഹത്തിന്റെയും പ്രസക്തി അവഗണിക്കാത്തവർ അനവധിയുണ്ട്. ഖുർആൻ പ്രകൃതിയെയും മനുഷ്യ നെയും അടുത്തടുത്തു നിർത്തിയതുപോലെ, പ്രകൃതിയെ ദൈവത്തിന്റെ സൗന്ദര്യം പ്രതിബിംബിക്കുന്ന കണ്ണാടി യായി അവർ വിശ്വസിക്കുന്നു. ശബശ്ത്തരി അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഒരു കവിതയിൽ ഇങ്ങനെ പറഞ്ഞിരി ക്കുന്നു: [110]

''ജീവിതത്തെ ചിന്ത പഠിപ്പിക്കുകയും

ചിന്തയെ ഹൃദയത്തിന്റെ
പ്രകാശം കൊണ്ട്
ഉജ്ജ്വലമാക്കുകയും
ചെയ്തവന്റെ നാമത്തിൽ
അവന്റെ കാരുണ്യത്താലാണ്
രണ്ടു ലോകവും ശോഭിക്കുന്നത്.
അവന്റെ അനുഗ്രഹത്താലാണ്
ആദമിന്റെ ഭൂമി
പൂന്തോട്ടമായത്''

അദ്ദേഹം തുടരുന്നു:

''ജീവിതമാകെ മഹത്വം കൊണ്ട്
ജ്വലിക്കുന്നവർക്ക്,
പ്രപഞ്ചമാകെ സർവ്വശക്തന്റെ
സാന്നിധ്യം രേഖപ്പെടുത്തിയ
പുസ്തകമാണ്.''

ഒരു വശത്ത് ഖുർആനും മറുവശത്ത് ജ്ഞാനവാദവും വെച്ച്, പ്രകൃതിയെ ഖുർആൻ പരിഗണിച്ചത് ശ്രദ്ധിച്ചാൽ, സ്വത്വത്തിനും മനസ്സിനുമുള്ള പ്രാധാന്യം ഒരു നിലയ്ക്കും നിഷേധിക്കാതെ തന്നെ പ്രകൃതിക്ക് ഖുർആൻ കൊടുത്ത പ്രാധാന്യം കാണാം. ഖുർആനിലെ പൂർണ്ണമനുഷ്യന് ബുദ്ധിയോടും ഹൃദയത്തോടും ആഭിമുഖ്യമുള്ളതിനോടൊപ്പം പ്രകൃതിയോടും ആഭിമുഖ്യമുണ്ട്.

മറ്റൊരു വിഷയം സർവ്വസംഗപരിത്യാഗമാണ്. ജ്ഞാനവാദം ബുദ്ധിയെ ബഹുമാനിക്കുന്നുണ്ടെങ്കിലും സ്വത്വത്തെ നിന്ദിക്കുകയാണ്. സ്വത്വ നിഷേധത്തിലാണ് അത് വിശ്വസിക്കുന്നത്. അത് അതിന്റെ ഒരർത്ഥത്തിൽ ശരിയാണ്. ഇസ്‌ലാം അംഗീകരിക്കുന്നു. എന്നാൽ, ഇസ്‌ലാം സ്വത്വത്തെ രണ്ടായി കാണുന്നു. അതിലൊന്നിനെ അത് നിഷേധിക്കുന്നു. മറ്റേതിനെ ജീവിപ്പിക്കുകയും ചെയ്യുന്നു. അടുത്തടുത്തു നിൽക്കുന്ന ഒരു ശത്രുവിനെയും സുഹൃത്തിനെയും പോലെയാണിത്. ശത്രുവിന് നമുക്ക് വെടികൊള്ളിക്കണം. വളരെ സൂക്ഷ്മമായ ശ്രദ്ധ അതിനുവേണ്ടിവരും. അല്ലെങ്കിൽ അബദ്ധത്തിൽ സുഹൃത്തിനു വെടികൊള്ളാനിടയുണ്ട്. തകർക്കേണ്ട സ്വത്വം ദുഷ്ടതകളുടെയും നീചതകളുടെയുമാണ്. സംരക്ഷിക്കേണ്ടത് എല്ലാ മാനുഷിക മൂല്യങ്ങളുടെയും സ്രോതസ്സിനെയും.

ഈ രണ്ടു സ്വത്വത്തെയും യാതൊരു പിഴവും പറ്റാനിടയില്ലാത്ത വിധം കൃത്യമായി നിർവ്വചിച്ചു വേർതിരിച്ചിരിക്കുന്നുവെന്നതാണ് ഇസ്‌ലാമിന്റെ പ്രത്യേകത. ജ്ഞാനവാദത്തിലും രണ്ടിനുമിടയിൽ വേർതിരിവുണ്ട്. പക്ഷേ, പലപ്പോഴും ശത്രുവിനു പകരം സുഹൃത്ത് കൊല്ലപ്പെട്ടേയ്ക്കും. ദുഷ്ടമായ സ്വത്വത്തിനു പകരം മനുഷ്യനും അവന്റെ ഹൃദയവുമാണ് കൊല്ലപ്പെടുന്നത്. ജ്ഞാനവാദപരമായ മനോഭാവത്തിന് സാഹിത്യങ്ങളിൽ അവതരിപ്പിക്കപ്പെട്ട അതിന്റെ ഭാഷാമാധുര്യവും ജനങ്ങളിൽ കൈവരിച്ചുകഴിഞ്ഞ സ്വാധീനവും കാരണം, സമൂഹത്തിന്റെ ഭാഗധേയത്തിൽ തന്നെ വലിയ പങ്കുണ്ടായി. മിക്കയാളുകൾക്കും പൂർണ്ണ മനുഷ്യനെന്നാൽ ജ്ഞാനവാദം പരിചയപ്പെടുത്തുന്ന വ്യക്തിയാണ്. അതിനാൽ ഇതു സംബന്ധിച്ച് ഒന്ന് വിശദമായി പ്രതിപാദിക്കേണ്ടതുണ്ട്.

ജ്ഞാനവാദത്തിൽ, പൂർണ്ണമനുഷ്യനെ സംബന്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, മനുഷ്യനും അവന്റെ സ്വത്വവും തമ്മിലുള്ളതാണ്. സ്വാഭാവികമായും അതൊരിസ്‌ലാമിക വിഷയമാണ്. ജ്ഞാനവാദികളും സൂഫികളും സ്വാർത്ഥതയോടും ലൗകിക മോഹങ്ങളോടും മനുഷ്യൻ സമരം ചെയ്യണമെന്നു തന്നെയാണ് പറയുന്നത്. ഇസ്‌ലാമികാധ്യപനങ്ങൾ മൊത്തത്തിൽ അതുതന്നെ പറയുന്നു. എന്നല്ല, സ്വത്വത്തിനെതിരായ സമരത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇസ്‌ലാമിൽ നിന്നുതന്നെയാണവർ സ്വായത്തമാക്കിയിട്ടുള്ളത്. സഅ്ദി പറയുന്നു:

'നിങ്ങളുടെ ശത്രുവിന്റെ കൂടെയാണ്.
നിങ്ങൾ സദാ വസിക്കുന്നത്.
എന്തിന് അന്യരോടുള്ള യുദ്ധം
നിങ്ങളെ അലട്ടുന്നു?''

ഏതാണ്ടിതുപോലെ ഒരു നബിവാക്യമുണ്ട്. ''നിങ്ങളുടെ ഏറ്റവും അപകടകാരിയായ ശത്രു നിങ്ങളുടെ തന്നെ ഇരു പാർശ്വങ്ങൾക്കിടയ്ക്കുള്ള നിങ്ങളുടെ മനസ്സാകുന്നു''[111] ഇപ്പറഞ്ഞ നബിവാക്യത്തിന്റെ പൊരുൾ ഒരു ശിഷ്യൻ തന്റെ ഗുരുവിനോടു ചോദിച്ച കഥ സഅ്ദി ഗുലിസ്ഥാനിൽ വിവരിക്കുന്നുണ്ട്. ഗുരുവിന്റെ മറുപടി ഇതായിരുന്നുവത്രെ. ''പുറത്തുള്ള ശത്രുവിനോട് നിങ്ങൾ ഉദാരമായ സമീപനം കൈക്കൊള്ളുകയും അയാൾ ആഗ്രഹി

ക്കുന്നത് അയാൾക്കു നൽകുകയും ചെയ്താൽ അയാൾ ശത്രുത മതിയാക്കി നിങ്ങളുടെ സുഹൃത്തായി മാറിയേക്കാം. എന്നാൽ നിങ്ങളുടെ മനസ്സിനോട് നിങ്ങൾ എത്ര ഔദാര്യം കാട്ടുന്നോ അതിനനുസരിച്ചായിരിക്കും അതിന് നിങ്ങളോടുള്ള ശത്രുതയുടെ അളവുകൂടൽ.'' ഇത് മനസ്സിന്റെ സ്വാർത്ഥതയാണ്.

ഒരാൾ തന്റെ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയ്ക്കു പ്രാധാന്യം നൽകി എല്ലാവിധ പരിശ്രമവും അവയ്ക്കുവേണ്ടി ചെയ്യുന്നതും ഏതൊരു കാര്യത്തിലും തന്നെ മുൻപന്തിയിൽ കാണുന്നതും ഒരുതരം സ്വാർത്ഥതയാണ്. ഇത്രത്തോളം വരെയുള്ള സ്വാർത്ഥത ഒരു തിന്മയോ രോഗമോ അല്ല. എന്നാൽ, അതൊരു മൂല്യമായി ഗണിക്കാവുന്ന സംഗതിയുമല്ല.

മനുഷ്യന്റെ നിലവാരം മൃഗങ്ങളുടേതിനേക്കാൾ ഉയർന്നതായിരിക്കണമെന്നാണ് ഖുർആൻ പറയുന്നത്. മൃഗങ്ങളേക്കാൾ താഴ്ന്ന നിലവാരത്തിലും മനുഷ്യൻ ഇറങ്ങുമെന്ന് ഖുർആൻ കാണുന്നുണ്ട്. അഥവാ, മനുഷ്യന്റെ പ്രവർത്തനങ്ങളെ മൂന്നായി കാണാം.

1. ധാർമ്മികം. ഇത് മൃഗീയ നിലവാരത്തേയ്ക്കാൾ ഉയർന്നതാണ്.
2. അധാർമ്മികം: ഇത് മൃഗങ്ങളുടെ നിലവാരമാണ്.
3. ധാർമ്മിക വിരുദ്ധം: ഇത് മൃഗീയ നിലവാരത്തിൽ താഴെയാണ്.

ഒരാൾ ഒരു മൃഗത്തെയോ പക്ഷിയെയോ പോലെ തന്നെക്കുറിച്ചുമാത്രം ആലോചിക്കുകയാണെങ്കിൽ അത് ധാർമ്മികമോ അധാർമ്മികമോ അല്ല. എന്നാൽ, തന്നെക്കുറിച്ച് മാത്രം ആലോചിച്ചാലോചിച്ച് മാനസിക രോഗിയാകുന്നവരുണ്ട്. അത്തരക്കാർ തങ്ങളുടെ മൃഗപ്രകൃതിയെ സേവിച്ച് സേവിച്ച് സ്വയം നാശത്തിലേക്കെത്താം. അതിരില്ലാത്ത അത്യാർത്തി ഇതുപോലൊരു രോഗമാണ്. ഔദാര്യവും, ദയവും ആവശ്യപ്പെടുന്നിടത്ത് അതിനുള്ള സാധ്യതയുണ്ടായിട്ടും പിശുക്കന്മാരാകുന്നവരുണ്ട്. അതും ഇതുപോലൊരു മാനസിക വൈകല്യമാണ്. 'അൽഹശ്ർ' സൂറ 9ൽ ഖുർആൻ പറയുന്നു: 'മനസ്സിന്റെ പിശുക്കിൽ നിന്ന് രക്ഷപ്പെടുന്നവരാണ് മോക്ഷം നേടുന്നവർ.''

ഇത്തരം അവസ്ഥകളിൽ തന്റെ മാനസിക വൈകല്യമാണ് അയാളെ ഭരിക്കുന്നത്, ബുദ്ധിയോ ചിന്തയോ സുബദ്ധമായ അഭിപ്രായമോ അല്ല. ബുദ്ധിയായിരുന്നു അയാളെ ഭരിച്ചിരുന്നതെങ്കിൽ തന്റെ യഥാർത്ഥ താൽപര്യവും സന്തോഷഹേതുവും എവിടെയാണെന്നയാൾക്കറിയേണ്ടതായിരുന്നു. എന്നാൽ മനസ്സിന്റെ സങ്കുചിതത്വമാണ് അതിനെതിരു നിൽക്കുന്നത്. മൃഗീയ നിലവാരത്തിന്റെയും അടിയിലേയ്ക്ക് അതവനെ പിടിച്ചു താഴ്ത്തുകയും അവന്റെ സ്വഭാവത്തെ ധാർമ്മിക വിരുദ്ധമാക്കുകയും ചെയ്യുന്നു.

മനുഷ്യനെ ബാധിക്കുന്ന വൈകല്യങ്ങൾ ഇതിൽ ഒതുങ്ങുന്നില്ല. സങ്കീർണ്ണങ്ങളായ പലതരം 'കോംപ്ലക്സു'കൾ അവനെ ബാധിക്കുന്നു. ഉദാഹരണം അസൂയ. തന്റെ സുഖൈശ്വര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനു പകരം മറ്റുള്ളവന് കഷ്ടതകളും ദുരിതങ്ങളും വരണമെന്ന് ആഗ്രഹിക്കുകയായിരിക്കും അസൂയാലു. മറ്റുള്ളവരുടെ സങ്കടങ്ങളിൽ സന്തോഷിക്കുന്നതിനെ അപേക്ഷിച്ച് സ്വന്തം ക്ഷേമാഭിവൃദ്ധയിലുള്ള അയാളുടെ സന്തോഷം നിസ്സാരമായിരിക്കും. ഇത്തരമൊരവസ്ഥ മനുഷ്യനിലേ ഉള്ളൂ. മറ്റു ജന്തുക്കളിലൊന്നുമില്ല. ഗർവ്വാണ് മറ്റൊരു മാനസിക വൈകല്യം. ഒരാളിൽ താനറിയാതെ ഈ വൈകല്യം രൂപംകൊള്ളുകയും വലുതാവുകയും ചെയ്യും. ചിലപ്പോൾ മനസ്സ് വളരെ വിചിത്രമായ രീതിയിൽ ഒരാളെ വഞ്ചിച്ചേയ്ക്കാം. ഖുർആൻ 'യൂസുഫ്' സൂറ 83ൽ പറയുന്നു: ''അദ്ദേഹം പറഞ്ഞു: 'അല്ല, നിങ്ങളുടെ മനസ്സുകൾ നിങ്ങൾക്കൊരു സംഗതി എളുപ്പമായി തോന്നിപ്പിച്ചു. അപ്പോൾ ക്ഷമിക്കുന്നതാണ് നല്ലത്. അല്ലാഹു അവരെയെല്ലാവരെയും എനിക്ക് ഒന്നിച്ചു കൊണ്ടുവന്നുതരും. അവൻ എല്ലാം അറിയുന്നവനും തന്ത്രശാലിയുമാകുന്നു.''[112]

ദുർമോഹം ഖുർആനിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള വളരെ സൂക്ഷ്മമായ ഒരു മാനസിക പ്രശ്നമാണ്. മനസ്സ് ഒരു അയഥാർത്ഥ സംഗതി യഥാർത്ഥമെന്നു തോന്നിപ്പിക്കുകവഴി അതിൽ വഞ്ചിതനായി ഒരാൾ വ്യാമോഹങ്ങളിൽ കുടുങ്ങിപ്പോയേയ്ക്കാം.

ഇന്ന് മന:ശാസ്ത്രം ഈ രംഗത്ത് വളരെ സവിശേഷവും സൂക്ഷ്മവുമായ നിഗമനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ശാരീരികമോ, നാഡീവ്യൂഹങ്ങളുമായി ബന്ധമുള്ളതോ ആയ യാതൊരു തകരാറുമില്ലാതെത്തന്നെ മനസ്സിന്റെ വിജൃംഭണം ഹേതുവമായി മാത്രം അതിന് സമനില തെറ്റുകയും ഒരാൾക്ക് ഭ്രാന്തുപിടിക്കുകയും ചെയ്യാമെന്ന് അത് പറയുന്നു. ഏതോ അസഹ്യമായ മന:പ്രയാസമായിരിക്കാം അതിനു കാരണം. ഇത്തരം വേളകളിൽ ഒരാൾ ബുദ്ധിയെ കൈവിട്ട് ദു:ഖത്തിന് നിവൃത്തിവരുത്താൻ പല അവിവേകവും പ്രവർത്തിക്കാനിടയുണ്ടത്രെ. കവിവാക്യം കാണുക:

''ലോകത്തിൽ ഓരോ വിലപിക്കുന്നവനും
അവന്റേതായ ഒരു ദു:ഖമുണ്ട്
എന്നാൽ മനസ്സേ, നിനയ്ക്കതുപോരാ,
നീ ഭ്രാന്തനാവുക,
ആ അവസ്ഥ എന്തൊരു ഹരമാണ്!''

ഈ ആത്മവഞ്ചന ഒരു പ്രധന മന:ശാസ്ത്ര പ്രശ്നമാണ്. ഈ നൂറ്റാണ്ടിൽ ശ്രദ്ധയോടുകൂടിയ പഠനത്തിനു വിധേയമാക്കപ്പെടുന്ന ഇത്തരം പ്രശ്നങ്ങൾ ആയിരത്തിലേറെ കൊല്ലങ്ങൾക്കുമുമ്പേ അപഗ്രഥിക്കപ്പെട്ടു കാണുന്നത് വലിയ ആശ്ചര്യമാണ്. ഇത് സംബന്ധിച്ച് വിജ്ഞാനം ലോകത്തിന്റെ ഏതു കോണിൽ ഉയർന്നുവന്നാലും ഖുർആൻ ആകുന്നു അതിന്റെ മൂലസ്രോതസ്സ്. ചിലപ്പോൾ ഇത്തരം ദൂഷ്യങ്ങൾ ഒരു മനസ്സിന്റെ അകത്ത് കടന്നുകൂടിയിട്ടുള്ളത് ആ മനസ്സിന്റെ ഉടമ അറിയാതെയായിരിക്കും. ചില സാഹചര്യങ്ങളിൽ അവ അടിയിൽ നിന്നുയർന്ന് തനിക്ക് നിയന്ത്രിക്കാൻ പോലും കഴിയാത്തവിധം പ്രവർത്തിക്കുന്നത് അയാളെ അമ്പരപ്പിക്കുകയും ചെയ്തേയ്ക്കും. ഒരാൾ ആരോടും അസൂയയോ പകയോ ഇല്ലാത്ത ശുദ്ധഹൃദയമാണ് തന്റേത് എന്ന ഉറച്ച വിശ്വാസത്തിൽ കഴിയുകയായിരിക്കും. പക്ഷെ, അപ്രതീക്ഷിതമായി അയാൾ തന്നിൽ ഇത്തരം ദൂഷ്യങ്ങളുള്ളതായി കണ്ടെത്തും.

ശീതകാലത്ത് തണുപ്പുകൊണ്ട് മരവിച്ച് യാതൊരപകടവും ഭയപ്പെടേണ്ടതില്ലാത്തവിധം നിശ്ചലമായിക്കിടക്കുന്ന ഒരു സർപ്പത്തോടാണ് റൂമി ഇതിനെ ഉദാഹരിച്ചിരിക്കുന്നത്. അങ്ങനെ ഒരു കുട്ടി അതിനെ തട്ടി കളിച്ചുകൊണ്ടിരിക്കുമ്പോഴായിരിക്കും സൂര്യപ്രകാശമേറ്റ് അതിന്റെ ശരീരം ചൂടാവുകയും അത് പെട്ടെന്ന് അതിന്റെ യഥാർത്ഥ സ്വഭാവം കാണിക്കുകയും ചെയ്യുന്നത്. താഴെക്കൊടുത്ത വരികളിൽ റൂമി മനസ്സിൽ ഉറങ്ങിക്കിടക്കുന്ന ഇത്തരം സ്വഭാവങ്ങളെ മറ്റൊരു രീതിയിൽ വിവരിക്കുന്നു:

''മോങ്ങൾ ഉറങ്ങുന്ന നായ്ക്കളാണ്.
ഗുണവും ദോഷവും അവയ്ക്കു സഹജമാണ്
ശക്തിയില്ലെങ്കിൽ,
അവ ഉറങ്ങിത്തന്നെയിരിക്കും,
വിറകിൻ കൊള്ളികൾപോലെ നിർജീവം!
പക്ഷെ, എവിടെയെങ്കിലും
ചീഞ്ഞ ഒരിറച്ചിക്കഷ്ണം കാണുകിൽ,
ആർത്തിയുടെ വിളി
നായ്ക്കളെ ഉണർത്തുകയായി;
തെരുവിൽ ഒരു കഴുത ചത്താൽ,
ഉറങ്ങുന്ന ശതക്കണക്കിന് ശ്വാക്കൾ
ഉണരും;
അതുവരെ ഒളിച്ചിരുന്ന ആർത്തികൾ
മുഴുവൻ വേഗതയിൽ കുതിക്കും;
നായിന്റെ ഓരോ രോമവും
പിന്നെ പല്ലായി പ്രവർത്തിക്കും.
വാലുകൾ കൗശലത്തോടും
സാമർത്ഥ്യത്തോടും കൂടി ഇളകും
ഇത്തരം നൂറുനായ്ക്കളാണ്
നമ്മുടെ ശരീരത്തിൽ ഉറങ്ങുന്നത്.
ഇര കാണുന്നതുവരെയേ
അവ ഉറങ്ങൂ''.

മനസ്സിനെ സംബന്ധിക്കുന്ന ഇത്തരം യാഥാർത്ഥ്യങ്ങൾ ഖുർആൻ യാഥാർത്ഥ്യങ്ങളായിത്തന്നെ കാണുന്നു. മനസ്സിന്റെ ഇത്തരം സ്വഭാവങ്ങളെ പൊരുതിത്തോൽപ്പിക്കാനാണ് ഖുർആൻ പറയുന്നത്. 'അന്നാസിആത്ത്' സൂറ 36–41 വാക്യങ്ങളിൽ ഇപ്രകാരം കാണാം:

''അങ്ങനെ, ആർ അതിരുകവിയുകയും ഐഹികജീവിതത്തെ തിരഞ്ഞെടുക്കുകയും ചെയ്തുവോ, തീർച്ചയായും നരകമാണവരുടെ പാർപ്പിടം; തന്റെ നാഥന്റെ സന്നിധിയിൽ നിൽക്കുന്ന സന്ദർഭത്തെ ഭയപ്പെടുകയും മനസ്സിനെ ദുർമോഹത്തിൽ നിന്നു തടഞ്ഞുനിർത്തുകയും ചെയ്തതാരോ അവർക്കുള്ള പാർപ്പിടം സ്വർഗ്ഗവും.''[113]

'അൽജാസിയ' 23ൽ പറയുന്നു: ''തന്റെ മോഹത്തെ ദൈവമായിട്ടെടുത്തവനെ കണ്ടോ?''[114]

'യൂസുഫ്' സൂറ 53ൽ ഇങ്ങനെ കാണുന്നു: ''എന്റെ മനസ്സിനെ ഒഴിവാക്കിയല്ല ഞാൻ പറയുന്നത്; നിസ്സംശയം, എല്ലാ മനസ്സും തിന്മയിലേക്ക് പ്രേരണ തരുന്നതാണ്.''[115]

മനസ്സിനെയും അതിന്റെ മോഹങ്ങളെയും വിശ്വസിക്കാനാവില്ലെന്നാണ് ഹസ്രത്ത് യൂസുഫ് പറഞ്ഞതിന്റെ താൽപര്യം. സ്വന്തം മനസ്സിനെ എന്തിനും ആധാരമായിട്ടെടുക്കുകയെന്നത് വിശ്വാസിയുടെ ഗുണമല്ല. തിന്മയിലേയ്ക്കും ദുഷ്ടതയിലേക്കും മനസ്സിന് ആഭിമുഖ്യമുണ്ടാവാം.

മനസ്സിനോടുള്ള സമരം ഇസ്‌ലാം ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഒരിക്കൽ ഒരു യുദ്ധം കഴിഞ്ഞു തിരിച്ചെത്തിയ ഒരു സംഘത്തെ സ്വീകരിച്ചുകൊണ്ട് പ്രാവചകർ പറഞ്ഞു: ''ചെറിയ യുദ്ധം കഴിഞ്ഞ് മഹായുദ്ധത്തിനുവേണ്ടി മടങ്ങിയെത്തിയ നിങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു''. ''ഏതാണ് മഹായുദ്ധം?'' അവർ ചോദിച്ചു. ''മനസ്സിനോടുള്ള യുദ്ധം.'' അവിടുന്ന് പ്രതിവചിച്ചു.[116]

ജ്ഞാനവാദത്തിൽ ഇസ്‌ലാമിന് അസ്വീകാര്യമായ ഒരു തലത്തോളം മനസ്സിനോടുള്ള ഈ യുദ്ധം എത്തുന്നുണ്ട്. ഒരു ഘട്ടത്തിൽ അത് കഠിനമായ മന:പീഢയാണ്. ഇസ്‌ലാം ശരീരത്തിന് അവകാശം നൽകുന്നുണ്ട്. ഇത്തരം ശാരീരികച്ചടക്കത്തെ പ്രവാചകർ അനുകൂലിച്ചിട്ടില്ല.

മനസ്സിനോടുള്ള സമരം രണ്ടുതരമുണ്ട്:

1. ഭക്ഷണവും ഉറക്കവും നൽകാതെ ശരീരത്തെ കഠിനമായി പീഢിപ്പിക്കുക.

2. മനസ്സിനോടും ആത്മാവിനോടും അവയുടെ മോഹങ്ങൾക്കു വിപരീതം ചെയ്തുകൊണ്ട് പോരാടുക. ഇത് ഒരളവോളം ശരിയായിരിക്കാം. എന്നാൽ ഇസ്‌ലാമിനോടും നിരക്കാത്ത ചില സംഗതികൾ ഇതുമായി ബന്ധപ്പെട്ടുകൊണ്ടുണ്ട്. ചില സൂഫികൾ സ്വീകരിക്കുന്ന ''ആത്മ നിന്ദനത്തിന്റെ രീതി'' ഇതിന്റെ ഉദാഹരണമാണ്. കാപട്യത്തിന്റെ എതിർദിശയിലൂടെയുള്ള പലായനം ആത്യന്തികതയിലെത്തുകയാണിത്. ഒരു കപടൻ ചീത്ത മനസ്സുവെച്ചുകൊണ്ട് നല്ലവനായി അഭിനയിക്കുന്നു. എന്നാൽ, ഈ രീതി സ്വീകരിക്കുന്ന സൂഫി മനസാ നല്ലവനായിക്കൊണ്ട് പുറത്തേയ്ക്കു ചീത്തയായി അഭിനയിക്കുന്നു. ജനം അയാളെ നല്ലവനായി ഗണിക്കരുതെന്നതാണ് അയാളുടെ താൽപര്യം.

ആദരവും കീർത്തിയും നേടുവാനുള്ള മോഹത്തെ കൊല്ലുകയാണത്രെ ഇങ്ങനെ ചെയ്യുന്നതിന്റെ ഉദ്ദേശ്യം. ഈ കാഴ്ചപ്പാടിനെ ഇസ്‌ലാം നിരാകരിക്കുന്നു. തന്നെ അപ്രശസ്തനും അനാദരണീയനുമാക്കേണ്ട ബാധ്യത യാതൊരാൾക്കുമില്ലെന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ''നിങ്ങൾ നല്ലവരല്ലെങ്കിൽ നല്ലവരായി അഭിനയിക്കുകയും വേണ്ട. കൃത്രിമമായി പാപി ചമയുകയും വേണ്ട. എന്തുകൊണ്ടെന്നാൽ രണ്ടും കൃത്രിമമാണ്.'' ഇതാണ് ഇസ്‌ലാം പറയുന്നത്. ജ്ഞാനവാദ സാഹിത്യങ്ങളിൽ ഭോഗാസക്തിയുടെയും ലംബടതയുടെയും ഭാഷ ഉപയോഗിച്ചുകാണുന്നതിന് കാരണം മേൽപറഞ്ഞ ആത്മനിന്ദനമാണ്. ഹാഫിസിന്റെ കവിതകളിൽ ഇതിന്റെ ഉദാഹരണങ്ങൾ എമ്പാടും കാണും. തന്റെ ഒരു കവിതയിൽ അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടെങ്കിലും.

''ഹൃദയമേ!
ഞാൻ നിന്നെ മോക്ഷത്തിലേയ്ക്കു
വഴി കാണിക്കട്ടെ.
ഭോഗതൽപരതയിൽ
അഭിമാനം കൊള്ളണ്ട!
ഭക്തി അഭിനയിക്കുകയും വേണ്ട!''

എന്തുതന്നെ ആയാലും ''ആത്മനിന്ദനം'' മനസ്സിനോടുള്ള ഒരു സൂഫി സമര രീതിയാണ്. അതിസ്‌ലാമിന് സ്വീകാര്യമല്ലാത്തതാണ്. എന്നാൽ ഈ രീതി ഒരിക്കലും പിന്തുടരാത്ത സൂഫികളുണ്ട്. ഖാജാ അബ്ദുല്ലാ അൻസാരി[117] അക്കൂട്ടത്തിലാണ്.

ചിലപ്പോൾ ഈ ആത്മസമരം ഒരാളെ വളരെ താഴ്ന്ന പടിവരെ കൊണ്ടുപോകും. അന്തസ്സ് പരിരക്ഷിക്കപ്പെടണമെന്നിടത്തു നിന്നിറങ്ങാതെ നിൽക്കുന്ന ആത്മാവിനെ തരം താഴാൻ പാകപ്പെടുത്തുകയായിരിക്കും അതിന്റെ ലക്ഷ്യം. ചിലപ്പോൾ ശിഷ്യൻ ഗുരുവിനെ സേവിക്കുമ്പോൾ, ചാണകം കോരുക തുടങ്ങിയ താണ ജോലികൾ ചെയ്യാൻ വരെ നിർബന്ധിക്കപ്പെടും.

ഒരു പ്രമുഖ ജ്ഞാനവാദിയായിരുന്ന ഇബ്രാഹീം അദ്ഹം[118] ഇപ്രകാരം പറഞ്ഞതായി ഇബ്നു അബിൽ ഹദീദ് ഉദ്ധരിക്കുന്നു.

''താഴെപ്പറയുന്ന സന്ദർഭങ്ങളിലുണ്ടായതുപോലുള്ള സന്തോഷം എനിക്കു മറ്റൊരു സന്ദർഭത്തിലുമുണ്ടായിട്ടില്ല.

1. ഒരിക്കൽ ഞാൻ അസുഖം മൂലം എഴുന്നേൽക്കാൻ കഴിയാതെ ഒരു പള്ളിയിൽ കിടക്കുകയായിരുന്നു. പരികർമ്മി എല്ലാവരോടും എഴുന്നേറ്റ് പുറത്തുപോകാൻ പറഞ്ഞു. ഞാൻ എഴുന്നേൽക്കാത്തത് കണ്ടപ്പോൾ അയാൾ കാലിൽ പിടിച്ച് ഒരു ശവത്തെപ്പോലെ എന്നെ വലിച്ച് പുറത്തേയ്ക്ക് തള്ളി. അങ്ങേയറ്റം നിന്ദിക്കപ്പെട്ട അവസ്ഥയിൽ എന്നെ കണ്ടതിൽ എനിക്കെന്തെന്നില്ലാത്ത സന്തോഷം!

2. ഒരു കപ്പൽ യാത്രയ്ക്കിടയിൽ ഒരു കോമാളി തമാശകൾ കാട്ടി ജനങ്ങളെ ചിരിപ്പിക്കുകയായിരുന്നു. ഒരവിശ്വാസിയുടെ താടി പറിച്ച കഥ പറയുന്നതിനിടയിൽ അയാളുടെ ശ്രദ്ധ എന്നിൽ പതിഞ്ഞു അയാൾ 'ഇങ്ങനെ'

എന്നു പറഞ്ഞുകൊണ്ട് എന്റെ താടിരോമങ്ങൾ നുള്ളിപ്പറിച്ചു. എല്ലാവരും ചിരിച്ചു. എനിക്ക് അതിരില്ലാത്ത സന്തോഷമുണ്ടായി. എന്നെ അയാൾ അപമാനിച്ചു ചെറുതാക്കിയല്ലോ!

3. ശൈത്യകാലമായിരുന്നു. ഞാൻ താമസ സ്ഥലത്ത് നിന്ന് പുറത്തിറങ്ങി. നോക്കുമ്പോൾ എന്റെ തുകൽപാത്രത്തിന്റെ രോമം, മൂടുമാറ് അതിൽ നിറയെ പേൻ! എനിക്കു വളരെ സന്തോഷം തോന്നി. അതും കയ്യിലേന്തി എനിക്കു എന്നെ നിന്ദാവസ്ഥയിൽ കാണാൻ കഴിഞ്ഞല്ലോ!''

മറ്റൊരു സൂഫിയുടെ വാക്കുകൾ: ''ഒരു റമസാൻ മാസത്തിൽ നോമ്പു തുറക്കാൻ എനിക്കൊരു വീട്ടിലേയ്ക്കു ക്ഷണം കിട്ടി. ഞാൻ ചെന്നപ്പോൾ എന്നെ അകത്തേയ്ക്കു കടത്തിവിട്ടില്ല. ഞാൻ വീണ്ടും വീണ്ടും ചെന്നു. അപ്പോഴൊന്നും എനിക്ക് അകത്തേയ്ക്കു പ്രവേശനം കിട്ടിയില്ല. ഒടുവിൽ ഗൃഹനാഥൻ പറഞ്ഞു: 'നിങ്ങളെന്തൊരു മനുഷ്യനാണ്! പലതവണ മടക്കിവിട്ടിട്ടും പിന്നെയും നിങ്ങളിങ്ങോട്ടു വരികയാണല്ലോ' ഞാൻ പറഞ്ഞു: 'അതെ, പട്ടികൾ അങ്ങനെത്തന്നെയാണ്!''

ഒരാളുടെ വ്യക്തിത്വം ഇത്തോതിൽ അപമാനിതമാകുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. മാനസികമായ അച്ചടക്കത്തിന് ഇസ്‌ലാം ആത്മസംയമനവും ആത്മോൽക്കർഷവും ഉപദേശിക്കുന്നുണ്ട്. രണ്ടും ഓരോ അതിർത്തി വരെ. മനസ്സിന് ഔന്നത്യത്തിന്റെയും വിനയാന്വിതത്വത്തിന്റെയും രണ്ടു വശങ്ങളുണ്ട്. അതിർത്തിക്കപ്പുറം പോകുന്നത് രണ്ടായാലും തടയപ്പെടേണ്ടതാണ്.

ഒരാളുടെ അഹം അയാളുടെ ആത്മാവാണെന്നു ചിന്തിക്കുന്നവരാണ് തത്വചിന്തകർ. മനശാസ്ത്രജ്ഞർ ബോധമനസ്സും അബോധമനസ്സും എന്നിങ്ങനെ രണ്ടു വശമുണ്ട് അഹത്തിന് എന്നും അതിൽ അബോധമനസ്സാണ് പ്രധാനമെന്നും വിശ്വസിക്കുന്നു. മാനസികാപഗ്രഥന വിദഗ്ധർ അഹം ആത്മാവാണ് എന്ന തത്വചിന്തകരുടെ അഭിപ്രായത്തെ കൃത്യമായി എതിർക്കുന്നു. യഥാർത്ഥ അഹം അതിനെക്കാളൊക്കെ അഗാധമാണെന്നാണ് അവർ പറയുന്നത്. യഥാർത്ഥ അഹം ദൈവത്തെ കണ്ടെത്തുമ്പോഴേ സ്വയം കണ്ടെത്തുന്നുള്ളൂവത്രെ. 'അൽ ഹശ്ർ' 19ൽ ഖുർആൻ പറയുന്നു: ''അല്ലാഹുവിനെ മറക്കുക നിമിത്തം ആർക്ക് അവരവരെത്തന്നെ അല്ലാഹു മറപ്പിച്ചുവോ അവരെപ്പോലെ നിങ്ങൾ ആവരുത്. അവർ ധിക്കാരികളാകുന്നു.''[119]

ഇസ്‌ലാമിലെ ജ്ഞാനവാദത്തിന്റെ പിതാവും ഇറാൻകാരും അല്ലാത്തവരുമായ ഒട്ടേറെ ജ്ഞാനവാദികളുടെ ഗുരുവുമായ മുഹ്‌യിദ്ദീൻ ഇബ്നു അറബി അവിസെന്നയെപ്പോലുള്ള തത്വചിന്തകരെ നിശിതമായി ആക്ഷേപിക്കുന്നുണ്ട്. ഖുർആൻ 'അസ്സുമർ' 15ൽ പറയുന്നു: ''നഷ്ടക്കാർ അവരവരുടെ ആത്മാക്കളെ നഷ്ടപ്പെടുത്തിയവർതന്നെ.''[120]

ദൈവത്തിൽ ഏകാഗ്രത പുലർത്തുകയെന്ന ഭക്തിയുടെ യാഥാർത്ഥ്യവും ചൈതന്യവും വഴി ഒരാൾ തന്റെ യഥാർത്ഥ സ്വത്വത്തെ കണ്ടെത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഇത്തരമൊരു സങ്കൽപമല്ല ജ്ഞാനവാദത്തിൽ നാം കാണുന്നത്. ആത്മാഭിമാനത്തിലൂടെയും അതിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടുമാണ് മനുഷ്യൻ ഉന്നതമായ സ്ഥാനങ്ങളിലെത്തുന്നത്. ആ നിലയ്ക്കു ഒരു പ്രചോദനവും ജ്ഞാനവാദികൾക്കു ഖുർആനിൽ നിന്നു സിദ്ധിച്ചിട്ടില്ല. ഖുർആൻ 'അൽമുനാഫിഖൂൻ' സൂറയിൽ പറയുന്നു: ''അന്തസ്സ് അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കും അവകാശപ്പെട്ടതാണ്.''[121]

പ്രവാചകർ പറയുന്നു: ''നിങ്ങൾക്കെന്തിനെങ്കിലും ആവശ്യം നേരിട്ടാൽ അഭിമാനം നഷ്ടപ്പെടുത്തി ആരോടും യാചിക്കരുത്. ആത്മാഭിമാനം സൂക്ഷിച്ചുകൊണ്ടേ ചോദിച്ചുകൂടൂ.'' ഇമാം അലി പറഞ്ഞതായി നഹ്ജുൽബലാഗയിൽ ഇപ്രകാരം കാണാം: ''ജീവിതത്തിൽ അപമാനം സംഭവിക്കുന്നതാണ് മരണം. വിജയിച്ച് മരിക്കുന്നത് ജീവിതവും.''

ഇമാം ഹുസൈൻ പറഞ്ഞതായി 'ഇമാം ഹുസൈന്റെ ജീവിതം' എന്ന ഗ്രന്ഥം വാ: 1, പുറം 183ൽ ഇങ്ങനെ കാണാം: ''അന്തസ്സോടുകൂടി മരിക്കുന്നതാണ് അപമാനത്തോടുകൂടി ജീവിക്കുന്നതിനേക്കാൾ ഉത്തമം.'' അദ്ദേഹം ഇത്രകൂടി പറഞ്ഞിട്ടുണ്ട്: ''നീചനായ പിതാവിന്റെ നീചനായ പുത്രൻ ഇബ്നു സിയാദ്, ഒന്നുകിൽ കീഴടങ്ങുക അല്ലെങ്കിൽ വാളിനിരയാവുക എന്ന് എന്നോടു പറയുന്നു. നമുക്കെങ്ങനെ കീഴടങ്ങാൻ കഴിയും? അല്ലാഹുവും അവന്റെ പ്രവാചകരും മുഴുവൻ സത്യവിശ്വാസികളും അത് വിലക്കുകയാണ് ചെയ്യുന്നത്. ധർമ്മനിഷ്ഠരായ മാതാപിതാക്കളാണ് നമ്മെ വളർത്തിയത്. അപമാനിതനായി എന്റെ കൈ ഞാൻ ഒരിക്കലും നിന്റെ കൈയിൽ സമർപ്പിക്കില്ല. അടിമകളെപ്പോലെ പ്രവർത്തിക്കാനോ കീഴടങ്ങാനോ ഞങ്ങൾക്കാവില്ല.''

ശക്തിയുടെ മാർഗ്ഗമായ ഒരു ചിന്താധാരയെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചല്ലോ. അതിൽ പൂർണ്ണത ശക്തിയുടെ പര്യായമാണ്. ദൗർബ്ബല്യം ന്യൂനതയുടെയും നന്മതിന്മകളുടെ അളവുകോലും അതു തന്നെ. ശക്തിയാണ് നന്മ, അശക്തി തിന്മയും.

ജർമ്മൻ ചിന്തകനായ നീഷെ ജീവിതത്തിന്റെ ഒടുവിൽ ഭ്രാന്തനായി. തുടക്കം മുതലേ അദ്ദേഹം ഭ്രാന്തിന്റെ ലക്ഷണം കാട്ടിയിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ശക്തിയുടെ തത്വം അദ്ദേഹം സദാചാരത്തിലേയ്ക്കു കടത്തിവിട്ടു. നീഷെയുടെ മുമ്പ് ജീവിച്ച രണ്ടു തത്വചിന്തകന്മാരാണ് ഫ്രഞ്ചുകാരനായ ദെക്കാർത്തും[122] ഇംഗ്ലീഷുകാരനായ ബേക്കണും[123]. ഇവർ രണ്ടുപേരും ശാസ്ത്രത്തെക്കുറിച്ച് മുമ്പത്തെ സിദ്ധാന്തങ്ങളെ പുന:പരിശോധന നടത്താനിടയാക്കിയ വീക്ഷണങ്ങൾ അവതരിപ്പിച്ചവരാണ്. അവരുടെ വീക്ഷണങ്ങൾ ശാസ്ത്രത്തിന്റെ പുരോഗതിയിലും പ്രകൃതിയുടെ മേലുള്ള മനുഷ്യാധിപത്യം എന്ന ആശയത്തിലും വലുതായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതേസമയം മനുഷ്യൻ കൂടുതൽ അഴിമതിക്കാരനാകുന്നതിന് സഹായകമായിട്ടുമുണ്ട്.

ഈ രണ്ടു തത്വചിന്തകരുടെയും രംഗപ്രവേശനത്തിനു മുമ്പ് മതവും തത്വചിന്തയും ശാസ്ത്രത്തെ സത്യത്തിന്റെ സേവനത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു. അധികാരത്തെ സേവിക്കാൻ വേണ്ടിയല്ല അന്നത് ഉപയോഗിച്ചി

രുന്നത്. അതുകാരണം ഭൗതിക കാര്യങ്ങൾക്കും മനുഷ്യന്റെ ഭൗതിക താൽപര്യങ്ങൾക്കും ഉപരിയായ ഒരു വിശുദ്ധി ശാസ്ത്രത്തിനുണ്ടായിരുന്നു. വിജ്ഞാനത്തെ സമ്പത്തുമായി താരതമ്യപ്പെടുത്തി അതിന് സമ്പത്തിനേക്കാൾ ഔന്നത്യം കൽപ്പിക്കപ്പെട്ടിരുന്നു. നഹ്ജുൽ ബലാഗയിൽ ഇമാം അലി അങ്ങനെ പറഞ്ഞിട്ടുണ്ട്. ഗുരുവിന് വിശുദ്ധമായ ഒരു സ്ഥാനവും അന്നുണ്ടായിരുന്നു. അലി പറയുന്നു: ''എന്നെ ഒരു വാക്കു പഠിപ്പിച്ചവന് ഞാൻ ദാസനാകുന്നു.''[124] അൽബഖറ 34ൽ ഖുർആൻ പറയുന്നു: ''ആദമിന് പ്രണമിക്കുക എന്ന് നാം മലക്കുകളോട് കൽപ്പിച്ചു.''[125]

ആദമിന് ഈ സ്ഥാനം നൽകാൻ കാരണം അദ്ദേഹത്തിന് മലക്കുകൾക്കറിയാത്തത് അറിഞ്ഞതാണ്. അറിവിന്റെ മഹത്വമാണവിടെ തെളീക്കപ്പെട്ടത്. അറിവ് ആനന്ദത്തിനുവേണ്ടിയല്ല, അത് മനുഷ്യന് സേവനം ചെയ്യുകയും പ്രകൃതിയുടെ മേൽ അധീശത്വം വാഴാൻ അവനെ യോഗ്യനാക്കുകയും വേണം എന്നാണ് ബേക്കണിന്റെ വീക്ഷണം. അങ്ങനെ, അറിവിന്റെ അലൗകിക സ്വഭാവം ലൗകികമായി; ഗവേഷണം മനുഷ്യന് ജീവിതസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുവേണ്ടി പ്രകൃതിരഹസ്യങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തിനുവേണ്ടിയായി മാറി.

ഒരു വശത്ത് ഈ സമീപനം മാനവരാശിക്കു വലിയ സേവനമായിത്തീർന്നു. അതേസമയം വിജ്ഞാനത്തിന് അതിന്റെ പവിത്രത നഷ്ടപ്പെട്ടു. പഴയ രീതിയിൽ പഠനം തുടരുന്ന മതവിജ്ഞാന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾ മതപഠന ക്ലാസുകളിൽ സംബന്ധിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് ചില ചിട്ടകൾ പാലിക്കുന്നു.[126] വിജ്ഞാനത്തിന്റെ ഉന്നതമായ സ്ഥാനവും വിശുദ്ധിയും ഇപ്പോഴും പ്രധാനപ്പെട്ടതാണെന്നു കാണിക്കുന്നതാണത്. തന്റെ ഗുരുവിനോട് ഒരു വിദ്യാർത്ഥിക്ക് അഗാധമായ ആദരവാണവിടെ അനുഭവപ്പെടുന്നത്.

അവർക്കു പഠനം സമ്പത്ത് ഉറപ്പുവരുത്താനല്ല. പ്രതിഫലം പറ്റുന്ന ആൾ എന്ന നിലയിലേക്കു താൻ മാറുന്നത് തന്റെ അന്തസ്സിനെ താഴ്ത്തുന്ന ഒന്നായിട്ടാണ് ഗുരു അവിടെ ഗണിക്കുന്നത്.

എന്നാൽ, ബേക്കണിന്റെയും അനുയായികളുടെയും ആശയങ്ങളുടെ തുടർച്ചയായ ആധുനിക വിദ്യാഭ്യാസത്തിൽ, നിലവിലുള്ള ഒരു പ്രത്യേക ചട്ടക്കൂട്ടിനുള്ളിൽ ജീവിക്കുവാനുള്ള പ്രാഥമികമായ ചുവടുവയ്പ്പാണ് പഠനം. അതായത്, ഒരു എഞ്ചിനീയറോ, വ്യാപാരിയോ അധ്യാപകനെങ്കിലുമോ ആകാൻ ഒരുത്തനെ വാർത്തെടുക്കുകയാണ് വിദ്യാഭ്യാസം. സുഖജീവിതം നയിക്കാൻ ആവുന്നത്ര പണം സമ്പാദിക്കുകയാണതിന്റെ ലക്ഷ്യം. സ്വന്തം പ്രൊഫസർമാരെ പിന്നിൽ നിന്ന് ആക്ഷേപിക്കുന്നതിനു വരെ ഇത്തരം കലാലയങ്ങളിൽ വിദ്യാർത്ഥികൾ തയ്യാറാകും.

വിജ്ഞാനമെന്നാൽ അധികാരം എന്നർത്ഥമാക്കുന്ന ബേക്കണിന്റെ ആശയമനുസരിച്ച്, എല്ലാം അധികാരത്തെ ആശ്രയിച്ചിരിക്കുകയും അധികാര സ്ഥാപനത്തിനു വേണ്ടിയുള്ള സേവനത്തിനായിരിക്കുകയും ചെയ്യുന്നു. അഭ്യസ്ഥവിദ്യരും ശാസ്ത്രജ്ഞരും അധികാരം നടത്തുന്നവരുടെ അടിമകളാണ്. അവർ സാമ്രാജ്യത്വവാദികളാവട്ടെ, സമത്വവാദികളാവട്ടെ. അധികാരമാണ് ലോകത്തെ നയിക്കുന്നത്. ശാസ്ത്രമോ ശാസ്ത്രജ്ഞരോ അല്ല. എല്ലാ കണ്ടുപിടുത്തവും ആവിഷ്കരണവും അധികാരശക്തിയുടെ സേവനത്തിനായി സമർപ്പിതമാണ്. ഒന്നാമതായി ദുഷ്ടലക്ഷ്യങ്ങൾക്ക്, അല്ലെങ്കിൽ സൈനിക ലക്ഷ്യങ്ങൾക്ക്, പിന്നീട് മറ്റു ലക്ഷ്യങ്ങൾക്കും അറിവുകൾ ഉപയോഗപ്പെടുത്തുന്നു.

ബേക്കൺ പിന്തുടർന്ന വഴി നീഷെ പ്രഖ്യാപിച്ചതും മാക്യമെല്ലി വിശ്വസിച്ചതും ഡാർവിൻ സിദ്ധാന്തിച്ചതുമായ ആശയത്തിലേക്ക് തന്നെയാണ് എത്തുന്നത്. ഡാർവിൻ ഒരു ക്രിസ്തുമത ഭക്തനായിരുന്നു. മരണശയ്യയിൽ വെച്ച് അദ്ദേഹം ബൈബിൾ മാറോട് അണച്ചുപിടിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അദ്ദേഹം ദൈവത്തിലും യേശുവിലും വിശ്വസിച്ചിരുന്നതായിട്ടാണ് അദ്ദേഹത്തിന്റെ കുറ്റസമ്മതങ്ങൾ തെളിയിക്കുന്നത്. പക്ഷേ, അദ്ദേഹം ഉദ്ദേശിച്ചതിനു വിപരീതമായി അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ മറ്റുള്ളവരാൽ ദുരുപയോഗം ചെയ്യപ്പെടുകയാണുണ്ടായത്.

ഭൗതികവാദികൾ ഡാർവിന്റെ പരിണാമ സിദ്ധാനത്തെ ദൈവനിഷേധത്തിനുപയോഗിച്ചു. സദാചാരത്തിലും ഡാർവിന്റെ ചിന്തകൾ ദുരുപയോഗം ചെയ്യപ്പെട്ടിട്ടുണ്ട്. നാലു തത്വങ്ങൾ അദ്ദേഹം പഠിപ്പിച്ചു. ഒന്ന്, ആത്മസ്നേഹം, ഓരോ ജീവിയും സ്വന്തം അസ്തിത്വത്തെ സംരക്ഷിക്കാൻ പ്രയത്നിക്കുകയെന്നതാണിതിന്റെ താൽപര്യം. രണ്ട്, അതിജീവനം, ശക്തന് മാത്രം അതിജീവിക്കാൻ കഴിയേണ്ടതിന് ഓരോ ജീവിയും ഇതര ജീവികളോട് പോരാട്ടത്തിലേർപ്പെടലാണിത്. പല കാരണത്താലും ഈ തത്വം നിരാകരിക്കപ്പെട്ടിരിക്കയാണ്. പ്രകൃതിയിൽ അതീജിവിച്ച എത്രയോ ജീവികളിൽ അതിജീവനശേഷി അധികമില്ല. നീഷെ അർഹതയുള്ളതിന്റെ അതിജീവനം എന്ന ആശയത്തെ പിന്തുടരുക മാത്രമല്ല, അർഹതയുള്ളത് അതിജീവിക്കണമെന്നത് അതിന്റെ അവകാശമാണെന്ന് കൂട്ടിച്ചേർക്കുക കൂടി ചെയ്തു. അതിമാനുഷനെ സൃഷ്ടിക്കാനാണ് പ്രകൃതിയിൽ ഇത്തരമൊരു നിയമം നിലനിൽക്കുന്നതെന്നും അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അതാണ് പൂർണ്ണമനുഷ്യൻ. യാതൊരു ദൗർബ്ബല്യവും ഇല്ലാത്തവൻ എന്നു സാരം.

സ്നേഹം, കരുണ, സേവനം എന്നിവയൊന്നും നീഷെയെ സംബന്ധിച്ചിടത്തോളം ധാർമ്മികതയിൽ ഉൾപ്പെടുന്നില്ല. അതൊക്കെ കുഴപ്പത്തിന് ഹേതുവും അതിമാനുഷനിലേക്കുള്ള പരിണാമത്തെ തടസ്സപ്പെടുത്തുന്നതുമാണത്രെ. സോക്രട്ടീസിനെയും ക്രിസ്തുവിനെയും പൂർണ്ണമായും നീഷെ എതിർത്തിരിക്കുകയാണ്. കാരണം സോക്രട്ടീസ് നന്മയെയും ഔദാര്യത്തെയും നീതിയെയും പിന്തുണച്ചു. ക്രിസ്തുവാണെങ്കിൽ വല്ലാതെ കടന്നുനിന്ന് സ്നേഹവും ധർമ്മവും പ്രസംഗിച്ചുകഴിഞ്ഞു. മനുഷ്യനെ സംബന്ധിച്ചിടത്തോളം പൂർണ്ണതയ്ക്കു തടസ്സമാകുന്ന ബലഹീനതകളാണിവ.

''യൂറോപ്പിൽ തത്വചിന്തയുടെ ഗതി'' എന്ന ഗ്രന്ഥത്തിൽ അതിന്റെ കർത്താവ് ഫൊറോഗി പറയുന്നു: ''ലോകത്തിൽ സംസ്കാരം സിദ്ധിച്ച മനുഷ്യരെല്ലാം സ്വാർത്ഥതയെ ആക്ഷേപിക്കപ്പെടേണ്ട ഒന്നായും കാരുണ്യത്തെ

പ്രശംസനീയമായും ഗണിക്കുമ്പോൾ, നീഷെ സ്വാർത്ഥത ശരിയും കാരുണ്യം ബലഹീനതയും ന്യൂനതയുമായി ട്ടാണ് ഗണിക്കുന്നത്. നിലനിൽപ്പിനുവേണ്ടിയുള്ള ആഗ്രഹമാണ് പ്രപഞ്ചത്തിലെ മുഖ്യതത്വമെന്ന സ്ക്കോപ്പൻ ഹോവറുടെ അഭിപ്രായത്തോട് നീഷെ യോജിക്കുന്നുണ്ട്. എന്നാൽ, ആ തത്വം ശരിയല്ല എന്ന അദ്ദേഹത്തിന്റെ നിലപാടിനോട് നീഷെ വിയോജിക്കുകയാണ്. അത് ശരിയും നല്ലതുമാണെന്നാണ് നീഷെ പറയുന്നത്. നിലനിൽപ്പ് ആഗ്രഹിക്കുകയെന്നാൽ ശക്തിക്കുവേണ്ടിയുള്ള ആഗ്രഹമാണ് അദ്ദേഹത്തിന്റെ ഭാഷയിൽ. ഡാർവിന്റെ അതിജീവന തത്വത്തെ ഒരു സമരമായി നീഷെ വ്യാഖ്യാനിച്ചു. ഡാർവിനിസത്തിൽ മറ്റുള്ളവരാൽ ഖണ്ഡിക്കപ്പെട്ടത് നീഷെയ്ക്കു സ്വീകാര്യമായി. ശക്തി നേടാൻ ഈ സമരം അനിവാര്യമാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ബഹുഭൂരിപക്ഷം ജനങ്ങളുടെ പ്രശ്നങ്ങൾക്കു നേരെ അനുഭാവം പ്രകടിപ്പിക്കുന്നത് ഒരു ബാധ്യതയായിട്ട് കണ്ടവരും അവരുടെ സുഖക്ഷേമത്തെ ലോകപ്രശ്നങ്ങളുടെ മൂലബിന്ദുവായിട്ട് ഗണിച്ചവരുമാണ് ലോകത്തുണ്ടായിട്ടുള്ള എല്ലാ മനുഷ്യസ്നേഹികളും. എന്നാൽ, നീഷെ ബഹുഭൂരിപക്ഷത്തെ തള്ളിപ്പറയുകയും ന്യൂനപക്ഷത്തിന് അഥവാ ഒരു പ്രത്യേക വിഭാഗത്തിന് മുൻഗണന നൽകുകയുമാണ് ചെയ്യുന്നത്. എത്രത്തോളം ശക്തിയുണ്ടോ അത്രത്തോളം സംതൃപ്തനായിരിക്കും മനുഷ്യൻ; അവന്റെ ആഗ്രഹങ്ങൾ അവനു നേട്ടങ്ങളായി ഭവിക്കുകയും ചെയ്യും.

ജനിക്കാതിരുന്നെങ്കിൽ എന്നു പറയുന്നവരുണ്ട്. എന്നാൽ, ജനിച്ച സ്ഥിതിക്ക് എന്ത് തരം ക്രൂരതയും വഞ്ചനയും ഏറ്റുമുട്ടലും നടത്തിയിട്ടായാലും ലോകത്തിൽ നിന്ന് ആവുന്നത്ര നേടണമെന്നാണ് മനുഷ്യന്റെ ചിന്ത. ഈ ലക്ഷ്യത്തിനു തടസ്സമാകുന്ന സത്യം, ഔദാര്യം, നന്മ എന്നിവയെല്ലാം ചീത്തയാണ്. ഭൂതകാലത്തിലെ നിലനിൽക്കുന്ന ധാർമ്മികതത്വങ്ങൾ ഭാഗികമായി നശിപ്പിക്കുകയും തനിക്ക് അഭികാമ്യവും ആശ്വാസ്യവുമായി തോന്നുന്നവയെ പകരം വെയ്ക്കുകയുമാണ് നീഷെ തന്റെ കൃതികളിലൂടെ ലക്ഷ്യമാക്കിയത്.

എല്ലാ മനുഷ്യരെയും രാഷ്ട്രങ്ങളെയും അവകാശങ്ങളിൽ തുല്യമായി കരുതുന്നത് തെറ്റാണെന്നാണ് നീഷെ പറയുന്നത്. ഈ വീക്ഷണം മനുഷ്യപുരോഗതിയെ മുരടിപ്പിക്കും. എന്നും ഉയർന്നവരും താഴ്ന്നവരുമെന്ന രണ്ടു വിഭാഗമുണ്ടായിരിക്കൊണ്ടിരിക്കും. ഉണ്മയുടെ ആത്യന്തിക ലക്ഷ്യമായ ഉപരിവിഭാഗത്തിനാണ് അന്തസ്സും വിശേഷ അവകാശങ്ങളുമുള്ളത്. തങ്ങളുടെ ലക്ഷ്യങ്ങൾ സാധിക്കുന്നതിന് ഉപരിവിഭാഗത്തിന് ഉപയോഗിക്കാനുള്ള ഉപകരണങ്ങളും ഉപാധികളുമാണ് അധോവിഭാഗങ്ങൾ. മാനവപുരോഗതി ഉപരിവിഭാഗത്തെ ആശ്രയിച്ചാണ്. അവർ എണ്ണത്തിൽ കുറയും. ഭൂരിപക്ഷം അവരെ സേവിക്കണം. സമൂഹവും നാഗരികതയും ഉപരിവിഭാഗത്തിനുവേണ്ടി രൂപം കൊണ്ടതാണ്. ഉപരിവിഭാഗം അധഃസ്ഥിതരെ സേവിക്കണമെന്ന ആശയം ശരിയല്ല. ഉപരിവിഭാഗത്തെ തീറ്റിപ്പോറ്റി അതിമാനുഷരായി ഉയരുന്നതിനും പുരോഗതിയുടെ അത്യുച്ചാവസ്ഥയിലെത്തുന്നതിനും അവർക്ക് വഴിയൊരുക്കി കൊടുക്കുകയാണ് വേണ്ടത്. ഉപരിവിഭാഗങ്ങൾക്കുവേണ്ടി കന്നുകാലികളെപ്പോലെ ഭാരം താങ്ങുകയാണ് അധോവിഭാഗങ്ങളുടെ കർത്തവ്യം.[127] ''പറ്റങ്ങൾ ഇടയനുവേണ്ടിയല്ല, ഇടയൻ പറ്റങ്ങൾക്കു സേവനം ചെയ്യാനാണ്'' എന്നു സഅദി പറഞ്ഞതിന്റെ നേരെ വിപരീതാശയമാണിത്.

പടിഞ്ഞാറിലെ അഭ്യസ്ഥവിദ്യരുടെയിടയിലുള്ള വംശീയ ഉൽക്കർഷം സംബന്ധിച്ച സിദ്ധാന്തം അലക്സി കാറൽ തന്റെ ''അറിയപ്പെടാത്ത മനുഷ്യൻ'' എന്ന ഗ്രന്ഥം വഴി വികസിപ്പിച്ചതാണ്. ദുർബ്ബലർക്ക് പ്രത്യുൽപാദനത്തിന് അവകാശമുണ്ടാവരുതെന്നാണ് കാറലിന്റെ അഭിപ്രായം.

ഭൂരിപക്ഷം വരുന്ന അധോവിഭാഗങ്ങളുടെ താൽപര്യാർത്ഥം രൂപകൽപ്പന ചെയ്യപ്പെട്ടുപോന്നിട്ടുള്ള ധാർമ്മികതത്വങ്ങളത്രയും ഉപരിവിഭാഗങ്ങൾക്കനുകൂലമാക്കി മാറ്റണമെന്നാണ് നീഷെ വാദിച്ചത്. നന്മ, സത്യസന്ധത, സൗന്ദര്യം, എന്നിവയൊന്നും യാഥാർത്ഥങ്ങളല്ല; ഓരോരുത്തരും ശക്തി ആഗ്രഹിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. മതങ്ങളൊക്കെയും മാനവതയെ വഞ്ചിച്ചിട്ടേയുള്ളൂ. എന്തുകൊണ്ടെന്നാൽ, അവ നീതിയും ദുർബ്ബലരുടെ സംരക്ഷണവും പ്രസംഗിച്ചുനടന്നു. മതമില്ലാതിരിക്കുകയും കാട്ടുനീതി നിലനിൽക്കുകയും ചെയ്ത കാലമാണ് കൂടുതൽ നന്നായിരുന്നത്. കാരണം, അന്ന് ശക്തന് ദുർബ്ബലനെ അമർച്ച ചെയ്യാമായിരുന്നു.

ലോകം ആദ്യം ശക്തന് അനുകൂലമായിട്ടായിരുന്നു. ദുർബ്ബലർ അവരുടെ അടിമകളായിരുന്നു. എന്നാൽ ശക്തർ ന്യൂനപക്ഷമായിരുന്നതിനാൽ ദുർബ്ബലർ കാരുണ്യം, ഔദാര്യം, വിനയം, നീതി തുടങ്ങിയ ആശയങ്ങൾ മഹത്തരമെന്നും മനോഹരമെന്നും വിശേഷിപ്പിച്ച് പ്രചരിപ്പിക്കുകയെന്ന തന്ത്രം സ്വീകരിച്ചു. ശക്തരുടെ അധികാരം അംഗീകരിച്ചുകൊണ്ട് തങ്ങളെ അവരിൽനിന്ന് വിമോചിപ്പിക്കുകയെന്നതായിരുന്നു ഇതുകൊണ്ട് ദുർബ്ബലർ ലക്ഷ്യം വെച്ചത്. അങ്ങനെ ആ ലക്ഷ്യം സാധ്യമാകുന്നതിന് മതം ഉപയോഗിക്കപ്പെട്ടു.

നീഷെയുടെ ഈ അഭിപ്രായം കാൾമാർക്സിന്റേതിനു തികച്ചും വിപരീതമാണ്. ദുർബ്ബലനെതിരിൽ ശക്തൻ കണ്ടുപിടിച്ചതാണ് മതമെന്നാണ് മാർക്സിന്റെ വാദം. നീഷെ പറയുന്നതോ, ശക്തനെതിരിൽ ദുർബ്ബലർ കണ്ടുപിടിച്ചതാണതെന്നും.

ക്രിസ്ത്യൻ സദാചാരത്തെ പ്രഭുവർഗ്ഗത്തിന്റെ സദാചാരത്തിനു മുറിവേൽപ്പിച്ച അധമ സദാചാരമെന്നാണ് നീഷെ വിളിക്കുന്നത്. സാഹോദര്യം, സമത്വം, സമാധാന പ്രേമം, സ്ത്രീകളുടെയും തൊഴിലാളികളുടെയും അവകാശങ്ങൾ എന്നിവയ്ക്കുവേണ്ടി ഇന്ന് ഉയർന്നുകേൾക്കുന്ന ശബ്ദ കോലാഹലങ്ങൾ എല്ലാം തന്നെ ആ അധമ സദാചാരത്തിന്റെ സൃഷ്ടിയാണത്രെ. അവയത്രയും വഞ്ചനയും എല്ലാവിധ തകർച്ചയ്ക്കും ഇല്ലായ്മയ്ക്കും ബലഹീനതയ്ക്കും ഹേതുവുമാണ്. ഇവയ്ക്കുപകരം പ്രഭുത്വത്തിന്റെ സദാചാര തത്വങ്ങളാണ് രംഗത്തുവരേണ്ടത്. ദൈവത്തെയും പരലോകത്തെയും സംബന്ധിച്ചുള്ള ചിന്തകളും ദയയേയും സഹാനുഭൂതിയേയും സംബന്ധിച്ചുള്ള വിചാരങ്ങളും ഒഴിവാക്കിയേ തീരൂ.

ദയ ബലഹീനതയാണ്. വിനയവും അനുസരണയും അപകൃഷ്ടതയാണ്. ക്ഷമയും മാപ്പും ഉറച്ച തീരുമാനമില്ലായ്മയ്ക്കു തെളിവാണ്. കാർക്കശ്യം ആവശ്യമാണ്. നന്മതിന്മകൾക്കതീതനും മനക്കരുത്തുള്ളവനുമായ അതിമാനുഷനാവുകയാണ് ലക്ഷ്യം.

യൂറോപ്പിൽ ഇതുപോലെ അനേകം ചിന്താധാരകൾ ഉടലെടുത്തിട്ടുണ്ട്. എന്നാൽ നമുക്കതിന്റെയൊന്നും ആവശ്യമില്ല എന്നത് നമ്മുടെ ഭാഗ്യമാണ്. അവരുടെ മനുഷ്യാവകാശ രേഖ വെറുമൊരു വഞ്ചനയാണ്. മാക്യവെല്ലിയുടെയും നീഷെയുടെയും സദാചാരമാണ് യഥാർത്ഥത്തിൽ യൂറോപ്പിന്റേത്. ലോകത്തെ കോളനിവൽക്കരിക്കുന്നതിനുള്ള അവരുടെ ശ്രമങ്ങൾ ഇത്തരം ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്.

ഇത്തരം ചിന്താഗതികൾ നമ്മെ സ്വാധീനിക്കുമ്പോൾ യഥാർത്ഥത്തിൽ നാം വഴിതെറ്റിക്കപ്പെടുകയാണ്. അമേരിക്ക വിയറ്റ്നാമിൽ നീഷെയുടെ ആശയങ്ങൾ പ്രയോഗിക്കുക തന്നെയല്ലേ ചെയ്തത്?[128] അവരുടെ എഴുത്തുകാരെല്ലാം അതേ സിദ്ധാന്തത്തെയാണ് പിന്തുടരുന്നത്. ചെറിയൊരു ന്യൂനപക്ഷമേ അതിനപവാദമായിട്ടുള്ളൂ.

നീഷെ പറയുന്നു: ''എന്തിനാണ് ഒരാൾ സ്വാർത്ഥത്തെ നശിപ്പിക്കുന്നത്? സ്വാർത്ഥത്തെ വളർത്തുകയാണ് വേണ്ടത്. എന്തിനാണ് ഒരാൾ മറ്റുള്ളവരെ സ്നേഹിക്കുന്നത്? അവനവനെത്തന്നെയാണ് സ്നേഹിക്കേണ്ടത്. ദുർബ്ബലർ നശിച്ചൊടുങ്ങി ഈ ലോകത്തിന്റെ വേദന തീരണം. അതിമാനുഷൻ ശക്തനാണ്. അവൻ തന്റെ മോഹങ്ങൾ സാധിക്കാൻ ശക്തനായിത്തന്നെ വേണം ജീവിക്കാൻ. യുദ്ധമോ അപകടമോ ഭയപ്പെടാതെ പ്രഭുവിനെയോ പോലെ യാവണം അയാൾ''. അനന്തരം നീഷെ സ്ത്രീകളുടെ നേരെ തിരിയുന്നു. ''സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച് സംസാരിക്കുന്നതും സ്ത്രീകളുടെ അവകാശങ്ങൾ ശ്രദ്ധിക്കുന്നതും വിഡ്ഢിത്തമല്ലേ. പുരുഷനാണ് പ്രധാനം. അവൻ യോദ്ധാവാണ്. സ്ത്രീ അവന്റെ ആസ്വാദ്യവസ്തുവാണ്. അവൾ അവനുവേണ്ടി കുട്ടികളെ പ്രസവിക്കണം.'' പൂർണ്ണമനുഷ്യനുള്ള മാനദണ്ഡം ഇതാണ് അവരുടെയടുക്കൽ.

ഇതിനു നേരെ വിപരീതമായി ബലഹീനതയെ അനുകൂലിക്കുന്നതും ബലഹീനനായിരിക്കുന്നതിനെ നന്മയായി പരിഗണിക്കുന്നതുമായ ചിന്താഗതിയുണ്ട്. ക്രൈസ്തവത ഏതാണ്ട് അങ്ങനെയാണ്. ഒരു കവിളത്ത് അടി കിട്ടിയാൽ മറ്റേ കവിളും കാട്ടിക്കൊടുക്കണമെന്നാണ് അത് പ്രബോധനം ചെയ്യുന്നത്.[129]

എന്നാൽ ഇസ്ലാം എന്തു പ്രബോധനം ചെയ്യുന്നു? ശക്തിയോ ബലഹീനതയോ? ഒരുവശത്ത് ഇസ്ലാം ശക്തിയെ പിന്തുണയ്ക്കുന്നു. നീഷെയപ്പോലെയല്ല. ദയയും കരുണയും ഔദാര്യവും സഹാനുഭൂതിയും ധർമ്മിഷ്ടതയും ഉത്ഭവിക്കുന്ന ഉന്നത മാനുഷിക ഗുണങ്ങളുടെ സ്രോതസ്സായി ശക്തിയെയാണത് പിന്തുണയ്ക്കുന്നത്. ഈയർത്ഥത്തിൽ മറ്റൊരു മതവും അനുയായികളോട് പറയാത്ത തരത്തിലുള്ള ഊന്നലോടുകൂടി ഇസ്ലാം അതിന്റെ അനുയായികളോട് ശക്തിയെക്കുറിച്ച് ധാരാളം പറഞ്ഞിട്ടുണ്ട്.

വിൽഡ്യൂറന്റ്'[130] അദ്ദേഹത്തിന്റെ 'നാഗരികതയുടെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഇസ്ലാമിക നാഗരികതയെക്കുറിച്ച് പ്രതിപാദിക്കുന്നിടത്ത് ''ഇസ്ലാമിനെപ്പോലെ ഒരു മതവും ജനങ്ങളെ ശക്തിയിലേക്ക് ക്ഷണിച്ചിട്ടില്ല'' എന്നു പറയുന്നുണ്ട്. ഖുർആൻ 'മർയം' സൂറ 12ൽ ഇങ്ങനെ പറയുന്നു: ''യഹ്യാ! ശക്തിയോടുകൂടി ഗ്രന്ഥം ഏറ്റുവാങ്ങുക.''[131]

'ആലുഇംറാൻ' സൂറ 146ൽ സത്യവിശ്വാസികളുടെ ശക്തിയെക്കുറിച്ച് ഖുർആൻ പറയുന്നു: ''എത്രയെത്ര പ്രവാചകന്മാർ! അവരുടെ കൂടെ നിന്നു യുദ്ധം ചെയ്തപ്പോൾ ഈശരഭക്തർ ദുർബ്ബലരായില്ല.''[132]

'അസ്സ്വഫ്'സൂറ 4ൽ പറയുന്നു: ''അല്ലാഹു അവന്റെ മാർഗ്ഗത്തിൽ ദൃഢനിബദ്ധമായ ഒരു കെട്ടിടം പോലെ അണിനിരന്ന് യുദ്ധം ചെയ്യുന്നവരെ തീർച്ചയായും സ്നേഹിക്കും.''[133]

'അൽ ഫത്ഹ്' സൂറ 29ൽ മുഹമ്മദ് നബിയെയും അനുയായികളെയും കുറിച്ച് പറയുന്നതിങ്ങനെയാണ്: ''സത്യനിഷേധികളോട് കഠിന ഹൃദയർ, പരസ്പരം കരുണഹൃദയർ''.

ആർക്കും അക്രമോത്സുകമോ മാർദ്ദകമോ ആയ ശക്തിയുണ്ടാകുന്നത് ഇസ്ലാം അനുവദിക്കുന്നില്ല. ശത്രുവിനോടുള്ള യുദ്ധത്തെക്കുറിച്ചു പ്രതിപാദിക്കുന്നിടത്ത് 'അൽ അൻഫാൽ' സൂറ 60ൽ ഖുർആൻ പറയുന്നു: ''അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുവിന് ഭീതിയുണ്ടാക്കുംവിധം അവർക്കെതിരിൽ ശക്തി സജ്ജീകരണങ്ങൾ നടത്തുകയും അതിർത്തിയിൽ അശ്വത്തെ ബന്ധിച്ച് കാവൽ നിൽക്കുകയും ചെയ്യുക.''[134] 'അൽ ബഖറ' 190ൽ പറയുന്നു: ''നിങ്ങളോടു യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ യുദ്ധം ചെയ്യുക. പരിധി ലംഘിക്കരുത്. പരിധി ലംഘിക്കുന്നവരെ ഒരിക്കലും അല്ലാഹു സ്നേഹിക്കുകയില്ല.''[135]

ശത്രു ആയുധം വെച്ചുകീഴടങ്ങിയാൽ യുദ്ധം നിറുത്തണമെന്നാണ് ഇസ്ലാമിന്റെ ശുപാർശ. സ്ത്രീകൾക്കും വൃദ്ധന്മാർക്കും കുട്ടികൾക്കും യുദ്ധമുന്നണിയിൽ നിന്ന് മാറിനിൽക്കുന്നവർക്കുമെതിരിൽ കൈയേറ്റം അരുതെന്ന് ഇസ്ലാമിന്റെ യുദ്ധമുറയാണ്. ''രണ്ടു സംഗതികൾ ഒരു വിശ്വാസിക്കു യോജിച്ചതല്ല; ആർത്തിയും ഭീരുത്തവും'' എന്ന് പ്രവാചകർ പറഞ്ഞിട്ടുണ്ട്. അവിടുന്നിപ്രകാരം പ്രാർത്ഥിച്ചു: ''അല്ലാഹുവേ! ആർത്തിയിൽ നിന്നും ഭീരുത്തത്തിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു'' നഹ്ജുൽ ബലാഗയിൽ ഇമാം അലി പറയുന്നു: ''തിരിക്കല്ലിനേയ്ക്കാൾ ശക്തവും ദൃഢവുമാണ് ഒരു സത്യവിശ്വാസിയുടെ ആത്മാവ്.''

ഇമാം സാദിഖിന്റെ ഇങ്ങനെയൊരു വചനം: ''സഫീനത്തുൽ ബിഹാറി'ൽ കാണാം: ''ദൈവം വിശ്വാസിക്ക് എന്തും തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അധമത്വം തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടില്ല. വിശ്വാസി പർവ്വത്തേയ്ക്കാൾ കരുത്തനും ഉന്നതനുമാണ്. പിക്കാസുകൊണ്ട് പർവ്വതത്തെ വെട്ടിമുറിക്കാം. വിശ്വാസിയുടെ മനസ്സിനെ ഒന്നുകൊണ്ടും വെട്ടിമുറിക്കാനാവില്ല.'' ഇമാം ബാഖിർ പറയുന്നു: ''ദൈവം വിശ്വാസിക്ക് മൂന്ന് അനുഗ്രഹം നൽകിയിട്ടുണ്ട്. ഇഹത്തിലും പരത്തിലും അന്തസ്സ്: രണ്ട് ലോകത്തിലും മുക്തി; അക്രമികൾക്ക് അവരെക്കുറിച്ച് ഭയം.''[136]

ഔന്നത്യബോധത്തെക്കുറിച്ച് ഏറെ പാരമ്പര്യങ്ങൾ ഉദ്ധരിക്കാനുണ്ട്. പ്രവാചകർ ഒരിക്കൽ പറഞ്ഞു: ''ഇബ്രാഹീമിന് ഔന്നത്യബോധമുണ്ടായിരുന്നു. എന്നാൽ ഏറ്റവും മഹാനും ഉന്നതനും ദൈവം തന്നെ.''

ഇറ്റലിയിലെ ഏകാധിപതിയായിരുന്ന മുസ്സോളിനി ഒരിക്കൽ പറയുകയുണ്ടായി: ''ഇരുമ്പുള്ളവന് റൊട്ടിയുമുണ്ട്'' ഇരുമ്പുകൊണ്ട് ആയുധവും ശക്തിയുമാണുദ്ദേശ്യം. ലാഹോറിലെ ഇഖ്ബാൽ ഈ വാക്ക് ഇങ്ങനെ മാറ്റിപ്പറഞ്ഞു: ''ഇരുമ്പാകുന്നവന് റൊട്ടിയുണ്ട്'' നഹ്ജുൽ ബലാഗ 27-29ൽ അലി പറയുന്നു:

''പരിശ്രമിക്കാതെ ആർക്കും അവകാശം നേടാനാവില്ല. യാതൊരടിമക്കും മർദ്ധനം ഇല്ലായ്മ ചെയ്യാൻ ശ്രമിക്കാതെ ഇല്ലാതാക്കാനാവില്ല.''

പാശ്ചാത്യർ പറയുന്നു: അവകാശങ്ങൾ പരിരക്ഷിക്കപ്പെടണമെന്ന്. എന്നാൽ അവകാശം പരിരക്ഷിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ വേണ്ടത്? അവകാശം നൽകണമെന്നതാണ് ക്രൈസ്തവതയുടെ അടിസ്ഥാനം. അതിന്റെ പരിരണാർത്ഥം ഉയിർത്തെഴുന്നേൽപ്പ് ആവശ്യമില്ലത്രെ. ഇസ്ലാം രണ്ടും വേണമെന്നാണ് പറയുന്നത്. അവകാശം അപഹരിച്ചവർ അത് തിരിച്ചുനൽകാൻ സന്നദ്ധരാകണം. ആരുടെ അവകാശമാണോ അപഹരിക്കപ്പെട്ടത്, അവർ അത് വീണ്ടെടുക്കാൻ ഉയർന്ന് രംഗത്തിറങ്ങുകയും വേണം.

ഇമാം അലി മാലിക് അശ്ത്തറിനുള്ള തന്റെ കത്തിൽ പ്രവാചകരുടെ ഈയൊരു വാക്യം ഉദ്ധരിച്ചിരിക്കുന്നത് നഹ്ജുൽ ബലാഗയിൽ കാണാം: ''ദുർബ്ബലൻ ശക്തന്റെ മുമ്പിൽ മടികൂടാതെ എഴുന്നേറ്റുനിൽക്കുന്ന അവസ്ഥയിലെത്തുവോളം ഒരു സമൂഹവും വിശുദ്ധ സമൂഹമാകുന്നില്ല''[137] . അവകാശ സംരക്ഷണാർത്ഥം ഉയിർത്തെഴുന്നേൽക്കാത്ത സമൂഹം ഇസ്ലാമികമാവുകയില്ലെന്നാണിതിന്റെ പൊരുൾ.

പ്രവാചകർ ആത്മീയവും ഭൗതികവുമായ ശക്തികളുള്ള ഉടമയായിരുന്നു. 'മുഹമ്മദ് പുതുതായി മനസ്സിലാക്കപ്പെടേണ്ട പ്രവാചകൻ' എന്ന ഒരു പുസ്തകമുണ്ട്. രണ്ടു കാര്യങ്ങൾ അതിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. 1. തനിക്ക് ഒരു ഭാഗത്തുനിന്നും ഒരുവിധ സഹായവും പ്രതീക്ഷിക്കാനില്ലാത്ത ഒരു രാഷ്ട്രീയ സാമൂഹിക സാഹചര്യമായിരുന്നു പ്രവാചകരുടേത്. പക്ഷെ, ഒരിക്കലും നൈരാശ്യം ബാധിക്കാതെ അദ്ദേഹം ഉറച്ചുനിന്നു. 23 വർഷക്കാലം അദ്ദേഹം പ്രദർശിപ്പിച്ച ആത്മീയ ശക്തി വിസ്മയാവഹമായിരുന്നു. അറബിക്കവിയായിരുന്ന ഹസ്സാൻ ഇബ്നു സാബിത്ത് ഒരു കവിതയിൽ അദ്ദേഹത്തെക്കുറിച്ച് ഇപ്രകാരം പറയുന്നുണ്ട്. ''അദ്ദേഹത്തിന് പല മാനങ്ങളുണ്ട്. അവയിൽ ഏറ്റവും ഉന്നതമായതിന് പരിധിയില്ല. ഏറ്റവും ചെറുത് ലോകത്തേയ്ക്കാൾ വലുതാകുന്നു.'' 2. കായികമായ വിലയിരുത്തലിലും പ്രവാചകർ ശക്തനും മഹാധീരനുമായിരുന്നു. എത്രത്തോളമെന്നാൽ, ഇമാം അലി ഒരിക്കൽ പറയുകയുണ്ടായി: "ആപൽഘട്ടങ്ങളിൽ അവിടുത്തെയാണ് ഞങ്ങൾ എല്ലാവരും രക്ഷാസങ്കേതമായി കണ്ടിരുന്നത്''. ശക്തിയെയും ധൈര്യത്തെയും പ്രവാചകർ എപ്പോഴും പുകഴ്ത്തിയിരുന്നു. അങ്ങനെ, ഇസ്ലാമിലെ മറ്റു മാനുഷിക മൂല്യങ്ങളുടെ കൂടെ ഈ ഗുണങ്ങൾക്കും സ്ഥാനം നൽകപ്പെട്ടു.

നീഷെയ്ക്ക് ഏകമൂല്യമേയുള്ളൂ. അത് ശക്തിയാണ്. അതാണദ്ദേഹത്തിന്റെ പക്കൽ പൂർണ്ണതയുടെ മാനദണ്ഡം. മറ്റു മൂല്യങ്ങളെയെല്ലാം അദ്ദേഹം ഒഴിവാക്കുകയാണ്. എന്നാൽ ഇസ്ലാമിൽ അനേകം മൂല്യങ്ങൾ കൂട്ടായിട്ടാണ് മനുഷ്യന്റെ പൂർണ്ണതയുടെ അടയാളമാകുന്നത്. നീതിയുടെയും ശരിയുടെയും സ്ഥാനത്തെല്ലാം ശക്തിയെ പ്രതിഷ്ഠിക്കുകയാണ് നീഷെ. ദുർബ്ബല്യം തെറ്റും പരാജയവുമാണദ്ദേഹത്തിന്.

അനേകം മാനുഷികമൂല്യങ്ങളുള്ളതിൽ ഒന്നുമാത്രം പരിഗണിച്ച് മറ്റുള്ളവയെ അവഗണിച്ചുവെന്നത് നീഷെയുടെ ചിന്താധാരയുടെ ഒന്നാമത്തെ തെറ്റാണ്. ദൈവത്തിന്റെ കാര്യത്തിൽ പോലും ശക്തനായിരിക്കുകയെന്നത് അവന്റെ ഏക ഗുണമല്ല. അവന്റെ പൂർണ്ണത കാണിക്കുന്ന വേറെയും ധാരാളം ഗുണങ്ങളുണ്ട്. ശക്തിക്ക് നീഷെ നൽകിയ നിർവ്വചനമാണ് അദ്ദേഹത്തിന്റെ ദർശനത്തിലെ രണ്ടാമത്തെ തെറ്റ്. മൃഗീയമായ ഒരേ ഒരുതരം ശക്തിയാണദ്ദേഹത്തിന്റെ നിർവ്വചനത്തിലുള്ളത്. ഭൗതികമോ ശാരീരികമോ ആയ മോഹങ്ങളെ തൃപ്തിപ്പെടുത്താൻ ഏതൊരു ശക്തിയുപയോഗിച്ച് മനുഷ്യൻ മറ്റുള്ളവരെ ഒതുക്കണമോ അതേ ശക്തി തന്നെ.

ഈ വിഷയത്തിൽ പ്രവാചകരെക്കുറിച്ച് ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു കഥ ഇവിടെ ശ്രദ്ധിക്കുക. പ്രവാചകർ മദീനയിലെ ഒരു തെരുവിലൂടെ നടക്കുകയായിരുന്നു. ഏതാനും യുവാക്കൾ ഒരു വലിയ പാറ പൊന്തിക്കാൻ മത്സരിക്കുകയാണ്. പ്രവാചകർ അവരുടെ സമ്മതപ്രകാരം അവർക്കിടയിൽ മധ്യസ്ഥനായി നിന്നുകൊണ്ട് പറഞ്ഞു: ''ശക്തി പരീക്ഷിക്കാൻ പാറ പൊന്തിച്ചുനോക്കേണ്ടതില്ല. പാപം ചെയ്യാനുള്ള കടുത്ത മാനസിക സമ്മർദ്ദത്തെ അതിജയിച്ചവനാരോ അവനാണ് ശക്തൻ.''

മനസ്സിന്റെ ഇച്ഛാശക്തിയെക്കുറിച്ചാണ് പ്രവാചകർ ഇവിടെപ്പറയുന്നത്. ഇത് കായികമായ ശക്തിയിൽ നിന്നു തുലോം വിഭിന്നമാണ്. കായിക ശക്തി മനുഷ്യരിലെന്നപോലെയോ അതിനേക്കാൾ കൂടുതലായോ ഇതര ജന്തുക്കളിലുമുണ്ട്. ഇസ്ലാമിന്റെ സദാചാരത്തിലും ജ്ഞാനവാദ സാഹിത്യങ്ങളിലും കായികശക്തിക്കുപരിയായ ഒരു ശക്തിയായിട്ടാണ് ഈ ഇച്ഛാശക്തി ഗണിക്കപ്പെടുന്നത്. ദേഹേച്ഛകളെ കീഴ്പ്പെടുത്തുന്ന ശക്തിയാണത്. സഅദി പറയുന്നു:

''കഴിയുമെങ്കിൽ
അന്യന്റെ വായയ്ക്ക്
മധുരം കൊടുക്കുക
അന്യന്റെ വായയ്ക്ക്
അടികൊടുക്കുന്നതല്ല
ആണത്തം.''

റൂമി പറയുന്നു:

''സ്നേഹത്തിലും കോപത്തിലും
ആരാണ് മനുഷ്യനായിരിക്കുന്നത്?
അവനെയാണ് തെരുവുതോറും
ഞാൻ തിരയുന്നത്.''

ദേഷ്യത്തിലും വൈകാരികോത്തേജനത്തിന്റെ അവസരത്തിലും അവനവനെ നിയന്ത്രിക്കാൻ കഴിയുന്നത് ഒരു കഴിവുതന്നെയാണ്. പലപ്പോഴും ശക്തിയെ തെറ്റായി ഉപയോഗിക്കുന്നതാണ് ഏറ്റവും വലിയ ബലഹീനത. വികാരത്തെ വിവേകത്തോടും വിശ്വാസത്തോടും അന്വയിപ്പിക്കേണ്ടതിന്റെ ആവശ്യകത അതുകൊണ്ടാണ് സദാചാര ഗുരുക്കന്മാർ എടുത്തുപറയുന്നത്. അപ്പോഴാണ് ഒരാൾ മൂല്യം നിലനിർത്തുന്നത്. ഈ വിഷയത്തെക്കുറിച്ച് വിശദീകരിച്ചശേഷം സഅദി പറയുന്നു: ''കൂർത്ത തേറ്റയോടുകൂടിയ പുലിയോടുള്ള ദയ പാവപ്പെട്ട ആടിനോടുള്ള ക്രൂരതയാകുന്നു!'' ഇത്തരം ദയ യഥാർത്ഥത്തിൽ ദുർബ്ബലരോടും മർദ്ദിതരോടും കാണിക്കുന്ന അനീതിയാണ്.

വ്യഭിചരിച്ച സ്ത്രീ പുരുഷന്മാർക്കു നൽകേണ്ട ശിക്ഷയെക്കുറിച്ച് ഖുർആനിൽ പറയുന്നുണ്ട്. എന്നാൽ വ്യഭിചരിച്ചത് വിവാഹിതരാണെങ്കിൽ അവരെ വിശ്വാസികളെ സാക്ഷിനിർത്തി എറിഞ്ഞുകൊല്ലുകയാണു വേണ്ടത്. ഇത്തരം സന്ദർഭങ്ങളിൽ ചുറ്റും കൂടിയവർക്ക് ദയ തോന്നാനിടയുണ്ട്. അത് മുന്നിൽ കണ്ടുകൊണ്ട് ഖുർആൻ 'അന്നൂർ' സൂറ 2ൽ പറയുന്നു: ''അല്ലാഹുവിന്റെ നിയമം നടപ്പിൽ വരുത്തുമ്പോൾ അവരുടെ കാര്യത്തിൽ നിങ്ങളെ ദയ പിടിപെടരുത്.''[138] ഇത്തരം കാര്യങ്ങളിൽ ദൈവികവും മാനുഷികവുമായ താൽപര്യങ്ങൾ അപകടത്തിലാവുമെന്നതിനാൽ ദയ സമൂഹത്തിനോടുള്ള അനീതിയായിരിക്കും.

ഇക്കാലത്ത് പരക്കെ കേൾക്കുന്നതാണ്, വധശിക്ഷ നിരർത്ഥകവും മനുഷ്യത്വ വിരുദ്ധവുമാണെന്നുള്ള പല്ലവി. കുറ്റവാളിയെ ഉദ്ധരിക്കുകയാണ് വേണ്ടതെന്നാണ് വാദം. ഉദ്ധാരണം വേണ്ടതു തന്നെ. പക്ഷെ, അത് കുറ്റകൃത്യത്തിനു മുമ്പു വേണം. പല സമൂഹങ്ങളും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ കുറഞ്ഞതാണ്. അതേസമയം കുറ്റകൃത്യങ്ങൾക്കുള്ള സാധ്യതകൾ ഏറിയതും. വധശിക്ഷ നിർത്തലാക്കിയാൽ അത്തരം സമൂഹങ്ങളിൽ ശക്തരും അതേസമയം അശിക്ഷിതരും വിദ്യാശൂന്യരുമായ കുറ്റവാളികൾ കൂടുതൽ സജീവമാകും. വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെട്ടതിനോടുള്ള പ്രതികാരം അല്ലെങ്കിൽ നേരത്തെ സമൂഹം തനിക്കു നിഷേധിച്ച വിദ്യാഭ്യാസം ജയിലിൽ വെച്ചുകിട്ടുമെന്നുള്ള പ്രതീക്ഷ, അവർക്ക് കുറ്റകൃത്യം ചെയ്യാൻ കൂടുതൽ പ്രോത്സാഹനവുമാകും.

മോഷ്ടാവിന്റെ കരം ഛേദിക്കുന്നതിനാണ് വേറെ ചിലർ എതിര്. എന്നാൽ, കേസുകൾ അവഗണിക്കുന്നതുകൊണ്ട്, അല്ലെങ്കിൽ ശിക്ഷയുടെ ലാഘവത്വം കൊണ്ടുമാത്രം എത്രയെത്ര കളവുകളാണ് നാട്ടിൽ നടക്കുന്നത്! കേസുകളെക്കുറിച്ച് പഠനം നടത്തിയാൽ ഇതു മനസ്സിലാക്കാം.

അമ്പതോ അറുപതോ വർഷം മുമ്പ് ഹജ്ജിനു പോയവർക്കറിയാം. സൗദി അറേബ്യയിൽ മോഷണം എത്രത്തോളം സാധാരണമായിരുന്നുവെന്ന് ചുരുങ്ങിയത് രണ്ടായിരം പേരെങ്കിലുമില്ലാതെ ആരും അതുവഴി യാത്ര പോകാൻ ധൈര്യപ്പെട്ടിരുന്നില്ല. അതല്ലെങ്കിൽ ഒപ്പം സായുധരായ പോലീസുകാർ വേണ്ടിയിരുന്നു. എന്നിട്ടുപോലും ഹാജിമാർ കൊള്ളയടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്ത സംഭവങ്ങളില്ലാത്ത ഒരു കൊല്ലവും കടന്നുപോയിരുന്നില്ല. എന്നാൽ, സൗദി ഗവൺമെന്റ് ഏതാനും ചില മോഷ്ടാക്കളുടെ കൈവെട്ടിയതോടെ കളവിനും കൊള്ളയ്ക്കും പെട്ടെന്ന് അറുതിവന്നു. ഇപ്പോൾ ഹാജിമാരുടെ സാമഗ്രികൾ അങ്ങുമിങ്ങും ഇട്ടാൽ പോലും ആരുമത് തൊടാൻ ധൈര്യപ്പെടുന്നത് കാണുന്നില്ല.

അപ്പോൾ, ശക്തിവാദക്കാർക്ക് മറ്റു മാനുഷിക മൂല്യങ്ങളെന്തെന്നോ ശക്തി തന്നെ എന്താണെന്നോ തിരിച്ചറിഞ്ഞിട്ടില്ലെന്നു നാം ഗ്രഹിച്ചു. മറ്റുള്ളവരെ സഹായിക്കുന്നതാണ് ശക്തി. ഇമാം അലി അദ്ദേഹത്തിന്റെ പുത്രന്മാരായ ഹസനോടും ഹുസൈനോടും പറഞ്ഞു: ''മർദ്ദിതരെ സഹായിക്കാനും മർദ്ദകരെ എതിർക്കാനും നിങ്ങളുടെ ശക്തി നിങ്ങൾ ഉപയോഗിക്കണം.'' അസൂയ, പക, വിദ്വേഷം എന്നിത്യാദി ദുർഗ്ഗുണങ്ങളുടെയെല്ലാം അടിവേരുകൾ കിടക്കുന്നത് ബലഹീനതയിലാണ്. പ്രതികാരമോഹിയും പരദ്രോഹിയുമായ ഒരാൾ ശക്തനല്ല, ബലഹീനനാണ്. വളരെ അപൂർവ്വമായേ ശക്തൻ അസൂയാലുവും പ്രതികാര ദാഹിയുമാവുകയുള്ളൂ.

ശക്തി വിദ്വേഷത്തെ ഹനിക്കുന്നു എന്ന് ഇമാം ഹുസൈൻ പറയുമ്പോൾ അതിനർത്ഥം ശക്തി എന്നത് വിദ്വേഷത്തിന് ഹേതുകമായ ദൗർബല്യത്തിന്റെ വിപരീതാശയം എന്നാണ്. അപവാദം പ്രചരിപ്പിക്കുന്ന സ്വഭാവത്തെക്കുറിച്ച് ഇമാം അലിയുടെ വളരെ ശ്രദ്ധേയമായ ഒരു വാക്കുണ്ട്. എത്തരത്തിലുള്ള ആളുകളാണ് അപവാദ പ്രചരണത്തിനു താൽപര്യമെടുക്കുകയെന്നു ചോദിച്ചതിന് ഉത്തരമായിക്കൊണ്ട് അദ്ദേഹം പറഞ്ഞു: ''ദുർബ്ബലൻ. ദുർബ്ബലന്റെ ഒടുക്കത്തെ ശ്രമമാണത്''. ശക്തന് അപവാദ പ്രചരണത്തിന്റെ ആവശ്യമില്ല. വ്യഭിചാരത്തെയും ബലഹീനതയുടെ ലക്ഷണമായിട്ടാണ് അലി വിശേഷിപ്പിച്ചിട്ടുള്ളത്. അഭിമാനബോധമുള്ള വ്യക്തി അതിനു മിനക്കെടുകയില്ല.

ഇസ്‌ലാം ബലഹീനതയ്ക്കു അംഗീകാരം നൽകുന്നില്ല. അതേസമയം ശക്തിയെ പൂർണ്ണതയുടെ ഏക അളവുകോലായി ഗണിക്കുന്നുമില്ല. ഇതിനും പുറമെ, ഇസ്‌ലാമിൽ ശക്തി പല തരത്തിലും പല തലത്തിലുമുണ്ട്. എല്ലാറ്റിന്റെയും പരിസമാപ്തി സമൂഹത്തിനനുകൂലമായിരിക്കും. മറ്റു പല ചിന്താധാരകളും ഈ വസ്തുത ശ്രദ്ധിച്ചിട്ടില്ല. സഹാനുഭൂതി ദൗർബ്ബല്യമല്ല. പരോപകാരതൽപരതയും ഔദാര്യമനസ്ഥിതിയുമാണത്.

സ്നേഹവാദം ഇന്ത്യയിലാണ് മിക്കവാറും കാണപ്പെട്ടിട്ടുള്ളത്. ഒരു പരിധിയോളം ക്രൈസ്തവതയും പ്രചരിപ്പിച്ചിട്ടുള്ളത് സ്നേഹവാദം തന്നെയാണ്. ജനങ്ങളെ സ്നേഹിക്കുന്നതിലും സേവിക്കുന്നതിലുമാണ് ഇതനുസരിച്ച് മനുഷ്യന്റെ പൂർണ്ണത കുടികൊള്ളുന്നത്. നീഷെയുടെ ചിന്താഗതിയുമായി സ്നേഹവാദത്തിന് ധ്രുവാന്തരമാണു

ള്ളത്. നീഷെയുടെ ചിന്താഗതിയുമായി സ്നേഹവാദത്തിന് ധ്രുവാന്തരമാണുള്ളത്. പടിഞ്ഞാറ് മനുഷ്യ സ്നേഹ വാദം എന്നാൽ മനുഷ്യർക്ക് സേവനം ചെയ്യുകയാണ്. നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ അത് ദീനാനുകമ്പയാണ്. സഅദി വളരെ അതിശയോക്തിപരമായി ഇതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

''ഭക്തി ജനസേവനമല്ലാതെ
യാതൊന്നുമല്ല.
ജപമാലയോ, നിസ്കാരപ്പായയോ
നീളം കൂടിയ നിലയങ്കിയോ
അല്ല അതിന്റെ മാദണ്ഡം.''

ജീവകാരുണ്യത്തെക്കുറിച്ച് തികച്ചും അശ്രദ്ധരായ സൂഫികളുടെ നിലവാരത്തിൽ തന്നെയാണ് അതിന്റെ എതിർദിശയിൽ സഅദിയും നിൽക്കുന്നത് എന്നു വ്യക്തം. ഇതേ ആശയം മറ്റുചിലർ ഇങ്ങനെ പ്രകടിപ്പിച്ചിട്ടുണ്ട്:

''നിങ്ങൾ കുടിച്ചോളൂ,
പ്രാർത്ഥനാമണ്ഡപം കത്തിച്ചോളൂ..
ജനങ്ങളെ ദ്രോഹിക്കാതിരുന്നാൽ മതി!"

ഈ ചിന്താധാരയിൽ പരോപകാരതൽപരത എന്ന ഒരൊറ്റ മൂല്യമേയുള്ളൂ. ഒരൊറ്റ ദോഷമേ ഉള്ളൂ. അത് ജന ദ്രോഹവും ഖുർആൻ പരോപകാരം ഉപദേശിക്കുന്നു. പക്ഷെ, അതുകൊണ്ടു മാത്രം എല്ലാം ആയി എന്നു പറയു ന്നില്ല. 'അന്നഹ്ൽ' സൂറ 90ൽ അത് പറയുന്നു: ''അല്ലാഹു നിങ്ങളോട് നീതി, പരോപകാരം ബന്ധുക്കൾക്കു നൽകൽ എന്നിവ കൽപ്പിക്കുന്നു. അശ്ലീലവും ഹീനകൃത്യവും അക്രമവും വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ഉൽബുദ്ധരാകാൻ നിങ്ങളെ അവൻ ഉപദേശിക്കുകയാണ്.''

പരാർത്ഥത ഖുർആനിന്റെ ഒരു തത്വമാണ്. നിങ്ങൾക്കുള്ളത് നിങ്ങൾക്കാവശ്യമുള്ളപ്പോൾ തന്നെ മറ്റുള്ളവർക്ക് നൽകുകയാണത്. മക്കത്തു നിന്നു മദീനയിലേക്ക് പലായനം ചെയ്ത പ്രവാചകരുടെ അനുയായികളോട് (മുഹാജി റുകൾ) മദീനാ നിവാസികളായ വിശ്വാസികൾ (അൻസാറുകൾ) അനുവർത്തിച്ച നിലപാട് ഖുർആൻ 'അൽഹശ്റ്' സൂറ 90ൽ ഇങ്ങനെ എടുത്തോതുന്നു: ''അവരവർക്ക് ആവശ്യമുള്ളപ്പോൾ തന്നെ അവർ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു.''

'അൽഇൻസാൻ' സൂറ 8-9ൽ ഖുർആൻ പറയുന്നു: ''അവർ ആഹാരം അതിനോടിഷ്ടമുണ്ടായിരിക്കെതന്നെ അഗതിക്കും അനാഥയ്ക്കും ബന്ധനസ്ഥനും നൽകുന്നു. 'ദൈവത്തിന്റെ പ്രീതി ലക്ഷ്യമാക്കിയാണ് ഞങ്ങൾ ഇങ്ങനെ ഊട്ടുന്നത്; നിങ്ങളിൽ നിന്ന് പ്രതിഫലമോ നന്ദിയോ ഞങ്ങളുദ്ദേശിക്കുന്നില്ല' എന്നതാണവരുടെ നില പാട്.''

ഈയുദ്ധരിച്ച വാക്യം അവതരിച്ചതിന്റെ പശ്ചാത്തലമിതാണ്: അലിയുടെ മക്കൾ വ്രതമെടുത്തു. വൈകുന്നേരം നോമ്പു തുറക്കാൻ നേരത്ത് ഒരു അനാഥബാലൻ വിശന്ന് അവരുടെ വാതിൽക്കൽ വന്നു. അവർ തങ്ങൾക്ക് നോമ്പു തുറക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ യവത്തിന്റെ റൊട്ടി മുഴുവൻ അവനെടുത്തുകൊടുത്തു. തങ്ങൾക്കു വേണ്ടി അൽപം പോലും ബാക്കിവെയ്ക്കാതെ. ഇതൊരു ഉദാഹരണം മാത്രം. ഇങ്ങനെയുള്ള പരാർത്ഥതയ്ക്കും സമർപ്പണത്തിനും ഇസ്ലാം ശക്തമായ ഊന്നൽ നൽകുന്നു.

ഒരു ഗോത്രവർഗ്ഗ നേതാവ് പ്രവാചകരെ കാണാൻ വന്നു. പ്രവാചകർ അവിടുത്തെ ഒരു കുഞ്ഞിനെ ചുംബി ക്കുന്നതും ഓമനക്കുന്നതും കണ്ട ഗോത്രനേതാവ് പറഞ്ഞു: ''എനിക്കു പത്ത് മക്കളുണ്ട്. ഞാൻ ഒന്നിനെയും ഒരി ക്കലും ഇതുവരെ ചുംബിച്ചിട്ടില്ല'' പ്രവാചകർ കുപിതനായി ഇങ്ങനെ പറഞ്ഞു: ''ദൈവം നിങ്ങളുടെ ഹൃദയത്തിൽ നിന്ന് കാരുണ്യം എടുത്തുകളിഞ്ഞിട്ടുണ്ടെങ്കിൽ ഞാനെന്തു ചെയ്യാനാണ്? ഭൂമിയിലുള്ളവരോടു കരുണ കാട്ടാത്ത വരോട് ആകാശത്തുള്ളവരും കരുണ കാട്ടുകയില്ല.'' ഇമാം അലി ദയാവായ്പിന്റെയും അനുകമ്പയുടെയും ഉത്തമ മാതൃകയായിരുന്നു.

ക്രൂരത പാശ്ചാത്യൻ മനസ്സിന്റെ അടിത്തട്ടിലുള്ളതാണെന്നു നാം മുമ്പു പറഞ്ഞ വസ്തുത പാശ്ചാത്യൻ തന്നെ അംഗീകരിക്കുന്നതാണ്. പരഹിതാനുവർത്തനം, ദാനധർമ്മം, ദയാപരത എന്നീ ഗുണങ്ങളെ പൗരസ്ത്യമായിട്ടാണ് അവർ ഗണിക്കുന്നത്. പിതൃ-മാതൃ-ഭ്രാതൃ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ളതാണെങ്കിൽ പോലും ഇത്തരം ഗുണങ്ങൾ പൗരസ്ത്യമാണത്രെ. അതുകൊണ്ടത്രെ പാശ്ചാത്യർക്ക് സാമൂഹിക നീതിയുണ്ടെങ്കിലും അവരെ സ്നേഹശൂന്യരും ശുഷ്കമാനസരുമായി പൗരസ്ത്യർ പറയുന്നത്.

എന്റെ ഒരു സുഹൃത്ത് ചികിത്സാർത്ഥം ആസ്ത്രിയയിലേക്ക് പോയി. ഒരു ശസ്ത്രക്രിയയ്ക്കുശേഷം അസുഖം ശമനം തോന്നി. അങ്ങനെ, ഒരു ദിവസം അദ്ദേഹം മകനുമൊന്നിച്ച് ഒരു റസ്റ്റോറന്റിൽ ഇരിക്കുകയായിരുന്നു. അവി ടെയുണ്ടായിരുന്ന ഒരു സ്ത്രീയും ഒരു പുരുഷനും അവരെത്തന്നെ ശ്രദ്ധിച്ചു നോക്കുന്നുണ്ടായിരുന്നു. മകൻ അവ രുടെ അടുത്തുകൂടെ എന്തോ വാങ്ങിക്കൊണ്ടുവരാൻ പോയപ്പോൾ ആ സ്ത്രീയും പുരുഷനും അവനോടെന്തൊ ക്കെയോ അന്വേഷിച്ചു. പിതാവ് എന്താണവർ ചോദിച്ചതെന്നന്വേഷിച്ചപ്പോൾ മകൻ പറഞ്ഞു: ''നിങ്ങൾ എന്റുപ്പയാ ണെന്നു പറഞ്ഞപ്പോൾ അവർ ചോദിച്ചു: ''അദ്ദേഹത്തെ ശുശ്രൂഷിക്കേണ്ട ബാധ്യത നിനയ്ക്കുണ്ടോ?' എന്നെ പഠി

പ്പിച്ചു വളർത്തിയത് അദ്ദേഹമാണ് എന്നാണ് ഞാൻ ഉത്തരം പറഞ്ഞത്". അവർ രണ്ടുപേരും സുഹൃത്തിന്റെ അടുത്തുവന്ന് സംസാരിച്ചു. അവരുടെ മകൻ വിദേശത്ത് പഠിക്കുകയാണെന്നാവർ സംസാരമധ്യേ പറഞ്ഞത്. പക്ഷേ, അത് നുണയായിരുന്നുവെന്നും അവർക്ക് മക്കളേ ഇല്ലെന്നും പിന്നീട് മനസ്സിലായി. മുപ്പത് വർഷമായിട്ട് അവർ ഒന്നിച്ചാണ്. പരസ്പരം പൊരുത്തം തോന്നുകയാണെങ്കിൽ വിവാഹം കഴിക്കാമെന്ന നിബന്ധനയിൽ അവർ ഒരുമിച്ചു ജീവിക്കുകയാണത്രെ. പക്ഷേ, നിയമാനുസൃത വിവാഹം ഇതുവരെ നടന്നിട്ടില്ല. ഇതാണ് പാശ്ചാത്യൻ മന:സ്ഥിതിയുടെ വ്യക്തമായ ഒരു മാതൃക.

പരേതനായ മുഹഖിഖി തന്റെ ഒരു ജർമൻ അനുഭവം ഇങ്ങനെ വിവരിക്കുന്നു. തന്നെ പതിവായി സന്ദർശിക്കുമായിരുന്ന ഒരു പ്രൊഫസർക്ക് അർബുദം പിടിപെട്ടുവത്രെ. മുഹഖിഖിയും ചില മുസ്‌ലിം സുഹൃത്തുക്കളും കൂടി അദ്ദേഹത്തെ കാണാൻ ആശുപത്രിയിൽ ഇടക്കിടെ ചെല്ലുമായിരുന്നു. ഒരിക്കൽ പ്രൊഫസർ മുഹഖിഖിയോട് തന്റെ ഭാര്യയെയും പുത്രനെയും കുറിച്ച് പരാതി പറഞ്ഞു. തനിക്ക് അർബുദമാണെന്നറിഞ്ഞതോടെ താൻ ഇനി സുഖപ്പെട്ടു സാധാരണ നില പ്രാപിക്കുകയില്ലെന്നു മനസ്സിലാക്കിയ ഭാര്യയും പുത്രനും തന്നോട് എന്നെന്നേയ്ക്കുമായി യാത്ര പറഞ്ഞുപിരിഞ്ഞുവെന്നും തിരിച്ചുവന്നിട്ടേയില്ലെന്നുമായിരുന്നു പരാതി. അങ്ങനെ പ്രൊഫസർ മരിച്ചു. അതറിഞ്ഞ ഇറാനിയൻ സുഹൃത്തുക്കൾ ശവസംസ്കാര ചടങ്ങിൽ സംബന്ധിക്കാൻ പോയി. അന്ന് പ്രൊഫസറുടെ മകൻ അവിടെ എത്തിയിരുന്നു. പിതാവിന്റെ ജഢം അവൻ നേരത്തെ ആശുപത്രി അധികൃതർക്ക് വിറ്റിരുന്നു. അതിന്റെ വില വാങ്ങാനാണ് അവൻ വന്നിരുന്നത്.

എന്നാൽ, എല്ലാ ദയവും പ്രകൃത്യാ തനി ദയവാകണമെന്നില്ല. അത് സ്വാർത്ഥതയാവാം. ഒരാൾ തന്റെ വിഹിതമായ ഒരവകാശം മറ്റൊരാൾക്കുവേണ്ടി ത്യജിക്കുന്നതാണ് ദയ. അത്തരമൊരാൾ മറ്റുള്ളവരുടെ അവകാശങ്ങൾക്കുമേൽ കൈയേറ്റം നടത്തുന്നതിൽ നിന്നു വിട്ടുനിൽക്കുകയും ആ അവകാശങ്ങളെ മാനിക്കുകയും ചെയ്യും. ഒപ്പം സ്വന്തം അവകാശങ്ങൾ സംരക്ഷിച്ച് അവ മറ്റുള്ളവർക്കുവേണ്ടി ഉപയോഗിക്കുകയും അവിഹിത മാർഗ്ഗങ്ങളിൽ സമ്പത്ത് സ്വരൂപിക്കുകയും എന്നിട്ടതിൽ നിന്നൽപം മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുകയും ചെയ്യുന്നത് ഔദാര്യമോ സാമൂഹിക സേവനമോ അല്ല. അത് എന്തെങ്കിലും പകരം ഉദ്ദേശിച്ചായിരിക്കും.

മറ്റൊരു തരം ആളുകളുണ്ട്. ആതിഥ്യമര്യാദയെക്കുറിച്ച് മേനി പറയുകയാണ് അവരുടെ സ്വഭാവം. അതിനുവേണ്ടി വീട്ടിലേക്ക് എപ്പോഴും ആളുകളെ വിളിച്ചുവരുത്തി ഭാര്യയെക്കൊണ്ട് അടിമയെപ്പോലെ പണിയെടുപ്പിക്കും. ഇമാം അലി ഈ രംഗത്തും പൂർണ്ണനാണ്. അദ്ദേഹം വീട്ടുജോലികളിൽ ഫാത്തിമയെ കൂടെനിന്നു സഹായിച്ചിരുന്നു. ഭാര്യക്ക് എപ്പോഴും സന്തോഷവും സഹായവുമായിരുന്നു അദ്ദേഹം.

മഹാനായ ഒരു മതവ്യക്തിത്വമായിരുന്നു ആയത്തുല്ലാ ഹാജ് മീർ സാ മുഹമ്മദ് തഖി ശീറാസി[139]. അദ്ദേഹം ജീവിതകാലത്തിലൊരിക്കലും ആരോടും യാതൊന്നും കൽപ്പിച്ചിരുന്നില്ലത്രെ. രോഗിയായികിടക്കുമ്പോൾ ഒരിക്കൽ അദ്ദേഹത്തിനു കൊണ്ടുചെന്ന ഭക്ഷണം വിട്ടാണത്രെ വെച്ചത്. അദ്ദേഹം എഴുന്നേറ്റ് അതെടുക്കാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ല. എന്നിട്ടും അതെടുത്തുകൊടുക്കാൻ ആരോടും ആവശ്യപ്പെട്ടില്ല. മണിക്കൂറുകൾക്കു ശേഷം പാത്രമെടുക്കാൻ ആളു ചെന്നപ്പോൾ ഭക്ഷണം അവിടെക്കിടന്ന് തണുത്തിരുന്നു.

പ്രവാചകരുടെ കാലത്ത് നടന്ന സുപ്രസിദ്ധ മുഅ്ത്ത[140] യുദ്ധവുമായി ബന്ധപ്പെട്ട ഒരു സംഭവം വിസ്മയകരമാണ്. യുദ്ധക്കളത്തിൽ മുറിവേറ്റുകിടക്കുന്ന സ്വഹാബികൾ കൊടും ദാഹത്താൽ നിലവിളിക്കുന്നു. ഒരാൾ വെള്ളം കൊണ്ടുവന്നു. ആദ്യം ഒരാളെ വെള്ളവുമായി സമീപിച്ചു. അയാൾ അടുത്തയാളെ ചൂണ്ടി അയാൾക്കായിരിക്കും എന്നേക്കാൾ ആവശ്യം, ആദ്യം അയാൾക്കു കൊടുക്കൂ എന്നു പറഞ്ഞു. രണ്ടാമൻ മൂന്നാമനെ ചൂണ്ടി അതുതന്നെ പറഞ്ഞു. മൂന്നാമൻ സമീപത്തെത്തിയപ്പോൾ അയാൾ മരിച്ചതായിക്കണ്ടു. വെള്ളം ഏന്തിയ ആൾ രണ്ടാമന്റടുത്തേക്കു മടങ്ങിയെത്തി. അപ്പോഴത്തേയ്ക്കും അയാളും മരിച്ചു. ഒന്നാമന്റടുത്തെത്തിയപ്പോൾ അയാളും മരിച്ചിരുന്നു. ഇതാണ് ആത്മസമർപ്പണം. ഇതാണ് പരാർത്ഥത. ഏറ്റവും മഹത്തായ മാനുഷികമൂല്യങ്ങളിലൊന്ന്.

# കുറിപ്പുകൾ

1. 'അശ്റഫുൽഖൽഖ്' എന്നത് മുഹമ്മദ് നബി(സ)യുടെ വിശേഷമാണ്. 'സൃഷ്ടികളിൽ സർവ്വോത്തമൻ' എന്ന് പൊരുൾ. സാധാരണ മനുഷ്യർക്ക് പല അദ്ധ്വാന പരിശ്രമങ്ങൾ ചെയ്തും ത്യാഗക്ലേശങ്ങൾ സഹിച്ചും, ജീവിതത്തിലെ നാനാവിധ തടവറകളെ ഭേദിച്ചും, പല ലോകങ്ങളെയും തലങ്ങളെയും കടന്നും വേണം പൂർണ്ണത (കമാലിയ്യത്ത്)യെ പ്രാപിക്കാൻ. എന്നാൽ നബി(സ) സൃഷ്ടിക്കപ്പെട്ടതുതന്നെ പൂർണ്ണതയുടെ പരമസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടുകൊണ്ടാണ്. അവിടുത്തേക്ക് അദ്ധ്വാന പരിശ്രമങ്ങളും ത്യാഗക്ലേശങ്ങളുമെല്ലാം പൂർണ്ണതയുടെ ഫലങ്ങളാണ്. പൂർണ്ണതയെ പ്രാപിക്കാനുള്ള ഉപാധികളല്ല. ഒരിക്കൽ രാത്രിയിൽ നമസ്കാരത്തിലും പ്രാർത്ഥനയിലും നിരതനായി നിന്നതു നിമിത്തം നബി(സ)യുടെ പാദങ്ങൾക്കു നീർക്കെട്ടു വന്നു വീങ്ങി. ഇതുകണ്ട പത്നി ചോദിച്ചു: ''അങ്ങെന്തിനാണിങ്ങനെ ക്ലേശിക്കുന്നത്. അല്ലാഹു അങ്ങയോട് ആദ്യമേ എല്ലാം പൊറുത്തിട്ടുള്ളതാണല്ലോ?'' മറുപടി ഇതായിരുന്നു: ''ഞാൻ കൃതജ്ഞതയുള്ള ഒരു ദാസനാണെന്നു തെളിയിക്കേണ്ടേ?'' അവിടുത്തേക്കു സിദ്ധിച്ച പദവിക്കുള്ള കൃതജ്ഞതയാണ് എല്ലാ കർമ്മവും, പദവി ആർജ്ജിക്കുന്നതിനുള്ള പരിശ്രമമല്ല എന്ന സൂചന ഈ മറുപടിയിലുണ്ട്. ഖുർആൻ അൽ ഇസ്റാഅ് സൂറ 79ൽ നബി(സ)യോട് രാത്രിയിൽ ഉണർന്ന് അധികമായി നിസ്കരിക്കാനുള്ള കൽപനയും, തുടർന്ന് ഒരു വാഴ്ത്തപ്പെട്ട പദവി(മഖാമുൻ മഹ്മൂദ്) യിലേക്ക് അവിടുത്തെ ഉയർത്തുന്നതിനെക്കുറിച്ചുള്ള വാഗ്ദാനവുമുണ്ട്. ഈ പദവി പരമോന്നതമായ ഒന്നാണ്. അതിനെ ലൗകികമായും പാരത്രികമായും വ്യാഖ്യാനിച്ചവരുണ്ട്. ഇഹലോകത്തു തന്നെ മഹത്തുക്കളുടെ പട്ടികയിൽ മുഹമ്മദ് നബി(സ) ഒന്നാം സ്ഥാനത്ത് വരുന്നുണ്ടല്ലോ. എന്നാൽ, പാരത്രികമാണ് മേൽപറഞ്ഞ പദവി എന്നു കാണുമ്പോഴാണ് അതിന്റെ മഹത്വം യഥാർഹം ഉൾക്കൊള്ളാനാവുക. ഏതായാലും ഈ പദവി ആർജിക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമാണ് നബി(സ)യുടെ രാത്രിയിലുള്ള എഴുന്നേൽപ്പും നീണ്ട നമസ്കാരവുമെന്ന് മേൽകൊടുത്ത ഖുർആൻ വാക്യത്തിൽ നിന്ന് ഊഹിച്ചുകൂടാ. മേൽപറഞ്ഞ പദവി ഒരു പ്രഖ്യാപിക്കപ്പെട്ട ബഹുമതിയാകുന്നു. മുഹമ്മദ് (വാഴ്ത്തപ്പെട്ടവൻ) എന്ന പൂർവ പ്രവചിതവും ഈശ്വര പ്രചോദിതവുമായ അവിടുത്തെ നാമത്തിൽ തന്നെ ഈ ബഹുമതിയുടെ പ്രഖ്യാപനം അടങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ മുഹമ്മദ് നബി(സ) ദൈവത്തിന്റെ തൊട്ടുതാഴെയുള്ള മനുഷ്യൻ എന്ന സൃഷ്ടിയുടെ ഏറ്റവും പൂർണ്ണവും ഉന്നതവുമായ മാതൃകയാണ്. ആ മാതൃക വെളിപ്പെട്ടതിനുശേഷം അതിനെയാണ് ആരും സത്യത്തിന്റെ മാനദണ്ഡമായും അനുകരണത്തിനുള്ള പ്രഥമ അടിസ്ഥാനമായും എടുക്കേണ്ടത്. ഇഖ്ബാൽ പറഞ്ഞത് കാണുക: ''അവനവനെ മുസ്തഫയിലേക്കെത്തിക്കുക. മതം മുഴുവൻ അവിടുന്നാകുന്നു. അവിടുത്തേയ്ക്കെത്താത്തതെല്ലാം അബൂലഹബിലേക്കാണെത്തുന്നത്. (അർമഗാനെ ഹിജാസ്)

ഖുർആനിലെ 36-ാം സൂറയുടെ പേര് 'യാസീൻ' എന്നാണ്. ഖുർആനിന്റെ ഹൃദയം എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള പ്രസ്തുത സൂറ ആരംഭിക്കുന്നത് 'യാസീൻ' എന്ന പദം കൊണ്ടാണ്. ഇതിന്റെ അർത്ഥം 'പൂർണ്ണമനുഷ്യൻ' (ഇൻസാൻ കാമിൽ) എന്നാണെന്നും അത് മുഹമ്മദ് നബി(സ)യെ ഉദ്ദേശിച്ചാണെന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. തുടർന്നുള്ള വാചകങ്ങൾ മുഹമ്മദ് നബി(സ)യെത്തന്നെയാണ് നേരിട്ട് അഭിസംബോധന ചെയ്യുന്നത്. എന്നതിനാൽ അതിന്റെ വ്യാഖ്യാനം ഇപ്പറഞ്ഞതു തന്നെയാവാനാണ് വഴി. പ്രസിദ്ധ ഖുർആൻ വ്യാഖ്യാനമായ 'ബൈളാവി'യിൽ 'യാസീൻ' എന്നതിന്റെ അർത്ഥം 'യാ ഇൻസാൻ' (ഹേ, മനുഷ്യാ) എന്നായിരിക്കാമെന്നഭിപ്രായപ്പെട്ടിട്ടുണ്ട്. തുടർന്ന് 'ജ്ഞാനപൂർണ്ണമായ ഖുർആൻ സത്യം അവിടുന്ന് ഒരു ദൈവദൂതൻ തന്നെയാകുന്നു''വെന്ന വാക്യമാണ് വരുന്നത്. എന്നതിനാൽ 'മനുഷ്യാ' എന്ന് വിളിക്കുന്നത് മുഹമ്മദ് നബി(സ)യെത്തന്നെയാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. മുഹമ്മദ് നബി (സ)യുടെ നാമങ്ങളിലൊന്നായിട്ടാണ് യാസീൻ എന്നത് എണ്ണിവരുന്നത്.

2. ഇവിടന്നങ്ങോട്ടുള്ള വിവരണങ്ങളിലെല്ലാം പൂർണ്ണമനുഷ്യന്റെ മാതൃകയായി ഹസ്രത്ത് അലി (റ)യെയാണ് ഗ്രന്ഥകർത്താവ് പ്രധാനമായും അവതരിപ്പിക്കുന്നത്. ഇതെന്തുകൊണ്ടായിരിക്കാമെന്ന് അവതാരികയിലും പ്രസാധകക്കുറിപ്പിലും വ്യക്തമാക്കിയിട്ടുള്ളതാണ്. ഹസ്രത്ത് അലി(റ)യുടെ വ്യക്തിത്വത്തിന്റെ പ്രഭാവവും ഗരിമയും പ്രവാചകരു(സ)യുടെ അനുയായികളിൽ മറ്റാരേക്കാളും കൂടുതൽ ഉജ്വലമായിട്ടു തന്നെയാണ് ചരിത്രത്തിൽ കാണാൻ കഴിയുന്നത്. ''ഞാൻ അറിവിന്റെ നഗരവും അലി അങ്ങോട്ടുള്ള കവാടവുമാണ്; അതുകൊണ്ട് ആർക്കെങ്കിലും അറിവ് ആർജിക്കണമെന്നുണ്ടെങ്കിൽ അയാൾ അതിലേക്കുള്ള കവാടത്തിൽ ചെല്ലട്ടെ'' എന്ന നബിവാക്യം പ്രസിദ്ധമാണ്. ഹസ്രത്ത് അലി(റ)യുടെ ഈ മഹത്വം മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ വാക്കുകളുടെ സമാഹാരമായ 'നഹ്ജുൽ ബലാഗ' ഒരു തവണ പാരായണം ചെയ്താൽ മതി. അലി(റ)യെക്കുറിച്ച് എഴുതപ്പെട്ട അത്ര മറ്റൊരു സ്വഹാബിയെക്കുറിച്ചും എഴുതപ്പെട്ടിട്ടില്ല. മുർത്തസാ മുത്ഹരിയുടെ 'ജാദിബെ വദാഫിഅയെ അലി അലൈഹിസ്സലാം' (അലിയുടെ വ്യക്തിത്വത്തിന്റെ ആകർഷണവികർഷണങ്ങൾ) എന്ന ഗ്രന്ഥത്തിൽ എടുത്തുപറഞ്ഞിട്ടുള്ള ഒരു കാര്യം ഇവിടെ ഉദ്ധരണയോഗ്യമാണ്. ''എ.ഡി. 13-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രസിദ്ധ ശിയാ പണ്ഡിതനായ മുഹ

മ്മദ് ഇബ്നു ശഹ്റാശൂബ് അൽ മാസന്ദറാനി തന്റെ മൂന്ന് വാല്യത്തിലുള്ള 'മനാഖിബ്' എഴുതാനിരുന്നപ്പോൾ അദ്ദേഹത്തിന്റെ ലൈബ്രറിയിൽ അലി(റ)യെക്കുറിച്ചെഴുതപ്പെട്ട ആയിരം ശീർഷകങ്ങളുണ്ടായിരുന്നുവത്രെ''. അലി(റ)യെക്കുറഇച്ച് പുസ്തകമെഴുതിയവരിൽ മുസ്‌ലിംകൾക്കു പുറമെ അമുസ്‌ലിം എഴുത്തുകാരുമുണ്ട്. ലെബനാനിലെ സുലൈമാൻ കത്താനി ഒരു ഉദാഹരണം (ഇദ്ദേഹവുമായി നേരിൽ സംസാരിക്കാൻ ഈ കുറിപ്പുകാരനവസരമുണ്ടായിട്ടുണ്ട്. 'ഞാൻ ഒരു ക്രിസ്ത്യാനിയായിരിക്കത്തന്നെ അലിയിൽ നിന്ന് എനിക്ക് എമ്പാടും സ്വീകരിക്കാനും പഠിക്കാനുമുണ്ട്' എന്നദ്ദേഹം പറയുകയുണ്ടായി). ലെബനാനിലെ ജോർജ് ജോർഡാക് അലിയെക്കുറിച്ചെഴുതിയ തന്റെ പുസ്തകത്തിന് 'സൗത്തുൽ അദാഹത്തിൽ ഇൻസാനിയ്യ' (മാനുഷിക നീതിയുടെ സ്വരം) എന്നാണ് പേരിട്ടിരിക്കുന്നത്. (ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് 'ദ വോയ്സ് ഓഫ് ഹ്യൂമൻ ജസ്റ്റീസ്' എന്ന പേരിൽ 'ഇസ്‌ലാമിക് സെമിനറി' പ്രസിദ്ധം ചെയ്തിട്ടുണ്ട്). ചുരുക്കത്തിൽ മറ്റു സ്വഹാബിവര്യരുടെയെല്ലാം മഹത്വം അതാതിന്റെ സ്ഥാനങ്ങളിലിരിക്കട്ടെ. അലി(റ)യുടെ വ്യക്തിത്വം അത്ഭുതകരമാംവിധം പൂർണ്ണവും കിടയറ്റതുമാണ്.

3. നേതാവ്, പിന്തുടരപ്പെടുന്നവൻ; അനുകരണീയൻ എന്നിങ്ങനെ അർത്ഥം പറയാവുന്ന ഒരു അറബി ശബ്ദമാണ് 'ഇമാം'. എന്നാൽ നേതാവ് എന്ന പൊതുവായ പ്രയോഗത്തിന് കൽപ്പിക്കപ്പെടാത്ത ഉന്നതവും പരിശുദ്ധവുമായ അർത്ഥവും സങ്കൽപവും ഉൾക്കൊള്ളുന്നതാണ് ഇമാം എന്ന പദം അതിന്റെ സാങ്കേതികമായ അർത്ഥത്തിൽ. ഇമാമിന്റെ പദവി (ഇമാമത്ത്) കേവല മാർഗ്ഗദർശനത്തിന്റെ (ഹിദായത്ത്)തോ നായകത്വത്തിന്റെ (ഖിദായത്ത്)തോ അല്ല. ദൈവികമായ കൽപനയാലും പ്രചോദനത്താലും പിന്തുണക്കപ്പെടുന്ന സവിശേഷമായ മാർഗ്ഗദർശനവും നായകത്വവുമാണ് ഇമാം നൽകുന്നത്. ബാഹ്യലോകത്തിന്റെ ആന്തരികവശമായ 'ആലമുൽ മലക്കൂത്തി'നു നേരെ ഇമാമിന്റെ ഹൃദയത്തെ ബന്ധിപ്പിക്കുന്ന ഒരു കവാടമുണ്ട്. ഇമാമും അദ്ദേഹത്തിന്റെ അനുയായികളും തമ്മിലുള്ള ബന്ധം സ്ഥലകാലങ്ങൾക്കതീതമാണ്. ഐഹികലോകത്തിലെന്ന പോലെ പാരത്രികലോത്തിലും ഇമാം അനുയായികളെ നയിക്കും. ''ഓരോ ജനതയെയും അവരുടെ ഇമാമിന്റെ കൂടെ നാം വിളിക്കും.'' (അൽ ഇസ്റാഅ് 71) എന്ന ഖുർആൻ വാക്യം അത് സൂചിപ്പിക്കുന്നുണ്ട്. ഹസ്രത്ത് അലി(റ)യെ ഇമാം എന്ന് പൊതുവായി വിശേഷിപ്പിക്കുന്ന പതിവ് ശിയാ ലോകത്തെന്നപോലെ സുന്നിലോകത്തും സാധാരണമാണ്. പ്രസിദ്ധ ഈജിപ്ഷ്യൻ എഴുത്തുകാരൻ അബ്ബാസ് മഹ്മൂദ് അൽഅഖാദ്, ഹസ്രത്ത് അലി(റ)യുടെ വ്യക്തിപ്രഭാവത്തെയും പ്രതിഭാവിലാസത്തെയും സംബന്ധിച്ചുള്ള തന്റെ ഗ്രന്ഥത്തിന് നാമകരണം ചെയ്തിരിക്കുന്നത്. ''അബ്ഖരിയ്യത്തുൽ ഇമാം'' എന്നാണ്.

4. ഗ്രന്ഥകർത്താവ് മുസ്‌ലിംകളിലെ ശീഈ വിഭാഗത്തിൽപ്പെട്ടയാളാണ്. ജനസംഖ്യയുടെ 92 ശതമാനവും ശിയാക്കളായ ഇറാനിൽ നിന്നുകൊണ്ടാണ് അദ്ദേഹം ഇതെഴുതുന്നത്. അതാണ് അനുവാചകരെ ശീഈകളായി ഗണിച്ചുകൊണ്ടുള്ള ഈ പരാമർശത്തിന്റെ പശ്ചാത്തലം. ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലുമെന്നപോലെ മലയാളമണ്ണിലും ശീഈകൾ ഏറെ തെറ്റായിട്ടാണ് മനസ്സിലാക്കപ്പെടുന്നത്. പ്രവാചകരു(സ)ടെ ദേഹവിയോഗാനന്തരം മുസ്‌ലിം സമൂഹത്തിലുണ്ടായ രാഷ്ട്രീയ വേർതിരിവുകളാണ് ശീഇസത്തിന് പിറവികൊടുത്തതെന്ന് ധരിച്ചിട്ടുള്ളവരുണ്ട്. അബ്ദുല്ല ഇബ്നു സബഇന്റെ കുതന്ത്രങ്ങളുടെ ഫലമായി രൂപംകൊണ്ടാണ് ശിയാ പ്രസ്ഥാനമെന്നാണ് മറ്റു ചിലരുടെ ധാരണയും ചിലർ വെച്ചുപുലർത്തിപ്പോരുന്നു. ചുരുക്കത്തിൽ, മുസ്‌ലിം സമൂഹത്തിന്റെ യഥാർത്ഥ പാരമ്പര്യത്തിൽ നിന്നും പൊതുവായ ധാരയിൽ നിന്നും ഭിന്നിച്ചുപോയ ഒരു പ്രസ്ഥാനമായിട്ടാണ് ശീഇസത്തെ ആളുകൾ ധരിച്ചുവശായിരിക്കുന്നത്. ഇസ്‌ലാമിന്റെ പിറവിയിൽ തന്നെ അതിന്റെ ഭാഗമായിക്കൊണ്ടുണ്ടായതും അതിന്റെ സ്വാഭാവികമായ ഉൽപന്നമായി രംഗത്തുവന്നതുമായ ഒന്നായിട്ട് ശീഇസത്തെ കണ്ടുകൊണ്ട് അതിനെ സമീപിക്കുകയും പഠിക്കുകയുമാണെങ്കിൽ മാത്രമേ അതിനോടു നീതി കാണിക്കാൻ ഒരാൾക്കു കഴിയൂ. സുന്നിസത്തോട് സൗഹാർദ്ദപൂർവം പൊരുത്തപ്പെട്ടുനിൽക്കുന്ന, ഇസ്‌ലാമിന്റെ ഉറവിടത്തിൽ നിന്നുതന്നെയുള്ള മറ്റൊരു സരണിയായി അത്തരമൊരു നിരീക്ഷകന് ശീഇസത്തെ കണ്ടെത്താനും വിലയിരുത്താനുമാകും.

5. മുഹ്‌യിദ്ദീൻ മുഹമ്മദ് ഇബ്നു അലി അൽഹാത്തമി അത്താഈ എന്ന ഇബ്നുൽ അറബി സ്പെയിനിലെ മുർസിയയിൽ ക്രി.വ. 1165ൽ ജനിച്ചു. 'അശ്ശൈഖുൽ അക്ബർ' എന്നു വിളിക്കപ്പെടുന്ന ഇദ്ദേഹം ചെറുതും വലുതുമായ നാനൂറോളം പുസ്തകങ്ങളുടെ കർത്താവാണ്. 'അൽ ഫുതൂഹാത്ത്', 'ഫുസൂസുൽഹികം', 'തർജുമാനുൽ അശ്‌വാഖ്', 'മുഹാളറത്തുൽ അബ്റാർ', 'ജാമിഉൽ അഹ്കാം' എന്നിവ കൂട്ടത്തിൽ കൂടുതൽ പ്രസിദ്ധി നേടിയവയാണ്. 'എല്ലാ ഉൺമകളുടെയും ഏകത്വം' (വഹ്ദത്തുൽ വുജൂദ്) എന്ന അടിസ്ഥാന സിദ്ധാന്തത്തിലൂന്നിയായിരുന്നു ഇബ്നു അറബിയുടെ ചിന്ത. സിറിയയുടെ തലസ്ഥാനമായ ഡമാസ്കസിലാണ് ഇദ്ദേഹത്തിന്റെ ശവകുടീരം സ്ഥിതി ചെയ്യുന്നത്. സൂഫീ ആദ്ധ്യാത്മിക ചിന്തയിൽ ഇബ്നു അറബി പ്രഥമസ്ഥാനീയനാണ്. കൂടാതെ, ചരിത്രകാരൻ, കവി, ഖുർആൻ വ്യാഖ്യാതാവ് എന്നീ നിലകളിലും അദ്ദേഹം പ്രശസ്തനാണ്.

6. ഇറാനിൽ മൗലവി എന്ന പേരിൽ ഏറെ പ്രസിദ്ധനായ മൗലാനാ ജലാലുദ്ദീൻ റൂമി പഴയ ഖുറാസാനിലെ ബൽഖ് എന്ന സ്ഥലത്ത് ജനിച്ചു. ക്രി.വ. 1207നും 1723നുമിടക്കാണ് അദ്ദേഹം ജീവിച്ചത്. 'മൗലവി ത്വരീഖത്ത്' എന്നു പറയപ്പെടുന്ന സൂഫി ആധ്യാത്മിക ക്രമം ഇദ്ദേഹത്തിന്റെ പരമ്പരയാണ്. 'മസ്നവി' എന്ന ഇദ്ദേഹത്തിന്റെ കാവ്യയുഗ്മങ്ങൾ ലോകപ്രസിദ്ധമായ ഒരു സമാഹാരമാണ്. ഇംഗ്ലീഷിൽ നിക്കൾസൺ ഇതിന് മനോഹരമായ തർജുമ ചമച്ചിട്ടുണ്ട്. ഒന്നാം ഖലീഫ അബൂബക്കറി(റ)ന്റെ വംശപരമ്പരയിൽ പെടുന്ന റൂമി ശിയാ ആശഗതിക്കാരനല്ലെങ്കിലും സുന്നി ലോകത്തെന്നപോലെയോ അതിലുപരിയായോ ശിയാലോകത്തും ആദരിക്കപ്പെടുകയും ഉദ്ധരിക്കപ്പെടുകയും ചെയ്യുന്ന മഹാകവിയാണ്.

7. ഗ്രീക്ക് ദാർശനികനായ സോക്രട്ടീസിന്റെ ജീവിതകാലം ബി.സി. 47-0380 ആണ്. ഒരു കൽപ്പണിക്കാരന് ഒരു പതിച്ചിയിലാണ് സോക്രട്ടീസ് ജനിച്ചത്. ദരിദ്രനായി ജീവിച്ച സോക്രട്ടീസ് പുസ്തകമൊന്നും എഴുതിട്ടില്ല. എന്നാൽ ശിഷ്യന്മാർ ഇദ്ദേഹത്തിന്റെ വാക്കുകളെ പ്രമാണമായി സൂക്ഷിക്കുകയും പുസ്തകങ്ങളിൽ പകർത്തുകയും ചെയ്തു. ചോദ്യങ്ങൾ ചോദിച്ച് ആളുകളെ ചിന്തിപ്പിക്കുന്ന രീതിയായിരുന്നു സോക്രട്ടീസിന്റേത്. ആഥൻസിലെ അധികൃതർക്ക് അദ്ദേഹത്തെ പൊറുപ്പിക്കാനാവാത്തതിനാൽ അവരദ്ദേഹത്തെ തടവിലിട്ടു. ഒടുവിൽ വിഷം കൊടുത്ത് കൊന്നു.

8. അഹ്മദ് ഇബ്നു അബ്ദില്ല എന്ന അബുൽ അലാ അൽമഅർറി സിറിയയിലെ മഅർറത്തുന്നുഅ്മാനിലാണ് ജനിച്ചത്. 973-1057 ആണ് ജീവിതകാലം. നാലാം വയസ്സിൽ വസൂരി പിടിച്ചു കണ്ണിന്റെ കാഴ്ച പോയി. എന്നാൽ ഏറെ കാഴ്ചയുള്ളതായിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. ക്രാന്തദർശിത്വവും നിരൂപണസാമർത്യവും സൂക്ഷ്മ വിചാരവും കൂർമബുദ്ധിയും കിടയറ്റതായിരുന്നു മഅർറുയുടേത്. ഏകാന്തനായി ജീവിച്ച മഅർറി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 'സിഖ്ത്വുസ്സന്ദ്' കവിതാ സമാഹാരമാണ്. ''അല്ലുസൂമിയ്യാത്തി'ന്റെ ഉള്ളടക്കം തത്വചിന്തകളും 'റിസാലത്തുൽ ഗുഫ്റാനി' ന്റെത് ദൈവശാസ്ത്ര കഥകളുമാണ്. 'റിസാലത്തുൽ ഗുഫ്റാൻ' ദാന്തെയുടെ 'ഡിവൈൻ കോമഡി'ക്കും മിൽട്ടന്റെ 'പാരഡൈസ് ലോസ്റ്റി'നും പ്രചോദനമായിട്ടുണ്ടത്രെ.

9. അറബ് ലോകത്തിലെ ആധുനിക സാഹിത്യകാരന്മാരിൽ ഏറ്റവുമേറെ ശ്രദ്ധേയനായ വ്യക്തിയാണ് ഈജിപ്തിലെ ഡോ. താഹാ ഹുസൈൻ. 1889നും 197നും ഇടക്കാണ് ഇദ്ദേഹം ജീവിച്ചത്. മൂന്നാം വയസ്സിൽ തന്നെ നേത്രരോഗം ബാധിച്ച താഹാക്ക് കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടു. എന്നാൽ അന്ധത വകവെക്കാതെ തന്റെ ബുദ്ധിസാമർത്ഥ്യം കൊണ്ട് മികവുറ്റ പല മേഖലകളിലും എത്താനും പല പദവികളും ആർജിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അലക്സാൻഡ്രിയ സർവകലാശാലയുടെ വൈസ് ചാൻസലർ, അൽജുംഹൂരിയ്യാ പത്രത്തിന്റെ ചീഫ് എഡിറ്റർ, ഈജിപ്ഷ്യൻ വിദ്യാഭ്യാസ മന്ത്രി തുടങ്ങിയ പല പദവികളിലും അദ്ദേഹം ജ്വലിച്ചുനിന്നു. പത്താം വയസ്സിൽ ഖുർആൻ ഹൃദിസ്ഥമാക്കായ താഹാക്ക് മതവിഷയങ്ങളിലെല്ലാം പാണ്ഡിത്യമുണ്ടായിരുന്നു. എന്നാൽ, സാഹിത്യകാരൻ എന്ന നിലയിലാണ് മറ്റേന്തിലുമേറെ അദ്ദേഹം പ്രസിദ്ധനായത്. നോവൽ, ചെറുകഥ, കവിത, നാടകം എന്നീ സാഹിത്യ ശാഖകളിലെല്ലാം തന്റെ മികവു കാണിച്ച താഹാ ചരിത്രകാരനും നിരൂപകനും വിവർത്തകനും കൂടിയായിരുന്നു. 1973ൽ നോബൽ സമ്മാനത്തിനുവരെ അദ്ദേഹത്തിന്റെ നാമം നിർദ്ദേശിക്കപ്പെടുകയുണ്ടായി.

10. അസൂയ മനുഷ്യന്റെ പലതരം മനോവൃത്തികളിൽ ഒന്നാകുന്നു. ഒരാൾക്ക് ഒരു നേട്ടമോ ശ്രേയസ്സോ കൈവന്നാൽ അയാളെ അറിയുന്ന മറ്റൊരാൾക്ക് രണ്ടുതരം സമീപനം അതിന്റെ നേരെയുണ്ടാവാം. ഒന്ന്, അതിൽ അസ്വസ്ഥതയും അമർഷവും അനുഭവപ്പെടുകയും അയാൾക്കത് നഷ്ടപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുകയാണ്. ഇതാണ് അസൂയ (ഹസദ്). രണ്ടാമത്തെ സമീപനം, അപരന്നുണ്ടായ നേട്ടത്തിലോ ശ്രേയസ്സിലോ അസ്വസ്ഥതയോ അമർഷമോ തോന്നാതെ, അതിൽ സന്തോഷിക്കുകയും അയാളെ അഭിനന്ദിക്കുകയും ചെയയുന്നതിനോടൊപ്പം തനിക്കും അതുപോലെയുള്ളതോ അതിനെ കവച്ചുവെക്കുന്നതോ ആയ നേട്ടവും ശ്രേയസ്സും ആഗ്രഹിക്കുകയാണ്. ഇതിന് 'ഗിബ്ത്വത്ത്' എന്നാണ് അറബിയിൽ വാക്ക്. ഇത് ഒരു ഉൽക്കർഷേച്ഛ മാത്രമാണ്, അസൂയയല്ല. മതപരമായി വിഷയങ്ങളിലാണെങ്കിൽ ഇത് അഭികാമ്യവും ലൗകിക വിഷയങ്ങളിലാണെങ്കിൽ അനുവദനീയവുമാണ്. ബുഖാരിയും മുസ്ലിമും രേഖപ്പെടുത്തിയ ഒരു നബിവചനത്തിൽ ഇപ്രകാരമുണ്ട്: ''രണ്ടു പേരോടാണ് അസൂയപ്പെടാൻ പാടുള്ളത്. ഒരാൾക്ക് ഖുർആൻ ധാരാളമായി അറിയാം. അയാൾ അത് പാരായണം ചെയ്തുകൊണ്ട് രാപ്പകലുകളുടെ വിവിധ യാമങ്ങളിൽ നമസ്കാരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു, അയാളോടാണ് ഒന്ന്. രണ്ടാമത്തെയാൾ ധാരാളം സമ്പത്തുണ്ടാവുകയും രാവും പകലും പല സമയത്തായി അതിൽനിന്നു ചെലവു ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന വ്യക്തിയാണ്.'' ഇതിൽ പറഞ്ഞിട്ടുള്ള അസൂയ അനുവദനീയമായിട്ടല്ല, അഭികാമ്യമായിട്ടാണ് എടുക്കേണ്ടത്.

11. ഇമാം ഗസ്സാലി(റ) അദ്ദേഹത്തിന്റെ 'ഇഹ്യാ ഉലൂമുദ്ദീനി'ൽ ഈ രോഗത്തിന്റെ അടിസ്ഥാന കാരണങ്ങളെക്കുറിച്ചും പ്രതിവിധികളെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഒരാൾ തന്നെപ്പോലെ മറ്റൊരാളെ തന്റേതിനേക്കാൾ ഉയർന്ന നിലയിൽ കാണുമ്പോൾ ആ നിലയിൽ തനിക്കുമെത്തണമെന്നോ ചുരുങ്ങിയപക്ഷം അയാൾ തന്റെ നിലയിലേക്ക് അധ:പതിക്കുകയെങ്കിലും ചെയ്യണമെന്നോ ആഗ്രഹിക്കുന്നു. ഇതിൽ ആദ്യത്തേത് പ്രയാസകരമായതിനാൽ രണ്ടാമത്തേതിനാണ് അധമ മനസ്ഥിതിക്കാർ മുൻഗണന നൽകുക. അങ്ങനെ അപരനെ താഴ്ത്തിക്കാണിക്കുവാനുള്ള ശ്രമങ്ങളിൽ അയാൾ ഏർപ്പെടുന്നു. അയാളെ താഴ്ത്തിക്കാണിക്കാനുള്ള തന്റെ ശ്രമം പലിക്കാതെ വരുമ്പോൾ അസൂയാലുവായ വ്യക്തി കൂടുതൽ മനോവിഷമം അനുഭവിക്കുനന്നു. ഈ വിധത്തിൽ അസൂയയെ അപഗ്രഥിക്കുന്നുണ്ട് ഇമാം ഗസ്സാലി(റ) തന്റെ ഗ്രന്ഥത്തിൽ. അസൂയയെ ചികിത്സിച്ചു സുഖപ്പെടുത്താനാഗ്രഹിക്കുന്ന ഏതൊരാളും ഇമാമിന്റെ ഈ ഗ്രന്ഥത്തിലെ പ്രസ്തുത ഭാഗം വായിച്ചിരിക്കുന്നത് ഫലപ്രദമായിരിക്കും.

12. മനസ്സിന്റെ യഥാർത്ഥ പ്രകൃതിയിൽ അടങ്ങിയിരിക്കുന്ന ധർമ്മാധർമ്മ വിചാരമെന്ന ശക്തിവിശേഷത്തെ എടുത്തു പറഞ്ഞതിനു ശേഷമാണ് ഖുർആൻ ഇതുണർത്തിയിരിക്കുന്നത്. മൂലത്തിലെ 'നഫ്സ്' എന്ന പദമാണിവിടെ മനസ്സ് എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ആത്മാവ് എന്നും പ്രസ്തുത പദത്തിന് അർത്ഥം പറയാറുണ്ട്. എന്നാൽ, ധർമ്മാധർമ്മ വിചാരങ്ങളുടെ ഇരിപ്പിടം മനുഷ്യനിൽ എവിടെയാണോ അതാണിവിടെ 'നഫ്സ്' കൊണ്ടുദ്ദേശ്യമെന്നു മനസ്സിലാക്കാം. ഇതിനുപുറമെ, വ്യക്തി എന്ന അർത്ഥത്തിൽ പൊതുവായും 'നഫ്സ്' ഉപയോഗിക്കാറുണ്ട്. കാമക്രോധാദി ദുർവികാരങ്ങളുടെയും സ്നേഹം, കരുണ, ദയ, ഭക്തി തുടങ്ങിയ സദ്വികാരങ്ങളുടെയും ഇരിപ്പിടം നഫ്സാണ്. വികാരം പോലെത്തന്നെ, ബുദ്ധി, ചിന്ത, യുക്തി മുതലായവയും നഫ്സുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. സൃഷ്ടിയിൽ അന്യൂനതയും അവികലതയും നിലനിർത്തിക്കൊണ്ട് അതിനെ വളർത്തുകയും അതിൽ അന്തർലീനമായ ശക്തി വിശേഷങ്ങളെ അവയുടെ പരിപൂർണ്ണതയോളം എത്തിക്കുയും ചെയ്യേണ്ടതിന് നിരവധി അദ്ധ്വാന ക്ലേശങ്ങൾ ചെയ്യേണ്ടതായും സമ്മർദ്ദങ്ങളെ അതിജയിക്കേണ്ടതായും വരും. മനുഷ്യനെ സംബന്ധിച്ചിടത്തോളം കർമ്മങ്ങളാണ് എല്ലാ വിജയത്തിന്റെയും അടിസ്ഥാനം. ഇന്ദ്രിയങ്ങളെ ഉപാധിയാക്കിയിട്ടാണ് ഒരാൾ കർമ്മം ചെയ്യുന്നത്. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നത് മനസ്സാണ്. മനസ്സ് മറ്റെന്തെങ്കിലും വിചാരത്തിൽ മുഴുങ്ങിപ്പോയാൽ കണ്ണുകൊണ്ട് നോക്കിയാലും വസ്തുക്കളെ കാണാതിരിക്കും. ഇന്ദ്രിയങ്ങൾക്ക് മനസ്സിന്റെ സഹായത്തോടെയേ പ്രവർത്തിക്കാനാകൂ എന്നാണിത് സൂചിപ്പിക്കുന്നത്. മനപ്പൂർവ്വമല്ലാത്ത പ്രവൃത്തികൾ മൂല്യവത്താകാതിരിക്കുന്നതും അവയ്ക്കു മനുഷ്യൻ ഉത്തരവാദിയാവാതിരിക്കുന്നതുമെല്ലാം ഇതുകൊണ്ടാണ്. അതിനാൽ സംസ്കൃതമായ മനസ്സിന്റെ ഉടമയായിത്തീരാൻ യത്നിക്കുകയെന്നതാണ് മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ധർമ്മം.

(നഫ്സും റൂഹും തമ്മിലുള്ള വ്യത്യാസമറിയുന്നതിന് 'ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്' പ്രസിദ്ധപ്പെടുത്തിയ മുർത്തസാ മുതഹ്ഹരിയുടെ 'മനുഷ്യന്റെ അനശ്വരതയും പാരത്രിക ജീവിതവും' എന്ന പുസ്തകത്തിലെ 2ഉം 5ഉം കുറിപ്പുകൾ കൂടി കാണുക.)

13. ശബ്ബാത്ത് നാളിൽ ദൈവശാസനയെ മറികടന്ന് മത്സ്യബന്ധത്തിനുപോയവരും അവരെ അതിൽനിന്നു വില ക്കുന്നതിൽ അലംഭാവം കാട്ടിയവരുമായ ഇസ്രയേൽ സന്തതികളെ കുരങ്ങന്മാരാവാൻ ശപിച്ചത് ഖുർആൻ 'അൽബഖറ' സൂറ 65ലും ദൈവകോപത്താൽ ഇസ്രായേല്യരിൽ ചിലർ കുരങ്ങന്മാരും ചിലർ പന്നികളുമായി അധഃപതിച്ചത് 'അൽമാഇദ' സൂറ 60ലും കാണാം.

14. മൃഗങ്ങൾ അവയുടെ ജന്മവാസനക്കനുസൃതം ജീവിക്കുന്നു. അതാണവയുടെ ധർമ്മം. മനുഷ്യന് ജന്മവാസ നകളെ മാനുഷികമായ ഉന്നതമൂല്യങ്ങൾക്കനുസൃതം മാർഗ്ഗദർശനം ചെയ്യാനും സത്യവും അസത്യവും വേർതിരിച്ച റിഞ്ഞ് സത്യമായത് തിരഞ്ഞെടുത്ത് ജീവിതത്തിൽ പ്രാവർത്തികമാക്കാനുമുള്ള കഴിവുണ്ട്. അങ്ങനെയിരിക്കെ അവൻ തന്റെ ജന്മവാസനകളെ മാർഗ്ഗദർശനത്തിനു വിധേയമാക്കുകയോ ഉത്തമമായ രീതിയിൽ സംസ്കരിക്കു കയോ ചെയ്യാതെ സ്വേഛാനുസൃതം ജീവിക്കുകയാണെങ്കിലോ? അവന്റെയും മൃഗങ്ങളുടെയും ജീവിതങ്ങൾക്കു തമ്മിൽ വ്യത്യാസമില്ലാതാവും. തനിക്കു സിദ്ധിച്ച മാനുഷിക യോഗ്യതകളെ ഉപയോഗപ്പെടുത്താതിരിക്കുന്നത് കാരണം അവൻ മൃഗങ്ങളേക്കാൾ താഴത്തേക്കിറങ്ങും. യോഗ്യതകളുണ്ടായിട്ടും അവ വിനിയോഗിക്കാത്തവൻ എന്ന ഒരു ഭീമമായ കുറ്റം കൂടി അവന്റെ പേരിൽ വീഴും. മൃഗങ്ങൾ ജനിക്കുന്നതേ മൃഗങ്ങളായിട്ടാണ്. മനുഷ്യർ മനുഷ്യത്വം നഷ്ടപ്പെടുത്തി മൃഗീയതത്വത്തിലേക്കധഃപതിക്കുന്നതിനാൽ മൃഗങ്ങളാവുകയാണ്.

15. ഇമാം ഹുസൈൻ(റ) പുത്രനും ഇസ്നാ അശരീ ശീഇകളുടെ നാലാമത്തെ ഇമാമുമായ ഇമാം അലി സൈനുൽ ആബിദീനാ(റ)ണ് ഇമാം സജ്ജാദ് എന്ന പേരിലറിയപ്പെടുന്നത്. ക്രി.വ. 657ൽ മദീനയിൽ ജനിച്ചു. മാതാവ് പേർഷ്യൻ ചക്രവർത്തി യസ്ദഗിർദിന്റെ പുത്രി ശഹർബാനു. കർബലയെ അതിജീവിച്ച ഇമാം സജ്ജാദ് ഇമാം ഹുസൈൻ(റ)ന്റെ രക്തസാക്ഷിത്വത്തിനുശേഷം 46 വർഷം ജീവിച്ചിരുന്നു. ക്രി.വ. 713ൽ മദീനയിൽ വെച്ചാ യിരുന്നു ഇമാമിന്റെ അന്ത്യം. അൽബഖീ ശ്മശാനത്തിൽ ഇമാം ഹസൻ(റ)ന്റെ തൊട്ടടുത്താണ് മറവു ചെയ്തത്. ഉമയ്യിദ് ഖലീഫ ഹിശാമിന്റെ കൽപ്പന പ്രകാരം വലീദ് ഇബ്നു അബ്ദുൽ മലിക്ക് വിഷം കൊടുത്തതിനെത്തു ടർന്നാണ് ഇമാമിന്റെ മരണം സംഭവിച്ചതെന്ന് ശിയാ പാരമ്പര്യങ്ങളിൽ കാണുന്നു. 'അസ്സ്വഹീഫത്തുസ്സജ്ജാദിയ്യ' എന്ന പ്രാർത്ഥനാ സമാഹാരം ഇമാം സജ്ജാദിന്റേതാണ്.

16. പ്രപഞ്ചത്തിന്റെ ഇന്നുള്ള വ്യവസ്ഥയ്ക്കു മാറ്റം സംഭവിക്കുകയും പുതിയൊരു വ്യവസ്ഥ ആരംഭിക്കുകയും ചെയ്യുന്ന ഘട്ടത്തിന്റെ വിളംബരമാണ് ഇസ്രാഫീൽ എന്ന മലക്കിന്റെ കാഹളമൂത്തിലൂടെ നടക്കുക. അതിലേ ക്കാണീ വാക്യത്തിന്റെ സൂചന. മനുഷ്യരാശി വ്യത്യസ്ത കൂട്ടങ്ങളായിട്ടു വരുന്നത്, അവർ പല തട്ടിലും നിലവാര ത്തിലുമായതുകൊണ്ടായിരിക്കാം. ആകാശം തുറന്നിടുന്നതോടു കൂടി മലക്കുകളും മറ്റു സൃഷ്ടികളും തമ്മിലുള്ള അദൃശ്യതയുടെ മറ നീങ്ങുകയായിരിക്കും.

17. ഈ വാക്യം 'ആയത്തുൽ കൻസ്' എന്ന പേരിൽ പ്രസിദ്ധമാണ്. സമ്പത്ത് ആവശ്യമുള്ളിടങ്ങളിൽ ചെലവു ചെയ്യാതെ സംഭരിച്ചുകൂട്ടുന്നതിനെതിരിലുള്ള അതിശക്തമായ താക്കീതാണിത്. മൂന്നാം ഖലീഫ ഹസ്രത്ത് ഉസ്മാൻ(റ)ന്റെ ഭരണത്തിൽ മുസ്‌ലിം സമൂഹത്തെ മുതലാളിത്തം ഗ്രസിച്ചപ്പോൾ അതിനെതിരിൽ രംഗത്തുവന്ന വിപ്ലവകാരി ഹസ്രത്ത് അബൂദർറുൽഗിഫാരി(റ)ന്റെ പ്രഭാഷണങ്ങളിലെല്ലാം ഈ വാക്യം സ്ഥിരമായി ഉദ്ധരിക്കാറു ണ്ടായിരുന്നുവത്രെ.

18. ക്രി.വ. 941 (ഹി. 329)ൽ അന്തരിച്ച അബൂജഅ്ഫർ മുഹമ്മദ് ഇബ്നുയഅ്ഖൂബ് അൽ കുലൈനിയുടെ ഹദീസ് സമാഹാരം. ശിയാക്കൾക്കിടയിൽ ഏറെ പ്രചാരമുള്ള പ്രമാണമാണിത്. ബഗ്ദാദിലാണ് കുലൈനി ജീവിച്ചി രുന്നതും മരിച്ചതും.

19. മനുഷ്യന്റെ ഉത്ഭവം ശുക്ലകണത്തിൽ നിന്നാണ്. ഭാവിയിൽ അവൻ നേടാൻ പോകുന്ന എല്ലാ കഴിവുകളു ടെയും യോഗ്യതകളുടെയും അടിസ്ഥാനങ്ങൾ ആ ശുക്ലകണത്തിൽ അടങ്ങിയിരിക്കുന്നു. അതാണ് ബീജത്തെ മിശ്രിതമെന്നു പറഞ്ഞിരിക്കുന്നത്. ഓരോരുത്തർക്കും നൽകിയ കഴിവുകളെ അടിസ്ഥാനമാക്കിയാണ് അവരെ പരി ശോധനക്കു വിധേയമാക്കുന്നത്.

20. ഹസ്രത്ത് ഇബ്രാഹീമി(അ)ന് 'നബി'യും 'റസൂലു'മെന്ന പദവി നേരത്തെത്തന്നെ ഉണ്ടായിരുന്നു. 'ഇമാം' എന്ന പദവി ഏറ്റവും ഒടുവിലാണ് നൽകപ്പെട്ടത്. അതും, അനേകം പരീക്ഷണങ്ങൾ വിജയകരമായി തരണം ചെയ്തശേഷം. ''എല്ലാ വചനങ്ങളെയും അദ്ദേഹം സാക്ഷാൽകരിച്ചതായി ഖുർആൻ പറയുന്നത് ഇതിനെക്കുറിച്ചാ ണ്. അല്ലാഹു അദ്ദേഹത്തിനു നൽകിയ 'ഇമാമത്ത്' എന്ന പദവിയുടെ മഹത്വം എത്ര വലുതാണെന്നിതിൽ നിന്നു മനസ്സിലാക്കാം.

21. വളരെ വാർദ്ധക്യത്തിലെത്തിയതിനുശേഷം തനിക്കു ജനിച്ച സന്തതിയായ ഇസ്മാഈലിനെ അല്ലാഹു വിന്റെ ആജ്ഞ മാനിച്ച് താൻ ബലിയറുക്കണമെന്ന ദർശനമാണിവിടെ ഉദ്ദേശ്യം. ഇബ്രാഹീം(അ) അതിനു തയ്യാറാ യത് പ്രസിദ്ധവും മുസ്‌ലിംകൾ ബലി പെരുന്നാളാഘോഷത്തിലൂടെ വർഷാവർഷം അനുസ്മരിക്കുന്നതുമായ സംഭ വമാണ്.

22. 'അന്നഹ്ൽ' സൂറ 12-ാം വാക്യമാണിത്. ഹസ്രത്ത് ഇബ്രാഹീമി(അ)നെ സമഷ്ടി എന്നു വിശേഷിപ്പിച്ചത് പല അർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഏകദൈവ വിശ്വാസത്തെ പ്രതിനിധാനം ചെയ്യുന്ന രണ്ടാമതൊരാളി ല്ലാത്ത ഒരു ചരിത്രഘട്ടത്തിൽ ഇബ്രാഹീം(അ) ഏകനായി അതിനെ പ്രതിനിധാനം ചെയ്തതിനാലാണിങ്ങനെ പറ ഞ്ഞതെന്നാണ് ഒരു വ്യാഖ്യാനം. ഒരു സമൂഹം കൂട്ടായി നിൽക്കുന്ന എല്ലാ ജീവിത മേഖലകളിലും ഇബ്രാഹീം(അ) ഒറ്റയ്ക്കു നിന്നതാണ് വിശേഷണത്തിന് അടിസ്ഥാനമെന്നാണ് മറ്റൊന്ന്.

23. ഈ സംഭവം ബുഖാരിയും മുസ്‌ലിമും രേഖപ്പെടുത്തിയിട്ടുണ്ട്.

24. പ്രസിദ്ധ അറബി പടത്തലവനും സ്വഹാബിമാരായിരുന്ന അംറ് ഇബ്നുൽ അസ്(റ) ആണിത്. ഇദ്ദേഹം ഈജിപ്തിൽ ഗവർണറായിട്ടുണ്ട്. അൽഫുസ്താത്ത് പട്ടണത്തിന്റെ ശിൽപി അമ്രാണ്. മരണം ഹി.വ. 43ൽ.

25. മുആവിയ്യയും അലി(റ)യും തമ്മിലുണ്ടായ സംഘർഷം ഹി.വ. 37ൽ യൂഫ്രട്ടീസിന്റെ തീരത്ത് സിറിയയുടെ അതിർത്തിപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന 'സിഫ്ഫീനി'ൽ ഇരുപക്ഷവും നേർക്കുനേർ സൈനികമായി ഏറ്റുമുട്ടുന്നതിൽ വരെയെത്തി. സിഫ്ഫീൻ യുദ്ധം എന്ന പേരിൽ പ്രസിദ്ധമായ സംഭവം അതാണ്.

26. അല്ലാഹുവിലും അന്ത്യദിവസത്തിലും മലക്കുകളും ഗ്രന്ഥത്തിലും നബിമാരിലും വിശ്വസിക്കുക. സമ്പത്തുനോടു പ്രിയമുണ്ടായിരിക്കെ അത് കുടുംബങ്ങൾക്കും അഗതികൾക്കും യാത്രക്കാർക്കും ചോദിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനുവേണ്ടി നൽകുക. നമസ്കാരം നിലനിർത്തുകയും, സകാത്ത് കൊടുക്കുകയും, കരാർ ചെയ്താൽ അത് പാലിക്കുകയും ചെയ്യുക, ദാരിദ്ര്യത്തിലും കഷ്ടപ്പാടിയും യുദ്ധത്തിലും ക്ഷമിക്കുക - ഇത്തരം ഗുണങ്ങളുള്ളവരാണ് പുണ്യവാന്മാർ എന്നാണ് പ്രസ്തുത വാക്യം തുടർന്നു പഠിപ്പിക്കുന്നത്.

27. ഇമാം അലി(റ)യുടെ വാക്യങ്ങൾ ക്രോഡീകരിച്ച് ശരീഫ് റളി എന്ന ബഗ്ദാദുകാരൻ കവി (ഹി.വ. 359-406) തയ്യാറാക്കിയ മഹദ് ഗ്രന്ഥമാണ് നഹ്ജുൽ ബലാഗ. അലിനാസിർ, മീഥം അൽ ബഹ്റാനി, ഇബ്നു അബിൽ ഹദീദ്, ഈജിപ്തിലെ മുഹമ്മദ് അബ്ദു തുടങ്ങിയ പ്രഗത്ഭർ ഇതിന് വ്യാഖ്യാനങ്ങൾ രചിച്ചവരാണ്. നഹ്ജുൽ ബലാഗയുടെ ഇംഗ്ലീഷ് ഭാഷ്യം 'ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്' പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

28. ഈ പുസ്തകത്തിന്റെ പാഴ്സി മൂലം ഏത് വർഷത്തിലാണ് തയ്യാറാക്കിയതെന്ന് നിശ്ചയമില്ല. ഏതായാലും ഗ്രന്ഥകർത്താവിന്റെ ജീവിതകാലം 1919നും 1979നും ഇടക്കായതിനാൽ അദ്ദേഹം അമ്പത് വർഷം മുമ്പ് എന്നു പറയുന്ന കാലമേതെന്ന് നമുക്ക് ഗണിക്കാവുന്നതാണ്. ഇറാനിൽ 1924നു ശേഷം 1979ൽ ഇസ്‌ലാമിക വിപ്ലവം വിജയിക്കുന്നതുവരെ പഹ്‌ലവി വാഴ്ചയുടെ ഘട്ടമായിരുന്നു. അപ്പോൾ പഹ്‌ലവി വാഴ്ച ആരംഭിച്ച് ഏറെക്കഴിയുന്നതിനു മുമ്പ് ഗ്രന്ഥകർത്താവ് പറയുന്ന പരിവർത്തനവും ആരംഭിച്ചിരിക്കണം.

29. മാലിക്ക് ഇബ്നു ഹാരിസ് അൽ അശ്തർ അന്നഖഈ(റ). പണ്ഡിതനും സൈനിക കലയിൽ വിദഗ്ധനും കവിയുമായിരുന്നു ഇദ്ദേഹം. ഇമാം അലി(റ)യുടെ സൈന്യാധിപനായിരുന്നു. ഹസ്രത്ത് അബൂബക്കറി(റ)ന്റെ കാലത്ത് മതപരിത്യാഗികൾക്കെതിരിൽ നടന്ന യുദ്ധത്തിലും പിന്നീട് ജമൽ, സിഫ്ഫീൻ യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. അലി(റ) ഇദ്ദേഹത്തെ ഈജിപ്തിലേക്കു ഗവർണ്ണറായി നിശ്ചയിച്ചുവെങ്കിലും അവിടെ എത്തുന്നതിനു മുമ്പ് ഉമവികളുടെ ഏജന്റുമാർ ഇദ്ദേഹത്തെ വിഷം കൊടുത്ത് കൊലപ്പെടുത്തി. ഹിജ്റ 37ൽ.

30. രാത്രിയുടെ ഏകാന്തയാമങ്ങളിലുള്ള നമസ്കാരത്തിന്റെയും ഖുർആൻ പാരായണത്തിന്റെയും പ്രാർത്ഥനയുടെയും പ്രത്യേകതയാണീ വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ഹൃദയത്തെ അല്ലാഹുവിൽ ഏകാഗ്രമാക്കി നിറുത്തുവാനും അങ്ങനെ നാവുകൊണ്ടുച്ചരിക്കുന്ന വാക്കുകളെ അല്ലാഹുവിലേക്കു നേർക്കുനേരെ എത്തിക്കുവാനും അതുവഴി ഹൃദയത്തിനും മനസ്സിനും കരുത്ത് ആർജിക്കുവാനും ഏറ്റവും ഉതകുന്ന സമയമാണത്.

31. ഖാജാ ശംസുദ്ദീൻ മുഹമ്മദ് എന്ന ഹാഫിസ് ശീറാസി ഇറാനിൽ ജീവിച്ച മഹാകവിയാണ്. ക്രി.വ. 1315 ലാണ് ജനനം. 'ദീവാനെ ഹാഫിസ്' എന്ന കവിതാ സമാഹാരം ഇദ്ദേഹത്തിന്റെ വിശ്വോത്തരകൃതിയാണ്. ചെറുപ്പത്തിലേ ഖുർആൻ ഹൃദിസ്ഥമാക്കിയ ഹാഫിസ് ഒരു ഖുർആൻ വ്യാഖ്യാതാവുകൂടിയായിരുന്നു.

32. 'നഹ്ജുൽ ബലാഗ'യ്ക്കെഴുതിയ ആമുഖക്കുറിപ്പിൽ തന്നെയാണ് അദ്ദേഹം ഇത് രേഖപ്പെടുത്തിയിരിക്കുന്നത്.

33. ക്രി.വ. 1277ൽ ഇറാഖിലെ ഹില്ല എന്ന സ്ഥലത്ത് ജനിച്ച സബിയുദ്ദീൻ ഹില്ലിയുടെതാണ് 'ദുററുന്നുഹൂർ' എന്ന കവിതാസമാഹാരം. 1349ൽ ബഗ്ദാദിൽ വെച്ച് ഇദ്ദേഹം അന്തരിച്ചു.

34. ഹസ്രത്ത് അലി(റ)യുടെ ഒരടുത്ത ശിഷ്യനായിരുന്നു കുമൈൽ ഇബ്നുസിയാദ്(റ). അലി (റ) ഇദ്ദേഹത്തിന് പഠിപ്പിച്ച പ്രാർത്ഥന 'ദുആഉൽകുമൈൽ' എന്ന പേരിൽ അറിയപ്പെടുന്നു. ആഴ്ചയിൽ ഒരിക്കലെങ്കിലും ആ പ്രാർത്ഥന ചൊല്ലാൻ അലി(റ) അദ്ദേഹത്തോട് നിർദ്ദേശിച്ചു. ഏതൊരു 'മുഅ്മിനി'ന്റെ ഹൃദയത്തെയും അഗാധമായി സ്വാധീനിക്കുന്നതും കണ്ണിനെ ബാഷ്പമണിയിക്കുന്നതുമാണ് കുമൈൽ പ്രാർത്ഥനയിലെ വരികൾ.

35. പ്രാർത്ഥന മനുഷ്യന് അനുഷ്ഠിക്കാനുള്ള ഒരു കർത്തവ്യമാണ്. ലൗകികമായ ഫലസിദ്ധിക്കുവേണ്ടിയുള്ള ഒരു മാർഗ്ഗമായി മാത്രം അതിനെ എടുത്തുകൂടാ. പ്രാർത്ഥനയുടെ ആത്യന്തികമായ ലക്ഷ്യം ലൗകികമായ ഫലസിദ്ധിയാകുമ്പോൾ അത് ആരാധനയുടെ ഔന്നത്യത്തിൽ നിന്നിറങ്ങി താൽക്കാലികമായ കാര്യലാഭമോഹത്തിന്റെ തലത്തിലേക്ക് അധഃപതിക്കുന്നു. അല്ലാഹുവിന്റെ പരമമായ ശക്തിവിശേഷത്തോട് മനുഷ്യന് തന്നെ കൂടുതൽ അടുപ്പിക്കാനുള്ള അവസരം മാത്രമാണ് കഷ്ടപ്പാടിന്റെ വേളകൾ പോലും. നമ്മുടെ ഉദ്ദേശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും പരാതികൾക്കുമെല്ലാം ഉപരിയായി തന്റേതായ ഇച്ഛയ്ക്കനുസൃതം പ്രവർത്തിക്കുകയാണ് അല്ലാഹു ചെയ്യുന്നത്. പ്രാർത്ഥന അവൻ കേൾക്കും. എന്ത് ഉത്തരം ചെയ്യണമെന്ന് അവൻ നിശ്ചയിക്കും. ഏതിലാണ് പ്രാർത്ഥിക്കുന്നവന്റെ നന്മ എന്ന് അവനു മാത്രമേ അറിയൂ.

36. പരീക്ഷിച്ചിട്ടാണ് സത്യസന്ധരെയും വ്യാജവാദികളെയും അല്ലാഹു അറിയുക എന്നു പറഞ്ഞതിലെ അറിയൽകൊണ്ടുള്ള ഉദ്ദേശ്യം. അവരുടെ സത്യസന്ധതയുടെയും വ്യാജവാദത്തിന്റെയും ലക്ഷണങ്ങൾ പ്രവൃത്തിപഥത്തിൽ പ്രകടമാവുക പരീക്ഷണം വഴിക്കാണ് എന്നാണ്. അല്ലാഹുവിന്റെ സത്ത മുൻകൂട്ടി അറിഞ്ഞിട്ടല്ലാതെ യാതൊരു കാര്യവും പ്രത്യക്ഷലോകത്തോ പരോക്ഷലോകത്തോ നടക്കുന്നില്ല. അതിനാൽ അവന് എന്തെങ്കിലും അറിയാൻ പരീക്ഷിച്ചുനോക്കേണ്ടതില്ല.

37. ശാപം പ്രവാചകർ(സ) നിർദ്ദേശിക്കുകയോ അലി(റ) പ്രയോഗിക്കുകയോ ചെയ്തിരിക്കാൻ സാധ്യതയുണ്ടോ എന്നിവിടെ സംശയിക്കാവുന്നതാണ്. ''സത്യവിശ്വാസി ശാപം കൂറുന്ന സ്വഭാവക്കാരനല്ല'' എന്നു നബി(

സ) തന്നെ പറഞ്ഞിട്ടുള്ള സ്ഥിതിക്കു വിശേഷിച്ചും. എന്നാൽ ശാപം അർഹിക്കുന്നവരെ ശപിക്കുന്നത് ഒരാളുടെ സൽസ്വഭാവത്തിനോ പൂർണ്ണതക്കോ എതിരാകുന്നില്ലെന്നു മനസ്സിലാക്കാം. തിന്മയോടുള്ള ശക്തമായ വൈരാഗ്യത്തിന്റെ പ്രകടനമേ അതാകുന്നുള്ളൂ. മേൽപ്പറഞ്ഞ നബിവാക്യം ശാപം ഒരു സ്വഭാവമാക്കുന്നതിനെയാണ് എതിർക്കുന്നത്. ഖുർആനിൽ 'അൽബഖറ' സൂറ 159ൽ ഇങ്ങനെ കാണാം: ''നാം അവതരിപ്പിച്ച സന്മാർഗ്ഗവും, തെളിവുകളും, നാമത് വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്കു വിവരിച്ചുകൊടുത്തതിനുശേഷം, മറച്ചുവെക്കുന്നവരുണ്ടല്ലോ, അവരെ അല്ലാഹു ശപിക്കുന്നു. ശപിക്കാനറിയുന്ന എല്ലാവരും അവരെ ശപിക്കുന്നു.'' മുഹമ്മദ് നബി(സ)യെക്കുറിച്ച് പൂർവ്വവേദങ്ങളിൽ വന്ന വചനങ്ങൾ ഒളിപ്പിച്ചുവെക്കാൻ ശ്രമിച്ച ജൂത-ക്രൈസ്തവ പുരോഹിതന്മാരെക്കുറിച്ചാണ് ഈ വാക്യം അവതരിച്ചതെന്ന് വ്യാഖ്യാനങ്ങളിൽ കാണാം. ''യിസ്രായേൽ സന്തതികളിലെ അവിശ്വാസികൾ, അവരുടെ ദൈവധിക്കാരവും അതിരുകവിയലും ഹേതുവായി. ദാവൂദ്(അ)ന്റെയും മർയമിന്റെ മകൻ ഈസാ(അ)യുടെയും നാക്കിലൂടെ ശപിക്കപ്പെട്ടത് 'അൽമാഇദ' സൂറ 78ൽ വായിക്കാം. 'സ്വഹീഹുമുസ്‌ലിമി'ൽ, സമുദായ നേതൃത്വത്തിന്റെ യോഗ്യതയെപ്പറ്റി വിവരിക്കുന്നിടത്ത്, നബി(സ) ഇങ്ങനെ പറഞ്ഞിട്ടുള്ളതായി കാണാം. ''നിങ്ങളുടെ നല്ല നേതാക്കൾ നിങ്ങൾ സ്നേഹിക്കുകയും നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങൾ ഉൾപ്പെടുത്തുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ്. നിങ്ങളുടെ ചീത്ത നേതാക്കൾ. നിങ്ങൾ വെറുക്കുകയും നിങ്ങളെ വെറുക്കുകയും നിങ്ങൾ ശപിക്കുകയും നിങ്ങളെ ശപിക്കുകയും ചെയ്യുന്നവരാണ്. ''മുസ്‌ലിംകൾ തങ്ങളുടെ പിഴച്ച നേതാക്കളെ ശപിക്കുമെന്നതിന്റെ സൂചന ഈ വചനത്തിൽ കാണാമല്ലോ.

38. അലി(റ) നിർബന്ധിതനായാണെങ്കിലും മുആവിയ്യയുമായി സന്ധിയിലേർപ്പെട്ട് സിഫ്ഫീൻ യുദ്ധം നിറുത്തിയത് ശരിയായില്ല എന്നു പറഞ്ഞുകൊണ്ട് രൂപംകൊണ്ട ഒരു കക്ഷിയാണ് ഖവാരിജ്. കൂഫക്കടുത്തുള്ള ഹറൂറായിൽ ഒരുമിച്ചുകൂടിയ ഇവർ മുഴുവൻ മുസ്‌ലിംകളെയും കാഫിറുകളായി പ്രഖ്യാപിക്കുകയും അവരുടെ രക്തം ചിന്തുന്നത് അനുവദനീയമായി ഗണിക്കുകയും ചെയ്തു. അലി(റ)ക്ക് ബഗ്ദാദിനടുത്തുള്ള നഹ്റവാനിൽ വെച്ച് ഇവരുമായി ഏറ്റുമുട്ടേണ്ടിവരികയുണ്ടായി. ഉഹാകുബ്നു ഖൈസ് ഖതരി. കവിയായിരുന്ന ഇമ്രാനുബ്നു ഹത്താൻ, തർമാഹുബ്നു ഹകീം എന്നിവർ ഈ കക്ഷിയുടെ അറിയപ്പെട്ട നേതാക്കളായിരുന്നു. പിന്നീടവർ പല സംഘങ്ങളായി ഭിന്നിക്കുകയുണ്ടായി. കൂട്ടത്തിൽ 'ഇബാളികൾ' എന്ന ഒരു സംഘം ലിബിയ, അൾജീരിയ, തുനീഷ്യ എന്നീ ആഫ്രിക്കൻ രാജ്യങ്ങളിൽ ഇന്നുമുണ്ട്.

39. ഖുർആൻ സത്യമാണെന്നതിനും ദൈവത്തിന്റെ സാന്നിധ്യം എല്ലായിടത്തുമുണ്ടെന്നതിനുമുള്ള സൂചനകൾ പ്രപഞ്ചത്തിലാകെയും, മനുഷ്യരിൽ തന്നെയുമുണ്ടെന്നാണിതിന്റെ സാരം. കൂടുതൽ അറിയാൻ ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ് പ്രസിദ്ധപ്പെടുത്തിയ മുർത്തസാ മുതഹ്ഹരിയുടെ 'തൗഹീദിന്റെ പ്രപഞ്ചവീക്ഷണം' എന്ന കൃതി കൂടി കാണുക.

40. ഐഹികലോകവും പാരത്രികലോകവും തമ്മിലുള്ള അഭേദ്യബന്ധമാണിതിൽ സൂചിപ്പിച്ചിരിക്കുന്നത്. ഐഹികലോകത്ത് മനുഷ്യൻ വിശ്വസിച്ചതും ചെയ്തതുമായ കാര്യങ്ങളാണ് അവന്റെ പാരത്രിക വ്യക്തിത്വത്തിന് രൂപംകൊടുക്കുന്നത്. ഐഹിക ലോകത്തിന്റെ മറുപുറമാണ് പാരത്രികലോകം. ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ് പ്രസിദ്ധപ്പെടുത്തിയ മുർത്സാ മുതഹ്ഹരിയുടെ മനുഷ്യന്റെ അനശ്വരതയും പാരത്രിക ജീവിതവും എന്ന കൃതിയിൽ ഇത്തരം കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

41. മനുഷ്യന്റെ ഹൃദയശാന്തി കെടുത്തുന്നത് ജീവിതക്ലേശങ്ങളും ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയുമായിരിക്കും. അപ്രകാരം, തന്നെ അനാഥത്വബോധവും ഏകാന്തതയും. എന്നാൽ, സർവ്വശക്തനും പരമകാരുണികനുമായ ദൈവത്തിന്റെ മേൽനോട്ടത്തിലും സജീവമായി സന്നിധിയിലുമാണ് താൻ ജീവിക്കുന്നതെന്ന ഉറച്ച വിശ്വാസം ഇതിൽനിന്നെല്ലാം അവനെ വിമുക്തമാക്കുന്നു. ഏത് പ്രതിസന്ധിയിലും പ്രതികൂലഘട്ടത്തിലും അവന് സുരക്ഷാബോധം കിട്ടും. ഈ വിശ്വാസം മൂലം ഹൃദയശാന്തി ശാരീരികമായ സുഖങ്ങളെയോ ബാഹ്യോപാധികളെയോ ആസ്പദമാക്കിയുള്ളതല്ല. ആന്തരികമായ ഇച്ഛാശക്തിയും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയുമാണ് അതിന്റെ അടിസ്ഥാനം. ദൈവബോധം കൊണ്ടല്ലാതെ ഇതുരണ്ടും എങ്ങനെ സിദ്ധിക്കാനാണ്? എന്നാൽ, അല്ലാഹുവിനെ ഓർക്കുന്നതുമൂലം വിശ്വാസിയുടെ ഹൃദയത്തിന് ഭയവും വിറയും അനുഭവപ്പെടുമെന്നു കാണിക്കുന്ന മറ്റൊരു വാക്യമുണ്ട്. ഖുർആനിൽ (അൽ അൻഫാൽ 2) ഇതു രണ്ടും തമ്മിൽ വൈരുദ്ധ്യമില്ല. കാരണം, തന്നെ വിസ്മയിപ്പിക്കുകയും വിറപ്പിക്കുകയും ചെയ്യുന്ന മാഹാത്മ്യവും ഗാംഭീര്യവുമുള്ള ശക്തിയുടെ തണലിൽ മാത്രമേ ഒരാൾക്ക് തന്റെ സുരക്ഷ കണ്ടെത്താനും കഴിയൂ. ഭയം അല്ലാഹുവിന്റെ മഹത്വത്തിന്റെ മുമ്പിലും, ശാന്തി അവന്റെ കാരുണ്യത്തിലുള്ള പ്രതീക്ഷയിലുമാണ്.

42. പ്രസിദ്ധ ഇറാനിയൻ ചിന്തകനായ മുല്ലാ സദ്റ മനുഷ്യന്റെ ആത്മീയ യാത്രയെ ഇങ്ങനെ നാലായി വിവരിച്ചിട്ടുണ്ട്.

43. ജനങ്ങൾ ഖുർആനോട് കാട്ടിയ വൈമുഖ്യം നബി(സ)യെ മാരകമായ വിധത്തിൽ വേദനിപ്പിച്ചതാണ് ഈ വാക്യം അവതരിച്ച പശ്ചാത്തലം ഇതുൾക്കൊള്ളുന്ന 'അൽകഹ്ഫ്' സൂറ മക്കയിലായിരിക്കുമ്പോഴാണ് നബി(സ) ക്കവതരിച്ചത്. മൂലത്തിലെ 'അൽഹദീസ്' എന്ന വാക്കിനാണ് 'വിളംബരം' എന്നു പരിഭാഷ എഴുതിയിരിക്കുന്നത്. ഖുർആനെ ഉദ്ദേശിച്ചാണിത്.

44. ജനങ്ങൾക്കുവേണ്ടിയുള്ള നബി(സ)യുടെ മന:ക്ലേശത്തെയാണ് ഈ വാക്യവും ധ്വനിപ്പിക്കുന്നത്. ഇതുൾക്കൊള്ളുന്ന 'താഹാ' സൂറ അവതരിച്ചതും നബി(സ) മക്കയിൽ നിന്നും മദീനയിലേക്കു മാറിത്താമസിക്കുന്നതിന്റെ മുമ്പാണ്. അതായത്, ജനങ്ങൾ ഇസ്‌ലാം സ്വീകരിക്കാൻ വിസമ്മതം കാട്ടുകയും നബി(സ)യെയും കൂട്ടുകാരെയും കഠിനമായി ദ്രോഹിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലത്ത്.

45. ഇമാം ഹാഫിസ് ഇബ്നു കസീർ അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാനത്തിൽ ഈ വാക്യം വിശദീകരിക്കുന്നിടത്ത് ഉദ്ധരിച്ച ഒരു സംഭവം ഇവിടെ എടുത്തെഴുതുകയാണ്. ''ഒരു ഗ്രാമീണൻ സഹായാഭ്യർത്ഥനയുമായി നബി(സ)യുടെ സന്നിധിയിലെത്തി. നബി(സ) അയാൾക്കെന്തോ കൊടുത്തിട്ട് ചോദിച്ചു: 'ഞാൻ തന്നത് താങ്കൾക്ക് ഉപകാരത്തിനു മാത്രമായോ?' അയാൾ: 'ഇല്ല. അങ്ങ് ചെയ്തത് ഒട്ടും നന്നായില്ല!' ഇത് കേട്ട ചില മുസ്ലിംകൾ കുപിതരായി ഗ്രാമീണന്റെ നേരെ എഴുന്നേറ്റു. നബി(സ) അവരോട് അടങ്ങിയിരിക്കാൻ ആംഗ്യം കാട്ടി. അങ്ങനെ അവിടുന്ന് എഴുന്നേറ്റ് വീട്ടിൽ ചെന്ന് ഗ്രാമീണനെ അങ്ങോട്ട് വിളിപ്പിച്ചു. അയാൾ എത്തിയപ്പോൾ നബി(സ) 'സഹായാഭ്യർത്ഥനയുമായി നമ്മുടെയടുക്കൽ വന്നിട്ട് നാം തന്നത് പോരെന്നാണല്ലോ താങ്കൾ പറഞ്ഞത്' എന്നും പറഞ്ഞുകൊണ്ട് അയാൾക്ക് കുറെ കൂടുതൽ കൊടുത്തു. എന്നിട്ടു ചോദിച്ചു: ഇപ്പോൾ ഉപകാരത്തിനു മാത്രമായോ?' അയാൾ 'ആയി, അല്ലാഹു അങ്ങേക്ക് വീട്ടിലും കുടുംബത്തിലും നല്ലത് വരുത്തട്ടെ' നബി(സ) അയാളോട്: 'നമ്മുടെയടുക്കൽ സഹായത്തിനായി വന്നിട്ട് സഹായം ചെയ്തപ്പോൾ താങ്കൾ പ്രതികരിച്ച രീതി എന്റെ സഖാക്കൾക്ക് അരോചകമായിട്ടുണ്ട്. താങ്കൾ ഇവിടെവെച്ച് പറഞ്ഞ ഇതേ വാക്ക് അവരുടെ മുമ്പിൽ വെച്ചും ആവർത്തിക്കുകയാണെങ്കിൽ അവരുടെ മനസ്സിലെ അരുചി നീങ്ങിക്കൊള്ളും. എന്താ?' ഗ്രാമീണൻ സമ്മതിച്ചു. സദസ്സിൽ വെച്ച് നബി(സ) ഗ്രാമീണനെ സൂചിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ഈ സുഹൃത്ത് നമ്മുടെയടുക്കൽ സഹായത്തിന് വന്നിട്ട് നാം കൊടുത്തത് പോരാ എന്നു പറഞ്ഞ് സംസാരിച്ചത് നിങ്ങൾ കേട്ടതാണ്. വീട്ടിലേക്കു വിളിപ്പിച്ച് വീണ്ടും കൊടുത്തതിനാൽ അദ്ദേഹം ഇപ്പോൾ തൃപ്തനാണ്.' (ഗ്രാമീണന്റെ നേരെ തിരിഞ്ഞുകൊണ്ട്) 'അല്ലെ, ഗ്രാമീണ സുഹൃത്തെ?' ഗ്രാമീണൻ: 'അതെ, അല്ലാഹു അങ്ങേക്ക് വീട്ടിലും കുടുംബത്തിലും നല്ലത് വരുത്തട്ടെ!' അയാൾ സ്ഥലം വിട്ടശേഷം നബി(സ) അവിടെക്കൂടിയവരോട്: 'ഒരാൾക്ക് ഒരു ഒട്ടകമുണ്ടായിരുന്നു. ഒരു ദിവസം ഒട്ടകം ഉടമയോട് മോട്ട് കാട്ടി പാഞ്ഞുപോയി. ജനക്കൂട്ടം അതിന്റെ പിന്നാലെയും പാഞ്ഞു. ഒട്ടകം അകന്നകന്നു പോയതേയുള്ളൂ. അന്നേരം ഉടമ ജനക്കൂട്ടത്തോടു പറഞ്ഞു: 'നിങ്ങൾ എന്നെയും എന്റെ ഒട്ടകത്തെയും പാട്ടിനു വിട്ട് പൊയ്ക്കൊള്ളുക. അതിനെ ഞാൻ പിടിച്ചുകൊണ്ടുവന്നുകൊള്ളാം. എനിക്കതിന്നറിയും.' അയാൾ അടുത്ത പ്രദേശത്തുനിന്ന് കുറേ പുല്ല് പറിച്ചെടുത്ത് അതുമായി പതുക്കെ അതിനെ വിളിച്ചു. അപ്പോൾ അത് തിരിച്ചുവന്നു. ഉടമ ഒട്ടകക്കട്ടിലെടുത്ത് അതിന്റെ മുതുകിൽ കെട്ടി യാത്രയായി. ഈ ഒട്ടകത്തോട് അതിന്റെ ഉടമയ്ക്കുള്ള ബന്ധമാണ് എനിക്ക് ആ ഗ്രാമീണനോടുള്ളത്. അയാൾ പരുഷമായി പ്രതികരിച്ചപ്പോൾ നിങ്ങളെപ്പോലെ ഞാനും അയാളോട് പെരുമാറിയിരുന്നെങ്കിൽ അയാൾ നരകത്തിലേക്കാണെത്തുക.'

46. ഉസ്മാൻ ഇബ്നു ഹുനൈഫ് ഹസ്രത്ത് അലി(റ) ബസറയിലേക്കു നിയോഗിച്ച ഗവർണ്ണർ.

47. 'അൽ ഫത്ഹ്' സൂറ അവസാനിക്കുന്നത് ഈ വാക്യത്തോടെയാണ്. 'ഫത്ഹ്' എന്നാൽ 'വിജയം'. നബി(സ)ക്കും അനുയായികൾക്കുമുണ്ടായ ഒരു മഹാവിജയത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ടാണ് ഈ സൂറ തുടങ്ങുന്നത്. ഹുദൈബിയ്യായിലെ സന്ധിയാണ് ആ വിജയം. ഹി.വ. ആറിലാണത് നടന്നത്. പ്രത്യക്ഷത്തിൽ, ഒരു കീഴടങ്ങലായിട്ടാണ് അന്ന് നബി(സ)യുടെ അനുയായികളിൽ ഹസ്രത്ത് ഉമർ(റ) ഉൾപ്പെടെ പലരും അതിനെ വിലയിരുത്തിയത്. ഉംറ നിർവ്വഹിക്കാൻ പോയ നബി(സ)ക്കും അനുയായികൾക്കും അത് നിർവ്വഹിക്കാതെ മടങ്ങേണ്ടിവന്നതായിരുന്നു കാരണം. എന്നാൽ ആ സന്ധി ഒരു വമ്പിച്ച വിജയമായിരുന്നുവെന്ന് പിന്നീട് വ്യക്തമായി. ഇവിടെയുദ്ധരിച്ചിരിക്കുന്ന 29-ാം വാക്യം നബി(സ)യുടെയും അനുയായികളുടെയും യഥാർത്ഥ സ്വഭാവവും നിലപാടും വിവരിക്കുന്നതാണ്. തമ്മിൽ തമ്മിൽ കാരുണ്യവും, സത്യത്തിന്റെ വിരോധികളോട് കഠിനമായ വിരോധവുമുണ്ടായിരിക്കുകയെന്നതാണ് അവരുടെ പ്രധാന ഗുണം. ഭക്തിയും സാമൂഹിക പ്രവർത്തനവും, വിശ്വാസവും സൽകർമ്മവും ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു.

48. നമസ്കാരത്തിലെന്നപോലെ ഇസ്ലാം അതിന്റെ അണികളെ നിരത്തിനിർത്തുന്നുവെന്നതാണ് ഈ വാക്യത്തിൽനിന്നു ഗ്രഹിക്കേണ്ട ഒരു പൊരുൾ. ഇതുൾക്കൊള്ളുന്ന 'അസ്സ്വഫ്ഫ്' സൂറ നബി(സ)യുടെ മദീനാ ജീവിതത്തിലാണവതരിച്ചത്.

49. ഇതിന്റെ തൊട്ടു മുമ്പത്തെ വാക്യത്തിന്റെ തുടർച്ചയും അതിന്റെ അർത്ഥം പൂർത്തിയാക്കുന്നതുമാണ് ഈ വാക്യം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു ആ വാക്യം. ഇതാകട്ടെ, ജിഹാദിനിറങ്ങുന്നവരുടെ ഗുണഗണങ്ങൾ വിവരിക്കുന്നു. ഇതിനിലയ്ക്കു തന്നെ ഇമാം സൈനുൽ ആബിദീൻ(റ) വ്യഖ്യാനിച്ച ഒരു ചരിത്ര സംഭവമുണ്ട്. ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ് പ്രസിദ്ധപ്പെടുത്തിയ ആയത്തുല്ലാ തലഗാനിയുടെ 'ജിഹാദും ശഹാദത്തും' എന്ന പുസ്തകത്തിൽ അത് വായിക്കാം. (പുറം 50).

50. സ്വർഗ്ഗവും അല്ലാഹുവിന്റെ സംതൃപ്തിയും വാഗ്ദാനം ചെയ്യപ്പെട്ട ഭക്തരുടെ (മുത്തഖികൾ) വിശേഷണങ്ങൾ വിവരിക്കുന്നിടത്താണീ വാക്യം വരുന്നത്.

51. 'ഹുജ്ജത്ത്' എന്നാൽ തെളിവ്. ഇസ്നാ അശരി ശീഇകളുടെ പന്ത്രണ്ടാമത്തെ ഇമാമും, ഇറാഖിലെ സാമ്രായിൽ 75-ാം വയസ്സിൽ അപ്രത്യക്ഷനായി ഇന്നും പരോക്ഷമായ ഏതോ ഇടത്ത് ജീവിച്ചിരിക്കുന്നുവെന്നും ലോകാവസാനത്തിന്റെ മുമ്പ് ഭൂമിയിലാകെ നീതിയും ന്യായവും നടപ്പിലാക്കാൻ ഇറങ്ങിവരുമെന്നും വിശ്വസിക്കപ്പെടുന്നയാളുമായ ഇമാം മഹ്ദി(റ)യുടെ അഭിധാനങ്ങളിലൊന്നാണിത്.

52. മദീനാ പള്ളിയിലെ അന്തേവാസികളായിരുന്ന ഏതാനും സ്വഹാബികളാണ് 'അസ്ഹാബുസ്സുഫ്ഫ' എന്നറിയപ്പെട്ടത്. അറിവിനും ആരാധനയ്ക്കും വേണ്ടി പള്ളിയുടെ ചെരിവിൽ കെട്ടിമറച്ച ഒരിരിപ്പിടത്തിൽ സദാ കഴിഞ്ഞിരുന്ന ഇവർ നബി(സ)യുടെ കാവൽഭടന്മാർ കൂടിയായിരുന്നു. നബി(സ)യുടെ കാലത്തെ സൂഫികളായിട്ടാണ് ഇവരെ പറയുന്നത്. സൂഫി എന്ന പദം ഉത്ഭവിച്ചതുതന്നെ ഇപ്പേരിൽനിന്നാണെന്നു അഭിപ്രായമുണ്ട്. ഇതിൽ എഴുപത് പേർ അർദ്ധനഗ്നരായിരുന്നുവെന്ന് അബൂഹുറൈറ(റ) പറഞ്ഞത് ബുഖാരിയിൽ കാണാം.

53. ദൈവികമായ സഹായത്തിനും ശക്തിക്കും അർഹത നൽകുന്ന രണ്ടു സംഗതികളാണ് പ്രാർത്ഥനയും (നമസ്കാരം) സഹനവും. സഹനം മൂന്നുതരമുണ്ട്. സൽകർമ്മം ചെയ്യാൻ ദേഹേച്ഛയെ തോൽപ്പിക്കേണ്ടിവരുമ്പോൾ ആവശ്യമാകുന്ന സഹനം, ചെയ്യാൻ പാടില്ലാത്തത് ചെയ്യാതിരിക്കാനുള്ള സഹനം, പ്രകൃതി വിപത്തുകളോ, ദാരിദ്ര്യം, രോഗം മുതലായവയോ ബാധിക്കുമ്പോഴത്തെ സഹനം. ഈ മൂന്ന് തരം സഹനവും മനുഷ്യന് കരുത്തും ആർജവവും പ്രദാനം ചെയ്യുന്നതും ദൈവിക സഹായത്തിന് അവനെ യോഗ്യനാക്കുന്നതുമാണ്. സാമൂഹിക ജീവിതത്തിലാണ് സഹനത്തിന് ഏറെ പ്രസക്തിയുള്ളത്. "ജനങ്ങൾക്കിടയിൽ അവരിൽനിന്നുള്ള ശല്യങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് ജീവിക്കുന്ന സത്യവിശ്വാസിയാണ് ജനങ്ങളിൽ നിന്ന് വിട്ട് ജീവിക്കുന്ന സത്യവിശ്വാസിയേക്കാൾ ഉത്തമൻ'' എന്ന് നബി(സ) പഠിപ്പിച്ചിട്ടുള്ളതാണ്.

54. നബി(സ)യുടെ കാലത്ത് 'ബാങ്കി'ൽ ഹയ്യ അലസ്സലാത്ത്, ഹയ്യ അലൽ ഫലാഹ് എന്നിവയ്ക്കുശേഷം 'ഹയ്യ അലാ ഖൈറിൽ അമൽ' എന്നൊരു വാക്യം കൂടി ഉണ്ടായിരുന്നുവെന്നും രണ്ടാം ഖലീഫ ഹസ്രത്ത് ഉമർ(റ) അതൊഴിവാക്കുകയാണുണ്ടായതെന്നും അൽ ഖുശൈഹി (മരണം ഹി.വ. 879)യുടെ 'ശറഹുത്തജ്‌രീദ്' എന്ന ഗ്രന്ഥത്തിൽ കാണുന്നു. ഇത് എത്രത്തോളം വിശ്വാസ്യമാണാവോ? ഏതായാലും ശിയാക്കൾ ഈ വാക്യം കൂടി ചേർത്താണ് ബാങ്ക് വിളിക്കാറ്. എന്നാൽ 'ഹയ്യഅലതൈനി' (രണ്ടു ഹയ്യഅലകൾ) എന്നാണ് പ്രചാരത്തിലുള്ള പ്രയോഗം. 'അർബഉ ഹയ്യഅലാത്ത്' (നാലു ഹയ്യഅലകൾ) എന്നില്ല.

55. പേർഷ്യയും റോമുമാണ് ഹസ്രത്ത് ഉമറി(റ)ന്റെ കാലത്ത് മുസ്‌ലിംകൾ പടവെട്ടി ജയിച്ചടക്കിയതായിപ്പറഞ്ഞ സാമ്രാജ്യങ്ങൾ. ഖാദിസിയ്യാ യുദ്ധത്തിൽ പേർഷ്യയും യർമൂക്ക് യുദ്ധത്തിൽ റോമും മുസ്‌ലിംകൾക്ക് കീഴടങ്ങി.

56. 'സുബ്ഹ്' നമസ്കാരത്തിനുള്ള ബാങ്കിൽ 'അസ്സ്വലാത്തു ഖൈറുൻ മിനന്നൗമി' എന്ന വാക്ക് നബി(സ)യുടെ കാലത്തുണ്ടായിരുന്നില്ല. ഉമർ(റ)ആണ് അത് കൂട്ടിയത് എന്ന് ഇമാം മാലിക്(റ)ന്റെ മുവത്ത, അബൂദാവൂദിന്റെ സുനൻ, തിർമുദിയുടെ സ്വഹീഹ് എന്നിവയിൽ കാണാം. പക്ഷെ, ഇമാം അഹ്മദ്(റ) ബിലാൽ ആദ്യമായി ബാങ്ക് കൊടുത്തത് രേഖപ്പെടുത്തിയേടത്ത് സുബ്ഹ് നിസ്കാരത്തിന്റെ ബാങ്കിൽ 'അസ്സലാത്തു ഖൈറുൻ മിനന്നൗമി' എന്നുകൂടി കൂട്ടിച്ചേർത്തിട്ടുള്ളത് കാണാം. ശിയാക്കൾ 'അസ്സ്വലാത്തു ഖൈറുൻ മിനന്നൗമി' എന്നു ചേർത്തുവിളിക്കാറില്ല.

57. ഇറാനിൽ സാസാനിദ് കാലഘട്ടത്തിലെ മൂന്നു രാജാക്കന്മാർ ഷാപ്പൂർ എന്ന പേരുള്ളവരുണ്ട്.

58. 'നഹ്ജുൽ ബലാഗ'യിലെ 51-ാം പ്രഭാഷണമാണിത്. ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ് പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് പതിപ്പ് പുറം 181. ഈ സംഭവത്തിന്റെ വിവരണം അവിടെ അടിക്കുറിപ്പായി കൊടുത്തിട്ടുണ്ട്.

59. ഇസ്നാ അശരിശീഇകളുടെ ആറാമത്തെ ഇമാമാണ് ജഅ്ഫർ ഇബ്നു മുഹമ്മദ് അസ്സാദിഖ്(റ). ജീവിതകാലം ഹി.വ. 83-148. ഇമാം ജനിച്ചതും രക്തസാക്ഷിത്വം വരിച്ചതും മദീനയിൽ വെച്ചാണ്. അബ്ബാസി ഖലീഫ മൻസൂറിന്റെ നിർദ്ദേശപ്രകാരം വിഷം കൊടുത്താണ് അദ്ദേഹത്തെ കൊന്നത്. മദീനയിലെ ബഖീ അ ശ്മശാനത്തിലാണ് അദ്ദേഹത്തെ മറവു ചെയ്തത്. ജഅ്ഫറുസ്സാദിഖിന്റെ കർമശാസ്ത്ര സരണിയാണ് 'ജഅ്ഫരീ മദ്ഹബ്' ഇമാം അബൂഹനീഫ, ഇമാം മാലിക്, ഖാസി അബുൽ ബക്തരി തുടങ്ങിയ പ്രമുഖർ ഇമാമിന്റെ ശിഷ്യരാണ്. 'തിബ്ബുസ്സാദിഖ്' എന്ന പേരിലുള്ള വൈദ്യഗ്രന്ഥം ഇമാമിന്റെ നിർദ്ദേശങ്ങളടങ്ങിയതാണ്.

60. അബ്ദുർറഹ്മാൻ ഇബ്നു മുൽജമാണ് ഇമാം അലി(റ)യെ വെട്ടിയത്. ഇയാൾ ഖവാരിജ് കക്ഷിക്കാരനാണ്. നേരത്തെത്തന്നെ ഇയാൾ അലി(റ)യോട് കടുത്ത പകവെച്ചു നടക്കുകയായിരുന്നു. ചിലരൊക്കെ ആ അപകടകാരിയെ കൊന്നുകളയാൻ ആദ്യമേ അലി(റ)യോടാവശ്യപ്പെട്ടിരുന്നു. അതിന് അലി(റ)യുടെ മറുപടി ഇതായിരുന്നു: ''ഒരാൾ കുറ്റം ചെയ്യുന്നതിനുമുമ്പേ ഞാൻ അയാളെ ശിക്ഷിക്കണമെന്നോ? അയാൾ എന്റെ ഘാതകനാണെങ്കിൽ എന്റെ ഘാതകനെ എനിക്കെങ്ങനെ കൊല്ലാൻ കഴിയും? അയാൾ എന്നെ കൊല്ലട്ടെ, ഞാൻ അയാളെ കൊല്ലാതെ.''

61. ബുദ്ധിക്ക് മതനിയമങ്ങൾ മനസ്സിലാക്കുന്നതിനുള്ള പങ്ക് വളരെ വലുതാണ്. മനുഷ്യന്റെ ഏറ്റവും വലിയ നേട്ടം ബുദ്ധിയാണെന്നും അത് അതിന്റെ ഉടമയെ നേർവഴിക്കു നയിക്കുകയും നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നുവെന്നും ഒരു നബിവചനത്തിൽ വന്നിട്ടുണ്ട്. എല്ലാറ്റിനും ഒരാശ്രയമുണ്ടെന്നും മനുഷ്യപ്രയത്നങ്ങളുടെ ആശ്രയം അവന്റെ ബുദ്ധിയാണെന്നും മറ്റൊരു നബിവചനത്തിലും. ''ഞങ്ങൾ കേൾക്കുകയും ബുദ്ധി ഉപയോഗിക്കുകയും ചെയ്തിരുന്നെങ്കിൽ നരകാവകാശികളിൽ ഉൾപ്പെടുമായിരുന്നില്ല.'' എന്നു നരകവാസികൾ വിലപിക്കുന്നത് ഖുർആൻ (അൽമുൽക്ക്: 10) എടുത്തുപറഞ്ഞിരിക്കുന്നത് ബുദ്ധിയുടെ സ്ഥാനമെന്തെന്ന് പഠിപ്പിക്കാനാണ്.

62. കാലിനു ശക്തിയില്ലെങ്കിൽ നടക്കാനാവില്ല. കൈക്കു ശക്തിയില്ലെങ്കിൽ പിടിക്കാനാവില്ല, ബുദ്ധിക്കു ശക്തിയില്ലെങ്കിൽ ചിന്തിക്കാനാവില്ല. ഇങ്ങനെ എന്തിനു ശക്തിയില്ലയോ അത് വിഫലമായിരിക്കും. ശക്തിയുടെ ഈ പ്രാധാന്യം പണ്ടുമുതൽക്കേ മനുഷ്യൻ മനസ്സിലാക്കിയിട്ടുണ്ട്. ''കയ്യൂക്കുള്ളവൻ കാര്യക്കാരൻ'' എന്നത് കാട്ടുനീതിയാണല്ലോ.

63. വൈകാരികമായും ബുദ്ധിപരമായും കാര്യങ്ങളെ സമീപിക്കുന്നതിനെ എതിർക്കുന്നവരായിരുന്നു ഇവർ.

64. ഫ്രെഡറിക് നീഷെ ലോകപ്രശസ്തനായ തത്വചിന്തകനാണ്. ജനനം ജർമ്മനിയിലെ സാക്സണിൽ. ജീവിതകാലം 1844-1900. അതിമാനുഷ സങ്കൽപമാണ് അദ്ദേഹത്തിന്റെ ദർശനത്തിന്റെ അടിസ്ഥാനം. പൂർണ്ണമായ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അവസരം കണ്ടെത്തുന്നവനാണത്രെ അതിമാനുഷൻ. തനി നിഷേധിയായ നീഷെ ഒട്ടേറെ കൃതികൾ രചിച്ചിട്ടുണ്ട്.

65. ഇമാം മഹ്ദി(റ) നീതിയിലധിഷ്ഠിതമായ ഒരു ലോക ഭരണകൂടമാണ് സ്ഥാപിക്കുക. മഹ്ദി(റ)യുടെ പുറപ്പാടിനെക്കുറിച്ച് സുന്നി മാർഗ്ഗത്തിലൂടെയും ശിയാ മാർഗ്ഗത്തിലൂടെയും ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്. അബൂസഈദുൽ ഖുദ്‌രി(റ) പറഞ്ഞതായി അബൂദാവൂദും തിർമുദിയും ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: ''മഹ്ദി എന്നിൽ

പെട്ടവനാണ്. തിളങ്ങുന്ന തെറ്റിത്തടവും വളഞ്ഞ നാസികയുമായിരിക്കും അദ്ദേഹത്തിന്. അക്രമവും അനീതിയും നിറഞ്ഞ ഭൂമിയെ അദ്ദേഹം നീതിയും ന്യായവും കൊണ്ട് നിറക്കും''. മിശ്ക്കാത്തുൽ മസാബീഹ്, പുസ്തകം 23, അധ്യായം 3ൽ ഇങ്ങനെ കാണാം: നബി(സ) പറഞ്ഞു: "മഹ്ദിയുടെ കാലത്ത് യഥേഷ്ടം മഴയുണ്ടായിരിക്കും. ആകാശഭൂമികളിൽ വസിക്കുന്ന എല്ലാവരും അദ്ദേഹത്തിൽ സംതൃപ്തരായിരിക്കും. മനുഷ്യജീവിതം വളരെ സന്തോഷത്തോടു കൂടിയായിരിക്കും കടന്നുപോവുക. എത്രത്തോളമെന്നാൽ, മരിച്ചുപോയവരെല്ലാം വീണ്ടും ജീവിച്ചുവന്നെങ്കിൽ എന്ന് അക്കാലത്തുള്ളവർ ആഗ്രഹിച്ചുപോകും.''

66. ഇസ്‌ലാമിൽ 'ജിഹാദ്' അല്ലാഹുവിന്റെ മാർഗ്ഗത്തിലായെങ്കിലേ അനുവദിക്കപ്പെടുകയും സ്വീകരിക്കുപ്പെടുക യുമുള്ളൂ. യുദ്ധം ചെയ്യാൻ ആഹ്വാനം ചെയ്യുന്നിടത്തൊക്കെ ഖുർആൻ 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ' (ഫീ സബീ ലില്ലാഹ്) എന്നു പറഞ്ഞുകൊണ്ട് അതിനെ വ്യവസ്ഥപ്പെടുത്തുന്നതു കാണാം.

67. സഅദിയുടെ പ്രസിദ്ധമായ 'ഗുലിസ്താനി' ലുള്ളതാണ് ഈ വരികൾ. ക്രി.വ. 1194നും 1292നുമിടക്കാണ് സഅദിയുടെ ജീവിതകാലം. ഗൊയ്ഥെ, എമേഴ്സൺ മുതലായ പാശ്ചാത്യൻ എഴുത്തുകാർ സഅദിയെ ധാരാളം ഉദ്ധരിച്ചിട്ടുണ്ട്.

68. യൂസുഫ് നബി(അ)യുടെ കഥ ''കഥകളിൽ ഏറ്റവും മനോഹരമായത്'' (അഹ്സനുൽ ഖസസ്) എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് ഖുർആൻ വിവരിക്കാൻ തുടങ്ങുന്നത്.

69. മുർത്തസാ മുതഹ്ഹരിയെ തത്വശാസ്ത്രം പഠിപ്പിച്ച ഗുരുവാണ് ഇറാനിൽ 1979 നവംബറിൽ 82-ാം വയസ്സിൽ അന്തരിച്ച അല്ലാമാ തബാത്തബാഈ. തബാത്തബഈ എന്നാൽ പ്രവാചകന്റെ രണ്ടു താവഴിയിലൂടെയുള്ള പിന്തുടർച്ചക്കാരൻ എന്നാണർത്ഥം. തബാത്തബാഈയുടെ 'അൽമീസാൻ' എന്ന 20 വാല്യമുള്ള ഖുർആൻ വ്യാഖ്യാനം അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ സംഭാവനയാണ്.

70. ഇംഗ്ലീഷിൽ 'മൈ ഫെയ്ത്ത്' എന്നാണെഴുതിക്കാണുന്നത്. ഗാന്ധിജിക്ക് ഇപ്പേരിൽ ഒരു പുസ്തകമുണ്ടോ എന്നറിയില്ല. 'മൈ റിലിജിയൻ' എന്ന പുസ്തകം പ്രസിദ്ധമാണ്.

71. പ്രസിദ്ധ ഗ്രീക്ക് തത്വജ്ഞാനിയായ പ്ലേറ്റോയുടെ തത്വശാസ്ത്ര സിദ്ധാന്തമാണ് 'പ്ലേറ്റോണിസം'. ജീവിത ത്തിന്റെ എല്ലാ വശങ്ങളേയും സ്പർശിക്കുന്നതായിരുന്നു പ്ലേറ്റോ രൂപപ്പെടുത്തിയ ചിന്താസരണി. തത്വശാസ്ത്ര ത്തിന്റെ അടിസ്ഥാനമായ യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ജ്ഞാനം ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുകയില്ലെന്നാണ് പ്ലേറ്റോ അഭിപ്രായപ്പെട്ടിട്ടുള്ളത്. ആന്തരികമായ അനുഭൂതിയിലൂടെയാണത്രെ അത് ലഭിക്കുക.

72. ശിഹാബുദ്ദീൻ സുഹ്റവർദിയുടെ 'ഇശ്റഖ്' സിദ്ധാന്തമാണ്. 'ഇല്ല്യൂമിനേഷൻ' ചിന്തയെന്നോ ജ്ഞാനോദ യവാദമെന്നോ പറയപ്പെടുന്നത്. വിരക്തിയും ആത്മവിശുദ്ധിയും വഴി ജ്ഞാനോദയമുണ്ടാകുന്നതായി ഇത് അവ കാശപ്പെടുന്നു. പ്ലേറ്റോ ഇത്തരം ജ്ഞാനോദയമുണ്ടായവരിൽപെടുമത്രെ.

73. ഖുർആനിൽ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കാൻ ആഹ്വാനം നൽകുന്ന വാക്യങ്ങൾ നിരവധിയുണ്ട്. വസ്തു ക്കളുടെ യാഥാർത്ഥ്യം, ഉപയോഗം, ഫലം, പരിണാമം എന്നിങ്ങനെ പലതാണ് ചിന്തയ്ക്കു വിഷയമാകേണ്ടത്. ഇത്തരം അർത്ഥവ്യത്യാസങ്ങളോടു കൂടിയാണ് ഖുർആൻ തദബ്ബുർ, തഫക്കുർ, തദക്കുർ, തഫഖുഹ് എന്നീ വ്യത്യസ്ത വാക്കുകൾ മാറി മാറി ഉപയോഗിക്കുന്നത്. 'താങ്കൾക്കു നാം വേദം ഇറക്കി. താങ്കൾ ജനങ്ങൾക്ക് അവർക്കിറങ്ങിയതെന്തോ അത് വിവരിച്ചുകൊടുക്കേണ്ടതിനും അവർ ചിന്തിക്കേണ്ടതിനുംവേണ്ടി' എന്ന് അന്നഹ്ൽ 44ൽ കാണാം. നബി(സ)യുടെ വിവരണത്തിനു പുറമെ ജനങ്ങൾ ചിന്തിക്കുകയും വേണമെന്നതിനർത്ഥം. മനു ഷ്യന്റെ ഏറ്റവും വലിയ ശത്രു മനസ്സും സുഹൃത്ത് ബുദ്ധിയുമാണെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്.

74. ശിയാ ഹദീസ് ഗ്രന്ഥമായ 'ഉസൂലുൽ കാഫി'യുടെ ഒന്നാമത്തെ അധ്യായം 'ബുദ്ധിയും അവിവേകവും' (അൽ അഖ്‌ലു വൽജഹ്ൽ) എന്നതാണ്. ബുഖാരിയുടെ മൂന്നാമത്തെ അധ്യായം വിജ്ഞാനത്തെ ശീർഷകമാക്കി ക്കൊണ്ടുള്ളതാണ്.

75. ഖുർആൻ 'അന്നംല്' സൂറ 14ൽ പറയുന്നു: ''അവരുടെ മനസ്സുകൾക്ക് അത് (ഖുർആൻ സൂക്തങ്ങളുടെ വാസ്തവികത) ഉറച്ച ബോധ്യമുണ്ടായിട്ടും അക്രമവും അഹന്തയും ഹേതുവായി അവരത് നിഷേധിച്ചു.''

76. 'ഇബ്‌ലീസ് അഹന്ത നടിച്ചു. അവർ സത്യനിഷേധികളിൽപ്പെട്ടവനായിരുന്നു' എന്നാണ് വാക്യം. ആദമി(അ)ന് 'സുജൂദ്' ചെയ്യാൻ ഇബ്‌ലീസ് വിസമ്മതിച്ചത് വിവരിക്കുന്നതാണിതിന്റെ പശ്ചാത്തലം.

77. അത്തിയും ഒലീവും സമൃദ്ധമായി വിളയുന്ന സ്ഥലങ്ങളാണ് ഫലസ്തീനും പരിസരങ്ങളും. അവിടെയാണ് ഈസാ നബി(അ) പ്രവാചകനായെഴുന്നേറ്റത്, സീനായ് മല മൂസാ നബി(അ)ക്ക് വെളിപാടും പ്രവാചകത്വവും ലഭി ച്ചതും അല്ലാഹു അദ്ദേഹത്തോട് സംസാരിച്ചതും തൗറാത്ത് നൽകിയതുമായ സ്ഥലമാമ്. സുരക്ഷിത പട്ടണം മക്ക യാണ്. മുഹമ്മദ് നബി(സ) ഭൂജാതനായതും വളർന്നതും അവിടുത്തേയ്ക്ക് ഖുർആൻ വെളിപ്പെട്ടതുമെല്ലാം അവി ടെവെച്ചാണ്. മനുഷ്യന്റെ ഏറ്റവും ഉയർന്ന സ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്ന ഈ മൂന്ന് പ്രവാചകശ്രേഷ്ഠരും. അതുകൊണ്ടായിരിക്കാം അവരുടെ മഹത്വത്തിന് സാക്ഷിയായ പ്രദേശങ്ങളെക്കൊണ്ട് ആണയിട്ടുകൊണ്ട് അല്ലാഹു സൃഷ്ടിയിലുള്ള മനുഷ്യന്റെ മഹിമയെക്കുറിച്ച് പ്രസ്താവിച്ചത്. (യഹോവ സീനായിൽ നിന്നു വന്നു അവർക്ക് സേയീരിൽ നിന്നു ഉദിച്ചു. പാറാൻ പർവ്വതത്തിൽ നിന്നു വിളങ്ങി എന്ന് ഈ മൂന്ന് സ്ഥലങ്ങളെയും സൂചിപ്പിച്ച് ബൈബിളിൽ ആവർത്തന പുസ്തകം 33:3ലും പറഞ്ഞിട്ടുണ്ട്). മനുഷ്യന്റെ ശാരീരിക ഘടനയിലുള്ള സൗഷ്ഠവമായിരിക്കില്ല ഇവിടെപ്പറഞ്ഞിരിക്കുന്നത്. ശാരീരികമായല്ല മനുഷ്യൻ ഔന്നത്യത്തിൽ വിരാജിക്കുന്നതും പിന്നീട് അവിടെന്ന് കീഴ്പ്പോട്ടു താഴുന്നതും. ശാരീരികമായ താഴ്ചയെ വിശ്വാസവും സൽകർമ്മങ്ങളും വഴി ഒഴി വാക്കാൻ കഴിയുന്നതുമല്ലല്ലോ.

78. ഈ വിഷയത്തിലുള്ള വിശദ പഠനത്തിന് 'ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്' പ്രസിദ്ധപ്പെടുത്തിയ മുർത്തസാ മുതഹ്ഹരിയുടെ 'സമൂഹവും ചരിത്രവും', ഡോ. അലി ശരീഅത്തിയുടെ 'മാർക്സിസവും മറ്റു പാശ്ചാത്യൻ മിഥ്യകളും' എന്നീ പുസ്തകങ്ങൾ ഏറെ പ്രയോജനപ്പെടും.

79. ഇമാമുകളിലുള്ള വിശ്വാസം ശിയാക്കളുടെ പ്രത്യേകതയാണ്. സുന്നികൾക്കും ഒരു ഇമാം (നേതാവ്) വേണമെന്ന നിർബന്ധമുണ്ടെങ്കിലും അതൊരു മൗലികമായ വിശ്വാസകാര്യമായി അവർ എണ്ണുന്നില്ല. ഇഖാമത്ത് വിശ്വാസത്തെക്കുറിച്ചുള്ള ശിയാ കാഴ്ചപ്പാടുകളറിയുന്നതിന് 'ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്' മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ ഇമാം ഖുമൈനിയുടെ 'ഇസ്‌ലാമിക് ഗവൺമെന്റ്' എന്ന പുസ്തകം വിശദീകരണക്കുറിപ്പുകൾ സഹിതം വായിക്കുമ്പോൾ ഏറെക്കുറെ ഉപകരിക്കും.

80. ഐഹികലോകത്തിൽ ദൈവികമായ ദൃഷ്ടാന്തങ്ങളും തെളിവുകളും കാണുന്നതിൽ വീഴ്ച വരുത്തിയാൽ പാരത്രിക ലോകത്തിലെ ശാശ്വതമായ അന്ധതയായിരിക്കും ഫലമെന്നർത്ഥം.

81. ഇവിടെ ഒരു സംശയം ഉയർന്നുവരാം. പാരത്രിക ലോകത്തിലേക്കു കുറ്റവാളികളെ അന്ധരാക്കി എഴുന്നേൽപ്പിച്ചാൽ അവിടത്തെ യാഥാർത്ഥ്യങ്ങളും ഭീകരതകളും അവർ എങ്ങനെ കാണും? ''കുറ്റവാളികൾ തങ്ങളുടെ നാഥന്റെ സന്നിധിയിൽ തല കുനിച്ച് 'നാഥാ, ഞങ്ങൾ കണ്ടു, കേട്ടു' എന്നു പറയുന്ന സന്ദർഭത്തെ''ക്കുറിച്ച് ഖുർആൻ തന്നെ മുന്നറിയിപ്പ് നൽകുന്നുണ്ട്. (അലിഫ് ലാം മീം അസ്സജദ: 12). ''നീ നിന്റെ ഗ്രന്ഥം വായിക്കുക'' എന്ന് ഓരോരുത്തർക്കും അവരവരുടെ നന്മതിന്മകളുടെ രേഖാപുസ്തകം കൈയിൽ കൊടുത്തുകൊണ്ട് പറയുമെന്ന് ഖുർആൻ 'അൽ ഇസ്രാഅ്' 14ൽ പറയുന്നു. അന്ധൻ എങ്ങനെ രേഖാപുസ്തകം വായിക്കും? ''മുമ്പ് നീ ഇതിനെക്കുറിച്ച് അശ്രദ്ധയിലായിരുന്നു. ഇപ്പോൾ നാം നിന്നിൽ നിന്ന് നിന്റെ മൂടി നീക്കിയിരുന്നതിനാൽ നിന്റെ കാഴ്ച തീക്ഷ്ണമാണ്'' എന്ന് ഓരോരുത്തരോടും പരലോകത്തുവെച്ച് പറയുമെന്ന് 'ഖാഫ്' സൂറ 22ൽ കാണാം. ''നമ്മുടെയടുക്കൽ വരുന്ന ദിവസം അവർക്ക് (അവിശ്വാസികൾക്ക്) എന്തൊരു കേൾവിയും കാഴ്ചയുമായിരിക്കും'' എന്ന് മർയം സൂറ 38ലും. ഇവ തമ്മിലുള്ള വൈരുദ്ധ്യം എങ്ങനെ തീർക്കും? ഐഹിക ലോകത്തിനു ബാധകമായ പ്രകൃതി നിയമങ്ങൾ മാനദണ്ഡമാക്കി പാരത്രിലോകത്തെ സങ്കൽപ്പിക്കുന്നതാണീ സംശയത്തിനു കാരണം. കാഴ്ചയുള്ളവർ എല്ലാം കാണുകയും കാഴ്ചയില്ലാത്തവർ ഒന്നും കാണാതിരിക്കുകയും ചെയ്യുന്ന നിയമം ഇവിടത്തേതാണ്. പാരത്രിക ജീവിതത്തിൽ തികച്ചും വിഭിന്നമായ നിയമവും വ്യവസ്ഥയുമാണ് ഭരിക്കുക.

82. പ്രപഞ്ചത്തിന്റെ രൂപത്തിൽ തങ്ങിനിൽക്കാതെ അതിന്റെ യാഥാർത്ഥ്യത്തിൽ എത്തി അതിനെ ഗ്രഹിക്കണം. അത് ഐഹിക ജീവിതത്തിൽ വെച്ചുതന്നെ സാധിക്കേണ്ട സംഗതിയാണ്. അളന്നറിയാനാവാത്ത ആഴമുണ്ട്. പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തിന്. അപ്രകാരം തന്നെ, ജഡശരീരത്തിന്റെ മേഖലകളെ തരണം ചെയ്ത് ആത്മാവിന്റെ സാധ്യതകളോളം അതിനെ വളർത്തുകയും വികസിപ്പിക്കുകയും വേണം. അതും ഇവിടെവെച്ചുതന്നെ സാധിക്കേണ്ടതാണ്. എന്നാൽ ആത്മാവിനെക്കൂടി ഭൂമിയിലേക്കു വലിച്ചുതാഴ്ത്തുന്നതാണ് ശരീരം. ശരീരത്തിന്റെ സമ്മർദ്ദത്തിൽ നിന്നു വിമുക്തമാകുന്നതിനനുസരിച്ച് മനുഷ്യന് ദിവ്യദീപ്തിയിലൂടെ സഞ്ചരിക്കാനാകും. അന്തർജ്ഞാനത്തിലൂടെയാണ് അങ്ങോട്ടുള്ള വഴി. ഇഹലോകത്തുനിന്ന് ആ ജ്ഞാനം കരസ്ഥമാകുന്നതിനു മുമ്പേ വേർപിരിയേണ്ടിവരുമോ എന്ന ആശങ്കയാണ് കവിയുടെ വരികളിൽ സ്പന്ദിക്കുന്നത്. ഹൃദയത്തിന്റെ എല്ലാ തലങ്ങളിലും വിശ്വാസവും അനുരാഗവും നന്മയും വാഴ്ച നടത്തുന്ന ഘട്ടത്തിലാണ് ദിവ്യദീപ്തി മനുഷ്യനിൽ ഇറങ്ങി അവനെ സദാപി വഴികാട്ടുന്നത്. ദൈവത്തിനും തനിക്കുമിടയിൽ മറയില്ലാതാകുന്ന അവസ്ഥയാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം അത്. വിശ്വാസത്തിന്റെയും ബുദ്ധിപരമായ ഗ്രഹണത്തിന്റെയും ഘട്ടത്തിൽ നിന്ന് യാഥാർത്ഥ്യത്തെ മുഖാമുഖം കണ്ടെത്തുന്ന അവസ്ഥയിൽ മനുഷ്യൻ എത്തുന്നു.

83. ശിഹാബുദ്ദീൻ യഹ്‌യാ ഇബ്നു ഹബശ് (ഹി.വ. 549-587) എന്ന സുഹ്റവർദി ശാഫിഈ മദ്ഹബുകാരനും 'ഇശ്റാഖീ' തത്വചിന്തകനുമാണ്. ഇറാനിലെ സുഹ്റവർദിയിൽ ജനിച്ചു. ആദ്റബായ്ജാനിലെ 'മറാഗ'യിൽ പഠിച്ചു. 'ഹിക്മത്തുൽ ഇശ്റാഖ്', 'ഹയാക്കിലുന്നൂർ' എന്നീ ഗ്രന്ഥങ്ങൾ പ്രധാനപ്പെട്ടവയാണ്. സിറിയയിലെ ഹാലപ്പോ കോട്ടയിൽ വെച്ച് കൊല്ലപ്പെടുകയാണുണ്ടായത്.

84. ഇറാനിൽ 'സദ്റുൽ മുതഅല്ലിഹീൻ' (ദൈവശാസ്ത്രജ്ഞരുടെ തലവൻ) എന്ന സ്ഥാനപ്പേരിൽ പ്രസിദ്ധനായ മുല്ലാ സദ്റ ശീറാസുകാരനായ തത്വചിന്തകനാണ്. ഇസ്‌ലാമിക തത്വശാസ്ത്രത്തിൽ ഒരെടുത്തു ചാട്ടം എന്നു വിശേഷിപ്പിക്കാവുന്ന മാറ്റമാണ് മുല്ലാ സദ്റ മുഖേന അതിഭൗതിക ചിന്താരംഗത്തുണ്ടായത്. 'അതീന്ദ്രിയ തത്വചിന്ത' എന്നോ, 'അതീത തത്വജ്ഞാന'മെന്നോ പരിഭാഷപ്പെടുത്താവുന്ന 'അൽ ഹിക്മത്തുൽ മുതആലിയ' എന്നാണ് മുല്ല തന്റെ തത്വചിന്തയെ വിളിച്ചത്. തത്വശാസ്ത്രത്തെ (ഫൽസഫ്) ജ്ഞാനവാദത്തോട് (ഇർഫാൻ) പൊരുത്തപ്പെടുത്തിക്കണ്ടയാളാണ് സദ്റ. അദ്ദേഹത്തിന്റെ 'അൽ അസ്ഫാറുൽ അർബഅ' (നാലു യാത്രകൾ) എന്ന ഗ്രന്ഥം ഇത്തരമൊരു സമന്വയത്തെ അടിസ്ഥാനപ്പെടുത്തി വിരചിതമായതാണ്. ഇറാനിൽ, ഖാജാർ ഭരണകാലത്തിനിടയിൽ, മുല്ലാ സദ്റയെ പിന്തുണക്കുന്നവരും ഇബ്നു സീനയെ പിന്തുണക്കുന്നവരുമായ പണ്ഡിതപക്ഷങ്ങൾക്കിടയിൽ വലിയ സംവാദം തന്നെ നടക്കുകയുണ്ടായി. കേരളത്തിലെ ചില പള്ളി ദർസുകളിലെങ്കിലും സദ്റയുടെ തത്വചിന്ത ഒരുകാലത്ത് പാഠപുസ്തകമായിരുന്നിരിക്കാൻ സാധ്യതയുണ്ട്. അതിന്റെ കോപ്പി പ്രധാന ദർസ് നടന്നിരുന്ന ചില പള്ളികളിൽ കാണുന്നു. വെല്ലൂർ ബാഖിയാത്തിൽ സദ്റ പഠിപ്പിക്കപ്പെട്ടിരുന്നതായി കേട്ടിട്ടുണ്ട്.

85. സുൽത്താൻ മഹ്മൂദ് ഗസ്നവിയാണിത്. 'ശാനാമ' യുടെ കർത്താവ് ഫിർദൗസി, പണ്ഡിതനും ദാർശനികനുമായിരുന്ന അൽബീറൂനി എന്നിവർ മദ്മൂദ് ഗസ്നവിയുടെ കാലത്താണ് ജീവിച്ചത്.

86. മൗലവി തരീഖത്തിന്റെ ഗുരു മൗലാനാ ജലാലുദ്ദീൻ റൂമിയുടെ പിതൃപരമ്പര ഒന്നാം ഖലീഫ അബൂബക്കറി(റ)ലും മാതൃപരമ്പര ഹസ്രത്ത് അലി(റ)യിലുമാണ് എത്തിച്ചേരുന്നത്. എന്നാൽ ഹസ്രത്ത് അബൂബക്കറി(റ)നെ പിന്തുടരുന്നതായി ഇവിടെപ്പറഞ്ഞിരിക്കുന്ന മാർഗ്ഗം സുഹ്റവർദി ത്വരീഖത്തിന്റെ ഗുര ശിഹാബുദ്ദീൻ സുഹ്റവർദി

യുടേതാണ്. ഇദ്ദേഹമാണ് പ്രസിദ്ധമായ 'അവാരിഫുൽ മാഅരിഫ്'ന്റെ കർത്താവ്. ഹി.വ. 632 (ക്രി.വ. 1234)ലാണ് ഇദ്ദേഹത്തിന്റെ മരണം. തത്വചിന്തകനായ ശിഹാബുദ്ദീൻ സുഹ്റവർദി ഇദ്ദേഹമല്ല.

87. മനുഷ്യന്റെ യഥാർത്ഥ ലക്ഷ്യം തന്റെ നാഥനും അസ്തിത്വത്തിന്റെ കാരണവുമായ സാക്ഷാൽ ദൈവത്തിങ്കൽ എത്തലാണ്. മതം അതിനുള്ള വഴിയാണ് കാട്ടുന്നത്. മറ്റെന്തൊരു ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചാലും അത് നശ്വരമേ ആകൂ. മനുഷ്യൻ ഒരു നശ്വര ജീവിയല്ല. അവന്റെ ഐഹികമായ ജഡശരീരം മാത്രമാണ് നശ്വരമായിട്ടുള്ളത്. ആത്മാവ് അനശ്വരമാണ്. അനശ്വരമായ ആത്മാവുൾക്കൊള്ളുന്ന മനുഷ്യന് അനശ്വരനായ ദൈവത്തെ ലക്ഷ്യംവെച്ചു മാത്രമേ പുരോഗമിക്കാനാവുകയുള്ളു.

88. ഏതൊരു വിജയത്തിന്റെയും മൗലികമായ ഉപാധിയും, ഏതൊരു പരാജയത്തിന്റെയും മൗലികമായ കാരണവും ഈ വാക്യം ചൂണ്ടിക്കാട്ടുന്നു. മനുഷ്യനിൽ പതിമൂന്നുതരം മനോവൃത്തികൾ നടക്കുന്നുവെന്ന് പണ്ഡിതന്മാർ പറയുന്നുണ്ട്. രാഗം, ദ്വേഷം, കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഈർഷ്യ, അസൂയ, ദംഭം, ദർപ്പം, അഹങ്കാരം എന്നിവയാണവ. മൈഥുനേച്ഛയാണ് രാഗത്തിന്റെ ഫലം. ദ്വേഷം പ്രതികാരദാഹത്തെ സൃഷ്ടിക്കുന്നു. കാമം നാനാവിധത്തിലുള്ള ആശകളെയും ആർത്തികളെയും ഉണ്ടാക്കുന്നു. ക്രോധമാണ് തനിക്കിഷ്ടമില്ലാത്ത എന്തിന്റെ നേരെയും പൊട്ടിത്തെറിക്കാൻ പ്രേരിപ്പിക്കുന്നത്, ആർക്കും ഒന്നും കൊടുക്കാതെ എല്ലാം തനിക്കാക്കുന്ന പ്രവണതയാണ് ലോഭം; ശരിതെറ്റുകളും കൃത്യാകൃത്യങ്ങളും നോക്കാതെയുള്ള ധനപ്രേമതിമിരം ബാധിക്കുന്നതാണ് മോഹം; സമ്പത്തുള്ളതുകൊണ്ട് വിചാരിച്ചതെന്തും നടക്കുമെന്ന ബുദ്ധിക്ക് പറയുന്ന പേരാണ് മദം. മറ്റുള്ളവർ നന്നാവുന്നതിലുള്ള അസഹ്യതയാണ് മാത്സര്യം; തന്നെ ബാധിച്ച കഷ്ടപ്പാടെന്തേ മറ്റുള്ളവരെ ബാധിക്കാതിരുന്നത് എന്ന വിചാരമാണ് ഈർഷ്യ; മറ്റുള്ളവരുടെ ഗുണത്തെ ദോഷമായിക്കാണുന്നത് അസൂയ; എല്ലാവരും തന്നെ പ്രകീർത്തിക്കണമെന്ന ഒരാളുടെ വിചാരമാണം ദംഭം. തനിക്കു തുല്യനായി യാതൊരാളുമില്ലെന്ന തോന്നൽ ദപ്പം; എന്തിനും ഞാൻ മതി എന്ന നാട്യമാണ് അഹങ്കാരം. നമുക്കു ചുറ്റിലും കാണുന്ന നിസ്സാരദൂഷ്യങ്ങൾ മുതൽ ആഗോളതലത്തിലുണ്ടാകുന്ന മഹായുദ്ധങ്ങൾ വരെ ഇത്തരം മനോവൃത്തികൾ ഹേതുവാൽ സംഭവിക്കുന്നതായിരിക്കുമെന്ന് പരിശോധിച്ചാലറിയും. ഇത്തരം മനോവൃത്തികളെ നിരപയോഗമാക്കലോ നശിപ്പിക്കലോ അല്ല സംസ്കരണം. മറിച്ച് അവയുടെ ദുരുപയോഗത്തിനെതിരിൽ മനസ്സിനും ആത്മാവിനും കരുത്ത് നൽകലാണ്. സംസ്കരണം ഒരിക്കലും നാശമല്ല. ഏതൊന്നിന്റെയും സംസ്കരണം അതിനെ നന്നാക്കലേ ആകാവൂ, നശിപ്പിക്കൽ ആയിക്കൂടാ.

89. 'അൻആം' സൂറ 162ൽ ഹസ്രത്ത് ഇബ്രാഹീമി(അ)ന്റെ വാക്കായിട്ടില്ല, മുഹമ്മദ് നബി(സ)യോട് ഏറ്റുപറയാനുള്ള ഒരു കൽപനയായിട്ടാണ് ഈ വാചകം കാണുക. ഇവിടെയുദ്ധരിച്ച നബിവാക്യം സുന്നി-ശിയാ ആധാരങ്ങളിലുണ്ടെന്നല്ലാതെ ഇതിന്റെ സ്രോതസ്സ് ഏതെന്ന് കൃത്യമായി ഗ്രന്ഥകർത്താവ് സൂചിപ്പിച്ചിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടാൽ അടുത്ത പതിപ്പിൽ ചേർക്കുന്നതാണ്. ഇതിന് സാദൃശ്യമായ വേറെ ഒരു ഹദീസ് 'ഉസൂലുൽ കാഫി'യിൽ 'ഇഖ്ലാസി'നെക്കുറിച്ചുള്ള അധ്യായത്തിൽ ഇമാം ബാഖിറി(റ)ൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ''ആരെങ്കിലും നാൽപത് ദിവസം അല്ലാഹുവിനെ മാത്രം ഓർത്തിരുന്നാൽ അല്ലാഹു അയാളെ ഐഹികവിരക്തനാക്കുകയും ലോകത്തിന്റെ യഥാർത്ഥ പ്രശ്നവും പ്രതിവിധിയും സംബന്ധിച്ച ഉൾക്കാഴ്ച അയാളിൽ ഉണ്ടാക്കുകയും അയാളുടെ ഹൃദയത്തിൽ ജ്ഞാനം ഉറപ്പിച്ച നാക്കിലൂടെ അത് വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.'

90. ഇവിടെപ്പറഞ്ഞ 'ദാസൻ' ആരെന്ന് ഖുർആനിൽ വ്യക്തമല്ലെങ്കിലും നബി(സ)യുടെ വിവരണത്തിൽ അത് 'ഖളിറാ'ണെന്നു വന്നിട്ടുണ്ട്. ആരാണ് ഖളിർ എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമാണുള്ളത്. അദ്ദേഹം 'നബി'യോ, 'വലിയ്യോ'? ഏതായാലും 'ശരീഅത്ത്' (മതനിയമം) വാഹകനായിരുന്ന മൂസാ നബി(അ)ക്കില്ലാതിരുന്ന നിഗൂഢമായ പല അറിവും അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും അതിനാൽ മൂസാ നബി(അ)ക്കദ്ദേഹത്തെ ഗുരുവാക്കേണ്ടിവന്നിട്ടുണ്ടെന്നും ഖുർആനിൽ നിന്നുതന്നെ വ്യക്തമാണ്. പ്രത്യക്ഷത്തിൽ ശരീഅത്തിനുസരിച്ച് വൻ പാപമെന്നു വിശേഷിപ്പിക്കേണ്ടതാണ്. മൂസാനബി(അ) തന്നെ പിന്തുടർന്ന യാത്രക്കിടയിൽ ഖളിർ ഒരു ചെറുപ്പക്കാരനെ വധിച്ച സംഭവം. ഒടുവിൽ ഖളിർ തന്നെ വിവരിച്ചുകൊട്ടപ്പോഴാണ് മൂസാ നബി(അ)ക്കതിന്റെ പൊരുൾ മനസ്സിലായത്. 'അൽകഹ്ഫ്' സൂറ 59 മുതൽ 81 വരെയുള്ള സൂക്തങ്ങളിൽ ഇക്കഥയുടെ വിവരണമുണ്ട്. സൂഫികളുടെയടുക്കൽ സവിശേഷവും സുപ്രധാനവുമായ സ്ഥാനമാണ് ഖളിർ സങ്കൽപ്പത്തിനുള്ളത്. ഖളിറുമായി സൂഫികൾ നേരിൽ കണ്ടുമുട്ടാറുണ്ടത്രെ. പ്രവാചകത്വത്തിന്റെ മാനദണ്ഡമനുസരിച്ച് ബുദ്ധിപരവും നിയമപരവുമല്ലാത്ത കാര്യങ്ങൾ ഖളിറിന്റെ അറിവിൽ ശരിയും ആവശ്യമായിട്ടാണ് വന്നത് എന്നതിനാൽ ഖളിറിന്റെ നിലവാരം പ്രവാചകത്വത്തിന്റേതിൽ നിന്ന് വ്യത്യസ്തമാണെന്ന് മനസ്സിലാക്കാം. അതിൽ ഏത് താഴെ ഏത് മീതെ എന്നതല്ല വിഷയം. രണ്ടിന്റെയും സവിശേഷതകൾ അതാതിന്റെ മേഖലയിൽ നിറുത്തി കാണുകയാണ് ഭൂഷണം. റൂമി പറഞ്ഞതാണ് ശരി: ''ഖളിർ കടലിൽ വെച്ച് കപ്പലിനു ഓട്ടയാക്കിയെങ്കിൽ, അത് ഖളിറായതിനാൽ നൂറു ശതമാനവും ശരി തന്നെ. മൂസാക്ക് തന്നിൽ ആത്മീയമായ പ്രകാശവും പ്രവാചകനെന്ന മഹത്വവുമെല്ലാം ഉള്ളതിനോടൊപ്പം തന്നെ അതിന്റെ രഹസ്യം നിഗൂഢമായിരുന്നു. ചിറകുണ്ടെങ്കിൽ മാത്രം പറന്നാൽ മതി''. ഖളിർ പ്രവാചകത്വത്തിന്റെ നിഗൂഢാത്മക വശത്തിൽ മൂസാനബി(അ)ക്കു മീതെയായിരുന്നിരിക്കാം.

91. ഈ നബിവചനം ഹസ്രത്ത് അബൂഹുറൈറ(റ)യെ ഉദ്ധരിച്ചുകൊണ്ട് ഇമാം അഹ്മദ്(റ) രേഖപ്പെടുത്തിയിരിക്കുന്നു. ഇമാം ജഅ്ഫറുസ്സാദിഖി(റ)ൽ നിന്നാണ് ശിയാഗ്രന്ഥങ്ങളിൽ ഇതുദ്ധരിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ പരിശുദ്ധ ഹൃദയത്തിൽ ഉദയം കൊള്ളുന്ന ജ്ഞാനത്തിലേക്കാണിതിന്റെ സൂചന. പിശാചിനെ നിശ്ശേഷം ബഹിഷ്കരിച്ച അല്ലാഹുവിനെ മാത്രം കൂടിയിരുത്തുന്ന ഹൃദയങ്ങളിൽ അന്തർജ്ഞാനം ഉദയം കൊള്ളുമെന്നും അത് മുഖേന പ്രപഞ്ച രഹസ്യങ്ങളിലേക്ക് എത്തിനോക്കാനാകുമെന്നുമാണിതിനർത്ഥം. ''ചില ദിവസങ്ങളിൽ നിങ്ങളുടെ നാഥൻ അയയ്ക്കുന്ന ദിവ്യോച്ഛ്വാസങ്ങൾ നിങ്ങളുടെ നേരെ വരും. അവയുടെ നിവേശത്തിന് നിങ്ങൾ തയ്യാറായിരിക്കണം.'' എന്ന് ബുഖാരിയും മുസ്‌ലിമും കൂടി നിവേദനം ചെയ്ത മറ്റൊരു വാക്യത്തിലുമുണ്ട്.

92. അല്ലാമാ തബാത്തബാഈയുടെ 'അൽ മീസാൻ' എന്ന ഖുർആൻ വ്യാഖ്യാനത്തിൽ ഈ ഹദീസ് സുന്നീ സമാഹാരങ്ങളിൽ നിന്നാണെടുത്തുദ്ധരിച്ചിരിക്കുന്നത്. സംസാര നിയന്ത്രണവും ഹൃദയപരിശുദ്ധിയും കൊണ്ട് നബി(സ) കാണുന്നത് കാണാനും നബി(സ) കേൾക്കുന്നത് കേൾക്കാനും ആർക്കും കഴിയും എന്ന് ഗ്രഹിപ്പിക്കുകയല്ല ഈ വചനം. അങ്ങനെ അർത്ഥം കൽപ്പിച്ചാൽ പ്രവാചകത്വ പദവി ശ്രമസാധ്യമാണെന്നു ധരിക്കാനിടവരും. ഹൃദയ പരിശുദ്ധിയും ആത്മീയ പരിശ്രമവും വളർന്നുവന്ന് മൂർദ്ധന്യത കൈവരിച്ച മഹാവ്യക്തികൾക്കുണ്ടാകുന്ന അന്തർജ്ഞാനത്തിന്റെ മൂല്യം മാത്രമേ ഇത് ഗ്രഹിപ്പിക്കുന്നുള്ളൂ. ''നിങ്ങൾക്കു ദൃഢമായ അറിവുണ്ടാകുന്ന പക്ഷം നരകത്തെ നിങ്ങൾ കാണും'' എന്ന് ഖുർആൻ 'അത്താകാസുർ' സൂറ 5-6ൽ പറയുന്നുണ്ടല്ലോ. അതുപോലെയാണിതും. അന്തർജ്ഞാനം കൊണ്ട് നരകത്തെ കാണുമെന്നാണപ്പറഞ്ഞതിന്റെയും അർഥം. കണ്ണുകൊണ്ട് കാണുമെന്നല്ല ഇനി കണ്ണുകൊണ്ടുള്ള കാഴ്ചയും കാതുകൊണ്ടുള്ള കേൾവിയുമാണ് മേൽപറഞ്ഞതുകൊണ്ടുദ്ദേശ്യമെന്നുവെന്നാൽ പോലും നബി(സ) കാണുന്നത് കാണുകയും കേൾക്കുകയും കേൾക്കുകയും ചെയ്യുമെന്നതിന് നബി(സ) കാമുന്നത് അവിടുന്ന് കാണുമ്പോലെത്തന്നെ മറ്റുള്ളവർക്ക് കാണാനാകുമെന്നോ, നബി(സ) കേൾക്കുന്നത് അവിടുന്ന് കേൾക്കുമ്പോലത്തെന്നെ മറ്റുള്ളവർക്ക് കേൾക്കാനാകുമെന്നോ അതിനർത്ഥമുണ്ടായിക്കൂടാ. കാഴ്ചയുടെ സ്വഭാവവും നിലവാരവും വ്യത്യസ്തമായിരിക്കും. നബിക്കുണ്ടാകുന്ന വെളിപാടിന് 'വഹ്യ്' എന്നും 'വലിയ്യി'നുണ്ടാകുന്ന വെളിപ്പാടിന് 'ഇൽഹാം' എന്നുമാണല്ലോ സാങ്കേതികമായി പറയുന്നത്. രണ്ടും വെളിപ്പാടാണെങ്കിലും രണ്ടിന്റെയും സ്വഭാവത്തിനും നിലവാരത്തിനും വ്യത്യാസമുള്ളതുകൊണ്ടാണിത്. അപ്രകാരം തന്നെ നബി കാണിക്കുന്ന അത്ഭുതത്തിന് 'മുഅ്ജിസത്ത്' എന്നും 'വലിയ്യ്' കാണിക്കുന്ന അത്ഭുതത്തിന് 'കറാമത്ത്' എന്നുമാണ് പറയുന്നത്. രണ്ടും അത്ഭുതമായിട്ടും പേരിലുള്ള ഈ വ്യത്യാസത്തിന് മേൽപറഞ്ഞതുതന്നെ കാരണം. നബി(സ) കാണുന്നത് കാണാനോ കേൾക്കുന്നത് കേൾക്കാനോ ഉള്ള കഴിവ് സാധാരണഗതിയിൽ സഹാബികൾക്കു തന്നെ ഇല്ലെന്നു സൂചിപ്പിക്കുന്ന ഒരു വചനം അബൂദർറി(റ)നെ ഉദ്ധരിച്ചുകൊണ്ട് തിർമുദി രേഖപ്പെടുത്തിയതിങ്ങനെ വായിക്കാം. നബി(സ) പറഞ്ഞു: ''നിങ്ങൾ കാണാത്തത് ഞാൻ കാണുകയും നിങ്ങൾ കേൾക്കാത്തത് ഞാൻ കേൾക്കുകയും ചെയ്യുന്നുണ്ട്. ആകാശം ഒരു കറകറ ശബ്ദം പുറപ്പെടീച്ചു. അതങ്ങനെ ശബ്ദമുണ്ടാക്കിയേ തീരൂ. മലക്കുകൾ സുജൂദിൽ വീണുകിടക്കാത്ത ഒരു ചാൺ സ്ഥലമെങ്കിലും അതിലില്ല. ഞാൻ അറിയുന്നത് നിങ്ങൾ അറിഞ്ഞാൽ നിങ്ങൾ കുറച്ചുമാത്രമേ ചിരിക്കൂ. അധികം കരയുകയായിരിക്കും. ഭാര്യമാരുമായി വിരിപ്പിൽ കിടന്ന് രമിക്കുകയേയില്ല. പകരം അല്ലാഹുവിനെ വിളിച്ചു വിലപിച്ച് കുന്നിൻ മുകളിലേക്ക് പുറപ്പെടും.

93. അഹ്ലുസ്സുന്നത്തിന് സ്വീകാര്യമായ ഒരു രേഖയിലും ഇതുദ്ധരിച്ചുകാണുന്നില്ല. മുഅ്ത്തസിലീ പണ്ഡിതനായിരുന്നു ഇബ്നു അബിൽ ഹദീദിന്റെ നഹ്ജുൽ ബലാഗ വ്യാഖ്യാനത്തിൽ (വാ: 3, പേ: 254) ഇമാം ജഅ്ഫർ സാദിഖി(റ)നെ ഉദ്ധരിച്ചുകൊണ്ട് ഇതുപോലൊന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വെളിപാടിറങ്ങുന്നതിന്റെ മുന്നോടിയായി അലി(റ) നബി(സ)യോടൊന്നിച്ച് ഒരു വെളിച്ചം കാണുകയും ശബ്ദം കേൾക്കുകയും ചെയ്തതായിട്ടാണിതിലുള്ളത്. മനുഷ്യരൂപത്തിൽ വന്ന മലക്കിന്റെ സാന്നിധ്യം മറ്റു സഹാബികൾക്കും വ്യക്തമായി അനുഭവപ്പെട്ട സംഭവങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. പക്ഷേ, നബി(സ) പറഞ്ഞുകൊടുക്കുമ്പോഴായിരുന്നു അത് മലക്കാണെന്നവർക്ക് ബോധ്യപ്പെട്ടിരുന്നത്.

94. ഇതുപോലൊരു ഹദീസ് വാക്കുകളിൽ ചില്ലറ വ്യത്യാസത്തോടു കൂടി നബി(സ)യുടെ എഴുത്തുകാരിലൊരാളായ ഹൻളല ഇബ്നുർറബീഅ് അൽ ഉസൈദി(റ)യിൽ നിന്ന് മുസ്‌ലിം ഉദ്ധരിച്ചിട്ടുണ്ട്. ഇതിലെ ഏറ്റവും ഒടുവിലത്തെ വാചകം അതിലില്ല. ഹൻളല(റ) അബൂബക്കറും(റ) കൂടിയാണ് ഇപ്പറഞ്ഞ പരാതിയുമായി നബി(സ)യെ സമീപിച്ചതെന്നാണ് അതിലുള്ളത്.

95. ഇദ്ദേഹം 1003-1088ൽ ജീവിച്ച ഒരു പേഴ്സ്യൻ കവിയാണ്. സഫർനാമ, ദീവാൻ, സആദത്ത് നാമ എന്നിവയാണ് പ്രധാന കൃതികൾ. ഇസ്മായീലി ശിയാ വിഭാഗക്കാരനായിരുന്നുവത്രെ.

96. സഅദി മതപരിഷ്കർത്താവാ (മുസ്‌ലിഹുദ്ദീൻ)യിട്ടാണ്. അറിയപ്പെടുന്നതു തന്നെ. ധാർമികഗുരുവും സൂഫിയുമായിരുന്നു അദ്ദേഹം. സദാചാരവും നീതിസാരവും പഠിപ്പിക്കാനാണ് ഗുലിസ്താനും ബുസ്താനും രചിച്ചത്.

97. ഏതാണ്ട എട്ടു ദിവസത്തെ യാത്രാദൂരമാണ് ഈജിപ്തിനും കൻആനുമിടയിലുള്ളത്. അത്രയും ദൂരത്തേക്ക് യൂസുഫി(അ)ന്റെ വസ്ത്രത്തിന്റെ ഗന്ധം യാഖൂബ് നബി(അ)ക്കു കിട്ടി.

98. വിസ്മയവും ആനന്ദവുമുണ്ടാക്കുന്ന ഇത്തരം അനുഭൂതി വിശേഷങ്ങളെ അനുഭവസ്ഥന് സ്വന്തമാക്കി പിടിച്ചുവെക്കാനാവില്ലെന്നാണ് മനസ്സിലാക്കേണ്ടത്. ഇത് ഗന്ധം വഴിക്കും കാഴ്ച വഴിക്കും കേൾവി വഴിക്കുമെല്ലാമുണ്ടാവാം. അത്ഭുത സിദ്ധികൾ കാണിക്കാൻ തന്നെ വെല്ലുവിളിച്ച മക്കക്കാരോട് നബി(സ) അനുകൂലമായും പ്രതികൂലമായും പ്രതികരിച്ചത് ചരിത്രത്തിലുണ്ട്. ചന്ദ്രനെ പിളർത്തിക്കാട്ടാനാവശ്യപ്പെട്ടത് അവിടുന്ന് സ്വീകരിച്ചു. അതേസമയം ആകാശത്ത് കയറി ഒരു പുസ്തകവുമായി ഇറങ്ങിവരണമെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ട് വെല്ലുവിളിച്ചത് ''ഞാൻ ഒരു മനുഷ്യൻ ദൈവദൂതനായല്ലാതെ മറ്റൊന്നുമായിട്ടല്ലല്ലോ'' എന്നു പറഞ്ഞുകൊണ്ട് നിരസിക്കുകയാണുണ്ടായത്.

99. സുഹ്റവർദിയുടെ ജ്ഞാനോദയവാദത്തിന്റെ (ഹിക്മത്തുൽ ഇശ്റാഖ്) അടിസ്ഥാനം ഇവിടെ ഓർക്കാവുന്നതാണ്. ഹസ്രത്ത് അലി(റ)യുടെ മേൽകൊടുത്ത വാക്കുകൾ 'നഹ്ജുൽ ബലാഗ'യിലുണ്ട്.

100. അഹം എന്നത്, ഞാൻ എന്നും ആത്മാവ് എന്നും അർത്ഥമുള്ള സംസ്കൃതപദമാകുന്നു. ഒരാളുടെ സമ്പൂർണ്ണമായ വ്യക്തിത്വത്തെയാണിവിടെ അഹം കൊണ്ടുദ്ദേശിക്കുന്നത്. അസ്തിത്വത്തിന്റെ അദ്വൈതഭാവത്തെ പ്രതിനിധാനം ചെയ്യുന്ന അഹം ബ്രമാസ്മി എന്ന മന്ത്രം പ്രസിദ്ധമാണ്.

101. ഹാഫിസിന്റെ ഈ വരികൾ താർക്കികയുക്തിയുടെ കണ്ടെത്തലുകളെ നിരാകരിക്കുകയും ജ്ഞാനവാദത്തിന്റെ അന്തർജ്ഞാനത്തിലധിഷ്ഠിതമായ പ്രകാശത്തെ അംഗീകരിക്കുകയും ചെയ്യുന്നതായിട്ടാണ് മനസ്സിലാകു

ന്നത്. ഭാരതീയ ദർശനങ്ങൾ തർക്കത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. വാദിച്ച് വാദിച്ച് തത്വത്തിലെത്താനാണ് ഉപനിഷത്ത് ഉപദേശിക്കുന്നത്.

102. മനുഷ്യനെ ഹ്രസ്വപ്രപഞ്ച(Microcosm)മായിട്ടാണ് യവന ചിന്തകർ ചിത്രീകരിച്ചിരിക്കുന്നത്. വിശാലമായ ഈ പ്രപഞ്ചത്തി(Macrocosm)ന്റെ ഒരു ചെറിയ പതിപ്പാണത്രെ ഓരോ മനുഷ്യനും. ലോകത്തിന്റെ സംക്ഷിപ്തമായ രൂപമാണ് അവർ. ധാതുലോകത്തെയും സസ്യലോകത്തെയും മൃഗലോകത്തെയും മാലാഖമാരുടെ ലോകത്തെയുമെല്ലാം അവൻ തന്നിൽതന്നെ വഹിക്കുന്നുണ്ട്. മനുഷ്യനിൽ ക്ഷുദ്രാകാശം എന്നു പറയുന്ന ഒരു ആന്തരപ്രപഞ്ചം സ്ഥിതി ചെയ്യുന്നതായി ഉപനിഷത്തുകളിലും കാണാം.

103. വിശുദ്ധ ഖുർആൻ 'ഖാഫ്' സൂറ 16ൽ ''മനുഷ്യനെ നാം സൃഷ്ടിച്ചു. അവന്റെ മനസ്സ് മന്ത്രിക്കുന്നതെന്തെന്ന് നമുക്കറിയും, നാം അവന്റെ കണ്ഠനാടിയെക്കാൾ അവനോട് അടുത്തിരിക്കുന്നു'' എന്നു പറഞ്ഞതിനോട് തുല്യമായിട്ടുള്ളതാണ് ഈ വരികളുടെ ആശയം.

104. അബൂമൻസൂർ അദ്ദൈലമി. നബി(സ) പറഞ്ഞതായി ഉമ്മുസലമ(റ)യെ ഉദ്ധരിച്ചുകൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു: ''അല്ലാഹു ഒരാൾക്ക് നല്ലത് ഉദ്ദേശിച്ചാൽ അയാളുടെ ഹൃദയത്തിൽ നിന്നുതന്നെയുള്ള ഒരു ഉപദേശകനെ അയാൾക്കുവേണ്ടി നിശ്ചയിക്കും'' ''ഒരാൾക്ക് അയാളുടെ ഹൃദയത്തിൽ നിന്നുതന്നെയുള്ള ഒരു ഉപദേശകനുണ്ടെങ്കിൽ അയാൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള ഒരു കാവൽക്കാരനുണ്ട്.'' എന്ന് മറ്റൊരു നബിവചനത്തിലുമുള്ളതായിക്കാണാം. പക്ഷെ, ഈ ഉപദേശകനെ ബാഹ്യലോകവും അവിടെനിന്നുള്ള അനുഭവങ്ങളും സമ്മർദ്ദങ്ങളും സ്വാധീനിക്കുമെന്നതൊരു വസ്തുതയാണ്. അതുകൊണ്ട് ബാഹ്യപ്രപഞ്ചത്തെയും അതിലെ പ്രതിഭാസങ്ങളെയും അവയെക്കുറിച്ച് പഞ്ചേന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന വിവരങ്ങളെയും യുക്തിയുടെ സഹായത്തോടെ അപഗ്രഥനം ചെയ്യേണ്ടതും സമന്വയിപ്പിക്കേണ്ടതും ആവശ്യമാണ്. ''നമ്മുടെ ദൃഷ്ടാന്തങ്ങളെ ദിക്കുകളിലും അവരുടെ അന്തരംഗങ്ങളിലും നാം അവർക്കു ദൃശ്യമാക്കും.'' എന്ന ഖുർആൻ വാക്യം ഇവിടെ ശ്രദ്ധേയമാണ്.

105. ഖുർആനിലും ബൈബിളിലും പറഞ്ഞിട്ടുള്ളതാണ് യൂസുഫ്(അ)നെ (യോസെഫ്) സ്വന്തം ജ്യേഷ്ഠന്മാർ മരുഭൂമിയിൽ കൊണ്ടുപോയി കിണറ്റിലെറിഞ്ഞ കഥ. അതിൽ നിന്നുത്ഭവിച്ചതാണ് 'യൂസുഫും കിണറും' എന്ന പ്രയോഗം.

106. ഹസ്രത്ത് അലി(റ)യുടെ ഈയുദ്ധരിച്ച വരികൾ 'നഹ്ജുൽ ബലാഗ'യിൽ കാണാം. ഇഹലോകത്തിന്റെ നേരെ അവജ്ഞയുണ്ടാക്കുന്ന പരാമർശങ്ങൾ ഖുർആനിലും നബിവചനങ്ങളിലും ഏറെയുണ്ട്. അതിനെ പ്രയോജനപ്പെടുത്താനും ലാഭകരമാക്കാനുമുള്ള പ്രോത്സാഹനങ്ങൾ അതിലേറെയുണ്ട്. ഇവ രണ്ടും സംയോജിപ്പിച്ചുകൊണ്ടാണ് മനസ്സിലാക്കേണ്ടത്. പരസ്പര വിരുദ്ധമായിക്കൊണ്ടല്ല. ഇമാം ഗസ്സാലി(റ) തന്റെ ഇഹ്യാ ഉലൂമുദ്ദീൻ മൂന്നാം ഭാഗം 196 മുതൽ 225വരെയുള്ള പുറങ്ങളിൽ ഇഹലോകത്തെയും അതിന്റെ യാഥാർത്ഥ്യത്തെയും അതിനോടു സ്വീകരിക്കേണ്ട സമീപനത്തെയും സംബന്ധിച്ച് സവിശദം എഴുതിയിട്ടുണ്ട്. ഇഹലോകം എന്ത് എന്നതിനേക്കാൾ അതിൽ വസിക്കുന്നവർ അതിനോട് എത്തരത്തിലുള്ള മനസ്ഥിതിയാണ് സ്വീകരിക്കേണ്ടത് എന്നതാണ് പ്രശ്നം. ഖുർആൻ 'അൽഖസസ്' സൂറ 77ൽ ഇങ്ങനെ വായിക്കാം: ''നിനക്ക് അല്ലാഹു നൽകിയതിലൂടെ നീ പരലോകത്തെയായിരിക്കണം തേടുന്നത്. ഇഹലോകത്തിൽ നിന്നുള്ള നിന്റെ ഓഹരി മറക്കുകയും വേണ്ട'' ഇഹലോകത്തെ എങ്ങനെ കാണണമെന്ന് ഇത് വ്യക്തമാക്കുന്നു. ഒരു നബിവചനത്തിൽ ഇപ്രകാരമുണ്ട്: ''ഇഹലോകം മധുരോദാരവും ഹരിതപുഷ്കലവുമാകുന്നു. അല്ലാഹു നിങ്ങളെ അതിൽ അവന്റെ പ്രതിനിധികളാക്കിയിട്ട് നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നിരീക്ഷിക്കുകയാണ്. യിസ്രായേൽ വംശക്കാർക്ക് ഇഹലോകത്ത് സമ്പൽസമൃദ്ധിയും സൗകര്യങ്ങളുമുണ്ടായപ്പോൾ അവർ വേഷഭൂഷകളിലും സ്ത്രീലമ്പടത്വത്തിലും മറ്റും മുന്തിയ പദാർത്ഥങ്ങളിലും ഭ്രമിച്ച് അലയുകയാണുണ്ടായത്.'' ഈ വചനത്തിന്റെ ആദ്യഭാഗം ബുഖാരിയും മുസ്‌ലിമും രേഖപ്പെടുത്തിയിട്ടുണ്ട്. ഇഹലോകത്തിന്റെ യാഥാർത്ഥ്യവും അതിൽ മനുഷ്യൻ സ്വീകരിക്കേണ്ട നിലപാടും ഇതിൽനിന്നും വ്യക്തമാണ്.

107. അബൂഹുറൈറ(റ)യെ ഉദ്ധരിച്ചുകൊണ്ട് മുസ്‌ലിം രേഖപ്പെടുത്തിയ ഒരു നബിവചനത്തിൽ ''ഇഹലോകം സത്യവിശ്വാസിക്ക് തുറുങ്കും സത്യനിഷേധിക്ക് സ്വർഗ്ഗവുമാണ്'' എന്നുണ്ട്. ഗ്രന്ഥകർത്താവിന്റെ ഈ പ്രസ്താവന അതിനെയല്ല ഖണ്ഡിക്കുന്നത്. സത്യവിശ്വാസിയുടെ ഐഹികജീവിതം നിയമങ്ങളാൽ നിയന്ത്രിതമാണെന്നും ദേഹേച്ഛ വശീകരിക്കുന്നിടത്തേക്കെല്ലാം സത്യനിഷേധിയുടെ സ്വാതന്ത്ര്യത്തോടെ യഥേഷ്ടം സഞ്ചരിക്കാൻ അയാൾക്കനുവാദമില്ലെന്നും മാത്രമാണ് ഈ നബിവചനത്തിന്റെ അർത്ഥം. ഗ്രന്ഥകർത്താവ് ഖണ്ഡിക്കുന്നത് ഐഹിക ജീവിതത്തോടുള്ള നിഷേധാത്മകമായ നിലപാടിനെയാണ്; ഇഹലോകത്തെ പ്രയോജനപ്പെടുത്തല്ല, പരിത്യജിക്കലാണ് മോക്ഷത്തിനുള്ള മാർഗ്ഗം എന്ന തെറ്റും മനുഷ്യപ്രകൃതിയോട് പൊരുത്തപ്പെടാത്തതുമായ ജീവിതസങ്കൽപ്പത്തെ.

108. മനുഷ്യാത്മാവിന്റെ ഉത്ഭവത്തെപ്പറ്റി ഭിന്നാഭിപ്രായമുണ്ട്. അത് മറ്റൊരു ലോകത്തുനിന്ന് വന്ന് ശരീരവുമായി ച്ചേർന്ന് അതിനകത്ത് കുടിപാർക്കുന്നുവെന്നാണ് ഒരഭിപ്രായം. ശരീരത്തിന്റെ വളർച്ചയിൽ ഉത്ഭൂതമാകുന്ന പ്രാണൻ ദൈവികമായ ഉച്ഛ്വാസമേറ്റ് ആത്മാവായിപ്പരിണമിക്കുന്നുവെന്ന് മറ്റൊരഭിപ്രായം. ആത്മാവ് സൃഷ്ടിയല്ലെന്നു വാദിക്കുന്നവരുമുണ്ട്. അല്ലാഹുവിനു മാത്രമേ ആത്മരഹസ്യം അറിയൂ എന്നു പറഞ്ഞൊഴിയുന്നവരാണ് വലിയൊരു പക്ഷം. ഇവിടെ ആത്മാവ് എന്നു പരിഭാഷപ്പെടുത്തിയത് ഇംഗ്ലീഷ് പതിപ്പിലെ Spirit എന്ന വാക്കാണ്. മൂലത്തിൽ ഉപയോഗിച്ചത് 'നഫ്സ്' എന്നോ 'റൂഹ്' എന്നോ ഏതാണെന്നറിയില്ല. ഏതായാലും പദാർത്ഥത്തിൽ നിന്ന് തീർത്തും വ്യത്യസ്തമായ ഒരു വ്യക്തിത്വം ആത്മാവിന്റെ സാന്നിധ്യംകൊണ്ട് മനുഷ്യനുണ്ടായിത്തീരുന്നു

വെന്നു വ്യക്തം. ''അങ്ങനെ അവനെ നാം മറ്റൊരു സൃഷ്ടിയാക്കി ആവിർഭവിപ്പിച്ചു''വെന്നതിന് അതായിരിക്കണം അർത്ഥം.

109. ഐഹികലോകത്തിന് അന്ത്യം കുറിക്കുകയും പാരത്രിക ലോകം ആരംഭിക്കുകയും ചെയ്യുന്ന ഘട്ടത്തെയാണ് ഇവിടെ 'ഭീകര വിപത്ത്' എന്നതുകൊണ്ട് വിവക്ഷിച്ചിരിക്കുന്നത്. മനുഷ്യന്റെ അന്നത്തെ അവസ്ഥയെ ചിതറിയ പാറ്റകളുടേതിനോടുപമിച്ചതിന് പല അർത്ഥവുമുള്ളതായി വ്യാഖ്യാതാക്കൾ മനസ്സിലാക്കിത്തരുന്നു. പാറ്റകൾ മണ്ണിൽ നിന്നു പൊന്തിവരാറാണല്ലോ. അതുപോലെ മണ്ണിൽ മറമാടപ്പെട്ടതോ ദഹിപ്പിക്കപ്പെട്ടതോ ആയ മനുഷ്യരെല്ലാം അതിൽനിന്നുയർന്നുവരും. പക്ഷികൾ പറക്കുമ്പോൾ അവയ്ക്കൊരു ദിശയുണ്ടാകാറുണ്ട്. എന്നാൽ പാറ്റകൾ ചിതറിപ്പറക്കുമ്പോൾ അവയ്ക്കൊരു ദിശയോ ലക്ഷ്യമോ ഉണ്ടാവില്ല. മനുഷ്യർ അതുപോലെയായിരിക്കും. ശ്മശാനങ്ങളിൽ നിന്നെഴുന്നേറ്റ് എങ്ങോട്ടെന്നറിയാതെ അങ്ങുമിങ്ങും പായും.

110. മഹ്മൂദ് ഇബ്നു അബ്ദുൽ കരീം ശബസ്തരി (1252-1320) ഇറാനിയൻ കവിയാണ്. ജനിച്ചത് തബ്രീസിനടുത്ത ശബസ്തറിൽ. 'പൂർണ്ണ മനുഷ്യൻ' എന്ന പേരിൽ ഇദ്ദേഹത്തിനൊരു ഗ്രന്ഥമുണ്ട്. ''ഗുൽശനെ റാസ്' (നിഗൂഢതകളുടെ പൂന്തോട്ടം) എന്ന പദ്യകൃതിയുടെ ഉള്ളടക്കം. 'അസ്തിത്വത്തിന്റെ ഏകത്വ' (വഹ്ദത്തുൽ വുജൂദ്)മാണ്.

11. ഈ നബിവചനം ഇബ്നു അബ്ബാസി(റ)നെ ഉദ്ധരിച്ചുകൊണ്ട് ബൈഹഖി അദ്ദേഹത്തിന്റെ 'സുനനി'ൽ രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യന്റെ മനസ്സിനെ ഏറ്റവും അപകടകാരിയായ ശത്രുവായി വിശേഷിപ്പിക്കാൻ കാരണം മനസ്സ് ബുദ്ധിയുടെ ഏറ്റവും വലിയ ശത്രുവാകുന്നതുകൊണ്ടാണ്. ബുദ്ധിയെ മനുഷ്യന്റെ സുഹൃത്ത് എന്നു മറ്റൊരു നബിവചനത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട്. ഏതാപത്തിനെയും നേരിടാൻ മനുഷ്യനെ തുണക്കുന്നത് ബുദ്ധിയാണ്. ആ ബുദ്ധിയെത്തന്നെ ചിലപ്പോൾ മനസ്സ് വികാരത്തിന് കീഴ്പ്പെടുത്തി മോഷ്ടിച്ചുകളയും.

112. യൂസുഫ് നബി(അ)യുടെ പിതാവ് യഅ്ഖൂബ് നബി(അ)യുടെ വാക്കുകളാണ് ഖുർആൻ ഈയുദ്ധരിച്ചിരിക്കുന്നത്. യൂസുഫി(അ)നെ കാണാതായ വർഷങ്ങൾക്കുശേഷം, സഹോദരന്മാർ മിസ്രയീമിലേക്കു ആഹാരപദാർത്ഥങ്ങൾ വാങ്ങാൻ കൂടെക്കൊണ്ടുപോയ ബെന്യാമീനെയും യഹൂദയെയും കൂടി നഷ്ടപ്പെടുത്തി വന്നപ്പോഴാണ് അദ്ദേഹമിതു പറഞ്ഞത്. തന്റെ മക്കളുടെ മനസ്സിന്റെ ദൂഷ്യത്തിലാണ് യഅ്ഖൂബ് നബി(അ) യൂസുഫി(അ)ന്റെയും മറ്റു രണ്ടു മക്കളുടെയും തിരോധാനത്തിന്റെ കാരണം കാണുന്നത്.

113. ഐഹിക ജീവിതത്തിൽ രണ്ടു വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചവർക്ക് പുനരുത്ഥാനത്തിനുശേഷമുണ്ടാകുന്ന രണ്ടവസ്ഥകളാണീ വാക്യങ്ങളിൽ. ഒരു കൂട്ടർ മിതമാർഗ്ഗവും ദൈവനിർദ്ദേശിത പരിധികളും വകവെക്കാതെ ഐഹിക ജീവിതത്തിനും അതിലെ സുഖസൗകര്യങ്ങൾക്കും മാത്രം മുൻതൂക്കം നൽകിയവരാണ്. അവരെ നരകത്തിനു മാത്രമേ ശിക്ഷിക്കാനാവൂ. അതിനാൽ അവർ അതിൽ എത്തിച്ചേരും. രണ്ടാമത്തെ കൂട്ടർ സ്വർഗ്ഗത്തിന്റെ അവകാശികളാണ്. സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിലാണ് താനെന്ന ബോധമാണ് അവരെ നിയന്ത്രിച്ചിരുന്നത്. തന്നിമിത്തം മനസ്സിന്റെ ദുർമോഹങ്ങൾക്ക് അവരെ സ്വാധീനിക്കാൻ കഴിഞ്ഞില്ല. അവരുടെ ജീവിതത്തിന് ദൈവികമായ കടിഞ്ഞാണുണ്ടായിരുന്നു. നരകത്തിന് അവരെ യാതൊന്നും ചെയ്യാനില്ല. അവരെ സ്വീകരിക്കാനുള്ള യോഗ്യത സ്വർഗ്ഗത്തിനു മാത്രമേയുള്ളൂ. അതിനാൽ അവർ അവിടെയുമെത്തും. ഇവിടെ, ലൗകിക ജീവിതത്തിൽ രണ്ടുകൂട്ടരും രണ്ടു വ്യത്യസ്ത മാർഗ്ഗം സ്വീകരിക്കാനുണ്ടായ കാരണം മനസ്സിനെ ദുർമോഹത്തിനടിമപ്പെടുത്തിയതും, അതിനെ ശുദ്ധീകരിച്ച് നിയന്ത്രിച്ചതുമാണെന്നാണ് ആദ്യം വ്യംഗമായും പിന്നെ വ്യക്തമായും സൂചിപ്പിച്ചിരിക്കുന്നത്.

114. ഇവിടെ ദൈവം എന്നതിന് 'ഇലാഹ്' എന്നും മോഹം എന്നതിന് 'ഹവാ' എന്നുമാണ് മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 'ഇലാഹ്' ആദ്യവും 'ഹവാ' പിന്നീടുമായിട്ടുപയോഗിച്ചിരിക്കുന്നു. ഭാഷാ നിയമപ്രകാരം ഇങ്ങനെ ഉപയോഗിക്കുമ്പോൾ കർത്താവിന് ഒന്നാം കർമ്മത്തെ പരിചയമുണ്ടായിരിക്കണം. മോഹത്തെ ദൈവമായിട്ടെടുക്കുകയെന്നാൽ ദൈവത്തിന്റെ ആജ്ഞകൾക്കും അഭീഷ്ടങ്ങൾക്കുമുപരി തന്നിഷ്ടത്തെ ലക്ഷ്യവും മാനദണ്ഡവും ആത്മീയദിശയുമായിട്ടെടുത്ത് അതനുസരിച്ച് നീങ്ങുകയെന്നാണർത്ഥം. തങ്ങൾക്ക് ആരാധിക്കാനും അനുസരിക്കാനും അർഹതപ്പെട്ട സാക്ഷാൽ ദൈവത്തെ അറിഞ്ഞുകൊണ്ടാണ് മേൽപറഞ്ഞ വിഭാഗം അപ്രകാരം ചെയ്യുന്നതെന്നാണ് വ്യാകരണ നിയമമനുസരിച്ച് ഈ വാക്യത്തിന്റെ താൽപര്യം.

115. മനസ്സിനെ 'അമ്മാറത്തുൽ ബിസ്സുഅ്' എന്നാണ് മൂലത്തിൽ വിളിച്ചിരിക്കുന്നത്. തിന്മയിലേക്ക് തീവ്രമായി പ്രേരണ ചെലുത്തുന്നത് എന്നാണതിനർത്ഥം. സംസ്കരണം സിദ്ധിക്കുന്നതിനുമുമ്പുള്ള മനസ്സിന്റെ പ്രാകൃതാവസ്ഥയാണിത്. ഈ ഘട്ടത്തിൽ മനസ്സ് വല്ലാതെ അനിയന്ത്രിതമാകും. എന്നാൽ മനസ്സിനെ അതിന്റെ മാഹാത്മ്യങ്ങളും അതിൽ അന്തർലീനമായിരിക്കുന്ന ശക്തിവിശേഷങ്ങളുമറിഞ്ഞ് സംസ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്താൽ അത് പല അത്ഭുതങ്ങളും സൃഷ്ടിക്കുകയും പല ഉയരങ്ങളിലേക്കും അതിന്റെ ഉടമയെ എത്തിക്കുയും ചെയ്യും. യൂസുഫ് നബി(അ)യുടെ ചരിത്രം തന്നെ അതിനു തെളിവാണ്. അദ്ദേഹത്തിന്റെ പ്രവാചകത്വ പദവി ദൈവികമായ മുൻനിശ്ചയപ്രകാരമുള്ളതും അദ്ദേഹത്തിന്റെ വ്യക്തിത്വം ദൈവികമായ കാവലോടുകൂടിയുള്ളതുമായിരുന്നുവെന്നത് ശരിയാണ്. എന്നാൽ പൊട്ടക്കിണറ്റിൽ നിന്ന് സിംഹാസനം വരെയുള്ള അദ്ദേഹത്തിന്റെ ഉയർച്ച വിലയിരുത്തുന്ന ബാഹ്യദൃക്കിന് ഒരു സംസ്കൃതമനസ്സിന് അതിലുള്ള പങ്ക് കാണാനാകും.

116. ഈ നബിവചനം ബൈഹഖി ജാബിറി (റ)നെ ഉദ്ധരിച്ചുകൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു. മൂലത്തിൽ യുദ്ധം എന്ന അർത്ഥത്തിലുപയോഗിച്ചിരിക്കുന്ന പദം 'ജിഹാദ്' എന്നാണ്.

117. നബി(സ)യുടെ സ്വഹാബിയായിരുന്ന അബൂഅയ്യൂബ് അൽ അൻസാരി(റ)യുടെ പരമ്പരയിൽ പെട്ട ഖാജാ അബ്ദുല്ലാ അൻസാരി ഹെറാത്തിലാണ് ജനിച്ചത്. മരണപ്പെട്ടതും അവിടെത്തന്നെ. ഹിജ്റ 481ൽ (ക്രി.വ. 1088) ഇദ്ദേഹത്തിന്റെ 'മനാസിലുസ്സാഇറീൻ' എന്ന ഗ്രന്ഥം ജ്ഞാനവാദപരമായ കൃതികളിൽ എണ്ണപ്പെട്ട ഒന്നാണ്.

118. ഇബ്രാഹീം ഇബ്നു അദ്ഹം ആധ്യാത്മജ്ഞാനികളുടെ കൂട്ടത്തിൽ ഏറെ പ്രസിദ്ധനാണ്. മുമ്പ് ഖുറാസാന്റെ തലസ്ഥാനമായിരുന്നതും ഇപ്പോൾ അഫ്ഗാനിസ്ഥാനിൽ സ്ഥിതി ചെയ്യുന്നതുമായ ബൽഖിലായിരുന്നു ഇദ്ദേഹത്തിന്റെ ജനനം. അദ്ദേഹം രാജകുടുംബത്തിലാണ് പിറന്നത്. രാജാവായി വാഴുന്നതിനിടയിൽ കൊട്ടാരം വിട്ടിറങ്ങി സൂഫീ ജീവിതം നയിക്കാൻ ഹേതുവായ ഒന്നിലേറെ കഥകൾ അദ്ദേഹത്തെക്കുറിച്ച് പ്രചരിച്ചിട്ടുണ്ട്. റൂമിയുടെ മസ്നവിയിലുമുണ്ട് ഇദ്ദേഹത്തെക്കുറിച്ച് കഥകൾ. സിറിയയിലെ ജബലയിൽ വെച്ചായിരുന്നു മരണം. (ഹി. 161ൽ (ക്രി.വ. 777).

119. അല്ലാഹുവിനെ മറക്കുക മൂലം അവനവനെ മറക്കുന്നതെങ്ങനെയായിരിക്കാം? ചില വ്യാഖ്യാതാക്കൾ ഇതിനു നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്. അല്ലാഹുവിനെ മറന്നാൽ മനുഷ്യൻ ലോകത്തിലുള്ള അവനവന്റെ നില മറക്കും. താൻ തന്റെ ജീവിതത്തിൽ ആരോടെങ്കിലും കടപ്പെടുകയോ ആർക്കെങ്കിലും വിധേയപ്പെടുകയോ വേണ്ടതില്ലാത്തവിധം സ്വതന്ത്രനാണെന്നവൻ ധരിക്കും. അങ്ങനെയവൻ ധിക്കാരിയായിത്തീരും. അതല്ലെങ്കിൽ, അല്ലാഹുവിന്റെ മാത്രം ദാസനും ഭൂമിയിലെ അവന്റെ പ്രതിനിധിയുമെന്ന തന്റെ ഉയർന്ന നില മറന്ന് മറ്റു വല്ലവരെയും യജമാന്മാരും ആരാധ്യന്മാരുമായി കണ്ട് പൂജിച്ച് തന്റെ യഥാർത്ഥ വില അവൻ കെടുത്തിക്കളയും.

120. ഇവിടെ ആത്മാവ് എന്ന അർത്ഥത്തിലുപയോഗിച്ചിരിക്കുന്നത് ‘നഫ്സ്’ എന്ന വാക്കാണ്. യഥാർത്ഥ നഷ്ടം ആത്മീയമായ നഷ്ടമാണെന്നാണീ വാക്യം പഠിപ്പിക്കുന്നത്. ഇവിടെപ്പറയുന്ന നഷ്ടം പാരത്രികമാണെന്ന് പശ്ചാത്തലത്തിൽ നിന്ന് വ്യക്തമാകും. ലൗകികമായ എന്ത് നഷ്ടവും പാരത്രികമായ നേട്ടം കൊണ്ട് പരിഹരിക്കാനാകും. പക്ഷെ, പാരത്രിക നഷ്ടത്തിന് പരിഹാരമില്ല. ഇഹലോകത്തിൽ ആത്മാവിനെ നഷ്ടപ്പെടുത്തിയവർക്കുള്ളതാണ് പാരത്രിക നഷ്ടം.

121. ‘അൽ മുനാഫിഖൂൻ’ 8-ാം വാക്യത്തിലാണിതുള്ളത്. ഇസ്ലാം മനുഷ്യന്റെ അന്തസ്സിനും ആത്മാഭിമാനത്തിനും വലിയ വിലയും പ്രാധാന്യവും കൽപ്പിക്കുന്നുവെന്നാണിത് സൂചിപ്പിക്കുന്നത്. അഭിമാനം രക്ഷിക്കാൻ വേണ്ടി പൊരുതി മരിക്കുന്നവനെ രക്തസാക്ഷിയുടെ പദവി നൽകി അത് ആദരിക്കും. ഈ സ്ഥിതിക്ക് ആത്മനിന്ദയുടെ ന്യായം ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ശരീഅത്തിന്റെ മാനദണ്ഡപ്രകാരം.

122. ദെക്കാർത് (1596–1650) ഫ്രഞ്ച് ദാർശനികനും ഗണിത ശാസ്ത്രജ്ഞനുമാണ്. ‘കാർട്ടീഷ്യൻ ഫിലോസഫി’ എന്നാണിദ്ദേഹത്തിന്റെ തത്വചിന്ത അറിയപ്പെടുന്നത്. ‘ഞാൻ ചിന്തിക്കുന്നു. അതിനാൽ ഞാൻ ഉണ്ട്’ എന്ന അദ്ദേഹത്തിന്റെ സൂത്രവാക്യം പ്രസിദ്ധമാണ്. ‘ഡിസ്ക്കോഴ്സ് ഇൻ ഫിലോസഫി’ യാണ് ഏറ്റവും അറിയപ്പെട്ട ഒരു ഗ്രന്ഥം.

123. ഫ്രാൻസിസ് ബേക്കൺ (1561–1626) ഇംഗ്ലീഷ് തത്വചിന്തകനും എഴുത്തുകാരനുമാണ്. വലിയ വിദ്യാഭ്യാസ ചിന്തകനായറിയപ്പെടുന്നു. അരിസ്റ്റോട്ടലിന്റെതിൽ നിന്നു വ്യത്യസ്തമായ ഒരു തത്വചിന്തയ്ക്കു രൂപം നൽകി.

124. ഗുരുവിന് ശിഷ്യന്റെ മനസ്സിലുണ്ടായിരിക്കേണ്ട സ്ഥാനമാണ് ഹസ്രത്ത് അലി(റ)യുടെ വാക്കിൽ പ്രതിഫലിക്കുന്നത്. ഒരാൾക്ക് അയാളുടെ മാതാപിതാക്കളാണ് ജന്മം നൽകുന്നതെങ്കിലും ആ ജന്മം അയാൾക്ക് അജ്ഞതയുടെ അന്ധകാരത്തിൽ ഒരു ശാപമാകാതെ അറിവിന്റെ പ്രകാശത്തിൽ അനുഗ്രഹമായി മാറുന്നതിന് കാരണക്കാരനാകുന്നത് ഗുരുനാഥനാണ്. തന്റെ ഉള്ളിലുള്ള അറിവുകൾ വാക്കും വരയുമായി ശിഷ്യരിലേക്കു പകരുന്ന ഗുരു അദ്ദേഹത്തിന്റെ ആത്മാംശം അവരിലേക്കു വ്യാപിപ്പിക്കുകയാണ് ചെയ്യുന്നത്. അതോടെ ഗുരുവും ശിഷ്യരും തമ്മിൽ ആത്മീയമായി അടുക്കുകയാണ്. ‘മുഅല്ലിം’ (ഗുരുനാഥൻ) എന്നത് അല്ലാഹുവിന്റെയും ‘റസൂലി’(സ)ന്റെയും കൂടി വിശേഷണമാകാൻ മാത്രം മാഹാത്മ്യവും പവിത്രതയുമുള്ളതാണ്.

125. ആദം (അ) മലക്കുകളെ നാമങ്ങൾ പഠിപ്പിച്ചതിനാൽ അവരുടെ ഗുരുനാഥനും പ്രണാമത്തിന് അർഹനുമായി എന്നാണിത് സൂചിപ്പിക്കുന്നത്. ഗുരുവിനെ വന്ദിക്കാത്തവൻ ഇബ്ലീസിനെപ്പോലെ അഭിശപ്തനാണ്.

126. ഇറാനിലെ മദ്രസകളും ‘ഹൗസ’കളുമാണിതു പറയുമ്പോൾ ഗ്രന്ഥകർത്താവിന്റെ ചുറ്റിലുമുള്ളത്. നമ്മുടെ നാട്ടിലും പഴയ രീതി പിന്തുടരുന്ന മതപാഠശാലകളിലും പള്ളി ദർസുകളിലും ഇത് കാണാം.

127. ഇന്ത്യയിലെ ജാതി വ്യവസ്ഥയിൽ ബ്രാഹ്മണൻ അനുഭവിക്കുന്ന ഔന്നത്യത്തോടു സാദൃശ്യമുള്ളതാണ് ഈ ചിന്താഗതിയിൽ ഉപരിവിഭാഗത്തിന് കൽപ്പിച്ചുകൊടുത്തിരിക്കുന്ന സ്ഥാനം. ഇതിൽ വ്യവസ്ഥക്കടിസ്ഥാനം ജാതിയല്ലെന്നു മാത്രം. ബ്രാഹ്മണന്റെ സുഖത്തിനുവേണ്ടി അദ്ധ്വാനിക്കുകയാണല്ലോ ഇവിടെ ശൂദ്രന്റെ ധർമ്മം.

128. ദക്ഷിണ വിയറ്റ്നാമിന്റെ ഭാഗത്ത് അമേരിക്കയും ഉത്തരം വിയറ്റ്നാമിന്റെ ഭാഗത്ത് കമ്യൂണിസ്റ്റ് രാജ്യങ്ങളും നിന്നുകൊണ്ട് 1964നും 1973നും ഇടക്ക് നടന്ന യുദ്ധമാണീപ്പറഞ്ഞത്. 140 ബില്യൻ ഡോറാണത്രെ അമേരിക്കക്ക് വിയറ്റ്നാമിനോടു യുദ്ധം ചെയ്യാൻ ചെലവുവന്നത്. 50000 മനുഷ്യജീവൻ ആ യുദ്ധാഗ്നിയിൽ ഒടുങ്ങി. സ്വന്തം താൽപര്യങ്ങൾ രക്ഷിക്കാനും തങ്ങളുടെ ഇഷ്ടപാവകളെ സഹായിക്കാനുമായി അന്യരാജ്യങ്ങളിൽ നരഹത്യയും പരിസ്ഥിത നശീകരണം പോലും അമേരിക്ക ചെയ്യും. ഇറാനിൽ ഇസ്ലാമിക വിപ്ലവം വിജയിച്ചതിനെത്തുടർന്ന് ആ രാജ്യത്തെയും വിപ്ലവത്തെയും തകർക്കാൻ ഇറാഖിലെ സ്വേഛാധിപതി സദ്ദാം ഹുസൈനെക്കൊണ്ട് യുദ്ധം ചെയ്യിപ്പിച്ചതും അമേരിക്കതന്നെ.

129. മത്തായി 5:38–45ൽ ഇതു വായിക്കാം. എന്നാൽ ലൂക്കോസിൽ (14:26–27) ഇതിനു നേരെ വിരുദ്ധമായ വചനങ്ങളുണ്ട്.

130. വിൽ ഡ്യൂറന്റ് (1885–1981) അമേരിക്കൻ ചരിത്രകാരനും തത്വചിന്തകനുമാണ്. പതിനൊന്ന് വാള്യമുള്ള ‘ദ സ്റ്റോറി ഓഫ് സിവിലിസേഷൻ’ ആണ് മുഖ്യകൃതി.

131. ശക്തി എന്ന അർത്ഥത്തിൽ മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത് ‘ഖുവ്വത്ത്’ എന്ന പദമാണ്. ഇവിടെ ഗ്രന്ഥം കൊണ്ടുദ്ദേശ്യം ‘തൗറാത്ത്’ ആയിരിക്കാം. യഹ്യാ നബി (അ)ക്ക് സ്വന്തമായിക്കിട്ടുന്ന ഒരു വേദം കൊടുത്തിട്ടുണ്ടായിരിക്കുകയും ചെയ്യാം. ഏതായാലും, ദൈവിക ഗ്രന്ഥം കയ്യേൽക്കുന്നത് ദുർബലനായിക്കൊണ്ടാവരുത്.

ശക്തമായ കരം കൊണ്ടു തന്നെയായിരിക്കണം. അത് ദൃഢബോധ്യത്തോടു കൂടി ഉൾക്കൊള്ളുകയും ശക്തമായി പ്രയോഗവൽക്കരിക്കുകയും വേണം. 'ശക്തനായ സത്യവിശ്വാസിയാണ് ദുർബലനായ സത്യവിശ്വാസിയേക്കാൾ ഉത്തമൻ' എന്നൊരു നബിവചനത്തിൽ വന്നിട്ടുണ്ട്.

132. ഉഹ്ദ് യുദ്ധത്തിൽ മുഹമ്മദ് നബി(സ) വധിക്കപ്പെട്ടുവെന്ന അഭ്യൂഹം കേട്ട് ദൗർ ബല്യം കാട്ടിയവരെ, മുമ്പ് കാലത്ത് നബിമാരുടെ കൂടെ നിന്ന് യുദ്ധം ചെയ്തവരുടെ മനക്കരുത്തിന്റെയും ധൈര്യത്തിന്റെയും നേരെ ശ്രദ്ധിപ്പിക്കുകയാണിവിടെ. ''ഈശ്വരഭക്തർ'' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'റിബ്ബിയ്യൂൻ' എന്ന പദമാണ്. മതപുരോഹിതന്മാരാണ് 'റിബ്ബികൾ'. നബിമാരുടെ കൂടെ പടക്കളത്തിൽ മതപണ്ഡിതന്മാരുമുണ്ടായിരുന്നു എന്നാ ണിത് പഠിപ്പിക്കുന്നത്. അവർക്കും സത്യത്തിന്റെ പക്ഷത്തുനിന്ന് യുദ്ധം ചെയ്യുന്നതിൽ വൈമനസ്യമോ ക്ഷീണമോ തോന്നിയില്ല.

133. ഈ വാക്യമുൾക്കൊള്ളുന്ന 'അസ്സ്വഫ്ഫ്' സൂറ നബി(സ)യുടെ മദീനാ കാലയളവിനിടയിലാണവതരിച്ചത്. മദീനാകാലം യുദ്ധങ്ങളുടെ പരമ്പരയായിരുന്നു നബി(സ)യുടെ ജീവിതത്തിൽ. പത്ത് വർഷത്തിനുള്ളിൽ നബി(സ) നേരിട്ടു പങ്കെടുത്തതോ  സൈന്യത്തെ അയച്ചതോ ആയ അറുപതിനടുത്ത് യുദ്ധമുണ്ടായി. യുദ്ധം ശക്തി യുടെ ലക്ഷണമാണ്. യുദ്ധം അനിവാര്യമായ ഘട്ടത്തിൽ അതിൽ നിന്നൊഴിഞ്ഞുനിൽക്കുന്ന അലസന്മാരെയും ഭീരുക്കളെയും അല്ലാഹുവിനിഷ്ടമില്ലെന്നാണീ വാക്യത്തിന്റെ ധ്വനി.

134. ശത്രുവിന് ഭീതി ജനിപ്പിക്കും വിധം യുദ്ധ സന്നാഹങ്ങളോടുകൂടി സദാ ഒരുങ്ങിയിരിക്കേണ്ടത് മുസ്ലിം സമൂഹത്തിന്റെ കടമയാണ്. സമാധാന കാലത്തുതന്നെയാണ് സജ്ജീകരണങ്ങൾ ചെയ്യേണ്ടത്. ശത്രുവിനെ യുദ്ധ ക്കൊതിയിൽ നിന്നു പിന്തിരിപ്പിക്കൽ കൂടി ഇത്തരം സന്നാഹങ്ങളുടെ ലക്ഷ്യമാണ്. ശത്രു ഇങ്ങോട്ടു യുദ്ധം ചെയ്തെങ്കിലേ അങ്ങോട്ട് യുദ്ധം ചെയ്യേണ്ടിവരികയുള്ളൂ. അതിനവർക്ക് തോന്നാത്തവിധം, അല്ലെങ്കിൽ കഴിയാത്ത വിധം അവരെ ഭയപ്പെടുത്തുന്നത് മൂലം യുദ്ധത്തിനുള്ള സാധ്യത തന്നെ ഒഴിയാനതിടവരുത്തും.

135. ശക്തി പ്രയോഗിക്കേണ്ടിടത്ത് അത് പ്രയോഗിക്കുന്നതിനുള്ള അനുവാദവും പ്രോത്സാഹനവും നൽകുന്ന തിനോടൊപ്പം അവിടെയും ഇസ്ലാം പരിധികളും നിബന്ധനകളും വെച്ചിട്ടുണ്ട്. ഇങ്ങോട്ട് യുദ്ധം ചെയ്യുന്നവരോ ടാണ് അങ്ങോട്ട് യുദ്ധം ചെയ്യേണ്ടത്. യുദ്ധക്കളത്തിലും ചില മുറകൾ പാലിക്കണം. കൊലപ്പെടുത്തിയവരെ അംഗ ഭംഗം വരുത്തി വികൃതപ്പെടുത്തരുത്. വഞ്ചന ചെയ്യരുത്, സ്ത്രീകൾ, കുട്ടികൾ വൃദ്ധന്മാർ പുരോഹിതന്മാർ, സന്യാ സികൾ, യുദ്ധത്തിലിടപെടാതെ ക്ഷേത്രത്തിലോ മഠത്തിലോ കഴിയുന്നവർ മുതലായവരെ ദ്രോഹിക്കരുത്. അത്യാ വശ്യം വന്നെങ്കിലല്ലാതെ വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുകയോ ജന്തുഹത്യ നടത്തുകയോ ചെയ്യരുത്. ഇങ്ങനെയുള്ള പല മുറകളും. ഇതെല്ലാം ഉൾക്കൊള്ളുന്നു ഈ ഖുർആൻ വാക്യം.

136. ഇസ്നാ അശരി ശീഇകളുടെ അഞ്ചാമത്തെ ഇമാമും ഇമാം സൈനുൽ ആബിദീന്റെ (റ) പുത്രനുമാണ് ഇമാം മുഹമ്മദ് ബാഖിർ (റ) കാലം ഹി.വ. 57-114. ജനിച്ചതും മരിച്ചതും മദീനയിൽ. വിജ്ഞാനത്തിന്റെ നിറകുടമാ യിരുന്ന ഇമാമിന്റടുക്കൽ വിദൂരപ്രദേശങ്ങളിൽ നിന്നുള്ളവർ അറിവുതേടി എത്തിയിരുന്നു. എതിരാളിയെ ഭയപ്പെടു ത്തുന്ന പ്രകൃതം സത്യവിശ്വാസിയുടെ ഗുണമായിട്ടാണീ തിരുവാക്യത്തിൽ എടുത്തുപറഞ്ഞിരിക്കുന്നത്. തനിക്ക് അത്തരമൊരു ഗുണമുള്ളതായും അത് തന്റെ വിജയത്തിന് കാരണമാകുന്നതായും നബി(സ) അവകാശപ്പെട്ടത് മുസ്ലിം, തിർമുദി, ഇബ്നുമാജ എന്നിവർ അബൂഹുറൈറ(റ)യെ ഉദ്ധരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

117. ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ് പ്രസിദ്ധപ്പെടുത്തിയ നഹ്ജുൽ ബലാഗയുടെ ഇംഗ്ലീഷ് പതിപ്പ് 543-ാം പുറ ത്തിൽ ഈ വാക്യം കാണാം Lowest class എന്ന ഉപശീർഷകത്തിനു കീഴിൽ.

138. സ്വാഭാവികരമായുണ്ടാകുന്ന ദയയല്ല ഇവിടെയുദ്ധേശിച്ചിരിക്കുന്നത്. നിയമം നടപ്പാക്കുന്നതിന് തടസ്സമാ കുന്ന വിധത്തിൽ ന്യായാധിപരോ ഉദ്യോഗസ്ഥരോ ആർദ്ര ചിത്തരായിപ്പോകരുതെന്നേ ഉദ്ദേശ്യമുള്ളൂ. ശിക്ഷാനിയ മങ്ങൾ സാമൂഹികമായ ഒരാവശ്യവും ഗുണവുമായതുകൊണ്ടാണിത്. ''ഭൂമിയിൽ ഒരു ശിക്ഷാ നിയമം നിലനിർത്ത പ്പെടുന്നത് നാൽപത് മഴയേക്കാൾ സമൂഹത്തിന് ഗുണമാണ്'' എന്ന അർത്ഥത്തിൽ ഒരു നബിവചനമുണ്ട്.

139. ഇറാഖിലെ ബ്രിട്ടീഷ്വിരുദ്ധ കലാപത്തിന് പ്രചോദനവും നേതൃത്വവും കൊടുത്ത പ്രസിദ്ധ ശിയാ പണ്ഡി തനാണ് രണ്ടാം മീർസ എന്നറിയപ്പെടുന്ന (ഒന്നാം മീർസ ഇറാനിലെ പുകയില വിരുദ്ധ സമരത്തിന്റെ നേതാവ് മീർസാ മുഹമ്മദ് ഹസൻ ശീറാസി) ആയത്തുല്ലാ മീർസാ മുഹമ്മദ് തഖി ശീറാസി. ശീറാസിൽ ജനിച്ച ഇദ്ദേഹം വളർന്നത് കർബലയിലാണ്. 1920ൽ അന്തരിച്ച മീർസ തന്റെ കാലത്തെ 'ശിയാ മർജിഅ്' (മതാധികാരി) ആയിരു ന്നു. പേഴ്സ്യൻ ഭാഷയിൽ കവിതകൾ രചിച്ചിട്ടുണ്ട്.

140. നബി(സ)യുടെ കാലത്ത് ഹി.വ. 8ൽ (ക്രി.വ. 629) ബൈസാന്ത്യക്കാരു മുസ്ലിംകളും തമ്മിലുണ്ടായ പ്രസിദ്ധ മുഅ്ത്താ യുദ്ധം. ജഅ്ഫർ ഇബ്നു അബീതാലിബ് (റ) അബ്ദുല്ലാ ഇബ്നു റവാഹ(റ), സൈദ് ഇബ്നു ഹാരിസ(റ) എന്നീ പ്രമുഖ സ്വഹാബികൾ ഈ യുദ്ധത്തിന് നേതൃത്വം കൊടുത്ത് രക്തസാക്ഷിത്വം വരിച്ചു. മുസ്ലിം സൈന്യത്തിൽ മുവ്വായിരവും ശത്രുസൈന്യത്തിൽ ഒന്നര ലക്ഷവുമായിരുന്നു പട്ടാളക്കാരുടെ അംഗസം ഖ്യ. ഒടുവിൽ ഖാലിദ് ഇബ്നുൽ വലീദി(റ)ന്റെ തന്ത്രം ശത്രുക്കളെ പിന്തിരിപ്പിക്കുന്നതിലും മുസ്ലിംകളെ രക്ഷിക്കു ന്നതിലും വിജയിച്ചു. ചാവുകടലിന്റെ വടക്കുകിഴക്കാണ് മുഅ്ത്ത എന്ന സ്ഥലം.